ഹയർ സെക്കണ്ടറി തുല്യത കോഴ്സ്
(Higher Secondary Equivalency Course)

അക്കൗണ്ടൻസി
Accountancy

സ്വയംപഠനസാമഗ്രി
(SELF - LEARNING MATERIAL)

XII

രണ്ടാം വർഷം

ഭാഗം 2

കേരളസർക്കാർ
പൊതുവിദ്യാഭ്യാസ വകുപ്പ്

കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി (KSLMA)
സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലനസമിതി (SCERT) കേരളം

ഹയർ സെക്കണ്ടറി തുല്യത കോഴ്സ്
(HIGHER SECONDARY EQUIVALENCY COURSE)

രണ്ടാം വർഷം

XII

അക്കൗണ്ടൻസി

ഭാഗം – 2

സ്വയംപഠന സാമഗ്രി
(SELF-LEARNING MATERIAL)

കേരള സർക്കാർ
പൊതുവിദ്യാഭ്യാസ വകുപ്പ്

തയാറാക്കിയത്:
കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി (KSLMA)

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം
2018

ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാ ഗംഗാ,
ഉച്ഛലജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരത ഭാഗ്യവിധാതാ.
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീസഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണവും വൈവിധ്യ പൂർണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനംകൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യ ത്തിനും വേണ്ടി പ്രയത്നിക്കും.

Prepared by:

Kerala State Literacy Mission Authority (KSLMA)
TC 27/1461, Convent Road, Kammattom Lane, Vanchiyoor, Thiruvananthapuram-35
Ph: Off . (0471) 2472253/2472254 Tele-Fax : (0471) 2462252)
E-mail : stateliteracymission@gmail.com, Web: www.literacymissionkerala.org.

State Council of Educational Reserach and Training (SCERT)
Poojappura, Thiruvananthapuram-695012, Kerala
Website: www.scertkerala.gov.in e-mail: scertkerala@gmail.com
Phone: 0471 - 2341883, Fax : 0471 - 2341869

First Edition	:	2016
Typesetting & Layout	:	KSLMA
Cover design	:	KSLMA
Printed at	:	
Price	:	**Rs . 100/-**

(C) Department of Education, Government of Kerala

ആമുഖം

കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി വിജയകരമായി നടപ്പിലാക്കിയ അനൗപചാരിക വിദ്യാഭ്യാസ പരിപാടിയിലെ തുല്യതാ കോഴ്സുകളുടെ തുടർച്ചയായി 12-ാം തരം തുല്യതാ കോഴ്സിനു വേണ്ട അക്കാദമിക് പ്രവർത്തനങ്ങളുടെ ചുമതല എസ്.സി.ഇ.ആർ.ടി ഏറെ സന്തോഷത്തോടെയാണ് ഏറ്റെടുത്തത്.

സാമ്പത്തിക വിവരങ്ങളെ തിരിച്ചറിയുകയും അവയെ ചിട്ടയോടും, ക്രമാനുഗതമായും രേഖപ്പെടുത്തുകയും ക്രോഡീകരിച്ച്, വ്യാഖ്യാനങ്ങൾ നൽകുകയും ചെയ്യുന്ന വിജ്ഞാനശാഖയാണ് അക്കൗണ്ടൻസി. ഈ ആശയങ്ങൾ ആവശ്യക്കാരിലേക്ക് വിനിമയം നടത്തുന്ന പ്രക്രിയയും അക്കൗണ്ടൻസിയുടെ ഭാഗമാണ്.

അക്കൗണ്ടൻസിയുടെ അടിസ്ഥാന തത്വങ്ങളെക്കുറിച്ചും അവയുടെ പ്രയോഗങ്ങളെ കുറിച്ചും സമഗ്രമായ രീതിയിൽ ഈ സ്വയം പഠനസാമഗ്രിയിൽ പ്രതിപാദിച്ചിട്ടുണ്ട്. പഠിതാക്കളുടെ അഭിരുചി പോഷിപ്പിക്കുകയും, ഈ മേഖലയിൽ അവരുടെ നൈപുണികൾ വികസിപ്പിക്കുക, അവരിൽ ആത്മവിശ്വാസം വളർത്തുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തിയാണ് പാഠസാമഗ്രി തയാറാക്കിയിട്ടുള്ളത്.

സ്വയം പഠനം പ്രോത്സാഹിപ്പിക്കുന്നതിനും പഠിതാക്കളുടെ സർഗശേഷി, ചിന്താധാരകൾ, ഭാവനകൾ എന്നിവ ഉണർത്തുന്നതിനും ആവശ്യമായ പ്രവർത്തനങ്ങൾ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഓരോ പാഠഭാഗത്തെയും ആസ്പദമാക്കി സ്വയം വിലയിരുത്തൽ ചോദ്യങ്ങളും അപഗ്രഥന ചോദ്യങ്ങളും ചേർത്തിട്ടുണ്ട്.

വർത്തമാനകാല സംഭവങ്ങളുമായി ബന്ധപ്പെടുത്തി ഇതിന്റെ ഉള്ളടക്കം കൂടുതൽ ആകർഷകമാക്കാൻ ശ്രമിച്ചിട്ടുണ്ട്. പ്രായോഗിക ജീവിതത്തെ ബന്ധപ്പെടുത്തിയുള്ള തുടർ പ്രവർത്തനങ്ങളും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

അക്കൗണ്ടൻസിയുടെ അന്തസത്തയും ഉദ്ദേശലക്ഷ്യങ്ങളും സാധൂകരിക്കാനായി ഫീൽഡ് പ്രവർത്തനങ്ങൾ, ഇന്റേൺഷിപ്പ്, റിപ്പോർട്ടു തയാറാക്കൽ എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു. ഈ സ്വയം പഠന സാമഗ്രിക്കൊപ്പം അധികവായനയും ജീവിതാനുഭവങ്ങളും താങ്കളെ മഹത്തരമായ വിജയത്തിലേക്ക് നയിക്കും എന്ന പ്രതീക്ഷകളോടെ വിജയം ആശംസിക്കുന്നു.

ഡോ. ജെ. പ്രസാദ്
ഡയറക്ടർ
എസ്.സി.ഇ.ആർ.ടി

ഭാരതത്തിന്റെ ഭരണഘടന

ഭാഗം IV ക

മൗലിക കർത്തവ്യങ്ങൾ

51. ക. മൗലിക കർത്തവ്യങ്ങൾ- താഴെപ്പറയുന്നവ ഭാരതത്തിലെ ഓരോ പൗരന്റെയും കർത്തവ്യം ആയിരിക്കുന്നതാണ്.

(ക) ഭരണഘടനയെ അനുസരിക്കുകയും അതിന്റെ ആദർശങ്ങളെയും സ്ഥാപനങ്ങളെയും ദേശീയപതാകയെയും ദേശീയഗാനത്തെയും ആദരിക്കുകയും ചെയ്യുക.

(ഖ) സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള നമ്മുടെ ദേശീയസമരത്തിന് പ്രചോദനം നൽകിയ മഹനീയാദർശങ്ങളെ പരിപോഷിപ്പിക്കുകയും പിൻതുടരുകയും ചെയ്യുക.

(ഗ) ഭാരതത്തിന്റെ പരമാധികാരവും ഐക്യവും അഖണ്ഡതയും നിലനിർത്തുകയും സംരക്ഷിക്കുകയും ചെയ്യുക.

(ഘ) രാജ്യത്തെ കാത്തുസൂക്ഷിക്കുകയും ദേശീയസേവനം അനുഷ്ഠിക്കുവാൻ ആവശ്യപ്പെടുമ്പോൾ അനുഷ്ഠിക്കുകയും ചെയ്യുക.

(ങ) മതപരവും ഭാഷാപരവും പ്രാദേശികവും വിഭാഗീയവുമായ വൈവിധ്യങ്ങൾക്കതീതമായി ഭാരതത്തിലെ എല്ലാ ജനങ്ങൾക്കുമിടയിൽ, സൗഹാർദവും പൊതുവായ സാഹോദര്യമനോഭാവവും പുലർത്തുക. സ്ത്രീകളുടെ അന്തസ്സിന് കുറവുവരുത്തുന്ന ആചാരങ്ങൾ പരിത്യജിക്കുക.

(ച) നമ്മുടെ സംസ്കാരസമന്വയത്തിന്റെ സമ്പന്നമായ പാരമ്പര്യത്തെ വിലമതിക്കുകയും നിലനിർത്തുകയും ചെയ്യുക.

(ഛ) വനങ്ങളും തടാകങ്ങളും നദികളും വന്യജീവികളും ഉൾപ്പെടുന്ന പ്രകൃത്യാ ഉള്ള പരിസ്ഥിതി സംരക്ഷിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും ജീവികളോട് കാരുണ്യം നിലനിർത്തുകയും ചെയ്യുക.

(ജ) ശാസ്ത്രീയമായ കാഴ്ചപ്പാടും മാനവികതയും, അന്വേഷണത്തിനും പരിഷ്കരണത്തിനും ഉള്ള മനോഭാവവും വികസിപ്പിക്കുക.

(ഝ) പൊതുസ്വത്ത് പരിരക്ഷിക്കുകയും ശപഥം ചെയ്ത് അക്രമം ഉപേക്ഷിക്കുകയും ചെയ്യുക;

(ഞ) രാഷ്ട്രം യത്നത്തിന്റെയും ലക്ഷ്യപ്രാപ്തിയുടെയും ഉന്നത തലങ്ങളിലേക്ക് നിരന്തരം ഉയരത്തക്കവണ്ണം വ്യക്തിപരവും കൂട്ടായതുമായ പ്രവർത്തനത്തിന്റെ എല്ലാ മണ്ഡലങ്ങളിലും ഉൽകൃഷ്ടതയ്ക്കുവേണ്ടി അധ്വാനിക്കുക.

(ട) ആറിനും പതിന്നാലിനും ഇടയ്ക്ക് പ്രായമുള്ള തന്റെ കുട്ടികൾക്കോ തന്റെ സംരക്ഷണയിലുള്ള കുട്ടികൾക്കോ, അതതു സംഗതി പോലെ, മാതാപിതാക്കളോ രക്ഷാകർത്താവോ വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ ഏർപ്പെടുത്തുക.

പഠിതാക്കളോട്

കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ 1998ൽ ആരംഭിച്ച തുടർവിദ്യാഭ്യാസ പരിപാടികളിൽ ഏറ്റവും ശ്രദ്ധേയവും ജനകീയവുമാണ് തുല്യതാ പരിപാടി. നവസാക്ഷരർ, സ്കൂളിൽ നിന്ന് കൊഴിഞ്ഞുപോയവർ തുടങ്ങി ഔപചാരികവിദ്യാഭ്യാസം നേടാൻ അവസരം ലഭിക്കാതെപോയവർക്ക് അനൗപചാരികവിദ്യാഭ്യാസത്തിലൂടെ തുടർപഠനത്തിന് സാക്ഷരതാ മിഷൻ അവസരം നൽകുന്നു. നാലാംതരം, ഏഴാംതരം, പത്താംതരം തുല്യതയിലൂടെ വിജയിച്ച ആയിരക്കണക്കിനാളുകൾക്ക് ഉപരിപഠനത്തിനും സ്ഥാനക്കയറ്റത്തിനും ഇതിലൂടെ അവസരവും ലഭിച്ചിട്ടുണ്ട്.

ഔപചാരികവിദ്യാഭ്യാസത്തിന്റെ പഠനാനുഭവങ്ങൾ പൂർണമായി ലഭിക്കാത്തവരും പലവിധ കാരണങ്ങളാൽ പഠനം പാതിവഴിയിൽ നിർത്തേണ്ടിവന്നവരും ജീവിതായോധനത്തിനായി വ്യത്യസ്ത തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരുമാണ് തുല്യതാ പഠനത്തിലെ ബഹുഭൂരിപക്ഷം പഠിതാക്കളും. ജീവിതത്തെ ആഴത്തിൽ മനസ്സിലാക്കാനും വസ്തുനിഷ്ഠമായി സമീപിക്കാനും കഴിയുന്ന പഠനരീതിയാണ് സ്വയംപഠന സാമഗ്രികളിൽ സ്വീകരിച്ചിരിക്കുന്നത്.

ഹയർ സെക്കണ്ടറി തുല്യതാ കോഴ്സിൽ ഹ്യുമാനിറ്റീസ്, കൊമേഴ്സ് ഗ്രൂപ്പുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. മറ്റുപാഠപുസ്തകങ്ങളിൽനിന്ന് വ്യത്യസ്തമായി സ്വയംപഠന സാമഗ്രികളാണ് സാക്ഷരതാ മിഷൻ തയാറാക്കിയിട്ടുള്ളത്. എസ്.സി.ഇ.ആർ.ടിയുടെ അക്കാദമിക സഹകരണത്തോടെ പരിചയസമ്പന്നരായ അധ്യാപകരുടെയും അനൗപചാരികവിദ്യാഭ്യാസ വിദഗ്ധരുടെയും മേൽനോട്ടത്തിൽ ശാസ്ത്രീയമായ രീതിയിൽ മുതിർന്നവരുടെ ബോധനശാസ്ത്രത്തിന്റെ വെളിച്ചത്തിൽ നിരവധി ശില്പശാലകളിലൂടെയാണ് പഠനസാമഗ്രികൾ തയാറാക്കിയിട്ടുള്ളത്. സ്ഥിതിസമത്വം, സാമൂഹികനീതി, ജനാധിപത്യബോധം, മതേതരത്വം തുടങ്ങിയവ വളർത്തുക, തൊഴിൽ/സംരംഭകത്വശേഷിക്ക് സഹായകമായ നേതൃപാടവം, ആശയവിനിമയശേഷി, സംഘാടക നൈപുണി തുടങ്ങിയ കഴിവുകൾ വികസിപ്പിക്കുക എന്നിവ ഇതിന്റെ ലക്ഷ്യങ്ങളാണ്. പരീക്ഷാനടത്തിപ്പ്, മൂല്യനിർണയം, സർട്ടിഫിക്കറ്റ് വിതരണം എന്നിവ നടത്തുന്നത് പൊതുവിദ്യാഭ്യാസവകുപ്പിന്റെ കീഴിലുള്ള ഹയർസെക്കണ്ടറി ഡയറക്ടറേറ്റാണ്.

ഈ കോഴ്സിന് ആവശ്യമായ സ്വയംപഠനസാമഗ്രികൾ തയാറാക്കുന്നതിന് സഹായിച്ച അനൗപചാരികവിദ്യാഭ്യാസ വിദഗ്ധർ, ഹയർ സെക്കണ്ടറി/കോളജ് അധ്യാപകർ, ഉദ്യോഗസ്ഥർ എന്നിവരെ പ്രത്യേകം അഭിനന്ദിക്കുന്നു. സമ്പർക്കപഠനക്ലാസ്സുകൾക്ക് നേതൃത്വം നൽകുന്ന അധ്യാപകർക്കും മറ്റു സഹപ്രവർത്തകർക്കും ഞങ്ങളുടെ നന്ദി രേഖപ്പെടുത്തുന്നു.

ഡോ. പി. എസ്. ശ്രീകല
ഡയറക്ടർ
കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി

സ്വയംപഠന സാമഗ്രി നിർമ്മാണ ശില്പശാലയിൽ പങ്കെടുത്തവർ

അധ്യാപകർ

1. സി.എച്ച്. അരുൺകുമാർ	കെ.കെ.എം. എച്ച്.എസ്.എസ്, വണ്ടിത്താവളം, പാലക്കാട്
2. അനിൽ ഗോമസ്	എം.വി.ജി.എച്ച്.എസ്, പേരൂർ, കൊല്ലം
3. തോമസ് കെ. സ്റ്റീഫൻ	ഗവ. എച്ച്.എസ്.എസ്, മൈലച്ചൽ, തിരുവനന്തപുരം
4. തോമസ്.പി.വി	ഗവൺമെന്റ്.എച്ച്.എസ്.എസ്, ആറളം, കണ്ണൂർ
5. ഷിവി.എം.കെ	ഗവൺമെന്റ് എച്ച്.എസ്.എസ്, മീനങ്ങാടി, വയനാട്

വിദഗ്ധ സമിതി

ഡോ.പി.എസ്. ദേവകുമാർ	അസിസ്റ്റന്റ് പ്രൊഫസർ, വിമൻസ് കോളേജ്, തിരുവനന്തപുരം
ഡോ.ബിനോ ജോയ്	അസിസ്റ്റന്റ് പ്രൊഫസർ ഓഫ് കോമേഴ്സ്, ഗവൺമെന്റ് കോളേജ്, കോട്ടയം

അക്കാദമിക് ചുമതല

ഡോ.എസ്.ജയലക്ഷ്മി	അസിസ്റ്റന്റ് പ്രൊഫസർ, എസ്.സി.ഇ.ആർ.ടി

കോഡിനേഷൻ

കെ. അയ്യപ്പൻ നായർ	അസി.ഡയറക്ടർ (തുല്യത & അക്കാദമിക്) സംസ്ഥാന സാക്ഷരതാ മിഷൻ

കോർഡിനേഷൻ സഹായം

റിയാന അൻസാരി	പ്രോഗ്രാം ഓഫീസർ, സംസ്ഥാന സാക്ഷരതാ മിഷൻ
ബീന എ. ആർ	പ്രോഗ്രാം ഓഫീസർ, സംസ്ഥാന സാക്ഷരതാ മിഷൻ
എം. എം. ഷറഫുദ്ദീൻ	കോർഡിനേറ്റർ(തുല്യത), സംസ്ഥാന സാക്ഷരതാ മിഷൻ

ഉള്ളടക്കം

1. കമ്പനികളുടെ കണക്കുകൾ:
   ഓഹരി മൂലധനത്തിന്റെ കണക്കെഴുത്ത് .... 9 – 68
2. കമ്പനി അക്കൗണ്ടുകൾ: കടപത്രങ്ങളുടെ അക്കൗണ്ട് ... 69 – 93
3. കമ്പനികളുടെ ധനകാര്യ സ്റ്റേറ്റ്മെന്റുകൾ .... 94 – 112
4. ധനകാര്യസ്റ്റേറ്റ്മെന്റുകളുടെ വിശകലനം .... 113 – 126
5. അക്കൗണ്ടിംഗ് അനുപാതങ്ങൾ .... 127 – 178
6. പണവ്യതിയാന സ്റ്റേറ്റ്മെന്റുകൾ .... 179 – 207

1

കമ്പനികളുടെ കണക്കുകൾ: ഓഹരി മൂലധനത്തിന്റെ കണക്കെഴുത്ത്

(Company Accounts-Accounting for Share Capital)

ആമുഖം

വിവിധ ബിസിനസ്സ് സംരംഭങ്ങളിൽ നിന്ന് തീർത്തും വ്യത്യസ്തമായാണ് കമ്പനികൾ രൂപീകരിക്കപ്പെടുന്നത്. ഇത് കമ്പനി നിയമപ്രകാരം സൃഷ്ടിക്കപ്പെട്ടിട്ടുള്ളതും, ആ നിയമത്തിന്റെ വ്യവസ്ഥകൾക്ക് അനുഗുണമായി അവയുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കപ്പെടുന്നതുമാണ്.

ഈ യൂണിറ്റിലൂടെ കടന്നുപോകുന്ന പഠിതാക്കൾക്ക്, കമ്പനി എന്ന ബിസിനസ്സ് സംരംഭത്തിന്റെ അടിസ്ഥാന ആശയങ്ങൾ, ഓഹരി മൂലധനം സ്വരൂപിക്കുന്നതിന്റെ നടപടി ക്രമങ്ങൾ അവയുമായി ബന്ധപ്പെട്ട കണക്കെഴുത്ത് രീതികൾ എന്നിവയെക്കുറിച്ച് ആഴത്തിലുള്ള അറിവ് സമ്പാദിക്കാനാകും.

പഠനനേട്ടങ്ങൾ

ഈ പഠനഭാഗത്തിലൂടെ കടന്നുപോകുന്ന പഠിതാവ്

- ജോയിന്റ് സ്റ്റോക്ക് കമ്പനികളുടെ അടിസ്ഥാന സ്വഭാവം വിശദീകരിക്കുന്നു.
- വിവിധങ്ങളായ കമ്പനികളെ വേർ തിരിച്ചറിയുന്നു.
- ഇക്യുറ്റി ഓഹരികളും, പ്രിഫറൻസ് ഓഹരികളും തമ്മിൽ വിവേചിച്ചറിയുന്നു.
- ഓഹരി മൂലധനത്തിലെ വിവിധ വിഭാഗങ്ങളെയും, കണക്കെഴുത്ത് പുസ്തകത്തിൽ അതിന്റെ നീക്കുപോക്കുകൾ എങ്ങിനെയെന്നും വ്യക്തമാക്കുന്നു.
- ഓഹരി ഇഷ്യു നടത്തുന്ന പ്രക്രിയകളിലെ പ്രധാന നടപടി ക്രമങ്ങൾ ഏതെല്ലാമെന്ന് വിശദീകരിക്കുന്നു.
- ഓഹരി മൂലധന ഇടപാടുകളുമായി ബന്ധപ്പെട്ട് ജേർണൽ എൻട്രികൾ എഴുതുന്നു.
- കുടിശ്ശിക കാളുകളും മുൻകൂർ കാളുകളുടെയും അക്കൗണ്ടിംഗ് നീക്കുപോക്കുകൾ വിശദീകരിക്കുന്നു.
- ഓവർ സബ്സ്ക്രിപഷൻ, അണ്ടർ സബ്സ്ക്രിപ്ഷൻ എന്നിവയുമായി ബന്ധപ്പെട്ട കണക്കെഴുത്തുകൾ നടത്തുന്നു.
- ഓഹരികൾ പ്രീമിയത്തിലും, കിഴിവിലും ഇഷ്യു നടത്തുമ്പോൾ ആവശ്യമായ ജേർണൽ എൻട്രികൾ രേഖപ്പെടുത്തുന്നു.
- പണം ലക്ഷ്യമാക്കാതെ മറ്റു പരിഗണനകൾ മുൻ നിർത്തി ഓഹരി ഇഷ്യു നടത്തുമ്പോൾ, ഉള്ള കണക്കെഴുത്ത് നീക്കുപോക്കുകൾ വിശദീകരിക്കുന്നു.
- ഓഹരികൾ ക്യാൻസൽ ചെയ്യുമ്പോഴും, റീ ഇഷ്യു ചെയ്യുമ്പോഴും രേഖപ്പെടുത്തുന്ന ജേർണൽ എൻട്രികൾ എഴുതുന്നു.

കമ്പനി - അർത്ഥം (Meaning of a Company)

ഒരു ബിസിനസ്സ് നടത്തുന്നതിനുവേണ്ടി സ്വമേധയാ ഒത്തുചേരുന്ന ഒരു കൂട്ടം വ്യക്തികളുടെ സംരംഭമാണ് കമ്പനി അല്ലെങ്കിൽ ജോയിന്റ് സ്റ്റോക്ക് കമ്പനി. ഇത്തരം സ്ഥാപനങ്ങൾക്ക് അംഗങ്ങളിൽ നിന്നും വ്യത്യസ്തമായി ഒരു വേറിട്ട നിലനിൽപ്പ് ഉണ്ടായിരിക്കും എന്നും നിങ്ങൾക്ക് അറിയാമല്ലോ? 1956ലെ കമ്പനി നിയമത്തെ ആധാരമാക്കിയാണ് കമ്പനികൾ പ്രവർത്തിക്കുന്നത്. ജോയിന്റ് സ്റ്റോക്ക് കമ്പനികളെ സ്ഥായിയായ നിലനിൽപ്പും, പൊതുമുദ്രയും ഉള്ള കൃത്രിമ വ്യക്തികളായി നിയമം അംഗീകരിക്കുന്നു.

പ്രത്യേകതകൾ (Features)

1. കൃത്രിമ വ്യക്തിത്വം (Artificial personality)

കമ്പനികൾക്ക് സ്വന്തമായി ധനം സമ്പാദിക്കാനും, മറ്റുള്ളവരുമായി കരാറിൽ ഏർപ്പെടാനും, വായ്പ എടുക്കാനും, കഴിയും. മേൽ പറഞ്ഞവ കൂടാതെ, മറ്റുള്ളവർക്കെതിരെ കേസു കൊടുക്കാനും, തിരിച്ചും (കമ്പനിക്കെതിരെ മറ്റുള്ളവർക്ക് കേസ് കൊടുക്കാനും) നിയമ പ്രകാരം കൃത്രിമ വ്യക്തിത്വമുള്ളതിനാൽ കമ്പനികൾക്ക് സാധ്യമാണ്.

2. ഓഹരികളുടെ കൈമാറ്റം (Transferability of Shares)

കമ്പനികളുടെ ഓഹരികൾ വ്യക്തികൾക്കിടയിൽ സ്വതന്ത്രമായി നിയന്ത്രണങ്ങളില്ലാതെ യഥേഷ്ടം കൈമാറ്റം ചെയ്യാവുന്നതാണ്.

3. രൂപീകരണം (Formation)

ചെലവേറിയതും, പ്രയാസമേറിയതുമായ നടപടിക്രമങ്ങൾ ഉൾപ്പെടുന്നതിനാൽ രൂപീകരണത്തിനു താരതമ്യേന കൂടുതൽ സമയം ആവശ്യമാണ്. കമ്പനി നിയമപ്രകാരം രജിസ്ട്രേഷൻ നിർബന്ധമാണ്.

4. സ്ഥായിയായ നിലനിൽപ്പ് (Perpectual Succession)

അംഗങ്ങളുടെ മരണമോ, പാപ്പരത്തമോ, മനോവൈകല്യമോ ഒന്നും തന്നെ കമ്പനികളുടെ പ്രവർത്തനത്തെയോ, നിലനിൽപ്പിനെയോ ബാധിക്കില്ല. കമ്പനിയുടെ പ്രവർത്തനം അനസ്യൂതമായി നടക്കും.

5. ക്ലിപ്ത നിയന്ത്രണം (Limited Control)

ഓഹരിയുടമകളാൽ തിരഞ്ഞെടുക്കപ്പെട്ട ഡയറക്ടർ ബോർഡിന്റെ കരങ്ങളിലാണ് കമ്പനികളുടെ ഭരണം. എല്ലാ ഓഹരി ഉടമകൾക്കും നേരിട്ട് കമ്പനിയുടെ ഭരണത്തിൽ പങ്കെടുക്കാൻ സാധിക്കുന്നില്ല.

6. ബാധ്യത (liability)

ഓഹരിയുടമകളുടെ കടബാധ്യത, അവരുടെ ഓഹരിയുടെ മുഖ വിലക്ക് തുല്യമായ തുകയ്ക്ക് മാത്രമായി നിജപ്പെടുത്തിയിരിക്കുന്നു. ആ തുകയ്ക്ക് മുകളിലുള്ള കടബാധ്യതയ്ക്ക് ഓഹരിയുടമ ഉത്തരവാദിയായിരിക്കുന്നതല്ല.

7. പൊതുമുദ്ര (Common Seal)

വ്യക്തികളുടെ ഒപ്പിനു തുല്യമായ നിയമ സാധുത കമ്പനിയുടെ പേരോടുകൂടിയ പൊതുമുദ്ര പതിക്കുന്നതിലൂടെ സാധ്യമാകുന്നു. പൊതുമുദ്ര പതിക്കുന്നതിലൂടെ കരാറിൽ ഏർപ്പെടാനും, കൃത്രിമ വ്യക്തിത്വം ഉറപ്പാക്കാനും സാധിക്കുന്നു.

വിവിധ തരത്തിലുള്ള കമ്പനികൾ (Types of Companies)

ബാധ്യത, മെമ്പർമാരുടെ എണ്ണം എന്നിവയുടെ അടിസ്ഥാനത്തിൽ കമ്പനികളെ തരം തിരിക്കുന്നത് എങ്ങിനെയെന്ന് നോക്കാം.

ബാധ്യതയുടെ അടിസ്ഥാനത്തിലുള്ള തരംതിരിവുകൾ

1. ഓഹരികളാൽ ക്ലിപ്തപ്പെടുത്തിയ കമ്പനി (Company limited by shares)

ഇത്തരത്തിലുള്ള കമ്പനികളിൽ ഓഹരിയുടമകളുടെ ബാധ്യത അവരുടെ കൈവശമുള്ള ഓഹരിയുടെ മുഖവിലയ്ക്ക് തുല്യമായി നിജപ്പെടുത്തിയിരിക്കും. മെമ്പർമാർ ഓഹരിയിൽ മേൽ നൽകാനുള്ള മുഴുവൻ തുകയും നൽകിയിട്ടുണ്ടെങ്കിൽ അവർക്ക് ഭാവിയിൽ യാതൊരു വിധ മറ്റ് ബാധ്യതകളും ഉണ്ടായിരിക്കില്ല.

2. ഉറപ്പുനൽകിയ തുകയ്ക്കുള്ള ബാധ്യത ക്ലിപ്തപ്പെടുത്തിയ കമ്പനി :(Company limited by Guarrantee)

ലാഭേച്ഛയില്ലാതെ സേവനം മാത്രം ലക്ഷ്യമിടുന്ന കമ്പനികളുടെ മെമ്പർമാർ, അവർ നൽകാമെന്ന് ഉറപ്പുനൽകിയ മൂലധന തുകയ്ക്കു മാത്രം ബാധ്യതപ്പെട്ടിരിക്കുന്നു. കമ്പനി അടച്ചുപൂട്ടുമ്പോൾ ബാധ്യതകൾ കൊടുത്തുതീർക്കാൻ കൈവശമുള്ള ആസ്തികൾ പര്യാപ്തമല്ലാതെ വരുമ്പോൾ മെമ്പർമാർ ഉറപ്പുനൽകിയ തുക ഈടാക്കേണ്ടതായി വരും.

3. അക്ലിപ്ത കമ്പനികൾ : (Unlimited Companies)

ഓഹരിയുടമകളുടെ അല്ലെങ്കിൽ മെമ്പർമാരുടെ ബാധ്യതക്ക് പരിധിയില്ലെങ്കിൽ, അത്തരത്തിലുള്ള കമ്പനികളെ അക്ലിപ്ത കമ്പനികൾ എന്നു പറയും. അതായത്, ഇത്തരം കമ്പനികളിൽ ഓഹരിയുടമകളുടെ സ്വകാര്യ സ്വത്തുക്കൾ കമ്പനിയുടെ ബാധ്യതകൾ കൊടുത്തുതീർക്കാൻ ആവശ്യമെങ്കിൽ ഉപയോഗിക്കാവുന്നതാണ്.

കമ്പനിയുടെ പ്രകൃതത്തെ അടിസ്ഥാനമാക്കി തരംതിരിച്ച കമ്പനികൾ :

ഇവിടെ കമ്പനികളെ രണ്ടായി തരം തിരിച്ചിരിക്കുന്നു.

(i) സ്വകാര്യ കമ്പനി : (Private Company)

ഒരു സ്വകാര്യ കമ്പനി അതിന്റെ നിയമാവലി പ്രകാരം :

എ) ഓഹരികൾ കൈമാറാനുള്ള അവകാശം നിയന്ത്രിച്ചിരിക്കുന്നു.

ബി) പരമാവധി അംഗങ്ങളുടെ എണ്ണം 50 ആയി പരിമിതപ്പെടുത്തിയിരിക്കുന്നു.

സി) ഓഹരികളോ കടപത്രങ്ങളോ വാങ്ങാൻ പൊതുജനങ്ങളെ ക്ഷണിക്കുന്നില്ല.

ഡി) കുറഞ്ഞത് ഒരു ലക്ഷം രൂപ അടച്ചുതീർത്ത മൂലധനം അല്ലെങ്കിൽ കാലാകാലങ്ങളിൽ നിഷ്കർഷിക്കുന്ന തുക.

ഇത്തരത്തിലുള്ള കമ്പനികളെ സ്വകാര്യകമ്പിനികളെന്നുവിളിക്കും.

(ii) പൊതു കമ്പനി (Public Company)

കമ്പനി നിയമമനുസരിച്ച് സ്വകാര്യ കമ്പനികളല്ലാത്ത കമ്പനികളെ പൊതു കമ്പനികൾ എന്നു വിളിക്കും എന്ന് കഴിഞ്ഞ വർഷത്തെ പാഠപുസ്തകങ്ങളിൽ നമ്മൾ ചർച്ച ചെയ്ത് കഴിഞ്ഞത് ഓർമ്മിക്കുമല്ലോ?

പ്രത്യേകതകൾ :

1) കുറഞ്ഞത് 5 ലക്ഷം രൂപ അടച്ചുതീർത്ത മൂലധനം അല്ലെങ്കിൽ കാലാകാലങ്ങളിൽ നിഷ്കർഷിക്കുന്ന തുക.
2) കുറഞ്ഞ അംഗത്വം ഏഴും കൂടിയ അംഗത്വത്തിന് പരിധി നിശ്ചയിച്ചിട്ടില്ല.
3) ഓഹരി സ്വതന്ത്രമായി കൈമാറ്റം നടത്താം.
4) ഓഹരി, കടപത്രം, നിക്ഷേപം എന്നിവയ്ക്കായി പൊതു ജനങ്ങളെ ക്ഷണിക്കാൻ പ്രോസ്പെക്റ്റസ് ഇറക്കാം.

കമ്പനിയുടെ ഓഹരി മൂലധനം : (Share capital of a company)

ഏകാംഗ വ്യാപാരം അല്ലെങ്കിൽ പങ്കാളിത്ത സ്ഥാപനം തുടങ്ങുന്നതിന് മൂലധനം സ്വരൂപിക്കുന്നത് എങ്ങനെയാണ്?

ഇതിൽ നിന്ന് വ്യത്യസ്തമായി മൂലധനം എങ്ങനെയാണ് കണ്ടെത്തുക?

കമ്പനികളുടെ സ്വയം മൂലധന സമ്പാദനം ഓഹരിയിലൂടെയാണെന്നു നമ്മുക്ക് അറിയാം. ഓഹരികളുടെ വില്പനയിലൂടെ വിവിധ ആളുകളിൽ നിന്ന് സ്വരൂപിക്കുന്ന മൂലധനത്തെ 'ഓഹരി മൂലധനമെന്നും' അത്തരം ആളുകളെ 'ഓഹരിയുടമകൾ' എന്നും വിളിക്കുന്നു.

കണക്കെഴുത്തിന്റെ കാഴ്ചപ്പാടിൽ ഓഹരി മൂലധനത്തെ വിവിധ വിഭാഗങ്ങളാക്കി തരം തിരിക്കുന്നതെങ്ങനെയെന്ന് ചുവടെ കൊടുത്തിരിക്കുന്ന പ്രവർത്തനത്തിൽ നിന്നും മനസ്സിലാക്കാവുന്നതാണ്.

പ്രവർത്തനം-1 :

ഒരു കമ്പനി 5,00,000 രൂപ മൂലധനത്തോടെ ഓഹരി ഒന്നിന് 10 രൂപാ നിരക്കിൽ രജിസ്റ്റർ ചെയ്യുന്നു. 30,000 ഓഹരികൾ കമ്പനി പൊതുജനങ്ങൾക്കായി ഇഷ്യൂ ചെയ്യുന്നു. പൊതു ജനങ്ങൾ 25,000 ഓഹരികൾ വാങ്ങുന്നു. കമ്പനി ഓഹരി ഒന്നിന് 7/- രൂപാ നിരക്കിൽ 25000 ഓഹരികളിൽ മേൽ പണം ആവശ്യപ്പെടുന്നു. 1000 രൂപ ഒഴികെ ആവശ്യപ്പെട്ട തുക കമ്പനിക്ക് ലഭ്യമാവുന്നു. ഇനി താഴെ പറയുന്ന പട്ടിക പൂർത്തീകരിക്കുക.

മൂലധന വിഭവങ്ങൾ		തുക
എ)	രജിസ്റ്റേർഡ് മൂലധനം/നാമമാത്ര മൂലധനം/അംഗീകൃത മൂലധനം (Registered/Norminal/Authorised Capital)	50,000 ഓഹരി x 10 രൂപ = 5,00,000
ബി)	പുറപ്പെടുവിച്ച മൂലധനം (Issued Capital)	?
സി)	ഏറ്റെടുത്ത മൂലധനം (Subscribed Capital)	?
ഡി)	വിളിക്കപ്പെട്ട മൂലധനം (Called Up Capital)	?
ഇ)	അടച്ചുതീർത്ത മൂലധനം (Paid Up Capital)	?
എഫ്)	കാൾ കുടിശ്ശിക (Calls in arrear)	1000 രൂപ

ചുവടെ ചേർത്തിരിക്കുന്ന വിശദീകരണം വിവിധ മൂലധന വിഭവങ്ങളുടെ ആശയ രൂപീകരണത്തിന് സഹായകമാകും.

അംഗീകൃത മൂലധനം (Authorised Capital)

നാമമാത്ര മൂലധനം, രജിസ്റ്റേർഡ് മൂലധനം എന്നീ പേരുകളിൽ കൂടി ഇത് അറിയപ്പെടുന്നുണ്ട്. ഓഹരി ഇഷ്യൂ ചെയ്യുന്നത് വഴി ഒരു കമ്പനിക്ക് സ്വരൂപിക്കാവുന്ന പരമാവധി മൂലധന തുകയെ അംഗീകൃത മൂലധനം എന്നു വിളിക്കുന്നു.

പുറപ്പെടുവിച്ച മൂലധനം (Issued Capital)

പൊതു ജനങ്ങൾക്കായി കമ്പനി വാഗ്ദാനം ചെയ്യുന്ന അംഗീകൃത മൂലധനത്തിന്റെ ഭാഗം. വിൽക്കാനുദ്ദേശിക്കാത്ത അംഗീകൃത മൂലധനത്തിന്റെ ഭാഗത്തെ പുറപ്പെടുവിക്കാത്ത മൂലധനം (UnIssued Capital) എന്നുപറയുന്നു.

ഏറ്റെടുത്ത മൂലധനം (Subscribed Capital)

കമ്പനി ഇഷ്യൂ ചെയ്ത മൂലധനത്തിലെ പൊതു ജനങ്ങൾ ഏറ്റെടുത്ത മൂലധന ഭാഗം. കമ്പിനി ഇഷ്യു ചെയ്ത മൂലധനത്തിൽ പൊതു ജനങ്ങൾ വാങ്ങാത്ത വിഹിതത്തെ ഏറ്റെടുക്കാത്ത മൂലധനം എന്നു പറയും. (Unsubscribed Capital)

വിളിക്കപ്പെട്ട മൂലധനം (Called up capital)

പൊതുജനങ്ങൾ വാങ്ങിയ ഓഹരികളിൻമേൽ കമ്പനി ആവശ്യപ്പെട്ട വിഹിതം.

ആവശ്യപ്പെടാതെ മാറ്റിവച്ച ഭാഗത്തെ വിളിക്കാത്ത മൂലധനം (Uncalled capital) എന്നു വിളിക്കുന്നു.

ഉദാ - ഒരു ഓഹരിയുടെ വില 10 രൂപ, 7 രൂപ വിളിച്ചാൽ, അത് വിളിക്കപ്പെട്ട മൂലധനമായും. ബാക്കി 3 രൂപ വിളിക്കാത്ത മൂലധനമായും അറിയപ്പെടുന്നു.

അടച്ചുതീർത്ത മൂലധനം (Paid up capital)

ഓഹരിയിൻമേൽ കമ്പനി ആവശ്യപ്പെട്ട തുകയിൽ (വിളിക്കപ്പെട്ട മൂലധനത്തിൽ) പൊതുജനങ്ങൾ യഥാർത്ഥത്തിൽ നൽകിയ തുകയാണ് അടച്ചുതീർത്ത മൂലധനം. കമ്പനി നിരന്തരം ആവശ്യപ്പെട്ടിട്ടും നൽകാതെ ബാക്കിവച്ചിരിക്കുന്ന മൂലധനത്തെ കാൾ കുടിശ്ശികയായി (Calls in arrear) അറിയപ്പെടുന്നു.

വിവിധതരം ഓഹരികളും അവയുടെ സ്വഭാവവും (Types of Shares and their nature)

ഒരു കമ്പനിയുടെ ആകെ ഓഹരി മൂലധനത്തെ ചെറിയ ചെറിയ യൂണിറ്റുകളായി വിഭജിച്ചിരിക്കുന്നു. ഓരോ യൂണിറ്റുകളെയും ഓഹരി എന്നാണ് അറിയപ്പെടുന്നത്. ഈ ഓഹരികൾ വാങ്ങുന്നതിലൂടെ ആളുകൾ ഓഹരിയുടമകൾ ആയി മാറുന്നു.

കമ്പനി നിയമപ്രകാരം ഒരു കമ്പനിയ്ക്ക് രണ്ടു തരത്തിലുള്ള ഓഹരികൾ ഇഷ്യു ചെയ്യാവുന്നതാണ്. ഇവ ഏതെല്ലാമെന്നു പറയാമോ?

- ഇക്യുറ്റി ഓഹരികൾ
- .... ? ....

1. മുൻഗണനാ ഓഹരികൾ (Preference shares)

താഴെ പറയുന്ന രണ്ട് കാര്യങ്ങളിൽ മുൻഗണന ലഭിക്കുന്ന ഓഹരികളാണ് ഇവ.

1. കമ്പനി ലാഭം പങ്കുവയ്ക്കുന്ന സമയത്തും
2. കമ്പനി അടച്ചുപൂട്ടുന്ന വേളയിൽ മൂലധനം തിരിച്ചുകിട്ടുന്ന കാര്യത്തിലും ഇവർക്കു മുൻഗണനയുണ്ട്.

2. ഇക്യുറ്റി അഥവാ സാധാരണ ഓഹരികൾ (Equity Shares or Ordinary Shares)

മുൻഗണനാ ഓഹരികൾക്കുള്ള ഒരു പരിഗണനയും ലഭിക്കാത്ത ഓഹരികളാണ് ഇവ. ഇത്തരത്തിലുള്ള ഓഹരികൾ വാങ്ങുന്നവരാണ് കമ്പനിയുടെ യഥാർത്ഥ ഉടമസ്ഥർ. കമ്പനിയുടെ നിയന്ത്രണം ഇവരുടെ കൈകളിലാണ്.

കമ്പനീസ് ആക്ട് 1956 : ഇക്യുറ്റി ഓഹരികളെ നിർവചിച്ചിരിക്കുന്നത് ഇപ്രകാരമാണ്.

"മുൻഗണനാ ഓഹരികൾ അല്ലാത്ത എല്ലാ ഓഹരികളെയും ഇക്യുറ്റി ഓഹരികൾ എന്നു വിളിക്കും."

ഓഹരികൾ ഇഷ്യൂ ചെയ്യുമ്പോൾ (Issue of Shares)

ഒരു കമ്പനിയുടെ മൂലധനത്തിന്റെ സവിശേഷത എന്നു പറയുന്നത് സാമ്പത്തിക ആവശ്യങ്ങൾക്ക് അനുസൃതമായി, സമയബന്ധിതമായി, ലളിതമായ തവണകളിൽ തുകകളെ സമാഹരിക്കാം എന്നതാണ്. ആദ്യതവണ ഓഹരിയ്ക്ക് അപേക്ഷിക്കുമ്പോഴായതിനാൽ 'അപേക്ഷാ പണം' എന്നും രണ്ടാമത്തെ തവണ ഓഹരി അനുവദിച്ചു നൽകുമ്പോൾ അലോട്ട്മെന്റ് തുകയായും ആദ്യ കാൾ, രണ്ടാമത്തെ കാൾ, അവസാന കാൾ എന്നിങ്ങനെയാണ് സ്വരൂപിക്കുന്നത്.

അപേക്ഷാ പണത്തിനൊപ്പം തന്നെ ഓഹരികളിൻമേലുള്ള മുഴുവൻ തുകയും ആവശ്യമെങ്കിൽ കമ്പനിയ്ക്ക് സ്വരൂപിക്കാവുന്നതാണ്. ഓഹരികൾ ഇഷ്യൂ ചെയ്യുന്നതിനു താഴെ പറയുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതുണ്ട്. ഈ നടപടിക്രമങ്ങൾ എന്തെല്ലാമെന്ന് നമുക്ക് നോക്കാം.

- **പ്രോസ്പെക്ടസ് ഇഷ്യൂ ചെയ്യുന്നു (Issue of Prospectus)**

പബ്ലിക് ലിമിറ്റഡ് കമ്പനികൾ ഓഹരികളിൽ നിക്ഷേപം നടത്തുന്നതിനായി പൊതുജനങ്ങളെ ക്ഷണിക്കുന്നതിനായി പുറപ്പെടുവിക്കുന്ന രേഖയെ പ്രോസ്പെക്ടസ് എന്നു വിളിക്കും. കമ്പനിയെക്കുറിച്ചുള്ള മുഴുവൻ വിവരങ്ങളും, മൂലധന സമാഹരണം ഏതു രീതിയിലെന്നുള്ള വിവരങ്ങളും ഇതിൽ വ്യക്തമാക്കിയിരിക്കണം.

- **അപേക്ഷ ലഭിക്കുന്നു (Recieving Applications)**

കമ്പനിയുടെ ഓഹരികൾ വാങ്ങാൻ ലക്ഷ്യമിടുന്ന നിക്ഷേപകർ അപേക്ഷാഫീസ് സഹിതം നിർദ്ദിഷ്ട അപേക്ഷാഫോറത്തിൽ പ്രോസ്പെക്ടസിൽ നിർദ്ദേശിക്കുന്ന തരത്തിൽ അപേക്ഷിക്കേണ്ടതാണ്.

പ്രോസ്പെക്ടസ് ഇഷ്യൂ ചെയ്ത് 120 ദിവസത്തിനുള്ളിൽ മിനിമം സബ്സ്കൃപ്ഷൻ കമ്പനിയ്ക്ക് ലഭിക്കേണ്ടതാണ്. മേൽപറഞ്ഞ സമയപരിധിയിൽ കമ്പനിയ്ക്ക് മിനിമം സബ്സ്കൃപ്ഷൻ ലഭിക്കുന്നില്ലെങ്കിൽ ഓഹരികൾ അലോട്ട് ചെയ്യുന്നതുമായി മുന്നോട്ടുപോകാൻ കമ്പനിയ്ക്ക് സാധിക്കാതെ വരികയും, ലഭിച്ച അപേക്ഷാഫീസ്, പ്രോസ്പെക്ടസ് ഇഷ്യൂ ചെയ്തതുമുതൽ 130 ദിവസത്തിനകം തിരിച്ചു നൽകുകയും വേണം.

മിനിമം സബ്സ്ക്രിപ്ഷൻ

വിൽപനയ്ക്ക് വച്ചിരിക്കുന്ന (ഇഷ്യൂ ചെയ്ത മൂലധനം) ഓഹരികളുടെ 90% അല്ലെങ്കിൽ പ്രാരംഭകരാറുകൾ നടപ്പിലാക്കാനുള്ള അത്രയും തുക ഏതാണോ കൂടുതൽ അതാണ് മിനിമം സബ്സ്ക്രിപ്ഷൻ ആയി കമ്പനി നിയമം നിശ്ചയിച്ചിരിക്കുന്നത്.

ഓഹരികളുടെ അലോട്ട്മെന്റ് (Allotment of Shares)

മിനിമം സബ്സ്ക്രിപ്ഷൻ ലഭിച്ചാൽ ,മറ്റു നിയമപരമായ കാര്യങ്ങൾ പൂർത്തികരിച്ചശേഷം,ഓഹരികൾ അല്ലോട്ട് ചെയ്യുന്നതിലേക്ക് കമ്പനിക്ക് കടക്കാവുന്നതാണ്. ഓഹരികൾ അനുവദിക്കുന്നവർക്ക് അതിനുള്ള അറിയിപ്പും ഓഹരികൾ അനുവദിക്കാത്തവർക്ക് ഖേദം പ്രകടിപ്പിക്കുന്ന അറിയിപ്പും കമ്പനി നല്കുന്നു.

കമ്പനി ഓഹരികൾ ഇഷ്യൂ ചെയ്യുന്നത് (Issue of Shares) –

ഓഹരിയുടെ യഥാർത്ഥ മുഖ വിലയിൽ (At par)

പ്രീമിയത്തിന് (At Premium)

കിഴിവിൽ (At Discount) എന്നീ രീതിയിലാവാം

താഴെപറയുന്ന ഉദാഹരണം ശ്രദ്ധിക്കൂ.

ഒരു കമ്പനി അതിന്റെ ഓഹരി വിലയായ 10 രൂപക്ക്തന്നെ നിക്ഷേപകർക്ക് ഇഷ്യു ചെയ്താൽ അതിനെ ഓഹരികൾ മുഖവിലയിൽ ഇഷ്യൂ ചെയ്തു എന്നു പറയാവുന്നതാണ്. മുഖവിലയിൽ ഓഹരികൾ ഇഷ്യു ചെയ്യുമ്പോൾ കണക്കുകളിൽ എങ്ങിനെയാണ് ഇത് കാണിക്കുക എന്ന് മനസ്സിലാക്കേണ്ടത് ഈ അവസരത്തിൽ വളരെ പ്രസക്തമാണ്.

അക്കൗണ്ടിങ് പ്രതിപാദന രീതി

(i) അപേക്ഷാസമയത്ത് പണം ലഭിക്കുമ്പോൾ ജേർണൽ എൻട്രി:-

ബാങ്ക് a/c Dr
To ഷെയർ ആപ്ലിക്കേഷൻ a/c
(അപേക്ഷിച്ച ഓഹരിപണം ലഭിക്കുന്നു)

(ii) അലോട്ട് ചെയ്യുമ്പോൾ:-

(എ) അപേക്ഷാ പണം ഓഹരി മൂലധന അക്കൗണ്ടിലേക്ക് മാറ്റുമ്പോൾ:-
ഷെയർ ആപ്ലിക്കേഷൻ a/c/Dr
To ഷെയർ ക്യാപ്പിറ്റൽ a/c
(അപേക്ഷാ പണം ഓഹരി മൂലധന അക്കൗണ്ടിലേക്ക് മാറ്റുന്നു)

(ബി) നിരസിച്ച അപേക്ഷകളിൽ പണം മടക്കി നൽകുമ്പോൾ:-
ഷെയർ ആപ്ലിക്കേഷൻ a/c Dr
To ബാങ്ക് a/c
(നിരസിച്ച ഓഹരികളിൽ പണം മടക്കി നൽകുന്നു;)

(സി) അലോട്ട്മെന്റ് പണം കിട്ടേണ്ട സമയമാകുമ്പോൾ:

ഷെയർ അലോട്ട്മെന്റ് a/c Dr
To ഷെയർ ക്യാപ്പിറ്റൽ
(ഓഹരികളിൽ അലോട്ട്മെന്റിൽ ലഭിക്കേണ്ട പണം)

(ഡി) അധികമായി ലഭിച്ച അപേക്ഷ പണം അലോട്ട്മെന്റിലേക്ക് മാറ്റുമ്പോൾ

ഷെയർ ആപ്ലിക്കേഷൻ a/c Dr
To ഷെയർ അലോട്ട്മെന്റ് a/c

(............... ഓഹരികളിൽ അപേക്ഷ പണം ....രൂപ വീതം അലോട്ട്മെന്റിലേക്ക് മാറ്റുന്നു)

(ഇ) അലോട്ട്മെന്റ് പണം ലഭിക്കുമ്പോൾ

ബാങ്ക് a/c Dr
To ഷെയർ അലോട്ട്മെന്റ് a/c
(.......... ഓഹരികൾ .... രൂപ നിരക്കിൽ അലോട്ട്മെന്റ് തവണ ലഭിക്കുന്നു)

(iii) **കാൾ തുക**

മേൽ സൂചിപ്പിച്ചതു പോലെ കാൾ മണി പരമാവധി 3 തവണകളായി കമ്പനിക്ക് സ്വരൂപിക്കാവുന്നതാണ്. അല്ലെങ്കിൽ ഒറ്റ തവണയായും ഈ തുക ഈടാക്കാവുന്നതാണ്. കാളുകളുമായി ബന്ധപ്പെട്ട് താഴെ പറയുന്ന കാര്യങ്ങൾ കണക്കിലെടുക്കേണ്ടതുണ്ട്.

- കാൾ തുക നിശ്ചയിക്കുമ്പോൾ ഓഹരിയുടെ മുഖവിലയുടെ 25 ശതമാനത്തിൽ കൂടാൻ പാടില്ല
- രണ്ട് കാളുകൾ തമ്മിൽ ചുരുങ്ങിയത് ഒരു മാസത്തെ ഇടവേളയെങ്കിലും ഉണ്ടായിരിക്കണം. അല്ലെങ്കിൽ കമ്പനിയുടെ ആർട്ടിക്കിൾസ് ഓഫ് അസോസിയേഷനിൽ കാലയളവ് പ്രതിപാദിച്ചിരിക്കണം.

ജേർണൽ എൻട്രി

(എ) കാൾ തുക ലഭിക്കാൻ സമയമാകുമ്പോൾ

ഷെയർ കാൾ a/c Dr
To ഷെയർ ക്യാപ്പിറ്റൽ a/c
(കാൾ തുക ....ഓഹരികൾക്ക് .... രൂപ നിരക്കിൽ ലഭിക്കണം)

(ബി) കാൾ തുക ലഭിക്കുമ്പോൾ

ബാങ്ക് a/c Dr
To ഷെയർ അലോട്ട്മെന്റ് a/c
(കാൾ തുക ലഭിക്കുന്നു)

ഇവിടെ ആദ്യ കാൾ,രണ്ടാമത്തെ കാൾ, അവസാന കാൾ എന്നിങ്ങനെ കമ്പനി നടത്തുന്നുണ്ടെങ്കിൽ വെവ്വേറെ ജേർണൽ എൻട്രികൾ രേഖപ്പെടുത്തേണ്ടതാണ്.

മുകളിൽ നൽകിയിരിക്കുന്ന ജേർണൽ എൻട്രികൾ അഭ്യസിക്കുന്നതിന് ചുവടെ തന്നിരിക്കുന്ന പ്രവർത്തനം സഹായകമാകും.

പ്രവർത്തനം-2 :

ബോസ് ലിമിറ്റഡ് 50,000 ഇക്വിറ്റി ഓഹരികൾ 10 രൂപ നിരക്കിൽ അപേക്ഷ ഫീസ് 3 രൂപ, അലോട്ട്മെന്റ് 3 രൂപ, കാൾ 4 രൂപ എന്നീ തവണകളിൽ ഇഷ്യു നടത്തുന്നു. എല്ലാ ഓഹരികളും ആളുകൾ വാങ്ങുകയും അതിൻമേലുള്ള പണം ലഭിക്കുകയും ചെയ്യുന്നു.

ഇനി അനുബന്ധമായി ചേർത്തിരിക്കുന്ന പട്ടിക പൂർത്തികരിക്കുക.

ഇടപാട്	രേഖപ്പെടുത്തേണ്ട ജേർണൽ	ഓഹരികൾ x തവണതുക =
അപേക്ഷാ പണം ലഭിക്കുമ്പോൾ	ബാങ്ക് a/c Dr To ഇക്യൂറ്റി ഷെയർ ആപ്ലിക്കേഷൻ a/c	50,000 X 3 = 1,50,000
ലഭിച്ച അപേക്ഷപണം മൂലധന അക്കൗണ്ടിലേക്ക് മാറ്റുമ്പോൾ	?	?
അലോട്ട്മെന്റ് പണം കമ്പനി ആവശ്യപ്പെടുമ്പോൾ		?
അലോട്ട്മെന്റ് പണം ലഭിച്ചപ്പോൾ	ബാങ്ക് a/c Dr To ?	50,000 x 3 = 1,50,000
കാൾ തുക ആവശ്യപ്പെടുമ്പോൾ	?	?
കാൾ തുക ലഭിക്കുമ്പോൾ	?	50,000 X 4 = 200,000

രണ്ടു തരത്തിലുള്ള ഓഹരികൾ കമ്പനികൾ ഇഷ്യു ചെയ്യാറുണ്ട് എന്ന് നമുക്ക് അറിയാം. മേൽപ്പറഞ്ഞ പ്രവർത്തനങ്ങളിൽ ബോസ് ലിമിറ്റഡ് എന്ന കമ്പനി മുൻഗണനാ ഓഹരികളാണ് ഇഷ്യു ചെയ്യുന്നതെങ്കിൽ എങ്ങിനെയാണ് ജേർണൽ എൻട്രികൾ പുസ്തകത്തിൽ രേഖപ്പെടുത്തുക?

നിർദ്ദാരണം 1

ജേർണൽ

ബാങ്ക് a/c Dr To പ്രിഫറൻസ് ഷെയർ അപ്ലിക്കേഷൻ a/c (50,000 പ്രിഫറൻസ് ഓഹരികൾക്ക് 3 രൂപ നിരക്കിൽ അപേക്ഷ ലഭിക്കുന്നു)	1,50,000	1,50,000
പ്രിഫറൻസ് ഷെയർ അപ്ലിക്കേഷൻ a/c Dr To പ്രിഫറൻസ് ഷെയർ ക്യാപ്പിറ്റൽ a/c (50,000 പ്രിഫറൻസ് ഓഹരികൾക്ക് 3 രൂപ നിരക്കിൽ ക്യാപിറ്റൽ a/c ലേക്ക് മാറ്റുന്നു)	1,50,000	1,50,000
പ്രിഫറൻസ് ഷെയർ അലോട്ട്മെന്റ് a/c Dr To പ്രിഫറൻസ് ഷെയർ ക്യാപ്പിറ്റൽ a/c (50,000 പ്രിഫറൻസ് ഓഹരികളിൽ അലോട്ട്മെന്റ് തുക ഡ്യൂ ആവുമ്പോൾ)	1,50,000	2,50,000
ബാങ്ക് a/c Dr പ്രിഫറൻസ് ഷെയർ അല്ലോട്ട്മെന്റ് (50,000 പ്രിഫറൻസ് ഓഹരികളിൽ അലോട്ട്മെന്റ് മണി ലഭിക്കുന്നു)	1,50,000	2,50,000
പ്രിഫറൻസ് ഷെയർ ആദ്യ, അവസാന കാൾ a/c Dr പ്രഫറൻസ് ഷെയർ ക്യാപിറ്റൽ a/c (50,000 പ്രഫറൻസ് ഓഹരികളിൽ 4 രൂപ നിരക്കിൽ കാൾ മണി ഡ്യൂ ആകുമ്പോൾ)	1,00,000	2,00,000
ബാങ്ക് a/c Dr പ്രിഫറൻസ് ഷെയർ ആദ്യ അവസാന കാൾ a/c (50000 പ്രഫറൻസ ഓഹരികൾക്ക് കാൾ മണി ലഭിക്കുമ്പോൾ)	2,00,000	2,00,000

നിർദ്ധാരണം - 2

വിപ്രോ ലിമിറ്റഡ് 10,000 ഇക്വിറ്റി ഓഹരികൾ 10 രൂപ നിരക്കിൽ താഴെ പറയും പ്രകാരം ഇഷ്യു ചെയ്യുന്നു.

അപേക്ഷാ ഫീസ് - 2 രൂപ

അലോട്ട്മെന്റ് മണി - 3 രൂപ

ആദ്യ കാൾ - 3 രൂപ

അവസാന കാൾ - 2 രൂപ

കമ്പനിക്ക് 12,000 ഓഹരികൾക്കുള്ള അപേക്ഷ ലഭിക്കുന്നു. 2000 ഓഹരിക്കായി ലഭിച്ച അധിക അപേക്ഷ കമ്പനി നിരസിക്കുന്നു. ബാക്കിയുള്ളവയ്ക്ക് അലോട്ട്മെന്റ് നടത്തുന്നു. എല്ലാ ഓഹരികളിൻമേലുള്ള പണം യഥാസമയം ലഭിക്കുന്നു. കമ്പനിയുടെ കണക്കുപുസ്തകത്തിൽ ആവശ്യമായ രേഖപ്പെടുത്തൽ നടത്തുക.

ബാങ്ക് a/c Dr To ഇക്വിറ്റി ഷെയർ ആപ്ലിക്കേഷൻ (12000 ഓഹരികൾക്ക് 2/- രൂപ നിരക്കിൽ അപേക്ഷ ലഭിക്കുന്നു.	24,000 	 24,000
To ഇക്വിറ്റി ഷെയർ ആപ്ലിക്കേഷൻ a/c Dr ഇക്വിറ്റി ഷെയർ ക്യാപിറ്റൽ a/c To ബാങ്ക് a/c (ലഭിച്ച 12000 ഓഹരിയുടെ അപേക്ഷയിൽ 2000 ഓഹരികൾക്കുള്ള അപേക്ഷ നിരസിച്ചു. ബാക്കി 10000 ഓഹരികൾക്കുള്ള അപേക്ഷ പണം ക്യാപിറ്റൽ a/c ലേക്ക് മാറ്റുന്നു)	24,000	 20,000 4000
ഇക്വിറ്റി ഷെയർ അല്ലോട്ട്മെന്റ് a/c Dr To ഇക്വിറ്റി ഷെയർ ക്യാപിറ്റൽ a/c (10,000 ഓഹരിയുടെ അല്ലോട്ട്മെന്റ് തുക 3 രൂപ നിരക്കിൽ ഡ്യൂ ആവുന്നു)	30,000	 30,000
ബാങ്ക് a/c Dr To ഇക്വിറ്റി ഷെയർ അലോട്ട്മെന്റ് a/c (10,000 ഓഹരികൾക്ക് 3 രൂപ നിരക്കിൽ അലോട്ട്മെന്റ് പണം ലഭിക്കുന്നു)	30,000	 30,000

ഇക്വുറ്റി ഷെയർ ആദ്യകാൾ a/c To ഇക്വുറ്റി ഷെയർ ക്യാപിറ്റൽ a/c (10,000 ഓഹരികളിൽ 3 രൂപ നിരക്കിൽ ആദ്യ കോൾ ഡ്യൂ ആവുന്നു)	Dr	30,000	 30,000
ബാങ്ക് a/c To ഇക്വുറ്റി ഷെയർ ആദ്യ കോൾ. (10,000 ഓഹരികളിൽ 3 രൂപ നിരക്കിൽ ആദ്യ കാൾ മണി ലഭിക്കുന്നു)	Dr	30,000	 30,000
ഇക്വുറ്റി ഷെയർ അവസാനകാൾ a/c To ഇക്വുറ്റി ഷെയർ ക്യാപിറ്റൽ a/c (10,000 ഓഹരികളിൽ 2 രൂപ നിരക്കിൽ അവസാന കാൾ ഡ്യൂ ആവുന്നു)	Dr		20,000 20,000
ബാങ്ക് a/c To ഇക്വുറ്റി ഷെയർ അവസാന കാൾ (ഇക്വുറ്റി ഓഹരികളിൽ അവസാന കാൾ ലഭിക്കുന്നു 10,000 ഓഹരികൾ X 2 രൂപ)	Dr		20,000 20,000

രണ്ടാമത്തെ കോമ്പൗണ്ട് ജേർണൽ എൻട്രിയിൽ നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടാവും. അതിനെ താഴെപറയും പ്രകാരം രണ്ട് ജേർണൽ എൻട്രിയായും രേഖപ്പെടുത്താവുന്നതാണ്.

എ) ഇക്വുറ്റി ഷെയർ അവസാനകാൾ a/c To ഇക്വുറ്റി ഷെയർ ക്യാപിറ്റൽ a/c (10,000ഓഹരികൾക്ക് അപേക്ഷാപണം ലഭിച്ചത് ഷെയർ ക്യാപിറ്റൽ a/c യിലേക്ക് മാറ്റുന്നു)	Dr	20,000	 20,000
ബി) ഇക്വുറ്റി ഷെയർ അവസാനകാൾ a/c To ബാങ്ക് a/c (2000 ഓഹരികളിൽ അപേക്ഷ തുക അധികമായി ലഭിച്ചത് നിരസിക്കുന്നു. പണം തിരികെ നല്കുന്നു)	Dr	 4000	 4000

നിർദ്ധാരണം 3:

ഗ്രീൻ ലിമിറ്റഡ് 2,00,000 രൂപ രജിസ്റ്റേർഡ് ഇക്വുറ്റി മൂലധനവുമായി ബിസിനസ്സ് ആരംഭിക്കുന്നു. ഓഹരി ഒന്നിന് 10 രൂപ നിരക്കിൽ 20,000 ഇക്വുറ്റി ഓഹരികളായി ഇവയെ വിഭജിച്ചിട്ടുണ്ട്. കമ്പിനി 10,000 ഓഹരികൾ പൊതുജനങ്ങൾക്കായി താഴെപറയും പ്രകാരം ഇഷ്യു ചെയ്യുന്നു.

അപേക്ഷ ഫീസ്	-	3 രൂപ
അല്ലോട്ട്മെന്റ് പണം	-	2 രൂപ
ആദ്യ കാൾ	-	2 രൂപ
രണ്ടാമത്തെ കാൾ	-	1 രൂപ
അവസാന കാൾ	-	2 രൂപ

കമ്പനിക്ക് 15,000 ഓഹരിക്കുള്ള അപേക്ഷ ലഭിക്കുന്നു. അധിക ഓഹരികൾക്കുള്ള അപേക്ഷ നിരസിച്ച് പണം തിരികെ നല്കുന്നു. ഓഹരികളിൻമേൽ ലഭിക്കാനുള്ള എല്ലാ പണവും സമയാസമയങ്ങളിൽ ലഭിക്കുന്നു. ആവശ്യമായ ജേർണൽ എൻട്രികൾ എഴുതുക.

ജേർണൽ

ബാങ്ക് a/c	Dr	45,000	
To ഇക്വുറ്റി ഷെയർ ആപ്ലിക്കേഷൻ a/c			45,000
(15,000 ഓഹരികൾക്ക് 3 രൂപ നിരക്കിൽ അപേക്ഷാ ഫീസ് ലഭിച്ചു)			
ഇക്വുറ്റി ഷെയർ ആപ്ലിക്കേഷൻ a/c Dr			
To ഇക്വുറ്റി ഷെയർ ക്യാപിറ്റൽ a/c		45000	
To ബാങ്ക് a/c			30,000
(10,000 ഓഹരികളുടെ അപേക്ഷാ പണം ക്യാപിറ്റൽ a/c ലേക്ക് മാറുകയും ബാക്കി 5000 അപേക്ഷ നിരസിക്കുകയും പണം തിരിച്ചുകൊടുക്കുകയും ചെയ്യുന്നു)			15,000
ഷെയർ അലോട്ട്മെന്റ് a/c	Dr	20,000	

To ഇക്വിറ്റി ഷെയർ ക്യാപിറ്റൽ a/c (10,000 ഓഹരികളിൽ അലോട്ട്മെന്റ് ഡ്യൂ ആവുന്നു)			20,000
ബാങ്ക് a/c To ഇക്വിറ്റി ഷെയർ ക്യാപിറ്റൽ a/c (അലോട്ട്മെന്റ് പണം ലഭിക്കുന്നു)	Dr		20,000 20,000
ഇക്വിറ്റി ഷെയർ ആദ്യകോൾ a/c To ഇക്വിറ്റി ഷെയർ ക്യാപിറ്റൽ a/c (10,000 ഓഹരികളിൽ 2 രൂപ നിരക്കിൽ ആദ്യ കാൾ ഡ്യൂ ആവുന്നു)	Dr	20,000	 20,000
ബാങ്ക് To ഇക്വിറ്റി ഷെയർ ആദ്യകാൾ a/c (10,000 ഓഹരികളിൽ 2 രൂപ നിരക്കിൽ ആദ്യ കാൾ ലഭിക്കുന്നു)	Dr	20,000	 20,000
ഇക്വിറ്റി ഷെയർ രണ്ടാമത്തെ കാൾ a/c To ഇക്വിറ്റി ഷെയർ ക്യാപിറ്റൽ a/c (രണ്ടാമത്തെ കാളിന്റെ പണം ക്യാപിറ്റൽ ആവശ്യപ്പെടുന്നു)	Dr	10,000	 10,000
ബാങ്ക് a/c To ഇക്വിറ്റി ഷെയർ രണ്ടാമത്തെ കാൾ a/c (രണ്ടാമത്തെ കാളിന്റെ പണം ലഭിക്കുന്നു)	Dr	10,000	 10,000
ഇക്വിറ്റി ഷെയർ അവസാന കാൾ a/c To ഇക്വിറ്റി ഷെയർ ക്യാപിറ്റൽ a/c (10,000 ഓഹരികളിൽ 2 രൂപ നിരക്കിൽ അവസാനകാൾ ഡ്യൂ ആവുന്നു)	Dr Dr	20,000 20,000	
ബാങ്ക് a/c To ഇക്വിറ്റി ഷെയർ അവസാനകാൾ a/c (അവസാന കാളിന്റെ പണം ലഭിക്കുന്നു)	Dr	20,000	 20,000

സ്വയം വിലയിരുത്തൽ ചോദ്യങ്ങൾ - 1

1. ഒരു കമ്പനി 1000 ഇക്യുറ്റി ഓഹരികൾക്ക് അപേക്ഷ ക്ഷണിച്ചപ്പോൾ 1300 ഓഹരികൾക്കുള്ള അപേക്ഷ ലഭിക്കുന്നു. അപേക്ഷഫീസ് 2 രൂപയാണ്. തന്നിരിക്കുന്ന ജേർണൽ എൻട്രിയുടെ തുക, നരേഷൻ എന്നിവ രേഖപ്പെടുത്തുക.

എ) ബാങ്ക് a/c Dr To ഇക്യുറ്റി ഷെയർ ആപ്ലിക്കേഷൻ a/c ( )		
ബി) ഇക്യുറ്റി ഷെയർ ആപ്ലേക്കേഷൻ a/c Dr To ഇക്യുറ്റി ഷെയർ ക്യാപിറ്റൽ a/c ( )		

2. ഒരു ഓഹരിയുടെ മുഖവിലയായ 10 രൂപയ്ക്ക് തന്നെ ആ ഓഹരി ജനങ്ങൾക്ക് ഇഷ്യു ചെയ്യുന്നു. ഓഹരി .... ലാണ് ഇഷ്യു ചെയ്തിരിക്കുന്നത്.

3. ഒരു കമ്പിനി അടച്ചുപൂട്ടുന്ന സമയത്ത് കടക്കാരുടെ അവകാശം കൊടുത്തു തീർക്കുന്നതിനുപയോഗിക്കുന്ന മൂലധനത്തിന്റെ ഭാഗം?

കാൾ കുടിശ്ശിക: (Calls in arrear)

താഴെക്കൊടുത്തിരിക്കുന്ന സാഹചര്യം ശ്രദ്ധിക്കൂ...

ഒരു കമ്പനി 20,000 ഇക്യുറ്റി ഓഹരികൾക്കുള്ള അപേക്ഷ ക്ഷണിക്കുന്നു. ഓഹരികളിൽമേൽ പണം നല്കേണ്ടത് താഴെപറയും പ്രകാരമാണ്.

അപേക്ഷ പണം	-	2 രൂപ
അലോട്ട്മെന്റ് പണം	-	3 രൂപ
ബാക്കി തുക	-	ആവശ്യപ്പെടുമ്പോൾ

എല്ലാ ഓഹരികളും വിറ്റഴിയുന്നു. പക്ഷേ ഓഹരിയുടമയായ തോമസ് തന്റെ കൈവശമുള്ള 100 ഓഹരികളിൽ അലോട്ട്മെന്റ് തുകയായ 3 രൂപ തരുന്നതിൽ കുടിശ്ശിക വരുത്തുന്നു. കമ്പനി കാൾ കുടിശ്ശിക a/c തയാറാക്കുന്നുണ്ട്. അങ്ങനെയെങ്കിൽ തന്നിരിക്കുന്ന പട്ടിക പൂർത്തീകരിക്കുക.

മേൽപറഞ്ഞ സാഹചര്യത്തിൽ എന്ത് ജേർണൽ എൻട്രിയാണ് കുടിശ്ശിക വരുത്തുമ്പോൾ എഴുതേണ്ടത് എന്ന് നോക്കാം.

ജേർണൽ

ബാങ്ക് a/c	Dr	40,000	
To ഇക്വിറ്റി ഷെയർ ആപ്ലിക്കേഷൻ a/c			40,000
(20,000 ഓഹരികൾക്ക് അപേക്ഷാതുക ലഭിച്ചപ്പോൾ)			
ഇക്വിറ്റി ഷെയർ ആപ്ലിക്കേഷൻ a/c	Dr	40,000	
To ഇക്വിറ്റി ഷെയർ ക്യാപിറ്റൽ a/c			40,000
(അപേക്ഷാതുക ക്യാപിറ്റൽ a/c ലേക്ക് മാറ്റിയപ്പോൾ)			
ഇക്വിറ്റി ഷെയർ അലോട്ട്മെന്റ് a/c	Dr	60,000	
to ഇക്വിറ്റി ഷെയർ ക്യാപിറ്റൽ a/c			60,000
(20,000 ഓഹരികളിൽ അലോട്ട്മെന്റ് തുക അടയ്ക്കാൻ നിർദ്ദേശിക്കുന്നു)			
ബാങ്ക് a/c	Dr	59,700	
കാൾ കുടിശ്ശിക a/c		300	
To ഇക്വിറ്റി ഷെയർ അലോട്ട്മെന്റ് a/c			60,000
(19,900 ഓഹരികളിൻ മേൽ അലോട്ട്മെന്റ് തുക ലഭിക്കുന്നു 100 ഓഹരികളിൽ കുടിശ്ശിക വരുത്തുന്നു)			

ഒരു പക്ഷേ ഇനി നിങ്ങൾക്ക് കാൾ കുടിശ്ശിക എന്താണെന്ന് വിശദീകരിക്കാൻ കഴിഞ്ഞേക്കും.

ഒരു കമ്പിനി അല്ലോട്ട്മെന്റ് തുകയോ കാൾ തുകയോ ആവശ്യപ്പെട്ടിട്ടും നിശ്ചിത സമയത്തിനുള്ളിൽ ഓഹരിയുടമ അത് നല്കുന്നതിൽ പരാജയപ്പെട്ടാൽ അത്തരത്തിൽ നല്കാനുള്ള തുകകളെ കാൾ കുടിശ്ശിക എന്ന് അറിയപ്പെടും.

കാൾ കുടിശ്ശികക്ക് കമ്പിനികൾ രണ്ട് രീതിയിൽ അക്കൗണ്ടിംഗ് നടത്താറുണ്ട്.

1) കാൾ കുടിശ്ശിക a/c തയ്യാറാക്കുന്നുണ്ട്, എങ്കിൽ
2) പ്രത്യേകമായി കാൾ കുടിശ്ശിക a/c തയാറാക്കുന്നില്ലെങ്കിൽ

മേൽപറഞ്ഞ ഉദാഹരണത്തിലെ അവസാന ജേർണൽ എൻട്രി ശ്രദ്ധിച്ചാൽ കാൾ കുടിശ്ശിക തയ്യാറാക്കുന്നുണ്ടെങ്കിൽ, എത്തരത്തിലാണ് ജേർണൽ എൻട്രി രേഖപ്പെടുത്തേണ്ടത് എന്ന് മനസ്സിലായിക്കാണുമല്ലോ?

കാൾ കുടിശ്ശിക പ്രത്യേകമായി തയ്യാറാക്കുന്നില്ലെങ്കിൽ നേരത്തേ സൂചിപ്പിച്ച ഉദാഹരണത്തിലെ അവസാന എൻട്രി താഴെപറയും പ്രകാരമായിരിക്കും.

ബാങ്ക് a/c or Dr To ഇക്വുറ്റി ഷെയർ അല്ലോട്ട്മെന്റ് a/c (19,900 ഓഹരികളിൽ മേൽ അല്ലോട്ട്മെന്റ് തുക ലഭിച്ചത്)	59,700	59,700

നിർദ്ധാരണം 4 :

വിപ്രോ ലിമിറ്റഡ് 30,000 ഇക്വുറ്റി ഓഹരികൾ 10 രൂപ നിരക്കിൽ താഴെപറയുന്ന തവണകളായി ഇഷ്യു ചെയ്യുന്നു.

അപേക്ഷാ ഫീസ്	- 3 രൂപ
അലോട്ട്മെന്റ് തുക	- 5 രൂപ
ആദ്യ, അവസാന കാൾ	- 2 രൂപ

എല്ലാ ഓഹരികളും പൊതുജനങ്ങൾ വാങ്ങുന്നു. 400 ഓഹരികളുള്ള ഒരാൾ അല്ലോട്ട്മെന്റ് തുകയും ആദ്യ അവസാനകാളും നല്കുന്നതിൽ കുടിശ്ശിക വരുത്തുന്നു. ആവശ്യമായ ജേർണൽ എൻട്രി എഴുതുക. കമ്പനി പ്രത്യേക കാൾ കുടിശ്ശിക a/c തയാറാക്കുന്നില്ല.

ജേർണൽ

ബാങ്ക് a/c To ഷെയർ ആപ്ലിക്കേഷൻ a/c (30,000 ഇക്വുറ്റി ഓഹരികൾ 3 രൂപ നിരക്കിൽ അപേക്ഷ തുക ലഭിച്ചു)	Dr	90,000	90,000
ബാങ്ക് a/c To ഇക്വുറ്റി ഷെയർ ക്യാപിറ്റൽ a/c (30,000 ഇക്വുറ്റി ഓഹരികളിൽ ലഭിച്ച അപേക്ഷാതുക ക്യാപിറ്റൽ a/cലേക്ക് മാറ്റുന്നു)	Dr		90,000 90,000
ഇക്വുറ്റി ഷെയർ അലോട്ട്മെന്റ് a/c To ഇക്വുറ്റി ഷെയർ ക്യാപിറ്റൽ a/c (30,000 ഓഹരികളിൽ 5 രൂപ നിരക്കിൽ അലോട്ട്മെന്റ് തുക അടയ്ക്കാൻ നിർദ്ദേശിക്കുന്നു)	Dr	1,50,000	1,50,000

ബാങ്ക് a/c to ഇക്യുറ്റി ഷെയർ അലോട്ട്മെന്റ് a/c (അലോട്ട്മെന്റ് തവണ തുക കുടിശ്ശിക കഴിച്ച് ബാക്കി ലഭിച്ചപ്പോൾ)	Dr	1,48,000	1,48,000
ഇക്യുറ്റി ഷെയർ ആദ്യഅവസാനകാൾ a/c To ഇക്യുറ്റി ഷെയർ ക്യാപിറ്റൽ a/c (30,000 ഇക്യുറ്റി ഓഹരികളിൽ ആദ്യ, അവസാന കാൾ അടക്കാൻ കമ്പനി നിർദ്ദേശിക്കുമ്പോൾ)	Dr	60,000	60,000
ബാങ്ക് a/c To ഇക്യുറ്റി ഷെയർ ആദ്യഅവസാനകാൾ (30,000 ഇക്യുറ്റി ഓഹരികളിൽ ആദ്യ, അവസാന കാൾ തുക കുടിശ്ശിക കഴിച്ച് ബാക്കി ലഭിച്ചു.)	Dr	58,800	58,800

ബാലൻസ് ഷീറ്റ് തയ്യാറാക്കുമ്പോൾ കാൾ കുടിശ്ശിക തുക വിളിക്കപ്പെട്ട മൂലധനത്തിൽ നിന്ന് കുറച്ച് അടച്ചുതീർന്ന മൂലധനമായി ബാധ്യത വശത്ത് കാണിക്കുന്നു. കുടിശ്ശിക വരുത്തുന്ന തുകയ്ക്ക് പലിശ ഈടാക്കാൻ കമ്പിനിയുടെ ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ, ബോർഡ് ഓഫ് ഡയറക്ടർമാരെ അനുവദിക്കാറുണ്ട്. ആർട്ടിക്കിൾസ് ഓഫ് അസോസിയേഷനിൽ ഇതേക്കുറിച്ച് ഒന്നു പറയുന്നില്ലെങ്കിൽ കമ്പിനി നിയമത്തിലെ 'ടേബിൾ എ' പ്രകാരം കമ്പനിക്ക് 5% വാർഷിക പലിശ നിരക്കിൽ കാൾ കുടിശ്ശിക വരുത്തിയവരിൽ നിന്ന് പലിശ ഈടാക്കാവുന്നതാണ്.

മുൻകൂർ കാൾ തുക (Calls in Advance)

കാൾ കുടിശ്ശിക എന്താണെന്നും അതിന്റെ ജേർണൽ രേഖപ്പെടുത്തലുകളെകുറിച്ചുമുള്ള ആഴത്തിലുള്ള ധാരണ ഇതിനോടകം തന്നെ നിങ്ങൾക്ക് ലഭിച്ചു കാണുമല്ലോ?

കാൾ കുടിശ്ശിക വരുത്തുന്നതുപോലെ തന്നെ, തവണകളായി ആവശ്യപ്പെടുന്ന തുക ആവശ്യപ്പെടുന്നതിന് മുമ്പേതന്നെ മുൻകൂറായി ഓഹരിയുടമക്ക് തന്നുകൂടെ?

മുൻകൂർ കാൾ തുക (Calls in Advance)

ഒരു ഓഹരിയുടമ കമ്പനി ആവശ്യപ്പെടാതെ തന്നെ അലോട്ട്മെന്റ് തുകയോ, കാൾ തുകയോ മുൻകൂറായി നൽകുകയാണെങ്കിൽ അതിനെ മുൻകൂർ കാൾതുക എന്ന് വിളിക്കാവുന്നതാണ്.

ബാലൻസ്ഷീറ്റിൽ ബാധ്യതാ വശത്ത് ഒരു പ്രത്യേക ഇനമായി ഇതിനെ കാണിക്കും. പക്ഷെ അടച്ചുതീർത്ത മൂലധനത്തിന്റെ ഭാഗമായി ഇതിനെ കാണാറില്ല.

മുൻകൂർ കാൾ തുകയ്ക്കും കമ്പനി ആൾട്ടിക്കിൾസ് ഓഫ് അസോസിയേഷന് വിധേയമായി പലിശ നൽകണം. 'ടേബിൾ എ' ആണ് കമ്പനി അവലംബിക്കുന്നതെങ്കിൽ 6% വാർഷിക പലിശ മുൻകൂറായി നൽകിയ കാൾ തുകയ്ക്ക് കമ്പനി ഓഹരിയുടമകൾക്ക് നൽകണം.

ഇങ്ങിനെ മുൻകൂറായി കാൾതുക തന്നാൽ എന്ത് അക്കൗണ്ടിംഗ് നീക്കുപോക്കുകളാണ് കണക്കുപുസ്തകത്തിൽ നടത്തേണ്ടിവരുക?

ചുവടെ കൊടുത്തിരിക്കുന്ന ഉദാഹരണം ശ്രദ്ധിക്കൂ-

അക്വ ലിമിറ്റഡ് 5000 ഇക്വറ്റി ഓഹരികൾ 100 രൂപ നിരക്കിൽ ഇഷ്യു ചെയ്യുന്നു. ഓഹരിയുടെ തവണ അടയ്ക്കുന്നതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

അപേക്ഷാ ഫീസ്	- 20 രൂപ
അലോട്ട്മെന്റ് തുക	- 30 രൂപ
ആദ്യ കാൾ	- 25 രൂപ
അവസാന കാൾ	- 25 രൂപ

എല്ലാ ഓഹരികളും ആളുകൾ വാങ്ങുകയും, അലോട്ട്മെന്റ് നടത്തുകയും ചെയ്യുന്നു.

100 ഓഹരികൾ അലോട്ട് ചെയ്തിട്ടുള്ള തോമസ്, അലോട്ട്മെന്റ് തുകയോടൊപ്പം തന്നെ കാൾ തുകയും മുൻകൂറായി നൽകുന്നു. ആവശ്യമായ ജേർണൽ എൻട്രികൾ നൽകുക.

ജേർണൽ

ബാങ്ക് a/c	Dr	1,00,000	
To ഇക്വറ്റി ഷെയർ ആപ്ലിക്കേഷൻ a/c			1,00,000
(5000 ഓഹരികൾ 20 രൂപ നിരക്കിൽ അപേക്ഷാ തുക ലഭിക്കുന്നു)			
ഇക്യുറ്റി ഷെയർ ആപ്ലിക്കേഷൻ a/c	Dr	1,00,000	
To ഇക്യുറ്റി ഷെയർ ക്യാപിറ്റൽ a/c			1,00,000
(അപേക്ഷാ തുക ക്യാപിറ്റൽ a/c ലേക്ക് മാറ്റുന്നു.)			
ഇക്യുറ്റി ഷെയർ അലോട്ട്മെന്റ് a/c	Dr	1,50,000	
To ഇക്യുറ്റി ഷെയർ ക്യാപിറ്റൽ a/c			1,50,000
(അലോട്ട്മെന്റ് തുക അടയ്ക്കാൻ കമ്പനി നിർദ്ദേശിക്കുന്നു.)			
ബാങ്ക് a/c	Dr	1,55,000	
To ഇക്വറ്റി ഷെയർ അലോട്ട്മെന്റ് a/c			1,50,000
To മുൻകൂർ കാൾ a/c			
(5000 ഓഹരികളിൽ 30 രൂപ നിരക്കിൽ അലോട്ട്മെന്റ് തുകയും		5000	
കൂടാതെ 100 ഓഹരിയിൽ 50 രൂപ കാൾമണി മുൻകൂറായും ലഭിക്കുന്നു.)			
ഇക്യുറ്റി ഷെയർ ആദ്യ കാൾ a/c	Dr	1,25,000	
To ഇക്വറ്റി ഷെയർ ക്യാപ്പിറ്റൽ a/c			1,25,000
(ആദ്യ കാൾ അടക്കാൻ കമ്പനി ആവശ്യപ്പെടുന്നു)			

ബാങ്ക് a/c	Dr	1,22,500	
മുൻകൂർ കാൾ a/c	Dr	2500	
To ഇക്വറ്റി ഷെയർ ആദ്യ കാൾ a/c			1,25,000
(4900 ഓഹരികളിൽ ആദ്യ കാൾ തുക 25 രൂപ ലഭിക്കുന്നു 100 ഓഹരികളിൽ മുൻകൂർ കാൾ തുക ക്രമീകരിക്കുന്നു)			
ഇക്വ്യറ്റി ഷെയർ അവസാന കാൾ a/c	Dr	1,25,000	
To ഇക്വറ്റി ഷെയർ ക്യാപിറ്റൽ a/c			1,25,000
(5000 ഓഹരികളിൽ അവസാന കാൾ തുക കമ്പനി ആവശ്യപ്പെടുന്നു			
ബാങ്ക് a/c	Dr	1,22,500	
മുൻകൂർ കാൾ a/c		2,500	
To ഇക്വറ്റി ഷെയർ അവസാന കാൾ a/c			1,25,000
(4900 ഓഹരികളിൽ അവസാന കാൾ തുക 25 രൂപ നിരക്കിൽ ലഭിക്കുന്നു. 100 ഓഹരികളിൽ മുൻകൂർ ലഭിച്ച കാൾ തുക ക്രമീകരിക്കുന്നു)			

കമ്പനി മുൻകൂർ കാൾ അക്കൗണ്ട് പ്രത്യേകം തയാറാക്കുന്ന സാഹചര്യങ്ങളിൽ ജേർണൽ രേഖപ്പെടുത്തേണ്ടത് എങ്ങിനെയെന്ന ധാരണ ഇപ്പോൾ കിട്ടിക്കാണുമെന്ന് വിശ്വസിക്കുന്നു. എന്താണ് 'മുൻകൂർ കാൾ തുക' എന്ന് ഇനി വിശദീകരിക്കാൻ കഴിയുമോ?

അധിക അപേക്ഷകർ (Over Subscription)

താഴെ കൊടുത്തിരിക്കുന്ന സാഹചര്യം നോക്കൂ...

ഒരു കമ്പനി 10,000 ഇക്വ്യറ്റി ഓഹരികൾ ഇഷ്യു ചെയ്യുകയും കമ്പിനിക്ക് 12000 ഓഹരികൾക്കുള്ള അപേക്ഷ ലഭിക്കുകയും ചെയ്യുന്നു. ഈ സാഹചര്യത്തെയാണ് ഓവർ സബ്ക്രിപ്ഷൻ എന്ന് വിളിക്കുന്നത്. കമ്പിനി ഇഷ്യു ചെയ്യുന്ന ഓഹരികളേക്കാൾ കൂടുതൽ അപേക്ഷ ലഭിക്കുന്നുവെങ്കിൽ അമിത അപേക്ഷ ലഭിച്ചുവെന്ന് പറയാം.

- 10,000 ഓഹരികൾ കമ്പിനികൾ ഇഷ്യു ചെയ്തപ്പോൾ 12,000 ഓഹരികൾക്ക് അപേക്ഷ ലഭിച്ചാൽ, 2,000 ഓഹരികൾ കമ്പനിക്ക് കൂടുതലായി നൽകാൻ കഴിയുമോ?
- ഇത്തരം സാഹചര്യങ്ങളിൽ എന്തെല്ലാം പോംവഴികളാണ് കമ്പിനിക്കുള്ളതെന്ന് പറയാമോ?

തീർച്ചയായും താഴെ പറയുന്ന പോംവഴികൾ കമ്പിനിയുടെ ഡയറക്ടർ ബോർഡിന് ലഭ്യമാണ്.

* കൂടുതലായി ലഭിച്ച 2000 അപേക്ഷകൾ നിരസിക്കാം. ബാക്കിയുള്ള അപേക്ഷകൾക്ക് അലോട്ട്മെന്റ് നൽകാം.
* പ്രോറേറ്റ അലോട്ട്മെന്റ് നടത്താം
* ചില അപേക്ഷകൾ നിരസിക്കുകയും, ബാക്കിയുള്ളവയ്ക്ക് പ്രോറേറ്റ അലോട്ട്മെന്റ് നടത്തുകയും ചെയ്യാം.
* കുറച്ച് അപേക്ഷകർക്ക് മുഴുവൻ അലോട്ട്മെന്റ് നടത്തുകയും, വേറെ കുറച്ച് അപേക്ഷകൾ നിരസിക്കുകയും, ബാക്കി വരുന്നവയ്ക്ക് പ്രോറേറ്റ അലോട്ട്മെന്റ് നടത്തുകയും ചെയ്യുന്നു.

ഇവിടെ പ്രോറേറ്റ എന്നാൽ എന്താണെന്ന് വ്യക്തമാക്കേണ്ടതുണ്ട്. താഴെ പറയുന്ന ഉദാഹരണം ശ്രദ്ധിക്കൂ-

ഒരു കമ്പനി 20,000 ഓഹരികൾ പൊതുജനങ്ങൾക്കായി ഇഷ്യു ചെയ്യുന്നു. 25000 ഓഹരികൾക്കുള്ള അപേക്ഷകൾ കമ്പനിക്ക് ലഭിക്കുന്നു. തീർച്ചയായും കമ്പിനിക്ക് അമിത അപേക്ഷ ലഭിച്ചു എന്ന് പറയാം. കമ്പനി 25000 ഓഹരികൾ ചോദിച്ചവർക്ക് 20,000 ഓഹരികൾ നൽകി തൃപ്തിപ്പെടുത്തുന്നു. അതായത്.

25000: 20,000 അല്ലെങ്കിൽ 5:4 എന്ന അനുപാതത്തിൽ നല്കുന്നു.

5 ഓഹരിക്കായി അപേക്ഷിച്ച എല്ലാവർക്കും 4 ഓഹരികൾ വീതം കമ്പനി അലോട്ട് ചെയ്യുന്നു. ഈ സാഹചര്യത്തെയാണ് പ്രോറേറ്റ അലോട്ട്മെന്റ് എന്ന് വിളിക്കുന്നത്.

നിർദ്ധാരണം 5:

പ്രൈഡ് ലിമിറ്റഡ് 50,000 ഇക്യുറ്റി ഓഹരികൾ 10 രൂപ നിരക്കിൽ ഇഷ്യു ചെയ്യുന്നു. ഓഹരികളുടെ തവണ തുക സ്വരൂപിക്കുന്നത് താഴെ പറയും പ്രകാരമാണ്.

3 രൂപ - അപേക്ഷാ പണം

3 രൂപ - അലോട്ട്മെന്റ് തുക

ബാക്കി ആദ്യ- അവസാന കാളുകളിൽ കമ്പനിക്ക് 75000 ഓഹരികൾക്കുള്ള അപേക്ഷ ലഭിക്കുന്നു. കമ്പനി അപേക്ഷിച്ച എല്ലാവർക്കും തന്നെ ലഭ്യമായ ഓഹരികൾ ആനുപാതികമായി അലോട്ട് ചെയ്യുന്നു. കമ്പനിക്ക് ലഭിക്കേണ്ട തവണ തുകകൾ കൃത്യ സമയത്ത് ലഭിക്കുന്നു. ആവശ്യമായ ജേർണൽ എൻട്രികൾ എഴുതുക.

ജേർണൽ

ബാങ്ക് a/c Dr	2,25,000	
To ഇക്വിറ്റി ഷെയർ ആപ്ലിക്കേഷൻ a/c		2,25,000
(75000 ഓഹരികൾക്കുള്ള അപേക്ഷാതുക 3 രൂപ നിരക്കിൽ ലഭിക്കുന്നു)		
ഇക്യുറ്റി ഷെയർ ആപ്ലിക്കേഷൻ a/c Dr	2,25,000	
To ഇക്വിറ്റി ഷെയർ ക്യാപിറ്റൽ a/c		1,50,000
To ഇക്വിറ്റി ഷെയർ അലോട്ട്മെന്റ് a/c		75,000
(50,000 ഓഹരികൾക്കുള്ള അപേക്ഷാ തുക ക്യാപിറ്റൽ അക്കൗണ്ടിലേക്ക് മാറ്റുകയും, അധികം വന്ന അപേക്ഷാ തുക അലോട്ട്മെന്റിലേക്ക് മാറ്റുകയും ചെയ്യുന്നു.		
ഇക്യുറ്റി ഷെയർ അലോട്ട്മെന്റ് a/c Dr	1,50,000	
To ഇക്വിറ്റി ഷെയർ ക്യാപിറ്റൽ a/c		1,50,000
(50,000 ഇക്യുറ്റി ഓഹരികളിൽ അലോട്ട്മെന്റ് തുക 3 രൂപ നിരക്കിൽ കമ്പനി ആവശ്യപ്പെടുന്നു.		
ബാങ്ക് a/c Dr	75,000	
To ഇക്വിറ്റി ഷെയർ അലോട്ട്മെന്റ് a/c		75,000
(50,000 X 3രൂപ നിരക്കിൽ 1,50,000 രൂപ അലോട്ട്മെന്റ് തുകയിൽ നേരത്തെ ലഭിച്ച അധിക അപേക്ഷ തുക 75,000 രൂപ കുറച്ചതിനു ശേഷമുള്ള തുക ലഭിക്കുന്നു)		
ഇക്യുറ്റി ഷെയർ ആദ്യ - അവസാന കാൾ a/c Dr	2,00,000	
To ഇക്വിറ്റി ഷെയർ ക്യാപിറ്റൽ a/c		2,00,000
(50,000 ഓഹരികളിൽ 4 രൂപ നിരക്കിൽ ആദ്യ അവസാന തുക കമ്പനി ആവശ്യപ്പെടുന്നു.		
ബാങ്ക് a/c Dr	2,00,000	
To ഇക്വിറ്റി ഷെയർ ആദ്യ- അവസാന കാൾ		2,00,000
(50,000 ഓഹരികളുടെ 4 രൂപ നിരക്കിലുള്ള ആദ്യ അവസാന കാൾ തുക ലഭിക്കുന്നു)		

പ്രവർത്തനം-3 :

സനു ലിമിറ്റഡ് 30,000 ഇക്വിറ്റി ഓഹരികൾ, 10 രൂപ നിരക്കിൽ ഇഷ്യു ചെയ്യുന്നു.

അപേക്ഷ തുക	- 3 രൂപ
അലോട്ട്മെന്റ് തുക	- 4 രൂപ
ആദ്യ- അവസാന കാൾ	- ബാക്കി തുക

37000 ഓഹരികൾക്കുള്ള അപേക്ഷ കമ്പനിക്ക് ലഭിച്ചു. അലോട്ട്മെന്റ് താഴെ തന്നിരിക്കുന്ന രീതിയിൽ നടത്തുന്നു.

(1) 35000 ഓഹരികൾക്ക് അപേക്ഷിച്ചവർക്ക് - 30,000 ഓഹരികൾ നല്കി

(2) 2000 ഓഹരികൾക്ക് അപേക്ഷിച്ചവർക്ക് - ഒന്നും നൽകിയില്ല.

ഓഹരിയിലുള്ള എല്ലാ തുകകളും കൃത്യമായി കമ്പിനിക്ക് ലഭിക്കുന്നു. അധികം ലഭിക്കുന്ന അപേക്ഷ തുക അലോട്ട്മെന്റിലേക്ക് അഡ്ജസ്റ്റ് ചെയ്യണം. ആവശ്യമായ ജേർണൽ എൻട്രികൾ നടത്തുക.

തന്നിരിക്കുന്ന പട്ടിക പൂർത്തീകരിച്ചതിനു ശേഷം ജേർണൽ എൻട്രി പൂരിപ്പിക്കുക.

1. അധിക അപേക്ഷാ തുക - ?
2. അധിക അപേക്ഷാ തുക അലോട്ട്മെന്റിലേക്ക് നീക്കിവെച്ചത് - ?
3. അധിക അപേക്ഷാ തുക നിരസിച്ചത് - ?
4. അലോട്ട്മെന്റിൽ കമ്പനിക്ക് ലഭിക്കേണ്ട തുക - ?
5. അലോട്ട്മെന്റിൽ, അധിക അപേക്ഷാ തുക കുറച്ചതിനു ശേഷം ലഭിക്കുന്ന തുക - ?

ജേർണൽ

ബാങ്ക് a/c Dr To ഷെയർ ക്യാപിറ്റൽ ആപ്ലിക്കേഷൻ a/c (.............ഓഹരി x .... രൂപ, അപേക്ഷ തുക ലഭിച്ചു.)	?	?
ഷെയർ ആപ്ലിക്കേഷൻ a/c Dr To ഷെയർ ക്യാപ്പിറ്റൽ a/c (30,000 x 3) To ? To ബാങ്ക് a/c (2000 x 3) (30,000 ഓഹരികളിൽ ലഭിച്ച അപേക്ഷാ തുക ക്യാപ്പിറ്റൽ a/c ലേക്ക് മാറ്റുകയും, 2,000 ഓഹരികളുടെ അധിക അപേക്ഷ നിരസിക്കുന്നു.)	?	90,000 ? 6,000

ഷെയർ അലോട്ട്മെന്റ് a/c	Dr	1,20,000	
To ഷെയർ ക്യാപിറ്റൽ a/c			1,20,000
(30,000 ഓഹരികളിൽ കമ്പനി അലോട്ട്മെന്റ് തുക ആവശ്യപ്പെടുന്നു)			
ബാങ്ക് a/c	Dr	?	
To ഷെയർ അലോട്ട്മെന്റ് a/c			?
(അലോട്ട്മെന്റ് തുകയിൽ, അധിക അപേക്ഷാ തുക ലഭിച്ചത് അഡ്ജസ്റ്റ് ചെയ്തതിനു ശേഷം ലഭിച്ച തുക)			
ഷെയർ ആദ്യ-അവസാന കാൾ a/c	Dr	90,000	
To ഷെയർ ക്യാപിറ്റൽ a/c			90,000
(കമ്പനി ആദ്യ അവസാന കാൾ ആവശ്യപ്പെടുമ്പോൾ)			
ബാങ്ക് a/c	Dr	90,000	
To ഷെയർ ആദ്യ-അവസാന കാൾ a/c			90,000

(കമ്പനിക്ക് ആദ്യ അവസാന കാൾ തുക ലഭിക്കുമ്പോൾ)

മേൽ സൂചിപ്പിച്ച പ്രവർത്തനത്തിൽ നിങ്ങൾ എത്തിച്ചേർന്ന ഉത്തരം താഴെ കൊടുത്തിരിക്കുന്ന ശരിയുത്തരവുമായി തട്ടിച്ചു നോക്കുക.

1. അധിക അപേക്ഷാ തുക	-	21,000 രൂപ
2. അലോട്ട്മെന്റ് നീക്കിവച്ചത് (5,000 X 3)	-	15,000 രൂപ
3. നിരസിച്ചത് (2,000 X 3)	-	6,000 രൂപ
4. അലോട്ട്മെന്റ് തുക ലഭിക്കേണ്ടത്	-	1,20,000 രൂപ
5. അപേക്ഷാ തുക അഡ്ജസ്റ്റ് ചെയ്തതിനു ശേഷമുള്ള അലോട്ട്മെന്റ് തുക	-	1,05,000 രൂപ

നിർദ്ധാരണം : 6

എച്ച്.സി.എൽ ലിമിറ്റഡ് 20,000 ഇക്വിറ്റി ഓഹരികൾ 10 രൂപ നിരക്കിൽ, 3 രൂപ അപേക്ഷാ തുക, 4 രൂപ അലോട്ട്മെന്റ്, 2 രൂപ ആദ്യ കാൾ, 1 രൂപ അവസാന കാൾ എന്നീ തവണകളിൽ ഇഷ്യു ചെയ്യുന്നു. 30,000 ഓഹരികൾക്കുള്ള അപേക്ഷ കമ്പനിക്ക് ലഭിക്കുന്നു. താഴെ കൊടുത്തിരിക്കുന്ന രീതിയിലാണ് അലോട്ട്മെന്റ് നടത്തുന്നത്.

എ) 15,000 അപേക്ഷകൾക്ക് - 15,000 ഓഹരികൾ

ബി) 10,000 അപേക്ഷകൾക്ക് - 5,000 ഓഹരികൾ

സി) 5,000 അപേക്ഷകൾ - നിരസിച്ചു

തവണകളായി കമ്പനിക്ക് ലഭിക്കാനുള്ള പണം കൃത്യമായി തന്നെ ലഭിക്കുന്നു. അധികം ലഭിക്കുന്ന അപേക്ഷാ പണം അലോട്ട്മെന്റിലേക്ക് അഡ്ജസ്റ്റ് ചെയ്യുമെന്ന് കണക്കാക്കി, കമ്പനിയുടെ പുസ്തകത്തിൽ ആവശ്യമായ ജേർണൽ എൻട്രി രേഖപ്പെടുത്തുക.

ജേർണൽ

ബാങ്ക് a/c	Dr (30,000 X 3)	90,000	
To ഷെയർ ആപ്ലിക്കേഷൻ a/c			90,000
(3 രൂപ നിരക്കിൽ 30,000 ഓഹരികൾക്കുള്ള അപേക്ഷ ലഭിക്കുന്നു)			
ഷെയർ ആപ്ലിക്കേഷൻ a/c	Dr (30,000 X 3)	90,000	
To ഷെയർ ക്യാപ്പിറ്റൽ a/c	(20,000 X 3)		60,000
To ഷെയർ അലോട്ട്മെന്റ് a/c	(5,000 X 3)		15,000
To ബാങ്ക് a/c	(5,000 X 3)		15,000
(ആപ്ലിക്കേഷൻ തുക ക്യാപ്പിറ്റലിലേക്കും, അധിക അപേക്ഷാ തുക അലോട്ട്മെന്റിലേക്കും ബാക്കി അപേക്ഷ നിരസിക്കുന്നു.)			
ഷെയർ അലോട്ട്മെന്റ് a/c	Dr (2,000 X 4)	80,000	
To ഷെയർ ക്യാപ്പിറ്റൽ a/c			80,000
(അലോട്ട്മെന്റ് തുക കമ്പനി ആവശ്യപ്പെടുന്നു)			
ബാങ്ക് a/c	Dr (80,000-15,000)	65,000	
To ഷെയർ അലോട്ട്മെന്റ് a/c			65,000
(അധികം ലഭിച്ച അപേക്ഷാ തുക അഡ്ജസ്റ്റ് ചെയ്തതിനു ശേഷമുള്ള തുക ലഭിക്കുന്നു)			
ഷെയർ ആദ്യകാൾ a/c	Dr (20,000 X 2)	40,000	
To ഷെയർ ക്യാപ്പിറ്റൽ a/c			40,000
(ആദ്യ കാൾ കമ്പനി ആവശ്യപ്പെടുന്നു)			

ബാങ്ക് a/c Dr (20,000 X 2)	40,000	
To ഷെയർ ആദ്യ കൾ a/c		40,000
(കമ്പനി ആവശ്യപ്പെട്ട ആദ്യ കാൾ തവണ ലഭിക്കുന്നു)		
ഷെയർ അവസാന കാൾ a/c Dr (20,000 X 1)	20,000	
To ഷെയർ ക്യാപ്പിറ്റൽ a/c		20,000
(ഷെയർ അവസാന കാൾ കമ്പനി ആവശ്യപ്പെടുന്നു)		
ബാങ്ക് a/c Dr	20,000	
To ഷെയർ അവസാന കാൾ a/c		20,000
(20,000 ഓഹരികൾ 1 രൂപ നിരക്കിൽ അവസാന കാൾ ലഭിക്കുന്നു)		

നിർദ്ധാരണം : 7

സിയ ലിമിറ്റഡ് 30,000 ഓഹരികൾ പൊതുജനങ്ങൾക്കായി ഇഷ്യു ചെയ്യുന്നു താഴെ പറഞ്ഞിരിക്കുന്ന വിവിധ തവണകളിൽ 10 രൂപ നിരക്കിലാണ് ഓഹരി ഒന്നിന് കമ്പനി പണം സ്വരൂപിക്കുന്നത്.

അപേക്ഷാ തുക	-	3 രൂപ
അലോട്ട്മെന്റ്	-	1 രൂപ
ആദ്യ കാൾ	-	2 രൂപ
അവസാന കാൾ	-	4 രൂപ

കമ്പനിക്ക് 60,000 ഓഹരികൾക്കുള്ള അപേക്ഷ ലഭിക്കുകയും, അലോട്ട്മെന്റ് നടത്തിയത് ചുവടെ കൊടുത്തിരിക്കുന്നു.

20,000 അപേക്ഷകൾക്ക് - 20,000 ഓഹരികൾ

30,000 അപേക്ഷകൾക്ക് - 10,000 ഓഹരികൾ

10,000 അപേക്ഷകൾ - നിരസിക്കുന്നു

ഓഹരികളുടെ തവണകളിൽ ലഭിക്കേണ്ട പണം കൃത്യ സമയത്ത് തന്നെ ലഭിക്കുന്നു. ഓഹരികളിൽ ലഭിച്ച അധിക അപേക്ഷാ തുക, അലോട്ട്മെന്റിലേക്കും, കാളുകളിലേക്കും അഡ്ജസ്റ്റ് ചെയ്യുന്നു. ആവശ്യമായ ജേർണൽ എൻട്രി നൽകുക.

ജേർണൽ

ബാങ്ക് a/c Dr	1,80,000	
To ഷെയർ ആപ്ലിക്കേഷൻ a/c		1,80,000
(60,000 ഓഹരികളുടെ അപേക്ഷാ ഫീസ് ലഭിക്കുന്നു)		
ഷെയർ ആപ്ലിക്കേഷൻ a/c Dr	1,80,000	
To ഷെയർ ക്യാപ്പിറ്റൽ a/c (30,000 X 3)		90,000
To ഷെയർ അലോട്ട്മെന്റ് a/c		10,000
To ഷെയർ ആദ്യ കാൾ a/c		20,000
To ഷെയർ അവസാന കാൾ a/c		30,000
To ബാങ്ക് a/c (10,000 X 3)		30,000
(അപേക്ഷാ ഫീസ് ക്യാപ്പിറ്റൽ a/c ലേക്ക് മാറ്റുകയും, അധികം വന്ന തുക അലോട്ട്മെന്റിലേക്കും കാളിലേക്കും മാറ്റുന്നു)		
ഷെയർ അലോട്ട്മെന്റ് a/c Dr (30,000 X 1)	30,000	
To ഷെയർ ക്യാപ്പിറ്റൽ a/c		30,000
(ഷെയർ അലോട്ട്മെന്റ് കമ്പനി ആവശ്യപ്പെടുന്നു)		
ബാങ്ക് a/c Dr	20,000	
To ഷെയർ അലോട്ട്മെന്റ് a/c		20,000
(ഷെയർ അലോട്ട്മെന്റ് തവണ അപേക്ഷാഫീസ് അഡ്ജസ്റ്റ്മെന്റിനു കമ്പനിക്കു ലഭിക്കുന്നു)		
ഷെയർ ആദ്യ കാൾ a/c Dr (30,000 x 2)	60,000	
To ഷെയർ ക്യാപ്പിറ്റൽ a/c		60,000
(കമ്പനി ഷെയർ കാൾ നൽകാൻ ആവശ്യപ്പെടുന്നു)		
ബാങ്ക് a/c Dr	40,000	
To ഷെയർ ക്യാപ്പിറ്റൽ a/c		40,000
(മുൻകൂറായി ലഭിച്ച അപേക്ഷാഫീസ് അഡ്ജസ്റ്റ്മെന്റ് ചെയ്തതിനു ശേഷം കാൾ തവണ ലഭിക്കുന്നു)		
ഷെയർ അവസാന കാൾ a/c Dr (30,000 x 4)	1,20,000	
To ഷെയർ ക്യാപ്പിറ്റൽ a/c		1,20,000
(30,000 ഓഹരികളിൽ അവസാന കാൾ ആവശ്യപ്പെടുമ്പോൾ)		
ബാങ്ക് a/c Dr	90,000	
To ഷെയർ അവസാന കാൾ a/c		90,000
(മുൻകൂറായി ലഭിച്ച അപേക്ഷാ തുക അഡ്ജസ്റ്റ് ചെയ്തതിനു ശേഷം അവസാന കാൾ തുക നിക്ഷേപിക്കുന്നു)		

അപര്യാപ്ത അപേക്ഷ (Under Subscription)

കമ്പനി ഇഷ്യു ചെയ്യുന്ന ഓഹരിയെക്കാൾ കൂടുതൽ അപേക്ഷകൾ ലഭിച്ചാൽ ഓവർ സബ്സ്ക്രിപ്ഷൻ ആണെന്ന് നാം കണ്ടു കഴിഞ്ഞുവല്ലോ?

അങ്ങിനെയെങ്കിൽ തിരിച്ചാണുണ്ടാവുന്നതെങ്കിലോ? ഉദാഹരണത്തിന് ഒരു കമ്പനി 10,000 ഓഹരികൾ ഇഷ്യു ചെയ്തു. 7,000 അപേക്ഷകൾ മാത്രമേ ലഭിച്ചുള്ളൂ എങ്കിൽ, ഈ സാഹചര്യത്തെ എങ്ങിനെ വിശദീകരിക്കാം.

"ഒരു കമ്പനി ഇഷ്യു ചെയ്യുന്ന ഓഹരികളെക്കാൾ കുറവാണ് ആളുകൾ അപേക്ഷിക്കുന്നതെങ്കിൽ, ഈ സാഹചര്യത്തെയാണ് അണ്ടർ സബ്സ്ക്രിപ്ഷൻ എന്ന് വിളിക്കുന്നത്.

നിർദ്ധാരണം : 8

ജിയോ ലിമിറ്റഡ് 40,000 ഓഹരികൾ 100 രൂപക്ക് ഇഷ്യു ചെയ്യുന്നു. അടക്കേണ്ട തവണകൾ താഴെ കൊടുത്തിരിക്കുന്നു.

അപേക്ഷ തുക - 25 രൂപ

അലോട്ട്മെന്റ് - 30 രൂപ

ആദ്യ-അവസാന കാൾ - 45 രൂപ

39,000 ഓഹരികൾക്കുള്ള അപേക്ഷ കമ്പനിക്ക് ലഭിക്കുന്നു. ഓഹരി തവണകളിൽ ലഭിക്കേണ്ട തുക കൃത്യമായി ലഭിക്കുന്നു. ആവശ്യമായ ജേർണൽ എൻട്രി നൽകുക.

ജേർണൽ

ബാങ്ക് a/c Dr (39,000 X 25) To ഷെയർ ആപ്ലിക്കേഷൻ a/c (39,000 ഓഹരികളുടെ അപേക്ഷാ തുക ലഭിച്ചു)	9,75,000	 9,75,000
ഷെയർ ആപ്ലിക്കേഷൻ a/c Dr (39,000 X 25) To ഷെയർ ക്യാപ്പിറ്റൽ a/c (ആപ്ലിക്കേഷൻ തുക, ക്യാപ്പിറ്റൽ a/c ലേക്ക് മാറ്റിയപ്പോൾ)	9,75,000	 9,75,000
ഷെയർ അലോട്ട്മെന്റ് a/c Dr (39,000 X 30) To ഷെയർ ക്യാപ്പിറ്റൽ a/c (അലോട്ട്മെന്റ് തുക കമ്പനി ആവശ്യപ്പെടുമ്പോൾ)	11,70,000	 11,70,000
ബാങ്ക് a/c Dr (39,000 X 30) To ഷെയർ അലോട്ട്മെന്റ് a/c (അലോട്ട്മെന്റ് തുക ലഭിച്ചപ്പോൾ)	11,70,000	 11,70,000
ഷെയർ ആദ്യ-അവസാന കാൾ a/c Dr (39,000 X 45) To ഷെയർ ക്യാപ്പിറ്റൽ a/c (ഷെയർ ആദ്യ അവസാന കാൾ തുക ആവശ്യപ്പെടുമ്പോൾ)	17,55,000	 17,55,000
ബാങ്ക് a/c Dr To ഷെയർ ആദ്യ അവസാന കാൾ a/c (കാൾ തുക ലഭിച്ചപ്പോൾ)	17,55,000	 17,55,000

ഓഹരികൾ പ്രീമിയത്തിൽ ഇഷ്യു ചെയ്യുമ്പോൾ: (Shares issued at premium)

ഓഹരികൾ അതിന്റെ മുഖവിലയേക്കാൾ കൂടുതൽ വിലക്കാണ് പൊതുജനങ്ങൾക്ക് ഇഷ്യു ചെയ്യുന്നതെങ്കിൽ, ഓഹരികൾ പ്രീമിയത്തിലാണ് ഇഷ്യു ചെയ്തതെന്ന് പറയാവുന്നതാണ്. ഉദാ: 10 രൂപ മൂല്യമുള്ള ഒരു ഓഹരി 12 രൂപക്കാണ് ഇഷ്യു ചെയ്യുന്നതെങ്കിൽ, 2 രൂപ പ്രീമിയത്തിലാണ് ഇഷ്യു ചെയ്തിട്ടുള്ളത്.

ഓഹരികൾ പ്രീമിയത്തിൽ ഇഷ്യു ചെയ്യുമ്പോൾ ചുവടെ ചേർത്തിരിക്കുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

- പ്രീമിയം തുക പ്രത്യേക അക്കൗണ്ട് ആയ സെക്യൂരിറ്റീസ് പ്രീമിയം അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യും.
- സെക്യൂരിറ്റീസ് പ്രീമിയം അക്കൗണ്ട് ബാലൻസ് ഷീറ്റിന്റെ ബാധ്യതാ വശത്ത് 'റിസർവ് ആന്റ് സർപ്ലസ്' എന്ന തലക്കെട്ടിനു കീഴിൽ കാണിക്കും.
- സെക്യൂരിറ്റീസ് പ്രീമിയം തുക ഓഹരിയുടമകൾക്ക് ഡിവിഡന്റ് നൽകാൻ ഉപയോഗിക്കാൻ പാടില്ല.

സെക്യൂരിറ്റീസ് പ്രീമിയം തുകയെ ഉപയോഗപ്പെടുത്തേണ്ടത് എങ്ങിനെയെല്ലാമെന്ന് 1956ലെ കമ്പനീസ് നിയമത്തിൽ പറയുന്നുണ്ട്. അവ ഇങ്ങിനെയാണ്.

എ) കമ്പനിയുടെ ഓഹരിയുടമകൾക്ക് ബോണസ് ഷെയറുകൾ ഇഷ്യു ചെയ്യുന്നതിന്

ബി) കമ്പനിയുടെ പ്രാരംഭ ചെലവുകൾ എഴുതിത്തള്ളുന്നതിന്

സി) കമ്പനിയുടെ ഓഹരികളോ, കടപത്രമോ ഇഷ്യു ചെയ്യുമ്പോൾ ഉണ്ടാവുന്ന ചെലവുകളോ, കമ്മീഷൻ നൽകിയതോ, കിഴവുകൾ അനുവദിച്ചതോ എഴുതി തള്ളുന്നതിന് വേണ്ടി.

ഡി) റഡീമബിൾ പ്രിഫറൻസ് ഓഹരികളോ കടപത്രമോ, തിരിച്ചു നൽകുമ്പോൾ പ്രീമിയം തുക നൽകുന്നതിന്

പ്രീമിയം തുക, അപേക്ഷ, അലോട്ട്മെന്റ്, കാൾ എന്നിവയുടെ ഏതെങ്കിലും തവണകളുടെ കൂടെ സമാഹരിക്കാവുന്നതാണ്. മേൽ പറഞ്ഞ തവണകളിൽ ഭാഗികമായും സ്വരൂപിക്കാവുന്നതാണ്. താഴെ കൊടുത്തിരിക്കുന്ന ജേർണൽ എൻട്രി പ്രീമിയം രേഖപ്പെടുത്താൻ ഉപയോഗിക്കുന്നു. പക്ഷെ സാധാരണഗതിയിൽ പ്രീമിയം തുക അലോട്ട്മെന്റിലാണ് സമാഹരിക്കാറുള്ളത്.

ജേർണൽ എൻട്രീകൾ

a) പ്രീമിയം തുക, അപേക്ഷാ തുകയുടെ കൂടെയാണ് സമാഹരിക്കുന്നതെങ്കിൽ

(i) ബാങ്ക് a/c Dr

To ഷെയർ ആപ്ലിക്കേഷൻ a/c

(അപേക്ഷാ തുക പ്രീമിയം അടക്കം ലഭിക്കുന്നു)

(ii) ഷെയർ ആപ്ലിക്കേഷൻ a/c Dr

To ഷെയർ ക്യാപ്പിറ്റൽ a/c

To സെക്യൂരിറ്റീസ് പ്രീമിയം a/c

(അപേക്ഷാ തുക ക്യാപ്പിറ്റൽ a/c ലേക്കും പ്രീമിയം a/c ലേക്കും മാറ്റുന്നു)

b) പ്രീമിയം തുക അലോട്ട്മെന്റിലാണ് സമാഹരിക്കുന്നതെങ്കിൽ

(i) ഷെയർ അലോട്ട്മെന്റ് a/c Dr

To ഷെയർ ക്യാപ്പിറ്റൽ a/c

To സെക്യൂരിറ്റീസ് പ്രീമിയം a/c

(പ്രീമിയം തുക അടക്കം അലോട്ട്മെന്റ് കമ്പനി ആവശ്യപ്പെടുമ്പോൾ)

(ii) ബാങ്ക് a/c Dr

To ഷെയർ അലോട്ട്മെന്റ് a/c

(പ്രീമിയം അടക്കമുള്ള അലോട്ട്മെന്റ് തുക ലഭിക്കുമ്പോൾ)

c) പ്രീമിയം തുക കാളിന്റെ കൂടെയാണ് സമാഹരിക്കുന്നതെങ്കിൽ:

(i) ഷെയർ ആദ്യ/രണ്ടാമത്തെ/അവസാന കാൾ a/c Dr

To ഷെയർ ക്യാപ്പിറ്റൽ a/c

To സെക്യൂരിറ്റീസ് പ്രീമിയം a/c

(പ്രീമിയം തുക അടക്കം കാളിൽ കമ്പനി ആവശ്യപ്പെടുമ്പോൾ)

(ii) ബാങ്ക് a/c Dr

To ഷെയർ കാൾ a/c

(കാൾ തുക പ്രീമിയം അടക്കം ലഭിച്ചാൽ)

നിർദ്ധാരണം : 9

നിസാൻ ലിമിറ്റഡ് 70,000 ഇക്യുറ്റി ഓഹരികൾ 10 രൂപ നിരക്കിൽ 3 രൂപ പ്രീമിയത്തിൽ ഇഷ്യു ചെയ്യുന്നു.

3 രൂപ - അപേക്ഷാ തുക

5 രൂപ - അലോട്ട്മെന്റ് (പ്രീമിയം അടക്കം)

3 രൂപ - ആദ്യ കാൾ

2 രൂപ - അവസാന കാൾ

എല്ലാ ഓഹരികളും ആളുകൾ വാങ്ങുകയും എന്നാൽ 1,000 ഓഹരികളിൽ ആദ്യ-അവസാന കാൾ തുക ഒഴികെ എല്ലാ തുകയും ലഭിക്കുന്നു. ആവശ്യമായ ജേർണൽ എൻട്രികൾ രേഖപ്പെടുത്തുക.

ജേർണൽ

ബാങ്ക് a/c	Dr	2,10,000	
To ഷെയർ ആപ്ലിക്കേഷൻ a/c			2,10,000
(70,000 ഓഹരികളിൻ മേൽ അപേക്ഷാ തുക ലഭിച്ചപ്പോൾ)			
ഷെയർ ആപ്ലിക്കേഷൻ a/c	Dr (70,000 X 3)	2,10,000	
To ഷെയർ ക്യാപ്പിറ്റൽ a/c			2,10,000
(അപേക്ഷാ തുക ക്യാപ്പിറ്റൽ a/c ലേക്ക് മാറ്റമ്പോൾ)			
ഷെയർ അലോട്ട്മെന്റ് a/c	Dr (70,000 X 5)	35,00,000	
To ഷെയർ ക്യാപ്പിറ്റൽ a/c	(70,000 X 2)		1,40,000
To സെക്യൂരിറ്റീസ് പ്രീമിയം a/c	(70,000 X 3)		2,10,000
(കമ്പനി അലോട്ട്മെന്റ് തുക, പ്രീമിയം അടക്കം ആവശ്യപ്പെട്ടപ്പോൾ)			
ബാങ്ക് a/c	Dr	3,50,000	
To ഷെയർ അലോട്ട്മെന്റ് a/c			3,50,000
(ഷെയർ അലോട്ട്മെന്റ്, പ്രീമിയം ഉൾപ്പെടെ ലഭിച്ചപ്പോൾ)			
ഷെയർ ആദ്യ കാൾ a/c	Dr (70,000 X 3)	2,10,000	
To ഷെയർ ക്യാപ്പിറ്റൽ a/c			2,10,000
(അപേക്ഷാ തുക ക്യാപ്പിറ്റൽ a/c ലേക്ക് മാറ്റമ്പോൾ)			

ബാങ്ക് a/c Dr (70,000 x 3)	2,07,000	
To ഷെയർ ആദ്യ കാൾ a/c		2,07,000
(കാൾ കുടിശ്ശിക കഴിച്ചതിനു ശേഷമുള്ള കാൾ തുക ലഭിച്ചപ്പോൾ)		
ഷെയർ അവസാന കാൾ a/c Dr (70,000 x 2)	1,40,000	
To ഷെയർ ക്യാപ്പിറ്റൽ a/c		1,40,000
(ഷെയർ അവസാന കാൾ ആവശ്യപ്പെടുന്നു)		
ബാങ്ക് a/c Dr (70,000 x 2)	1,38,000	
To ഷെയർ ക്യാപ്പിറ്റൽ a/c		1,38,000
(ഷെയർ അവസാന കാൾ കുടിശ്ശിക കുറച്ചതിനു ശേഷം ലഭിക്കുമ്പോൾ)		

നിർദ്ധാരണം : 10

അബി ലിമിറ്റഡ് 20,000 ഇക്യുറ്റി ഓഹരികൾ 13 രൂപ നിരക്കൽ (3 രൂപ പ്രീമിയത്തിൽ) ഇഷ്യു ചെയ്യുന്നു.

6 രൂപ - അപേക്ഷാ തുക (പ്രീമിയം തുക അടക്കം)

3 രൂപ - അലോട്ട്മെന്റ്

4 രൂപ - ആദ്യ-അവസാന കാൾ

25,000 ഓഹരികൾക്കുള്ള അപേക്ഷ കമ്പനിക്ക് ലഭിക്കുന്നു. കമ്പനി അപേക്ഷിച്ച എല്ലാ ഓഹരികൾക്കും പ്രോറേറ്റ അലോട്ട്മെന്റ് നടത്തുന്നു. അധികം ലഭിച്ച അപേക്ഷാ തുക അലോട്ട്മെന്റിലേക്കും, കാളിലേക്കും അഡ്ജസ്റ്റ് ചെയ്യുന്നു. ആവശ്യമായ ജേർണൽ എട്രികൾ രേഖപ്പെടുത്തുക.

ജേർണൽ

ബാങ്ക് a/c Dr (25,000 X 6)	1,50,000	
To ഷെയർ ആപ്ലിക്കേഷൻ a/c		1,50,000
(25,000 ഓഹരികൾക്കുള്ള അപേക്ഷ ലാഭിക്കുന്നു)		
ഷെയർ ആപ്ലിക്കേഷൻ a/c Dr (25,000 X 6)	1,50,000	
To ഷെയർ ക്യാപ്പിറ്റൽ a/c (20,000 X 3)		60,000
To സെക്യൂരിറ്റീസ് പ്രീമിയം a/c (20,000 X 3)		60,000
To ഷെയർ അലോട്ട്മെന്റ് a/c		15,000
To ഷെയർ കാൾ a/c		15,000
(അപേക്ഷാ തുക ക്യാപിറ്റലിലേക്കും, പ്രീമിയത്തിലേക്കും മാറ്റുകയും അധികം അപേക്ഷാ തുക അലോട്ട്മെന്റിലേക്കും, കാളിലേക്കും മാറ്റുകയും ചെയ്യുന്നു)		
ഷെയർ അലോട്ട്മെന്റ് a/c Dr (20,000 X 3)	60,000	
To ഷെയർ ക്യാപ്പിറ്റൽ a/c		60,000
(20,000 ഇക്യുറ്റി ഓഹരികൾക്കുള്ള അലോട്ട്മെന്റ് തുക കമ്പനി ആവശ്യപ്പെടുന്നു)		
ബാങ്ക് a/c Dr (60,000-15,000)	45,000	
To ഷെയർ അലോട്ട്മെന്റ് a/c		45,000
(അധിക അപേക്ഷാ തുക കിഴിച്ചതിനു ശേഷമുള്ള അലോട്ട്മെന്റ് തുക ബാങ്കിൽ നിക്ഷേപിക്കുന്നു)		
ഷെയർ ആദ്യ-അവസാന കാൾ a/c Dr (20,000 X 4)	80,000	
To ഷെയർ ക്യാപ്പിറ്റൽ a/c		80,000
(അസാന കാൾ തുക കമ്പനി ആവശ്യപ്പെടുന്നു)		
ബാങ്ക് a/c Dr (80,000-15,000)	65,000	
To ഷെയർ അലോട്ട്മെന്റ് a/c		65,000
(അധിക അപേക്ഷാ തുക കിഴിച്ചതിനു ശേഷമുള്ള കാൾ തുക കമ്പനിക്ക് ലഭിക്കുന്നു)		

കിഴവിൽ ഓഹരികൾ ഇഷ്യു ചെയ്യുമ്പോൾ: (Issue of Shares at a discount)

ഒരു കമ്പനി 10 രൂപ മുഖവിലയുള്ള ഓഹരി 9 രൂപയക്ക് ഇഷ്യു ചെയ്താൽ ഓഹരികൾ 1 രൂപ കിഴിവിൽ ഇഷ്യു ചെയ്തു എന്ന് പറയാവുന്നതാണ്. അതായത് ഓഹരികളുടെ മുഖവിലയിലും കുറഞ്ഞ വിലയ്ക്കാണ് പൊതു ഇനങ്ങൾക്ക് ഇഷ്യു ചെയ്യുന്നതെങ്കിൽ, ഓഹരികൾ കിഴിവിൽ ഇഷ്യു ചെയ്തു എന്ന് പറയുന്നു.

കിഴിവിൽ ഓഹരികൾ ഇഷ്യു ചെയ്യുമ്പോൾ

കമ്പനികൾക്ക് ഓഹരികൾ കിഴിവിൽ ഇഷ്യു ചെയ്യണമെങ്കിൽ താഴെ പറയുന്ന നിബന്ധനകൾ പാലിക്കേണ്ടതാണ്.

1. ഓഹരികൾ കിഴിവിൽ ഇഷ്യു ചെയ്യുന്നതിന് ഒരു പ്രമേയം കമ്പനിയുടെ വാർഷിക പൊതുയോഗത്തിൽ പാസാക്കുകയും, കമ്പനിലോ ബോർഡ് അത് അംഗീകരിക്കുകയും ചെയ്യണം.
2. പരമാവധി കിഴിവിന്റെ നിരക്ക് എത്രയെന്ന് പ്രമേയത്തിൽ വ്യക്തമായിരിക്കണം. കിഴിവ് ഓഹരി മുഖവിലയുടെ 10% കൂടുവാൻ പാടുള്ളതല്ല.
3. കമ്പനി അതിന്റെ ബിസിനസ്സ് ആരംഭിച്ചിട്ട് 1 വർഷമെങ്കിലും കഴിഞ്ഞിട്ടുണ്ടായിരിക്കണം
4. കിഴവിൽ ഇഷ്യു ചെയ്യുന്ന ഓഹരികൾ നേരത്തെ ഇഷ്യു നടത്തിയിട്ടുള്ള ഓഹരികളുടെ ശ്രേണിയിൽപ്പെട്ടതായിരിക്കണം.
5. കിഴിവിൽ ഇഷ്യു ചെയ്യാനുള്ള അനുമതി കിട്ടി രണ്ടു മാസത്തിനുള്ളിൽ ഓഹരി ഇഷ്യു നടത്തിയിരിക്കണം.

നിർദ്ധാരണം : 11

സൺ ലിമിറ്റഡ്, 50,000 ഇക്യുറ്റി ഓഹരികൾ 10 രൂപ നിരക്കിൽ 10% കിഴിവിൽ താഴെ കൊടുത്തിരിക്കുന്ന രീതിയിൽ ഇഷ്യു ചെയ്യുന്നു.

അപേക്ഷാ തുക	-	4 രൂപ
അലോട്ട്മെന്റ് തുക	-	4 രൂപ (കിഴിവ് ഉൾപ്പെടെയുള്ള തുക)
ആദ്യ - അവസാന കാൾ	-	2 രൂപ

മുഴുവൻ ഓഹരികളും ആളുകൾ വാങ്ങുന്നു. അതിൻമേൽ കിട്ടാനുള്ള എല്ലാ തുകയും ലഭിക്കുന്നു ഇടപാടുകൾക്കുള്ള ജേർണൽ എൻട്രി നൽകുക.

ജേർണൽ

ബാങ്ക് a/c Dr (50,000 x 4)	2,00,000	
To ഷെയർ ആപ്ലിക്കേഷൻ a/c		2,00,000
(50,000 ഓഹരികൾക്കുള്ള അപേക്ഷ ലഭിക്കുന്നു)		
ഷെയർ ആപ്ലിക്കേഷൻ a/c Dr	2,00,000	
To ഷെയർ ക്യാപ്പിറ്റൽ a/c		2,00,000
(അപേക്ഷാ തുക ക്യാപ്പിറ്റൽ a/c ലേക്ക് മാറ്റുന്നു)		
ഷെയർ അലോട്ട്മെന്റ് a/c Dr (50,000 x 3)		1,50,000
ഷെയർ ഡിസ്കൗണ്ട് a/c Dr (50,000 x 1)		50,000
To ഷെയർ ക്യാപ്പിറ്റൽ a/c		2,00,000
(കമ്പനി ഷെയർ അലോട്ട്മെന്റ് ആവശ്യപ്പെടുന്നു. കിഴവിനുള്ള നീക്കുപോക്കുകൾ നടത്തുന്നു)		
ബാങ്ക് a/c Dr (50,000 x 3)	1,50,000	
To ഷെയർ അലോട്ട്മെന്റ് a/c		1,50,000
(അലോട്ട്മെന്റ് തുക ലഭിക്കുന്നു)		
ഷെയർ ആദ്യ-അവസാന കാൾ a/c Dr (50,000 x 2)	1,00,000	
To ഷെയർ ക്യാപ്പിറ്റൽ a/c		1,00,000
(കാൾ തുക ആവശ്യപ്പെടുന്നു)		
ബാങ്ക് a/c Dr (50,000 x 3)	1,00,000	
To ഷെയർ ആദ്യ-അവസാന കാൾ a/c		1,00,000
(കാൾ തുക ലഭിക്കുമ്പോൾ)		

സ്വയം വിലയിരുത്തൽ ചോദ്യങ്ങൾ - 2

1. ഒരു കമ്പനി 25,000 ഇക്യുറ്റി ഓഹരികൾ ഇഷ്യു ചെയ്യുന്നു. 30,000 ഓഹരികൾക്കുള്ള അപേക്ഷ ലഭിക്കുന്നു. അപേക്ഷകർക്കെല്ലാം ഓഹരി നൽകിയാൽ പ്രോറേറ്റ അലോട്ട്മെന്റ് എങ്ങിനെയെന്ന് വ്യക്തമാക്കുക?

2. ബേബീസ് ലിമിറ്റഡ് 100 രൂപ മുഖവിലയുള്ള 1,000 ഇക്യുറ്റി ഓഹരികൾ 200 രൂപയ്ക്ക് ഇഷ്യു ചെയ്യുന്നു.

   എ) ഇവിടെ ഓഹരികൾ .... ലാണ് ഇഷ്യു ചെയ്യുന്നത്.

   ബി) അപേക്ഷാ തുക 30 രൂപയും, അലോട്ട്മെന്റ് തുക 140 രൂപയുമാണെങ്കിൽ കമ്പനി അലോട്ട്മെന്റ് ആവശ്യപ്പെടുമ്പോൾ രേഖപ്പെടുത്തേണ്ട ജേർണൽ എൻട്രി എഴുതുക.

3. കമ്പനി സെക്യൂരിറ്റീസ് പ്രീമിയം തുക വിനിയോഗിക്കുന്നത് എന്തിനെല്ലാമെന്ന് വ്യക്തമാക്കുക?

4. കൃതി ലിമിറ്റഡ് 1,000 ഇക്യുറ്റി ഷെയറുകൾ 10 രൂപ നിരക്കിൽ ഇഷ്യു ചെയ്യുന്നു. 5,000 ഓഹരികൾക്കുള്ള അപേക്ഷ ലഭിക്കുന്നു. 2 രൂപയാണ് അപേക്ഷാ തുകയെങ്കിൽ

   എ) അപേക്ഷാ ഇനത്തിൽ ഡബിറ്റ് ചെയ്യേണ്ട തുക എത്രയായിരിക്കും?

   ബി) അപേക്ഷാ തുകയായി ക്യാപ്പിറ്റലിലേക്ക് മാറ്റേണ്ട തുക എത്രയാണ്?

5. കിഴിവിൽ ഓഹരികൾ ഇഷ്യു ചെയ്യുമ്പോൾ എന്തെല്ലാം നിബന്ധനകളാണ് പാലിക്കേണ്ടത്.

ഓഹരി കണ്ടുകെട്ടൽ (Forfeiture of Shares)

കമ്പനി ഓഹരികളിൽ പണം ഒരുമിച്ചോ, തവണകളോ ആയാണ് സ്വരൂപിക്കുന്നതെന്ന് നമുക്ക് അറിയാം. തവണകളായി പണം സ്വരൂപിക്കുമ്പോൾ അപേക്ഷാ തുക ഒഴികെയുള്ള തുകകൾ കമ്പനി ആവശ്യപ്പെടുമ്പോൾ മാത്രം നൽകിയാൽ മതിയാകും. ഉദാഹരണത്തിന് -

തോമസ് ഒരു കമ്പനിയുടെ 500 ഓഹരി 3 രൂപ നിരക്കിൽ അപേക്ഷിക്കുകയും, കമ്പനി അലോട്ട് ചെയ്യുകയും ചെയ്യുന്നു. 3 രൂപ അലോട്ട്മെന്റ് തുക കമ്പനി നിരന്തരം ആവശ്യപ്പെട്ടിട്ടും തോമസ് നൽകുന്നില്ല. ഈ സാഹചര്യത്തിൽ എന്താണ് കമ്പനിയ്ക്ക് മുമ്പിലുള്ള പ്രതിവിധി എന്താണ്?

തീർച്ചയായും നിശ്ചിത സമയത്തിനുള്ളിൽ അലോട്ട്മെന്റ് തുകയോ കാൾ തുകയോ ഓഹരിയുടമകളോട് നിരന്തരം ആവശ്യപ്പെട്ടിട്ടും നൽകുന്നില്ലെങ്കിൽ ഈ ഓഹരികൾ കമ്പനിക്ക് കണ്ടുകെട്ടാവുന്നതാണ്. ആ ഓഹരികളിൽ നേരത്തെ നൽകിയിട്ടുള്ള തുക അസാധുവാകുകയും, അത് കമ്പനിയുടെ സ്വത്തായി കണക്കാക്കുകയും ചെയ്യുന്നു. ഓഹരിയുടെ കണ്ടുകെട്ടൽ നടപ്പാക്കുന്നതിനു മുമ്പായി, ഉപേക്ഷ വരുത്തുന്ന ഓഹരിയുടമകൾക്ക് വീഴ്ച വരുത്തിയ തുക, പലിശ സഹിതം നിശ്ചിത ദിവസത്തിനു മുമ്പായി നൽകണമെന്ന് ആവശ്യപ്പെട്ട് 14 ദിവസത്തെ മുൻകൂർ നോട്ടീസ് നൽകിയിരിക്കണം. തുടർന്നും വീഴ്ചവരുത്തിയ തുക നൽകുന്നില്ലെങ്കിൽ ഈ ഓഹരികൾ ബോർഡ് ഓഫ് ഡയറക്റ്റർമാർക്ക് ക്യാൻസൽ ചെയ്യാവുന്നതാണ്.

ഓഹരികൾ കണ്ടുകെട്ടുമ്പോൾ രേഖപ്പെടുത്തേണ്ട ജേർണൽ എൻട്രി

മുഖവിലയിൽ ഇഷ്യു ചെയ്ത ഓഹരികൾ കണ്ടുകെട്ടുമ്പോൾ:

ഷെയർ ക്യാപ്പിറ്റൽ a/c Dr (ഓഹരിയിൽ ഇതുവരെ വിളിച്ച തുക)

To ഫോർഫീറ്റഡ് ഷെയർ a/c (ഇതുവരെ കിട്ടിയ തുക)

To ഷെയർ അലോട്ട്മെന്റ് a/c (അലോട്ട്മെന്റിൽ നൽകാത്ത തുക)

To ഷെയർ ആദ്യ കാൾ a/c (ആദ്യ കാളിൽ നൽകാത്ത തുക)

To ഷെയർ അവസാന കാൾ a/c (അവസാന കാളിൽ നൽകാത്ത തുക)

ഷെയർ ഫോർഫീറ്റഡ് അക്കൗണ്ടിലെ നീക്കിയിരിപ്പ് ഈ ഓഹരികൾ റീ ഇഷ്യു ചെയ്യുന്നതുവരെ ഓഹരി മൂലധനത്തോട് ചേർത്ത് ബാലൻസ്ഷീറ്റിന്റെ ബാധ്യതാ വശത്ത് ഉൾപ്പെടുത്തും.

നിർദ്ധാരണം : 12

ടൈറ്റാൻ ഇൻഡസ്ട്രീസ് ലിമിറ്റഡ് 500 ഇക്വിറ്റി ഓഹരികൾ 10 രൂപ നിരക്കിൽ ഷിയാസിന് ഇഷ്യു ചെയ്യുന്നു. 3 രൂപ അപേക്ഷ, 5 രൂപ അലോട്ട്മെന്റ്, 2 രൂപ ആദ്യ-അവസാന കാൾ എന്നീ തവണകളിലായി പണം സ്വരൂപിക്കുന്നു. കാൾ തുക നിരന്തരം ആവശ്യപ്പെട്ടിട്ടും നൽകാത്തതിനാൽ അയാളുടെ ഓഹരികൾ കമ്പനി കണ്ടുകെട്ടുന്നു. ഓഹരികൾ ഫോർഫീറ്റ് ചെയ്യുന്നതിനുള്ള ജേർണൽ എൻട്രി നൽകുക

ജേർണൽ

	ഷെയർ ക്യാപ്പിറ്റൽ a/c Dr (500 X 10)	15,100	
	To ഷെയർ ഫോർഫീറ്റഡ് a/c (500 X 8)		4,000
	To ഷെയർ ആദ്യ-അവസാന കാൾ a/c (500 X 2)		1,000
	(500 ഇക്വിറ്റി ഓഹരികൾ 2 രൂപ കാൾ തുക നൽകാത്തതിനാൽ കണ്ടുകെട്ടുന്നു)		

നിർദ്ധാരണം : 13

ജ്യോതി ലിമിറ്റഡ് 10 രൂപ നിരക്കിൽ അനീഷിന് ഇഷ്യു ചെയ്ത 400 ഓഹരികൾ ആദ്യ കാൾ 2 രൂപ നൽകാത്തതിനാൽ ക്യാൻസൽ ചെയ്യുന്നു. അപേക്ഷാതുക 4 രൂപയും, അലോട്ട്മെന്റ് തുക 3 രൂപയും അനീഷ് നൽകിയിട്ടുണ്ട്. കമ്പനി അവസാന കാൾ വിളിച്ചിട്ടില്ല. ഓഹരികൾ കണ്ടുകെട്ടുന്നതിനുള്ള ജേർണൽ എൻട്രി നൽകുക.

ജേർണൽ

	ഷെയർ ക്യാപ്പിറ്റൽ a/c Dr (400 x 9)	3,600	
	To ഷെയർ ഫോർഫീറ്റഡ് a/c (400 x 7)		2,800
	To ഷെയർ ആദ്യ-അവസാന കാൾ a/c (400 x 2)		800
	(400 ഓഹരികൾ 2 രൂപ ആദ്യ കാൾ നൽകാത്തതിനാൽ കണ്ടുകെട്ടുന്നു)		

ഓഹരികൾ മുഖവിലയിൽ മാത്രമല്ല പ്രീമിയത്തിലും ഡിസ്കൗണ്ടിലും ഇഷ്യു ചെയ്യാറുണ്ടെന്ന് നമ്മൾ നേരത്തെ ചർച്ച ചെയ്തതാണല്ലോ? അങ്ങിനെയെങ്കിൽ ഇത്തരത്തിൽ ഇഷ്യു ചെയ്യുന്ന ഓഹരികളിലും കുടിശ്ശിക വരുത്തിയാൽ കണ്ടുകെട്ടേണ്ട സാഹചര്യം ഉണ്ടാകാമല്ലോ?

പ്രീമിയത്തിൽ ഇഷ്യൂ ചെയ്ത ഓഹരികൾ കണ്ടുകെട്ടിയാൽ എന്തു ജേർണൽ എൻട്രിയാണ് രേഖപ്പെടുത്തേണ്ടത് എന്ന് താഴെ കൊടുത്തിരിക്കുന്ന ഉദാഹരണം വ്യക്തമാക്കും!

ഉദാഹരണം : 1

ലോജിടെക് ലിമിറ്റഡ് 10 രൂപ മുഖവിലയുടെ 15,000 ഓഹരികൾ, 5 രൂപ പ്രീമിയം തുക ചേർത്തുകൊണ്ട് 15 രൂപക്ക് താഴെ കൊടുത്തിരിക്കുന്ന തവണകളിൽ ഇഷ്യു ചെയ്യുന്നു.

അപേക്ഷാ തുക - 4 രൂപ

അലോട്ട്മെന്റ് - 7 രൂപ (പ്രീമിയം തുക അടക്കം)

ആദ്യ - അവസാന കാൾ - 4 രൂപ

25,000 ഓഹരികൾക്കുള്ള അപേക്ഷ ലഭിക്കുന്നു. കമ്പനി 5,000 ഓഹരികൾക്കുള്ള അപേക്ഷ നിരസിക്കുന്നു. 20,000 അപേക്ഷകൾക്ക് പ്രോറേറ്റ അലോട്ട്മെന്റ് നടത്തുകയും, അധിക അപേക്ഷാ തുക അലോട്ട്മെന്റിലേക്ക് അഡ്ജസ്റ്റ് ചെയ്യുകയും ചെയ്യുന്നു.

500 ഓഹരികൾ കൈവശമുള്ള ഹംസ കാൾ മണി നൽകുന്നില്ല. നിശ്ചിത സമയത്തിനു ശേഷം കമ്പനി ഈ ഓഹരികൾ കണ്ടുകെട്ടുന്നു. കമ്പനിയുടെ പുസ്തകത്തിലെ ജേർണൽ എൻട്രി രേഖപ്പെടുത്തുക.

ജേർണൽ

ബാങ്ക് a/c Dr (25,000 x 4)	1,00,000	
To ഷെയർ ആപ്ലിക്കേഷൻ a/c		1,00,000
(25,000 ഓഹരികളിൽ 5/- രൂപ നിരക്കിൽ അപേക്ഷാ തുക ലഭിക്കുന്നു)		
ഷെയർ ആപ്ലിക്കേഷൻ a/c Dr (25,000 x 4)	1,00,000	
To ഷെയർ ആപ്ലിക്കേഷൻ a/c (15,000 x 4)		60,000
To ഷെയർ അലോട്ട്മെന്റ് a/c (5,000 x 4)		20,000
To ബാങ്ക് a/c (15,000 x 4)		20,000
(അപേക്ഷാ തുക ക്യാപ്പിറ്റലിലേക്കും അധിക അപേക്ഷാ തുക അലോട്ട്മെന്റിലേക്കു മാറ്റുകയും നിരസിച്ചവയുടെ അപേക്ഷാ തുക തിരിച്ചുനൽകുകയും ചെയ്യുന്നു)		
ഇക്യുറ്റി ഷെയർ അലോട്ട്മെന്റ് a/c Dr (15,000 x 4)	1,05,000	
To ഷെയർ ക്യാപ്പിറ്റൽ a/c (15,000 x 2)		30,000
To സെക്യൂരിറ്റീസ് പ്രീമിയം a/c (15,000 x 5)		75,000
(പ്രീമിയം തുക അടക്കമുള്ള അലോട്ട്മെന്റ് കമ്പനി ആവശ്യപ്പെടുന്നു)		
ബാങ്ക് a/c Dr (1,05,000 – 20,000)	85,000	
To ഷെയർ അലോട്ട്മെന്റ് a/c		85,000
(അധികം ലഭിച്ച അപേക്ഷാ തുക കിഴിച്ചതിനുശേഷമുള്ള അലോട്ട്മെന്റ് തുക ബാങ്കിൽ ലഭിച്ചപ്പോൾ)		
ഷെയർ ആദ്യ-അവസാന കാൾ a/c Dr (15,000 x 4)	60,000	
To ഷെയർ ക്യാപ്പിറ്റൽ a/c		60,000
(ഷെയർ കാൾ, കമ്പനി ആവശ്യപ്പെടുമ്പോൾ		
ബാങ്ക് a/c Dr (15,000 x 4 – 500 x 4)	58,000	
To ഷെയർ ആദ്യ-അവസാന കാൾ a/c		58,000
(500 ഓഹരിയുടെ കുടിശ്ശിക കഴിച്ച് ബാക്കി തുക ബാങ്കിൽ ലഭിക്കുന്നു)		
ഇക്യുറ്റി ഷെയർ ക്യാപ്പിറ്റൽ a/c Dr (500 x 10)	5,000	
To ഫോർഫീറ്റഡ് ഷെയർ a/c (5,00 x 6)		3,000
To ഷെയർ ആദ്യ-അവസാന കാൾ a/c (500 x 4)		2,000
(500 ഓഹരികൾ കമ്പനി ക്യാൻസൽ ചെയ്യുന്നു)		

മേൽപറഞ്ഞ ഉദാഹരണത്തിൽ, പ്രീമിയം തുകയായ 75,000 രൂപ കുടിശ്ശിക വരുത്തിയ ഹംസ നൽകിയിട്ടുള്ളതായി കാണാം. അയാള കുടിശ്ശിക വരുത്തിയത് കാൾതുക മാത്രമാണ്. അതായത്, പ്രീമിയം തുക കമ്പനി ആവശ്യപ്പെടുകയും, അത് ലഭിക്കുകയും ചെയ്താൽ, ഓഹരികൾ കണ്ടുകെട്ടുമ്പോൾ പ്രീമിയം അക്കൗണ്ടിനെ ക്യാൻസൽ ചെയ്യില്ല.

ഉദാഹരണം-2

മേൽപ്പറഞ്ഞ അതേ ഉദാഹരണത്തിൽ ഹംസ എന്ന ഓഹരിയുടമ അലോട്ട്മെന്റ് തുകയും കാൾ തുകയും കമ്പനിക്ക് നൽകുന്നില്ലെങ്കിൽ, ആവശ്യമായ എൻട്രികൾ രേഖപ്പെടുത്തുക.

ജേർണൽ

ബാങ്ക് a/c	Dr (25,000 X 4)	1,00,000	
To ഷെയർ ആപ്ലിക്കേഷൻ a/c			1,00,000
(5 രൂപ നിരക്കിൽ 25,000 ഓഹരികൾ അപേക്ഷാ തുക ലഭിക്കുന്നു)			
ഷെയർ ആപ്ലിക്കേഷൻ a/c	Dr (25,000 X 4)	1,00,000	
To ഷെയർ ക്യാപ്പിറ്റൽ a/c	(15,000 X 4)		60,000
To ഷെയർ അലോട്ട്മെന്റ് a/c	(5,000 X 4)		20,000
To ബാങ്ക് a/c	(5,000 X 4)		20,000
(അപേക്ഷാ തുക ക്യാപ്പിറ്റലിലേക്കും മാറ്റുകയും മറ്റു നീക്കുപോക്കുകളും നടത്തുന്നു)			
ഷെയർ അലോട്ട്മെന്റ് a/c	Dr (15,000 X 7)	1,05,000	
To ഷെയർ ക്യാപ്പിറ്റൽ a/c	(15,000 X 2)		30,000
To ഷെയർ പ്രീമയം a/c	(15,000 X 6)		75,000
(പ്രീമിയം തുക അടക്കമുള്ള അലോട്ട്മെന്റ്, കമ്പനി ആവശ്യപ്പെടുന്നു)			
ബാങ്ക് a/c	Dr (1,05,500 – 20,000 – 500 X 7)	81,500	
To ഷെയർ അലോട്ട്മെന്റ് a/c			81,500
(അധിക അപേക്ഷാ തുകയും, കുടിശ്ശികയും കിഴിച്ചതിനു ശേഷമുള്ള അലോട്ട്മെന്റ് തുക ബാങ്കിൽ ലഭിക്കുന്നു)			

ഷെയർ ആദ്യ-അവസാന കാൾ a/c	Dr (15,000 X 4)	60,000	
To ഷെയർ ക്യാപ്പിറ്റൽ a/c			60,000
(കമ്പനി കാൾ തുക ആവശ്യപ്പെടുന്നു)			
ബാങ്ക് a/c	Dr (60,000-500 X 4)	58,000	
To ഷെയർ ആദ്യ അവസാന കാൾ a/c			58,000
(കാൾ കുടിശ്ശിക കഴിച്ച് ബാക്കി തുക ലഭിക്കുന്നു)			
ഇക്യുറ്റി ഷെയർ ക്യാപ്പിറ്റൽ a/c	Dr (500 X 10)	5,000	
സെക്യൂരിറ്റീസ് പ്രീമിയം a/c	Dr (500 X 5)	2,500	
To ഫോർഫീറ്റഡ് ഷെയർ a/c	(500 X 4)		2,000
To അലോട്ട്മെന്റ് a/c	(500 X 7)		3,500
To ഷെയർ കാൾ a/c	(500 X 4)		2,000
(500 ഓഹരികൾ, അലോട്ട്മെന്റും, കാൾ തുകയും ലഭിക്കാത്തതിനാൽ കണ്ടുകെട്ടുന്നു)			

മുകളിൽ സൂചിപ്പിച്ചിരിക്കുന്ന രണ്ട് ഉദാഹരണങ്ങളെയും വിവേചിച്ചാൽ തന്നിരിക്കുന്ന കാര്യങ്ങൾക്ക് വ്യക്തതയുണ്ടാകും.

(i) പ്രീമിയം തുക കമ്പനി ആവശ്യപ്പെടുകയും അത് നൽകുകയും ചെയ്താൽ സെക്യൂരിറ്റീസ് പ്രീമിയം അക്കൗണ്ടിനെ ഓഹരി കണ്ടുകെട്ടുമ്പോൾ ക്യാൻസൽ ചെയ്യേണ്ടതില്ല.

(ii) എന്നാൽ പ്രീമിയം തുക ആവശ്യപ്പെടുകയും ഓഹരിയുടമ അത് നൽകുന്നതിൽ വീഴ്ച വരുത്തുകയും ചെയ്താൽ, ഓഹരി കണ്ടുകെട്ടുകയും സെക്യൂരിറ്റീസ് പ്രീമിയം അക്കൗണ്ടിനെ ക്യാൻസൽ ചെയ്യണം.

കിഴിവിൽ ഇഷ്യു ചെയ്യുന്ന ഓഹരികൾ കണ്ടുകെട്ടുമ്പോൾ

ഓഹരികൾ ആരംഭത്തിൽ കിഴിവിലാണ് ഇഷ്യു ചെയ്യുന്നതെങ്കിൽ, കിഴിവിനെ ഓഹരി കണ്ടുകെട്ടുന്ന സമയത്ത് ക്യാൻസൽ ചെയ്യേണ്ടതുണ്ട്. തന്നിരിക്കുന്ന ഉദാഹരണം ആശയരൂപീകരണത്തിനു സഹായകമാകും.

ഉദാഹരണം

ആന്റ്റേയുടെ കൈവശം, സ്റ്റാർ ലിമിറ്റഡ് എ കമ്പനിയടെ 500 ഓഹരികളുണ്ട്. ഓഹരി മുഖവില 10 രൂപ 10% കിഴിവിലാണ് ഈ ഓഹരികൾ കമ്പനി ഇഷ്യു ചെയ്തിരിക്കു

ന്നത്. അയാൾ 3 രൂപ അപേക്ഷാതുക, 3 രൂപ അലോട്ട്മെന്റ് (കിഴിവിനുള്ള നീക്കുപോക്കുകൾ ഉൾപ്പെടെ) എന്നിവ നൽകുന്നു. പക്ഷെ-അവസാന കാൾ നൽകുന്നില്ല. ഈ ഓഹരികൾ കമ്പനി കണ്ടുകെട്ടുന്നു. കണ്ടകെട്ടുന്നതിനുള്ള ജേർണൽ എൻട്രി എഴുതുക.

	ഇക്യുറ്റി ഷെയർ ക്യാപ്പിറ്റൽ a/c Dr (500 X 10)	5,000	
	To ഷെയർ ഫോർഫീറ്റഡ് a/c (500 X 6)		3,000
	To ഓഹരി ഡിസ്ക്കൗണ്ട് a/c (500 X 1)		500
	To ആദ്യ-അവസാന കാൾ a/c (500 X 3)		1,500
	(500 ഓഹരികൾ 10 രൂപ മുഖവിലയിൽ 10% കിഴിവിൽ ഇഷ്യു ചെയ്തത് കണ്ടുകെട്ടുന്നു)		

കണ്ടുകെട്ടിയ ഓഹരികൾ റീഇഷ്യു നടത്തുമ്പോൾ (Reissue of forfeited Shares)

കണ്ടുകെട്ടിയ ഓഹരികൾ മുഖവിലക്കോ, പ്രീമിയത്തിലോ, കിഴിവിലോ റീഇഷ്യു ചെയ്യാവുന്നതാണ്.

ചുവടെ കൊടുത്തിരിക്കുന്ന ഉദാഹരണം ശ്രദ്ധിക്കുക:-

ഒരു കമ്പനി അബുവിന്റെ കൈവശമുള്ള 100 ഓഹരികൾ അവസാന കാൾ 2 രൂപ നൽകാത്തതിനാൽ ക്യാൻസൽ ചെയ്യുന്നു. ആ ഓഹരികൾ അതിന്റെ മുഖവിലയായ 10 രൂപക്കാണ് കമ്പനി ഇഷ്യു ചെയ്തിട്ടുള്ളത്. വിവിധ സാഹചര്യങ്ങളിൽ ഈ ഓഹരികൾ റീഇഷ്യു ചെയ്യുമ്പോൾ രേഖപ്പെടുത്തേണ്ട ജേർണൽ എൻട്രികൾക്കായി പട്ടിക നോക്കൂ.

(1)		
ഓഹരികൾ ക്യാൻസൽ ചെയ്യുമ്പോൾ		
ഷെയർ ക്യാപ്പിറ്റൽ a/c Dr	1,000	
To ഓഹരി ഡിസ്ക്കൗണ്ട് a/c		800
To ഷെയർ അവസാന കാൾ a/c		200
(2)		
ഈ ഓഹരികൾ 10 രൂപക്ക് തന്നെ റീ ഇഷ്യു ചെയ്താൽ		
എ) ബാങ്ക് a/c Dr	1,000	
To ഷെയർ ക്യാപ്പിറ്റൽ		1,000
ബി) ഷെയർ ഫോർഫിറ്റഡ് a/c Dr	800	
To ക്യാപ്പിറ്റൽ റിസർവ്		800

(3)

ഈ ഓഹരികൾ 8 രൂപക്ക് റീ ഇഷ്യു ചെയ്യുമ്പോൾ

എ) ബാങ്ക് a/c Dr 800

ഷെയർ ഫോർഫീറ്റഡ് 200

To ഷെയർ ക്യാപ്പിറ്റൽ 1,000

ബി) ഷെയർ ഫോർഫിറ്റഡ് a/c Dr 600

To ക്യാപ്പിറ്റൽ റിസർവ് 600

(4)

ഓഹരികൾ 12 രൂപക്ക് റീഇഷ്യു ചെയ്യുന്നതെങ്കിൽ

എ) ബാങ്ക് a/c Dr 1,200

To ഷെയർ ക്യാപ്പിറ്റൽ 1,000

To ഷെയർ പ്രീമിയം 200

ബി) ഷെയർ ഫോർഫിറ്റഡ് a/c Dr 800

To ക്യാപ്പിറ്റൽ റിസർവ് 800

മുഖവിലയിൽ ഇഷ്യു ചെയ്യുന്ന ഓഹരികൾ വിവിധ രീതികളിൽ റീഇഷ്യു നടത്തിയാൽ ഇനി പറയുന്ന കാര്യങ്ങൾക്ക് ഊന്നൽ നൽകണം.

1. കമ്പനിക്ക് ഓഹരികൾ ഇഷ്യു ചെയ്യുമ്പോൾ മുഖവിലയിൽ തന്നെയോ, പ്രീമിയത്തിലോ, കിഴിവിലോ റീ ഇഷ്യു ചെയ്യാം.
2. കിഴിവ് അനുവദിക്കുമ്പോൾ ഒറിജിനൽ ഓഹരിയുടമ ആ ഓഹരിയിൽ നൽകിയ തുകയേക്കാൾ കൂടാൻ പാടില്ല. ഉദാഹരണത്തിന് മേൽപറഞ്ഞ ഉദാഹരണത്തിൽ അബു 8 രൂപ നിരക്കിൽ 100 ഓഹരികൾ തന്നിട്ടുണ്ട്. അതുകൊണ്ട് റീ ഇഷ്യു ചെയ്യുമ്പോൾ പരമാവധി കിഴിവ് അനുവദിക്കാവുന്നത് 8 രൂപയായിരിക്കണം.
3. ഓഹരികൾ റീഇഷ്യു ചെയ്യുമ്പോൾ അനുവദിക്കുന്ന കിഴിവ് ഷെയർ ഫോർഫീറ്റഡ് അക്കൗണ്ടിംഗ് ഡബിറ്റ് നൽകി തട്ടികിഴിക്കും.
4. ഷെയർ ഫോർഫീറ്റൽ നീക്കിയിരിപ്പുണ്ടെങ്കിൽ ക്യാപിറ്റൽ റിസർവ്വിലേക്ക് മാറ്റും. ഉദാഹരണത്തിന്: 100 ഓഹരികൾ ക്യാൻസൽ ചെയ്തപ്പോൾ 800 രൂപ ഫോർഫീറ്റഡ് a/c ൽ ഡബിറ്റ് വന്നു (പട്ടിക-കോളം-1) അത്രയും ഓഹരികൾ 2 രൂപ കിഴിവിൽ കമ്പനി റീഇഷ്യു ചെയ്തപ്പോൾ, ഷെയര ഫോർഫീറ്റഡ് a/c ൽ ക്രഡിറ്റ്

ബാലൻസ് 800 രൂപയിൽ നിന്ന് കിഴിവായി അനുവദിച്ച 200/- രൂപ ഷെയർ ഫോർഫീറ്റഡ് അക്കൗണ്ടിന്റെ ഡബിറ്റ കുറച്ചാൽ, ബാക്കി തുക ക്യാപ്പിറ്റൽ റിസർവിലേക്ക് മാറ്റും (പട്ടിക-കോളം-3)

5. ക്യാപ്പിറ്റൽ റിസർവിനെ ബാലൻസ്ഷീറ്റിന്റെ ബാധ്യതാ വശത്ത് ക്യാപ്പിറ്റൽ പ്രോഫിറ്റായി 'റിസർവ് ആന്റ് സർപ്ലസ്' അക്കൗണ്ടിന് കീഴിൽ കാണിക്കും.

നിർദ്ധാരണം : 14

ക്രോസ് ലിമിറ്റഡ് 10 രൂപ നിരക്കിലുള്ള 20,000 ഓഹരികൾ റജിസ്റ്റർ ചെയ്തിട്ടുള്ള കമ്പനിയാണ്. 10,000 ഓഹരികൾ കമ്പനി അപേക്ഷ ക്ഷണിക്കുന്നു.

2 രൂപ - അപേക്ഷാ ഫീസ്

3 രൂപ - അലോട്ട്മെന്റ്

3 രൂപ - ആദ്യ കാൾ

2 രൂപ - അവസാന കാൾ

9000 ഓഹരികൾക്കുള്ള അപേക്ഷ ലഭിക്കുന്നു, ഇവയെല്ലാം തന്നെ കമ്പനി സ്വീകരിക്കുന്നു. 200 ഓഹരികളിൽ അവസാന കാൾ മണി കണ്ടുകെട്ടുകയും 9 രൂപ നിരക്കിൽ കമ്പനി റീഇഷ്യു നടുത്തുന്നു. ആവശ്യമായ ജേർണൽ എൻട്രി എഴുതുക.

ജേർണൽ

ബാങ്ക് a/c Dr (9000 x 2) To ഷെയർ ആപ്ലിക്കേഷൻ (9000 ഓഹരികൾ 2 രൂപ നിരക്കിൽ അപേക്ഷ ലഭിക്കുന്നു)	18,000	 18,000
ഷെയർ ആപ്ലിക്കേഷൻ a/c Dr To ഷെയർ ക്യാപ്പിറ്റൽ a/c (അപേക്ഷാ തുക ക്യാപ്പിറ്റലിലേക്ക് മാറ്റുന്നു)	18,000	 18,000
ഷെയർ അലോട്ട്മെന്റ് a/c Dr (9000 x 3) To ഷെയർ ക്യാപ്പിറ്റൽ a/c (9000 ഓഹരികളിൽ അലോട്ട്മെന്റ് തുക കമ്പനി ആവശ്യപ്പെടുന്നു)	27,000	 27,000
ബാങ്ക് a/c Dr To ഷെയർ അലോട്ട്മെന്റ് a/c (അലോട്ട്മെന്റ് തുക ലഭിക്കുന്നു)	27,000	 27,000

ഷെയർ ആദ്യ കാൾ a/c Dr (9000 x 3)	27,000	
To ഷെയർ ക്യാപ്പിറ്റൽ a/c		27,000
(ആദ്യ കാൾ തുക 3 രൂപ നിരക്കിൽ കമ്പനി ആവശ്യപ്പെടുന്നു		
ബാങ്ക് a/c Dr (9000 x 2)	27,000	
To ഷെയർ ആദ്യ കാൾ a/c		27,000
(കാൾ തുക ലഭിക്കുമ്പോൾ)		
ഷെയർ അവസാന കാൾ a/c Dr (9000 x 2)	18,000	
To ഷെയർ ക്യാപ്പിറ്റൽ a/c		18,000
(അവസാന കാൾ കമ്പി ആവശ്യപ്പെടുന്നു)		
ബാങ്ക് a/c Dr (9000 x 2 – 200 x 2)	17,600	
To ഷെയർ അവസാന കാൾ a/c		17,600
(കാൾ തുക ബാങ്കിൽ ലഭിക്കുന്നു)		
ഷെയർ ക്യാപ്പിറ്റൽ a/c Dr (200 x 10)	2,000	
To ഷെയർ അവസാന കാൾ a/c (200 x 2)		400
To ഷെയർ ഫോർഫീറ്റഡ് a/c (200 x 8)		1,600
(200 ഓഹരികൾ കാൾ തുക ലഭിക്കാത്തതിനാൽ കണ്ടുകെട്ടുന്നു)		
ബാങ്ക് a/c Dr (200 x 9)	1,800	
ഷെയർ ഫോർഫീറ്റഡ് a/c Dr (200 x 1)	200	
To ഷെയർ ഫോർഫീറ്റഡ് a/c (200 x 10)		2000
(200 ഓഹരികൾ 1 രൂപ കിഴിവിൽ റീഇഷ്യു ചെയ്യുന്നു)		
ഷെയർ ഫോർഫീറ്റഡ് a/c Dr	1,400	
To ഷെയർ ക്യാപ്പിറ്റൽ a/c		1,400
(200 ഓഹരികളിലെ ഫോർഫീറ്റഡ് a/c ലെ നീക്കിയിരിപ്പ് ക്യാപ്പിറ്റലിലേക്ക് മാറ്റുന്നു)		

നിർദ്ധാരണം : 15

ലക്ഷ്മി ലിമിറ്റഡ് 10% പ്രീമിയത്തിൽ ഇഷ്യു ചെയ്ത 500 ഓഹരികൾ കണ്ടുകെട്ടുന്നു. ഓഹരിയുടെ വില 10 രൂപയാണ്. അലോട്ട്മെന്റ് തുക 3 രൂപ (പ്രീമിയം അടക്കം)

ആദ്യ കാൾ 3 രൂപയും അവസാന കാൾ 2 രൂപ എന്നിവ ലഭിക്കാത്തതിനാൽ ഓഹരികൾ കണ്ടുകെട്ടുന്നു. ഈ ഓഹരികൾ 11 രൂപക്ക് കമ്പനി റീഇഷ്യു ചെയ്യുന്നു. കണ്ടുകെട്ടുന്നതിനും റീഇഷ്യു നടത്തിയതിനുള്ള ജേർണൽ എഴുതുക.

ജേർണൽ

കണ്ടുകെട്ടുമ്പോൾ:		
ഷെയർ ക്യാപ്പിറ്റൽ a/c Dr (500 x 10)	5,000	
സെക്യൂരിറ്റീസ് പ്രീമിയം a/c Dr (500 x 1)	500	
To ഷെയർ അലോട്ട്മെന്റ് a/c (500 x 1)		1,500
To ഷെയർ ആദ്യ കാൾ a/c (500 x 3)		1,500
To ഷെയർ അവസാന കാൾ a/c (500 x 2)		1,000
To ഷെയർ ഫോർഫീറ്റഡ് a/c (500 x 3)		1,500
(500 ഓഹരികൾ അലോട്ട്മെന്റും, കാളും നൽകാത്തതിനാൽ കണ്ടു കെട്ടുന്നു)		
റീഇഷ്യു നടത്തുമ്പോൾ		
ഷെയർ ക്യാപ്പിറ്റൽ a/c Dr (500 x 11)	5,500	
To ക്യാപ്പിറ്റൽ a/c (500 x 10)	5,000	
To സെക്യാരിറ്റീസ് പ്രീമിയം a/c (500 x 1)	500	
(കണ്ടുകെട്ടിയ 500 ഓഹരികൾ പ്രീമിയത്തിൽ റീഇഷ്യു ചെയ്യുന്നു)		
ഫോർഫീറ്റഡ് a/c Dr 1,500		
To ക്യാപ്പിറ്റൽ റിസർവ് a/c	1,500	
(ഫോർഫീറ്റഡ് a/c ലെ നീക്കിയിരിപ്പ് കൃപ്പിറ്റൽ റിസർവിലേക്ക് മാറ്റുന്നു)		

നിർദ്ധാരണം : 16

ലക്ഷ്മി ലിമിറ്റഡ് ഇഷ്യു ചെയ്ത 500 ഓഹരികളിൽ ആദ്യ കാൾ 3 രൂപയും അവസാന കാൾ 2 രൂപയും നൽകാത്തതിനാൽ കണ്ടുകെട്ടുന്നു. ഈ ഓഹരികൾ 10 രൂപ വിലയിൽ 10% പ്രീമിയത്തിലാണ് ഇഷ്യു ചെയ്തിട്ടുള്ളത്. ഈ ഓഹരികൾ 12 രൂപയ്ക്ക് കമ്പനി റീഇഷ്യു നടത്തുന്നു. ആവശ്യമായ ജേർണൽ എൻട്രികൾ കണ്ടുകെട്ടുന്നതിനും റീഇഷ്യു ചെയ്യുന്നതിനായും രേഖപ്പെടുത്തുക.

ജേർണൽ

ഓഹരി കണ്ടുകെട്ടുമ്പോൾ:		
ഷെയർ ക്യാപ്പിറ്റൽ a/c Dr (500 X 10)	5,000	
To ഷെയർ ആദ്യ കാൾ a/c (500 X 3)		1,500
To ഷെയർ അവസാന കാൾ a/c (500 X 2)		1,000
To ഷെയർ ഫോർഫീറ്റഡ് a/c (500 X 5)		2,500
(500 ഓഹരികളിന്മേൽ കാൾ തുക നൽകാത്തതിനാൽ കണ്ടുകെട്ടുന്നു)		
ഓഹരി റീഇഷ്യു നടത്തുമ്പോൾ		
ബാങ്ക് a/c Dr (500 X 12)	6,000	
To ഷെയർ ക്യാപ്പിറ്റൽ a/c (500 X 10)		5,000
To സെക്യാരിറ്റീസ് പ്രീമിയം a/c (500 X 2)		1,000
To ക്യാപ്പിറ്റൽ റിസർവ് a/c		2,500
(500 ഓഹരികൾ 2 രൂപ പ്രീമിയത്തിൽ റീഇഷ്യു ചെയ്യുന്നു)		
ഷെയർ ഫോർഫീറ്റഡ് a/c Dr	2,500	
To ക്യാപ്പിറ്റൽ റിസർവ് a/c		2,500
(കണ്ടുകെട്ടിയ ഓഹരികൾ റീഇഷ്യു ചെയ്തതിനു ശേഷമുള്ള ലാഭം ക്യാപ്പിറ്റൽ റിസർവിലേക്ക് മാറ്റുന്നു)		

നിർദ്ധാരണം : 17

ഒരു കമ്പനി 10 രൂപ മുഖവിലയിലുള്ള 100 ഓഹരികൾ 10% കിഴിവിൽ ഇഷ്യു ചെയ്തിട്ടുള്ളത് കണ്ടുകെട്ടുന്നു. ആദ്യ കാൾ 2 രൂപ, അവസാനകാൾ 2 രൂപ എന്നിവ നൽകാത്തതിനാലാണ്, ഈ ഓഹരികൾ കണ്ടുകെട്ടുന്നത്. ഈ ഓഹരികൾ കമ്പനി 7 രൂപയ്ക്ക് റീഇഷ്യു ചെയ്യുന്നു. ഓഹരികൾ കണ്ടുകെട്ടുന്നതിനും റീഇഷ്യു ചെയ്യുന്നതിനുമുള്ള ജേർണൽ എഴുതുക.

ജേർണൽ

ഇക്വിറ്റി ഷെയർ ക്യാപ്പിറ്റൽ a/c Dr (100 x 10)	1,000	
To ഷെയർ ഫോർഫീറ്റഡ് a/c (100 x 4)		400
To ഷെയർ ഡിസ്കൗണ്ട് a/c (100 x 1)		100
To ആദ്യ കൾ a/c (100 x 2)		200
To അവസാന കാൾ a/c (100 x 3)		300
(100 ഓഹരികൾ കാൾ തുക നൽകാത്തതിനാൽ കണ്ടുകെട്ടുന്നു)		
ബാങ്ക് a/c Dr (100 x 7)	7,000	
ഷെയർ ഡിസ്കൗണ്ട് a/c Dr (100 x 1)	1,000	
ഷെയർ ഫോർഫീറ്റഡ് a/c Dr (100 x 10)	2,000	
To ഇക്വിറ്റി ഷെയർ ക്യാപ്പിറ്റൽ (100 x 10)		1,000
(ഒറിജിനലായി കിഴിവിൽ ഇഷ്യു ചെയ്ത ഓഹരികൾ 3 രൂപ കിഴിവിൽ ഇഷ്യു ചെയ്യുമ്പോൾ)		
ഷെയർ ഫോർഫീറ്റഡ് a/c Dr	200	
To ക്യാപ്പിറ്റൽ റിസർവ്		200
(ഫോർഫീറ്റഡ് a/c നെ ക്ലോസ് ചെയ്യുന്നു)		

പണമല്ലാത്ത മറ്റു പരിഗണനകൾക്ക് ഓഹരികൾ ഇഷ്യു ചെയ്യുമ്പോൾ (Issue of Shares for Consideration other than Cash)

കമ്പനി ചിലപ്പോൾ ആസ്തികൾ വസ്തു ഉടമകളിൽ നിന്ന് കടമായി വാങ്ങാം. ഈ സാഹചര്യത്തിൽ പണം നൽകുന്നതിനു പകരം ആസ്തി വാങ്ങിയ തുകക്ക് തതുല്യമായ ഓഹരികൾ ഇഷ്യു ചെയ്യാം. ഇത്തരം സാഹചര്യങ്ങളെയാണ് പണമല്ലാത്ത മറ്റു പരിഗണനകൾ ലക്ഷ്യം വച്ച് ഓഹരി ഇഷ്യു ചെയ്യുക എന്നുള്ളത് കൊണ്ട് അർഥമാക്കുന്നത്.

പ്രവർത്തനം - 4

5,00,000 രൂപയുടെ ഓഹരി മൂലധനവുമായി റജിസ്റ്റർ ചെയ്തിട്ടുള്ള കമ്പനിയാണ് സൺ ലിമിറ്റഡ്. ഓഹരിയൊന്നിന്റെ വില 10 രൂപയാണ്. മാജിത് ഏജൻസീസ് എന്ന

സ്ഥാപനത്തെ 2,00,000 രൂപയ്ക്ക് സൺ ലിമിറ്റഡ് വാങ്ങുന്നു. ഇതിലേക്കായി 1,50,000 ഓഹരികൾ പ്രമോട്ടർമാർക്ക് അവരുടെ സേവനങ്ങൾക്കായി ഇഷ്യു ചെയ്യുന്നു. ബാക്കിയുള്ള ഓഹരികൾ പൊതുജനങ്ങൾക്ക് ഇഷ്യു ചെയ്യുന്നു. മുഴുവൻ പണവും ലഭിക്കുന്നു.

- കമ്പനിയുടെ കൈവശമുള്ള ആകെ ഓഹരികളുടെ എണ്ണം?
- എത്ര ഓഹരികൾ മാജിക് ലിമിറ്റഡ് ഇഷ്യു ചെയ്തു?
- പൊതുജനങ്ങൾക്ക് ഇഷ്യു ചെയ്തത് എത്ര ഓഹരികളാണ്?
- എന്ത് ജേർണൽ എൻട്രിയാണ് മുകളിൽ തന്നിരിക്കുന്ന ഇടപാടുകൾക്കായി രേഖപ്പെടുത്തേണ്ടത്.

തീർച്ചയായും കമ്പനിയുടെ കൈവശം 50,000 ഓഹരികളുണ്ടെന്ന് നമുക്കറിയാം (5,00,000/10) അതിലെ 15,000 ഓഹരികൾ മാജിത് ലിമിറ്റഡിനും, 15,000 ഓഹരികൾ പ്രമോട്ടർമാർക്കും ഇഷ്യു ചെയ്താൽ ബാക്കി 20,000 ഓഹരികളാണ് പൊതുജനങ്ങൾക്കായി ഇഷ്യു ചെയ്തത്. താഴെ കൊടുത്തിരിക്കുന്ന ജേർണൽ ഈയവസരത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

പലവക ആസ്തികൾ a/c Dr	2,00,000	
To മാജിത് ഏജൻസീസ് a/c		2,00,000
(മാജിത് ഏജൻസീസിന്റെ ആസ്തികൾ 2,00,000 രൂപക്ക് വാങ്ങുന്നു)		
മാജിത് ഏജൻസീസ് a/c Dr	2,00,000	
ബാങ്ക് a/c		50,000
To ഷെയർ ക്യാപ്പിറ്റൽ a/c		1,50,000
(മാജിത് ഏജൻസീസ് ഓഹരികളും, പണവും നൽകുന്നു)		
ഗുഡ്‌വിൽ a/c Dr	1,50,000	
To ഷെയർ ക്യാപപ്പിൽ a/c		1,50,000
(15,000 ഓഹരികൾ 10 രൂപ നിരക്കിൽ പ്രമോട്ടർമാർക്ക് ഇഷ്യു ചെയ്യുന്നു)		
ബാങ്ക് a/c	2,00,000	
To ഇക്യുറ്റി ഷെയർ ക്യാപ്പിറ്റൽ a/c		2,00,000
(20,000 ഓരികൾ പൊതുജനങ്ങൾക്ക് ഇഷ്യു ചെയ്യുന്നു)		

പ്രമോട്ടർമാരുടെ നല്ല രീതിയിലുള്ള സേവനം മൂലം കമ്പനിക്ക് ലാഭം ഉണ്ടാകും എന്നു പ്രതീക്ഷിക്കുന്നതിനാലാണ് മുകളിൽ ഗുഡ്വിൽ അക്കൗണ്ടിനെ ഡബിറ്റ് ചെയ്യാനുള്ള കാരണം.

നിർദ്ധാരണം : 17

കീർത്തി ലിമിറ്റഡ് 10,00,000 രൂപയുടെ അംഗീകൃത മൂലധനവുമായി ബിസിനസ്സ് ആരംഭിക്കുന്നു. ഒരു ഓഹരിയുടെ വില 10 രൂപയാണ്. രണ്ട് വർഷത്തിന് ശേഷം 1,80,000 രൂപ മൂല്യമുള്ള ആസ്തികൾ ധാത്രി സ്റ്റോറിൽ നിന്നും വാങ്ങുന്നു. ഇതിലേക്കായി തത്തുല്യമായ 10 രൂപ നിരക്കിലുള്ള ഓഹരികൾ ഇഷ്യു ചെയ്യുന്നു. ഓഹരികൾ ഇഷ്യു ചെയ്യുന്നത് താഴെ പറയും രീതികളിലാണെങ്കിൽ ആവശ്യമായ ജേർണൽ എൻട്രി ഇടപാടുകൾക്കായി നൽകുക.

(എ) മുഖ വിലയിലാണ് ഓഹരി ഇഷ്യു

(ബി) 10% കിഴിവിൽ ഇഷ്യു ചെയ്യുന്നു

(സി) 20% പ്രീമിയത്തിൽ ഇഷ്യു ചെയ്യുന്നു

(എ) മുഖവിലയിൽ ഇഷ്യു നടത്തുമ്പോൾ

കീർത്തി ലിമിറ്റഡ്

ജേർണൽ

ആസ്തികൾ a/c Dr To ധാത്രി സ്റ്റോർസ് (ആസ്തികൾ വാങ്ങുന്നു)	1,80,000	 1,80,000
ധാത്രി സ്റ്റോർസ് a/c Dr (18000 x 10) To ഇക്വിറ്റി ഷെയർ ക്യാപിറ്റൽ (20,000 ഇക്വിറ്റി ഓഹരികൾ 10 രൂപയ്ക്ക് ഇഷ്യു ചെയ്യുന്നു)	1,80,000	 1,80,000

(ബി) 10% കിഴിവിൽ ഇഷ്യു ചെയ്യുമ്പോൾ:

ജേർണൽ

ആസ്തികൾ a/c Dr		1,80,000
To ധാത്രി സ്റ്റോർസ്	1,80,000	
(ആസ്തികൾ വാങ്ങുന്നു)		
ധാത്രി സ്റ്റോർസ് a/c Dr (20,00 x 9)	1,80,000	
ഷെയർ ഡിസ്കൗണ്ട് a/c Dr (20,00 x 1)	20,000	
To ഇക്വിറ്റി ഷെയർ ക്യാപിറ്റൽ a/c		2,00,000
(20,000 ഇക്വിറ്റി ഓഹരികൾ 10 രൂപ നിരക്കിൽ 10% കിഴിവിൽ ഇഷ്യു ചെയ്യുന്നു)		

സി) 20% പ്രീമിയത്തിൽ ഇഷ്യു ചെയ്യുന്നു

ജേർണൽ

ആസ്തികൾ a/c Dr	1,80,000	
To ധാത്രി സ്റ്റോർസ് a/c		1,80,000
(ആസ്തികൾ വാങ്ങുന്നു)		
ധാത്രി സ്റ്റോഴ്സ് a/c	1,80,000	
ഇക്വിറ്റി ഷെയർ ക്യാപിറ്റൽ a/c (15,000 X 10)		1,50,000
ഷെയർ പ്രീമിയം a/c (15,00 X 2)		30,000
(15,000 ഇക്വിറ്റി ഓഹരികൾ 10 രൂപ നിരക്കിൽ 20% പ്രീമിയത്തിൽ ഇഷ്യു ചെയ്യുന്നു)		

മുൻഗണനാ അലോട്ട്മെന്റ് (Preferential allotment)

പ്രമോട്ടർമാർ, സാമ്പത്തിക സ്ഥാപനങ്ങൾ എന്നിങ്ങനെയുള്ള ആളുകൾക്കോ സ്ഥാപനങ്ങൾക്കോ മുൻകൂട്ടി തീരുമാനിച്ച വിലയിൽ കമ്പനി ഓഹരികൾ അലോട്ട് ചെയ്യുന്നതിനെ മുൻഗണനാ അലോട്ട്മെന്റ് എന്ന് വിളിക്കുന്നു.

അവകാശ ഓഹരികൾ (Right issue)

കമ്പനിക്ക് അധിക മൂലധനം സമാഹാരണത്തിനായി നിലവിലുള്ള ഓഹരിയുടമകൾക്ക് ഓഹരികൾ ഇഷ്യു ചെയ്യുന്നതിനെയാണ് അവകാശ ഓഹരികൾ എന്ന് പറയുന്നത്. നിലവിലുള്ള കമ്പനി നേരത്തെ നടത്തിയ ഓഹരി ഇഷ്യുവിനു പുറമേ അധിക മൂലധന സമാഹരണത്തിനായി അതിന്റെ ഇപ്പോഴുള്ള ഓഹരിയുടമകൾക്ക് തന്നെ ആദ്യം ഓഹരികൾ വാഗ്ദാനം ചെയ്യണം. ഇത്തരത്തിലുള്ള ഇഷ്യു നടത്തുമ്പോൾ വിപണി വിലയേക്കാൾ താഴ്ന്ന വിലയ്ക്കാണ് ഓഹരികൾ വാഗ്ദാനം ചെയ്യുക. അവകാശ ഓഹരികൾ ഇഷ്യു ചെയ്തു കഴിഞ്ഞാൽ ഓഹരികളുടെ ശരാശരി വിപണി മൂല്യം കുറയുന്നതായി കാണപ്പെടുന്നു. അതുകൊണ്ട് തന്നെ ഓഹരിയുടമകളുടെ ഗുണം (അവകാശത്തിന്റെ മൂല്യം - value of right) കാണുന്നതിന് പ്രാധാന്യം അർഹിക്കുന്നുണ്ട്.

അവകാശ മൂല്യം = ഓഹരിയുടെ വിപണി വില - ഓഹരിയുടെ ശരാശരി വില

$$\text{ഓഹരിയുടെ ശരാശരി വില} = \frac{\text{നിലവിലെ ഓഹരിയുടെ വിപണി വില} + \text{അവകാശ ഓഹരിയുടെ ആനുപാതിക ഇഷ്യു വില}}{\text{നിലവിലുള്ള ഓഹരികളുടെ എണ്ണം} + \text{അവകാശ ഓഹരികളുടെ എണ്ണം}}$$

ജീവനക്കാരുടെ സ്റ്റോക്ക് ഓപ്ഷൻ പ്ലാൻ

ഉയർന്ന കഴിവുകളുള്ള ജീവനക്കാരെ സ്ഥാപനത്തിൽ തന്നെ നിലനിർത്തുന്നതിനും, അവർക്ക് സ്ഥാപനത്തിന്റെ ഭാഗമാണെന്ന ഒരു മനോഭാവം ഉണ്ടാക്കുന്നതിനും വേണ്ടി, അവരുടെ താൽപര്യപ്രകാരം ഇക്വിറ്റി ഓഹരികൾ കമ്പനി വാഗ്ദാനം ചെയ്യുന്നു. മുൻകൂട്ടി നിശ്ചയിച്ച വിലയിൽ ജീവനക്കാർക്ക് ഓഹരികൾ വാങ്ങാൻ ഉള്ള ഒരവകാശം നൽകുന്നു. ഇതിനെയാണ് ജീവനക്കാരുടെ സ്റ്റോക്ക് ഓപ്ഷൺ പ്ലാൻ എന്ന് വിളിക്കുന്നത്.

സ്വയം വിലയിരുത്തൽ ചോദ്യങ്ങൾ - 3

1. ഓഹരികൾ കണ്ടുകെട്ടുമ്പോൾ, ഷെയർ ക്യാപിറ്റൽ a/c ഡബിറ്റ് ചെയ്യേണ്ടത് ______ തുകയാണ്.

   a) ഫോർഫീറ്റഡ് a/c
   b) അടച്ചുതീർത്ത മൂലധനം
   c) ആവശ്യപ്പെട്ട മൂലധനം
   d) ഓഹരിയുടെ മുഖവില

2. ശരിയായ ജോടിയെ കണ്ടെത്തുക.

എ) അവകാശ ഓഹരികൾ - കമ്പനിയുടെ പ്രമോട്ടർമാർക്ക് നൽകുന്നത്.

ബി) പൊതുമേഖലാ കമ്പനികൾ - മിനിമം സംഖ്യ ഇല്ല.

സി) ഇ.എസ്.ഒ.പി (ESOP) - കമ്പനിയിൽ നിലവിലുള്ള ജീവനക്കാർക്ക്

ഡി) ഇക്വിറ്റി ഓഹരികൾ - നിശ്ചിത നിരക്കിലുള്ള ഡിവിഡന്റ്.

3. ഒരു കമ്പനിയുടെ ഇക്വിറ്റി ഓഹരിയുടെ മുഖവില 10 രൂപയാണ്. ഇഷ്യു ചെയ്ത 500 ഓഹരികളിൽ 2 രൂപ അവസാന കാൾ നൽകാത്തതിനാൽ ഓഹരികൾ കണ്ടുകെട്ടുന്നു. ഈ ഓഹരികൾ റീ ഇഷ്യു ചെയ്താൽ കമ്പനിക്ക് നൽകാവുന്ന പരമാവധി കിഴിവ് എത്രയാണ്?

4. തന്നിരിക്കുന്ന ജേർണലിനു നരേഷൻ നൽകുക.

ഇക്വിറ്റി ഷെയർ ക്യാപിറ്റൽ a/c Dr	4000	
ഇക്വിറ്റി ഷെയർ അവസാന കാൾ a/c	1000	
ഫോർഫീറ്റഡ് ഷെയർ a/c		3000
(?)		

സംഗ്രഹം

- **കമ്പനി :** ഒരു ബിസിനസ്സ് നടത്തുന്നതിനായി സ്വമേധയാ ഒരു കൂട്ടം വ്യക്തികൾ ഒത്തുചേർന്ന് രൂപീകരിക്കുന്ന സംരംഭം.
- **വിവിധ തരത്തിലുള്ള മൂലധനം :** അംഗീകൃത മൂലധനം, പുറപ്പെടുവിച്ച മൂലധനം, ഏറ്റെടുത്ത മൂലധനം, വിളിക്കപ്പെട്ട മൂലധനം, അടച്ചു തീർത്ത മൂലധനം.
- **ഇക്വിറ്റി ഓഹരികൾ:** മുൻഗണനാ ഓഹരികൾ അല്ലാത്ത എല്ലാ ഓഹരികളും.
- **മുൻഗണനാ ഓഹരികൾ:** രണ്ട് കാര്യങ്ങളിലാണ് മുൻഗണന ലഭിക്കുന്നത്.

  - കമ്പനിയുടെ ലാഭം പങ്കുവെയ്ക്കുന്ന സമയത്ത്.

  - കമ്പനി അടച്ചു പൂട്ടുമ്പോൾ മൂലധനം തിരിച്ചുകൊടുക്കുമ്പോൾ
- **കാൾ കുടിശ്ശിക :** കമ്പനി ആവശ്യപ്പെടുന്ന നിശ്ചിത സമയത്തിനുള്ളിൽ അലോട്ട്മെന്റ് തുകയോ, കാളുകളോ നൽകുന്നതിൽ വീഴ്ച വരുത്തുക.

- **മുൻകൂർ കാൾ തുക :** കമ്പനി ആവശ്യപ്പെടാതെ തന്നെ അലോട്ട്മെന്റോ, കാളുകളോ മുൻകൂറായി ആപ്ലിക്കേഷന്റെ കൂടെ നൽകുന്നു.
- **അധിക അപേക്ഷ:** കമ്പനി ഇഷ്യു ചെയ്യുന്ന ഓഹരകിളേക്കാൾ കൂടുതൽ അപേക്ഷകൾ ലഭിക്കുന്നതിനെ അമിത അപേക്ഷ എന്ന് വിളിക്കുന്നു.
- **അപര്യാപ്ത അപേക്ഷ:** ഇഷ്യു ചെയ്യുന്ന ഓഹരികളേക്കാൾ കുറവ് അപേക്ഷകൾ കമ്പനിക്ക് ലഭിക്കുന്നു.
- **ഓഹരി കണ്ടുകെട്ടൽ :** നിശ്ചിത സമയത്തിനുള്ളിൽ കമ്പനി ആവശ്യപ്പെടുന്ന അലോട്ട്മെന്റ് തുകയോ കാൾ തുകയോ നൽകാതായാൽ ഈ ഓഹരികൾ കണ്ടുകെട്ടാവുന്നതാണ്.
- **ഓഹരി ഇഷ്യു ചെയ്യുന്നത്:** ഓഹരികൾ മുഖവിലക്കോ, പ്രീമിയത്തിലോ, കിഴിവിലോ ഇഷ്യു ചെയ്യാവുന്നതാണ്.
- **പണമല്ലാതെ മറ്റു പരിഗണനകൾക്ക് ഓഹരികൾ ഇഷ്യു ചെയ്യുമ്പോൾ:** ചിലപ്പോൾ ആസ്തികൾ വാങ്ങുമ്പോൾ പണത്തിനു പകരമായി തത്തുല്യമായ ഓഹരികൾ ഇഷ്യു ചെയ്യുന്നു.

- **അവകാശ ഓഹരികൾ :** നിലവിലുള്ള ഓഹരിയുടമകൾക്ക് അധിക മൂലധന സമാഹരണത്തിനായി ഓഹരികൾ ഇഷ്യു ചെയ്യുമ്പോൾ വാഗ്ദാനം ചെയ്യുന്നതിനെ അവകാശ ഓഹരികൾ എന്ന് വിളിക്കുന്നു.

സ്വയം വിലയിരുത്തൽ ചെക്ക്‌ലിസ്റ്റ്

	പൂർണമായി കഴിയുന്നു	ഭാഗികമായി കഴിയുന്നു	മെച്ചപ്പെടേണ്ടതുണ്ട്
• ഓഹരികൾ മുഖവിലക്കോ, പ്രീമിയത്തിലോ കിഴിവിലോ ഇഷ്യു ചെയ്യുമ്പോൾ രേഖപ്പെടുത്തേണ്ട ജേർണൽ എൻട്രി			
• ഓഹരി കണ്ടുകെട്ടുന്നതുമായി രേഖപ്പെടുത്തേണ്ട ജേർണൽ എൻട്രികൾ			
• കണ്ടുകെട്ടിയ ഓഹരികളുടെ കണക്കു രേഖപ്പെടുത്തൽ			

സ്വയംവിലയിരുത്തൽ ചോദ്യങ്ങളുടെ ഉത്തരസൂചിക

1. 1.

1. ബാങ്ക് a/c Dr	2600	
To ഇക്വിറ്റി ഷെയർ ആപ്ലിക്കേഷൻ a/c		2600
(അപേക്ഷാ പണം ലഭിക്കുന്നു)		
2. ഇക്വിറ്റി ഷെയർ ആപ്ലിക്കേഷൻ a/c Dr	2600	
To ഇക്വിറ്റി ഷെയർ ക്യാപിറ്റൽ a/c		2000
To ബാങ്ക്		600
(അപേക്ഷാപണം ക്യാപിറ്റലിലേക്ക് മാറ്റുകയും അധിക അപേക്ഷ നിരസിക്കുന്നു)		

2. മുഖ വിലയിൽ (Parvalue)
3. ഈസ്റ്റ് ഇന്ത്യാ കമ്പനി
4. റിസർവ് ക്യാപിറ്റൽ

2. 1. 25000 : 30,000 = 5:6 എല്ലാ 6 ഓഹരി ചോദിച്ചവർക്കും 5 ഓഹരികൾ നൽകുന്നു.
2. (എ) പ്രീമിയത്തിൽ ഇഷ്യു ചെയ്യുന്നു

(ബി) അലോട്ട്മെന്റ് a/c Dr (1000 x 140)	1,40,000	
To ഷെയർ ക്യാപിറ്റൽ a/c (1000 x 40)		40,000
To സെക്യൂരിറ്റീസ് പ്രീമിയം a/c (1000 x 100)		1,00,000
(അലോട്ട്മെന്റ് ആവശ്യപ്പെടുന്നു)		

3. (എ) ബോണസ് ഓഹരികൾ ഇഷ്യു ചെയ്യുന്നതിന്
(ബി) ആരംഭ ചെലവുകൾ ഉണ്ടെങ്കിൽ എഴുതി തള്ളുന്നതിന്
(സി) ഓഹരികൾ ഇഷ്യു ചെയ്യുന്നതിന് വരുന്ന കമ്മീഷൻ ചെലവ് എന്നിവ ഉണ്ടായിട്ടുണ്ടെങ്കിൽ അവയെ എഴുതി തള്ളാൻ ഉപയോഗിക്കുന്നു.
4. (എ) 10,000 രൂപ ഡബിറ്റ് ചെയ്യുന്നു - അപ്ലിക്കേഷൻ a/c ൽ
(ബി) 2000 രൂപ ക്രഡിറ്റ് ചെയ്യുന്നു - ഷെയർ ക്യാപിറ്റൽ a/c.
5. പേജ് നം. 28,29 എന്നിവ കാണുക.

3. 1. (സി) ആവശ്യപ്പെട്ട മൂലധനം

2. ഇ.എക്സ്.ഒ.പി കമ്പനിയിൽ നിലവിലുള്ള ജീവനക്കാർക്ക്

3. 8/- രൂപ

4. 400 ഓഹരികൾ അവസാന കാൾ നൽകാത്തതിനാൽ കണ്ടുകെട്ടുന്നു.

വിലയിരുത്തൽ ചോദ്യങ്ങൾ

1. ഒരു കമ്പനി 1000 ഓഹരികൾ ഇഷ്യു ചെയ്യുകയും 1700 അപേക്ഷകൾ ലഭിക്കുകയും ചെയ്യുന്നു. താഴെ പറയുന്ന തവണകളിലാണ് ഓഹരി ഇഷ്യു ചെയ്യുന്നത്.

   3 രൂപ - അപേക്ഷാ തുക

   3 രൂപ - അലോട്ട്മെന്റ് തുക

   4 രൂപ - ആദ്യ-അവസാന കാൾ തുക

   എ) മേൽപറഞ്ഞ സാഹചര്യത്തെ വിളിക്കുന്നത്?

   ബി) കമ്പനിയുടെ ഓഹരി മൂലധന അക്കൗണ്ടിൽ അപേക്ഷാ സമയത്ത് ക്രഡിറ്റ് ചെയ്യേണ്ട തുക എത്രയാണ്?

   സി) അധികം വന്ന ഓഹരിക്കുള്ള അപേക്ഷകൾ കമ്പനി നിരസിച്ചാൽ ഏത് അക്കൗണ്ടിനെയാണ് ക്രഡിറ്റ് ചെയ്യേണ്ടത്?

   ഡി) അധികം വഎന്ന അപേക്ഷാ തുക കമ്പനി നിരസിച്ചാൽ ക്രഡിറ്റ് നൽകേണ്ട അക്കൗണ്ടുകൾ ഏതെല്ലാം?

2. ഒരു കമ്പനി അവസാന കാൾ ആയ 2 രൂപ 20,000 ഇക്വിറ്റി ഓഹരികളിൽ ആവശ്യപ്പെടുന്നു. 300 ഓഹരികൾ കൈവശമുള്ള രാജു കാൾ തുക നൽകുന്നില്ല. കാൾ കുടിശ്ശിക അക്കൗണ്ട് തുറക്കുന്നില്ലെങ്കിൽ രേഖപ്പെടുത്തേണ്ട ജേർണൽ എൻട്രി എഴുതുക.

3. ജെ.ജെ. ലിമിറ്റഡ് 10,000 ഇക്വിറ്റി ഓഹരികൾ 10 രൂപ നിരക്കിൽ 10% പ്രീമിയത്തിൽ ഇഷ്യു ചെയ്യുന്നു. എല്ലാ ഓഹരികളും ആളുകൾ വാങ്ങുന്നു. കമ്പനി സ്വരൂപിക്കുന്ന 10% അധികം തുക എന്തിനെല്ലാം ഉപയോഗപ്പെടുത്താനാവും എന്ന് വിശദീകരിക്കാമോ?

4. പൊതുമേഖലാ കമ്പനികളെയും, സ്വകാര്യ കമ്പനികളെയും തമ്മിൽ വിവേചിക്കുക.

വിലയിരുത്തൽ ചോദ്യങ്ങളുടെ ഉത്തരസൂചിക

1. എ) അധിക അപേക്ഷകർ (ഓവർ സബ്സ്ക്രിപ്ഷൻ)

   ബി) 3,000 രൂപ

സി) ബാങ്ക് അക്കൗണ്ടിനെ ക്രഡിറ്റ് ചെയ്യണം

ഡി) 2100 രൂപയുടെ ക്രഡിറ്റ് അലോട്ട്മെന്റ് a/c ന് നൽകണം.

2.

ഇക്വിറ്റി ഷെയർ അവസാന കാൾ a/c Dr To ഷെയർ ക്യാപിറ്റൽ a/c (കാൾ തുക ആവശ്യപ്പെടുന്നു.)	40,000	40,000
ബാങ്ക് a/c Dr To ഇക്വിറ്റി ഷെയർ അവസാന കാൾ a/c (കുടിശ്ശിക കഴിച്ച ബാക്കി തുക ബാങ്കിൽ ലഭിക്കുന്നു)	39,400	39,400

3. എ) ബോണസ് ഷെയറുകൾ ഇഷ്യു ചെയ്യുന്നതിന്

ബി) പ്രാരംഭ ചെലവുകൾ എഴുതിത്തള്ളുന്നതിന്

സി) ഓഹരികൾ, കടപത്രം എന്നിവ ഇഷ്യു ചെയ്യുമ്പോൾ ഉണ്ടാവുന്ന ചെലവുകൾ, കമ്മീഷൻ നൽകിയത്, കിഴിവുകൾ നൽകിയത് എന്നിവ എഴുതിത്തള്ളുന്നതിന്.

4.

	പബ്ലിക് കമ്പനി	സ്വകാര്യ കമ്പനി
1.	ചുരുങ്ങിയ അംഗസംഖ്യ -7	ചുരുങ്ങിയ അംഗ സംഖ്യ-2
2.	ചുരുങ്ങിയ ഡയറക്ടർമാരുടെ എണ്ണം - 3	ചുരുങ്ങിയ ഡയറക്ടർമാരുടെ എണ്ണം - 2
3.	പ്രോസ്പെക്റ്റസ് - വേണം	വേണ്ട

തുടർപ്രവർത്തനങ്ങൾ

1. പുതിയ കമ്പനികളുടെ ഓഹരി ഇഷ്യുവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പത്രങ്ങളിൽ നിന്നോ പ്രോസ്പെക്റ്റസിൽ നിന്നോ സ്വരൂപിച്ച് ചെറു കുറിപ്പ് തയാറാക്കുക.

2. പ്രീമിയത്തിൽ ഓഹരികൾ ഇഷ്യു ചെയ്ത കമ്പനികളുടെ വിശദാംശങ്ങൾ താഴെ പറയുന്ന പട്ടികയിൽ ഉൾപ്പെടുത്തുക. ഏതെങ്കിലും 3 കമ്പനികൾ

ക്രമ നമ്പർ	കമ്പനിയുടെ പേര്	മുംബൈ സ്റ്റോക്ക് എക്സ്ചേഞ്ചിലെ ഓഹരിയുടെ മുഖവില	പ്രീമിയം തുക	വിപണി വില

തുടർവായന സാമഗ്രികൾ

എൻ.സി.ഇ.ആർ.ടി ടെസ്റ്റ്ബുക്ക്

പദസൂചിക

- **കണ്ടുകെട്ടൽ** - ഓഹരിയിന്മേൽ വിളിച്ച പണം നിശ്ചിത സമയത്ത് നൽകാതെ വരുമ്പോൾ കമ്പനി ഓഹരി കണ്ടുകെട്ടുന്നു.
- **പ്രോറേറ്റ അലോട്ട്മെന്റ്** - കമ്പനി ഇഷ്യു ചെയ്ത ഓഹരിയുടെ എണ്ണത്തേക്കാൾ കൂടുതൽ അപേക്ഷ ലഭിക്കുകയും, ലഭിച്ച അപേക്ഷകൾക്കെല്ലാം ഓഹരി ആനുപാതികമായി നൽകാൻ തീരുമാനിച്ചാൽ പ്രോറേറ്റ അലോട്ട്മെന്റ് എന്നു വിളിക്കാം.
- **പ്രീമിയം** - ഓഹരിയുടെ മുഖ വിലയേക്കാൾ കൂടുതൽ തുകയ്ക്ക് ഓഹരി ഇഷ്യു നടത്തിയാൽ, ഓഹരികൾ പ്രീമിയത്തിൽ ഇഷ്യു ചെയ്യുന്നു.
- **കാൾ കുടിശ്ശിക** - ഓഹരിയിന്മേൽ പണം കുടിശ്ശിക വരുത്തുക.
- **മുൻകൂർ കാൾ** - ഓഹരിയിൽ ലഭിക്കാനുള്ള തുക മുൻകൂറായി പണം കമ്പനി ആവശ്യപ്പെടാതെ തന്നെ നൽകുക.

2

കമ്പനി അക്കൗണ്ടുകൾ – കടപത്രങ്ങളുടെ അക്കൗണ്ട്

(Company Accounts - Accounting for Debentures)

ആമുഖം

ജോയിന്റ് സ്റ്റോക്ക് കമ്പനികളുടെ വികസനത്തിനും ആധുനികവത്കരണത്തിനും വൈവിധ്യവത്കരണത്തിനും ദീർഘകാലാടിസ്ഥാനത്തിലുള്ള സാമ്പത്തികം അനിവാര്യമാണ്. ദീർഘകാല സാമ്പത്തിക ഉറവിടങ്ങളിൽ ഒന്നാണ് കടപത്രങ്ങൾ. ഈ കടപത്രങ്ങളെക്കുറിച്ചും അവയുടെ വിതരണം, പരിപാലനം തുടങ്ങിയവയുമായി ബന്ധപ്പെട്ട കണക്കെഴുത്തുകളും ഒരു വാണിജ്യശാസ്ത്ര വിദ്യാർത്ഥി നിർബന്ധമായും അറിഞ്ഞിരിക്കേണ്ടതാണ്.

പഠനനേട്ടങ്ങൾ

- കടപത്രങ്ങളുടെ അർത്ഥം വിശദീകരിക്കുന്നു.
- വിവിധതരം കടപത്രങ്ങൾ വിവേചിച്ചറിയുന്നു.
- കടപത്രങ്ങൾ ഓഹരികളിൽ നിന്നും എപ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു എന്ന് വിവരിക്കുന്നു.
- കടപത്രങ്ങൾ വിതരണം ചെയ്യുന്ന വിവിധ സാഹചര്യങ്ങൾ വിശദീകരിക്കുന്നു.
- കടപത്രങ്ങളുടെ വിതരണത്തിലേയും മടക്കിനൽകലിലേയും വിവിധ വ്യവസ്ഥകൾ വിവരിക്കുന്നു.
- ഓരോ വ്യവസ്ഥകൾ അനുസരിച്ച് കടപത്രങ്ങൾ വിതരണം ചെയ്യുമ്പോഴും മടക്കിനൽകുമ്പോഴും ആവശ്യമായ ജേർണലുകളും ലഡ്ജറുകളും തയാറാക്കുന്നു.
- കടപത്രങ്ങൾ മടക്കിനൽകുന്നതിനാവശ്യമായ സാമ്പത്തിക സ്രോതസ്സുകൾ സംബന്ധിച്ചു വിവരിക്കുന്നു.
- കടപത്രം മടക്കിനൽകുന്ന വിവിധരീതികൾ വിശദീകരിക്കുന്നു.

നിത്യജീവിതത്തിൽ പണം കടം വാങ്ങുന്നവരാണ് നമ്മിൽ ഭൂരിപക്ഷവും. ഇങ്ങനെ കടം വാങ്ങേണ്ടിവരുമ്പോൾ നാം പ്രധാനമായും ആശ്രയിക്കുന്നത് പൊതുമേഖലാ ബാങ്കുകൾ, പ്രൈവറ്റ് ബാങ്കുകൾ, ധനകാര്യസ്ഥാപനങ്ങൾ എന്നിവയെ ആണ്. കൂടാതെ പൊതുസമൂഹത്തിൽ (സുഹൃത്തുക്കൾ, ബന്ധുക്കൾ, അയൽക്കാർ, തുടങ്ങിയവർ) നിന്നും കടം വാങ്ങാറുണ്ട്. കമ്പനികളും ഇപ്രകാരം ബാങ്കുകളിൽനിന്നും ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ഹ്രസ്വകാല ദീർഘകാല വായ്പകൾ എടുക്കാറുണ്ട്. അതോടൊപ്പം ദീർഘകാലാടിസ്ഥാനത്തിൽ പൊതുസമൂഹത്തിൽനിന്നും കടം വാങ്ങാറുണ്ട്. ഇപ്രകാരം കമ്പനികൾ വാങ്ങുന്ന പൊതുകടത്തെ സൂചിപ്പിക്കുന്ന പ്രമാണങ്ങളെയാണ് കടപത്രങ്ങൾ എന്നു പറയുന്നത്.

ഓഹരികളുടെ കാര്യത്തിൽ സൂചിപ്പിച്ചതുപോലെ ഒരു നിശ്ചിത തുകയായിരിക്കും ഒരു കടപത്രത്തിന്റെ വില. ഓഹരികൾ വിതരണം ചെയ്തത് പോലെ തന്നെ കടപത്രങ്ങളും വിതരണം ചെയ്യുന്നു. ഓഹരികൾപോലെ ഇവ കൈമാറ്റവും ചെയ്യാം. എന്നാൽ ഓഹരികളിൽനിന്ന് വ്യത്യസ്തമായി നിശ്ചിത കാലത്തിനു ശേഷം ഇവയുടെ തുക മടക്കി നൽകുന്നതാണ്.

ഡിബഞ്ചർ (Debenture) എന്ന ഇംഗ്ലീഷ് വാക്കാണ് കടപത്രങ്ങളെ സൂചിപ്പിക്കുവാൻ ഉപയോഗിക്കുന്നത്. ഡിബേരേ (Debere) എന്ന ലത്തീൻ വാക്കിൽനിന്നാണ് ഡിബഞ്ചർ എന്ന വാക്ക് രൂപപ്പെട്ടത്. കടപ്പെട്ടിരിക്കുക എന്നാണ് ഡിബേരേ എന്ന വാക്കിന്റെ അർഥം.

ഒരു കമ്പനി പൊതുജനത്തിൽനിന്ന് വാങ്ങിയിട്ടുള്ള കടത്തിന്റെ ബാദ്ധ്യത വെളിപ്പെടുത്തുന്ന പ്രമാണങ്ങളെ കടപത്രങ്ങൾ എന്ന് പറയുന്നു. കടപത്രങ്ങൾ വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട വ്യവസ്ഥകളും നിയമങ്ങളും അനുസരിച്ച് അവയെ വിവിധതരങ്ങളായി തിരിച്ചിരിക്കുന്നു. കടപത്രങ്ങളെ തരംതിരിക്കുന്നതിനായി പരിഗണിച്ചിട്ടുള്ള പ്രധാന അടിസ്ഥാനങ്ങൾ ചുവടെ ചേർക്കുന്നു.

1. **ഈട് (Security)**
2. **കാലാവധി (Tenure)**
3. **മടക്കിനൽകൽ രീതി (Mode of redemption)**
4. **കൂപ്പൺ നിരക്ക് (Coupon rate)**
5. **കൈമാറ്റക്ഷമത (Transferability)**

ഈടിന്റെ അടിസ്ഥാനത്തിൽ

ഈട് നൽകുക, ഈട് വയ്ക്കുക എന്നിവയെല്ലാം നമുക്ക് പരിചിതമായ പദശകലങ്ങളാണ്. വായ്പയെടുക്കലുമായി ബന്ധപ്പെട്ടാണ് ഈ പദശകലങ്ങൾ ഉപയോഗിക്കുന്നത്. നിങ്ങൾ സാധാരണ വായ്പ എടുക്കുന്നവരാണ്. ഇപ്രകാരം വായ്പകൾ എടുക്കുമ്പോൾ ചിലപ്പോൾ വസ്തുവിന്റെ പ്രമാണം, സ്വർണ്ണം തുടങ്ങി നിങ്ങളുടെ ഉടമസ്ഥതയിലുള്ള എന്തെങ്കിലും ഈടായി നൽകും. ചിലപ്പോൾ ഒന്നും നൽകാതെയും വായ്പ എടുക്കും. ഇപ്രകാരം കമ്പനിയുടെ ആസ്തിയുടെ ഈടിൻമേൽ പുറപ്പെടുവിക്കുന്ന കടപത്രങ്ങളെ ഈടിൻമേലുള്ള കടപത്രങ്ങൾ (Secured Debentures) അഥവാ പണയത്തിൻമേലുള്ള കടപത്രങ്ങൾ (Mort gape Debentures) എന്നു വിളിക്കുന്നു. ആസ്തിയുടെ ഈടിൻമേൽ അല്ലാതെ പുറപ്പെടുവിക്കുന്ന കടപത്രങ്ങളെ ഈട് രഹിത കടപത്രങ്ങൾ (Unsecured Debentures) അഥവാ ലളിത കടപത്രങ്ങൾ (Simple Debentures) എന്നു വിളിക്കുന്നു.

കാലാവധിയുടെ അടിസ്ഥാനത്തിൽ

കടപത്രങ്ങളുടെ തുക മടക്കി നൽകേണ്ടതുണ്ട് എന്ന കാര്യം നിങ്ങൾക്കറിയാമല്ലോ. അപ്പോഴുണ്ടാകുന്ന ചോദ്യമാണ് എന്നാണ് മടക്കി നൽകേണ്ടത്? എന്നത്. ചിലപ്പോൾ ഒരു നിശ്ചിത തീയതി പറഞ്ഞിരിക്കും അല്ലെങ്കിൽ സ്ഥാപനം അവസാനിക്കു

ബോൾ തിരികെ നൽകും. ഇപ്രകാരം ഒരു നിശ്ചിത കാലാവധിക്കുശേഷം (ഉദാഹരണത്തനു 5 വർഷത്തിനുശേഷം) പണം മടക്കി നൽകുകയാണെങ്കിൽ അവയെ പിൻവലിക്കാവുന്ന കടപത്രങ്ങൾ (Redeemable Debentures) എന്നും സ്ഥാപനം നിലനിൽക്കുന്ന കാലത്തോളം മടക്കിനൽകേണ്ടതില്ലാത്ത കടപത്രങ്ങളെ പിൻവലിക്കാത്ത കടപത്രങ്ങൾ (Irredeemable Debentures) എന്നും പറയാം.

മടക്കിനൽകൽ രീതിയുടെ അടിസ്ഥാനത്തിൽ

ഒരാൾ നിങ്ങളുടെ കയ്യിൽനിന്നും 1000 രൂപ ഒരു മാസത്തിനുശേഷം മടക്കിനൽകാമെന്ന വ്യവസ്ഥയിൽ കടം വാങ്ങിയെന്നിരിക്കട്ടെ. ഒരു മാസം കഴിഞ്ഞു തൽക്കാലം നൽകാൻ പണം കൈവശം ഇല്ല എന്നും പകരം എന്തെങ്കിലും വസ്തുക്കൾ തരാമെന്നും അയാൾ പറഞ്ഞാൽ എന്തായിരിക്കും നിങ്ങളുടെ പ്രതികരണം. ചിലപ്പോൾ നിങ്ങൾ പറയും പണം തന്നെ മടക്കി നൽകണം. അല്ലെങ്കിൽ പറയും എന്തെങ്കിലും തന്നാലും മതിയെന്ന്. കടപത്രങ്ങൾ തിരികെ നൽകുന്ന ഘട്ടത്തിലും കമ്പനികൾക്കു ഇപ്രകാരമൊരു സാധ്യതയുണ്ട്. ഒന്നുകിൽ നിശ്ചിത തീയതിയിൽ കടപത്രങ്ങളുടെ തുക പണമായി തിരികെ നൽകാം അല്ലെങ്കിൽ ഈ കടപത്രങ്ങളെ സാധാരണ ഓഹരികളോ മുൻഗണനാ ഓഹരികളോ ആക്കി മാറ്റാം. ഇപ്രകാരം നിശ്ചിത കാലാവധിക്കുശേഷം സാധാരണ ഓഹരികളോ മുൻഗണനാ ഓഹരികളോ എന്തിനേറെ പുതിയ കടപത്രങ്ങളോ ആക്കി മാറ്റാവുന്ന കടപത്രങ്ങളെ പരിവർത്തിത കടപത്രങ്ങൾ (Convertable Debentures) എന്നും എന്നാൽ ഇപ്രകാരം മാറ്റാൻ അനുവാദമില്ലാത്ത കടപത്രങ്ങളെ അപരിവർത്തിത കടപത്രങ്ങൾ (Non convertable Debentures) എന്നും വിളിക്കുന്നു.

കൂപ്പൺ നിരക്ക് അടിസ്ഥാനത്തിൽ

നമ്മിൽ പലരും പണം കടം വാങ്ങുന്നവരാണ്. ഇപ്രകാരം കടം വാങ്ങുമ്പോൾ പലിശ ഉൾപ്പെടെ മടക്കി നൽകുകയും വേണം. പലിശ ഈടാക്കാൻ രണ്ടു രീതികൾ അവലംബിക്കാറുണ്ട്. ചിലപ്പോൾ ഒരു നിശ്ചിത നിരക്ക് പറഞ്ഞിരിക്കും അതനുസരിച്ച് പലിശ കണക്കാക്കി പലിശയും മുതലും ചേർത്തു നൽകും. അതേസമയം നിശ്ചിത നിരക്ക് പറയാതെ കുറഞ്ഞ തുക നൽകി കൂടിയ തുക തിരിച്ചു വാങ്ങുന്ന രീതിയും ഉണ്ട്. ഉദാഹരണത്തിന് 1000 രൂപ 12% പലിശയ്ക്ക് വാങ്ങിയാൽ ഒരു വർഷം കഴിയുമ്പോൾ 1120 രൂപയായി തിരികെ നൽകണം. ചിലപ്പോൾ 900 രൂപ നൽകിയശേഷം 1000 രൂപയായി തിരികെ നൽകണം.

കടപത്രങ്ങൾ വിതരണം ചെയ്യുമ്പോഴും കമ്പനികൾക്ക് ഈ മാതൃകകൾ അവലംബിക്കാവുന്നതാണ്. ഒരു നിശ്ചിത പലിശനിരക്ക് സൂചിപ്പിച്ചുകൊണ്ട് പുറപ്പെടുവിക്കുന്ന കടപത്രങ്ങളെ നിരക്കധിഷ്ഠിത കടപത്രങ്ങൾ (Specific rate Debentures) എന്നും എന്നാൽ നിശ്ചിതനിരക്ക് സൂചിപ്പിക്കാതെ വില കുറച്ച് (Discount) പുറപ്പെടുവിക്കുന്ന കടപത്രങ്ങളെ നിരക്ക് രഹിത കടപത്രങ്ങൾ (Zero rate Debentures) എന്നും പറയുന്നു.

കൈമാറ്റക്ഷമതയുടെ അടിസ്ഥാനത്തിൽ

നിങ്ങളുടെ ഒരു സ്കൂട്ടർ മറ്റൊരാൾക്ക് വിൽക്കണമെങ്കിൽ വാഹനം നൽകി പണം വാങ്ങിയാൽ മാത്രം മതിയോ? പോരാ. പിന്നെ എന്തു ചെയ്യണം. ആർ.ടി.ഓ.ഓഫീസിൽ അറിയിച്ച് വണ്ടിയുടെ ഉടമസ്ഥന്റെ പേര് മാറ്റണം. എന്തുകൊണ്ടാണ് ഇത് വേണ്ടി വരുന്നത്? വണ്ടി ആർ.ടി.ഓ.ഓഫീസിൽ ഒരാളുടെ പേരിൽ രജിസ്റ്റർ ചെയ്തിരിക്കുന്നുവെന്നത് തന്നെയാണ് ഇതിനു കാരണം. അതേസമയം നിങ്ങളുടെ ഒരു വാച്ച് മറ്റൊരാൾക്ക് വിൽക്കുമ്പോൾ ഇത്തരം പ്രശ്നങ്ങൾ ഉണ്ടോ? ഇല്ല. ഇപ്രകാരം കടപത്രങ്ങൾ പുറപ്പെടുവിക്കുമ്പോൾ കമ്പനിയുടെ രജിസ്റ്ററിൽ ഉടമസ്ഥന്റെ പേര് വിവരങ്ങൾ രേഖപ്പെടുത്തിയാണ് നൽകുന്നതെങ്കിൽ അത്തരം കടപത്രങ്ങൾ കമ്പനിയുടെ അറിവോടെ മാത്രമേ കൈമാറ്റം ചെയ്യാൻ കഴിയുകയുള്ളൂ. ഇത്തരം കടപത്രങ്ങളെ രജിസ്റ്റേർഡ് കടപത്രങ്ങൾ (Registered Debentures) എന്നു പറയുന്നു. എന്നാൽ വെറും കൈമാറ്റത്തിലൂടെ ഉടമസ്ഥാവകാശം മാറ്റാവുന്ന കടുപത്രങ്ങളെ കൈവശ കടപത്രങ്ങൾ (Bearer Debentures) എന്നും വിളിക്കുന്നു.



സ്വയം വിലയിരുത്തൽ ചോദ്യങ്ങൾ – 1

ശരിയോ തെറ്റോ എന്ന് നിശ്ചയിക്കുക. തെറ്റെങ്കിൽ ആവശ്യമായ വിശദീകരണം നൽകുക.

a. കടപത്രങ്ങൾ പുറപ്പെടുവിക്കുമ്പോൾ കമ്പനിയുടെ മൂലധനം വർദ്ധിക്കുന്നു.

b. കടപത്രയുടമകൾ കമ്പനിയുടെ ക്രഡിറ്റേഴ്സ് ആണ്.

c. കടപത്രങ്ങൾക്ക് നിശ്ചിത ശതമാനം പലിശ ഉണ്ടായിരിക്കും.

d. നിശ്ചിതകാലത്തിന് ശേഷം ഓഹരികളാക്കി മാറ്റാവുന്ന കടപത്രങ്ങൾ ഉണ്ട്.
e. രജിസ്ട്രേഡ് കടപത്രങ്ങൾ, കൈവശ കടപത്രങ്ങൾ എന്നിങ്ങനെ കടപത്രങ്ങളെ കാലാവധിയുടെ അടിസ്ഥാനത്തിൽ വിഭജിച്ചിരിക്കുന്നു.

കടപത്രങ്ങളും ഓഹരികളും

കടപത്രങ്ങളെയും ഓഹരികളെയും കുറിച്ച് നാം പഠിച്ചുകഴിഞ്ഞു. രണ്ടും കമ്പനികൾ പുറപ്പെടുവിക്കുന്ന പ്രമാണങ്ങളാണ് എന്നും രണ്ടിന്റേയും ലക്ഷ്യം കമ്പനിക്കാവശ്യമായ ധനം ശേഖരിക്കലാണ് എന്നും രണ്ടും ദീർഘകാലാടിസ്ഥാനത്തിലുള്ള ധനസ്രോതസ്സ് ആണ് എന്നും നമുക്കറിയാം. അതേസമയം ഇവരണ്ടും ഒന്നല്ല എന്നും മനസ്സിലാക്കാം. അങ്ങനെയെങ്കിൽ അവ തമ്മിലുള്ള വ്യത്യാസങ്ങൾ വിശകലനം ചെയ്യാം.
ചുവടെ ചേർക്കുന്ന പട്ടിക പരിശോധിക്കുക

ഓഹരികൾ	കടപത്രങ്ങൾ
1. ഉടമസ്ഥാവകാശം നൽകുന്ന പ്രമാണങ്ങളാണ്.	1. ക്രെഡിറ്റർ പദവി നൽകുന്ന പ്രമാണങ്ങളാണ്.
2. ഈട് രഹിതമായി പുറപ്പെടുവിക്കുന്നു	2. ഈടിൻമേൽ പുറപ്പെടുവിക്കുന്നു
3. നിശ്ചിതശതമാനം ഡിവിഡന്റ് നൽകുന്നു	3. നിശ്ചിതശതമാനം പലിശ നൽകുന്നു
4. ലാഭമുണ്ടെങ്കിൽ മാത്രം ഡിവിഡന്റ് നൽകിയാൽ മതി.	4. ലാഭമില്ലെങ്കിലും പലിശ നൽകണം
5. ഓഹരിയുടമകൾക്ക് കമ്പനിയുടെ പൊതുയോഗത്തിൽ പങ്കെടുക്കാനും വോട്ട് ചെയ്യാനും അവകാശമുണ്ട്.	5. കടപത്രയുടമകൾക്ക് കമ്പനിയുടെ പൊതുയോഗത്തിൽ പങ്കെടുക്കാനോ വോട്ട് ചെയ്യാനോ അവകാശമില്ല.
6. കമ്പനി പ്രവർത്തനം അവസാനിക്കുമ്പോൾ മാത്രം തുക മടക്കി നൽകിയാൽ മതി.	6. പൊതുനിശ്ചിത കാലാവധിക്കുശേഷം തുക മടക്കി നൽകണം.
7. കമ്പനി പ്രവർത്തനം നിർത്തുമ്പോൾ ഏറ്റവും അവസാനം കൊടുത്തുതീർക്കുന്ന തുക	7. കമ്പനി പ്രവർത്തനം നിർത്തുമ്പോൾ ഏറ്റവും ആദ്യം കൊടുത്തുതീർക്കുന്ന തുക

കടപത്രങ്ങളുടെ പുറപ്പെടുവിക്കലുമായി ബന്ധപ്പെട്ട കണക്കെഴുത്ത്

കടപത്രങ്ങളുടെ പുറപ്പെടുവിക്കലുമായി ബന്ധപ്പെട്ട കണക്കെഴുത്തുകൾ മനസ്സിലാക്കുന്നതിനു മുൻപായി കടപത്രങ്ങൾ പുറപ്പെടുവിക്കുന്ന വിവിധ സാഹചര്യങ്ങൾ കൂടി വിശകലനം ചെയ്യേണ്ടതുണ്ട്. നാം കടം വാങ്ങുന്നത് എപ്പോഴാണ്? തീർച്ചയായും പണം ആവശ്യമുള്ളപ്പോൾ തന്നെയാണ്.

അപ്പോൾ നമുക്ക് പറയാം കമ്പനികളും പൊതുവെ പണത്തിനുവേണ്ടിയാണ് കട പത്രങ്ങൾ പുറപ്പെടുവിക്കുന്നത് എന്ന്. അതുകൂടാതെ ഏതെങ്കിലും ആസ്തികൾ വാങ്ങുമ്പോൾ പണം നൽകുന്നതിനുപകരം കടപത്രങ്ങൾ പുറപ്പെടുവിക്കാവുന്നതാണ്. അതായത് പണത്തിനുവേണ്ടിയല്ലാതെയും കടപത്രങ്ങൾ പുറപ്പെടുവിക്കുന്നു. ഈ രണ്ടു സാഹചര്യങ്ങളിലും കമ്പനിയ്ക്ക് പ്രതിഫലം ലഭിക്കുന്നുണ്ട്. ഒന്നുകിൽ പണമായിട്ട് അല്ലെങ്കിൽ മറ്റ് ആസ്തികൾ ആയിട്ട്. ഇനി പ്രത്യേകിച്ച് പ്രതിഫലം ഒന്നും ലഭിക്കാതെ വായ്പകളുടെ അധിക ഈടായും കടപത്രങ്ങൾ പുറപ്പെടുവിക്കാറുണ്ട്. ചുരുക്കത്തിൽ കടപത്രങ്ങൾ വിതരണം ചെയ്യുന്ന മൂന്നു സാഹചര്യങ്ങൾ ഉണ്ട് എന്ന് മനസ്സിലാക്കണം.

1. പണത്തിനുവേണ്ടി (For Cash)
2. പണമല്ലാതെയുള്ള പ്രതിഫലത്തിനുവേണ്ടി (For Consideration other than Cash)
3. അധിക ഈടായി (As collateral Security)

ഓരോ സാഹചര്യങ്ങളിലും എടുക്കേണ്ട ലളിതമായ നാൾവഴി (Journal) പരിചയപ്പെടാം. ചുവടെ ചേർക്കുന്ന പട്ടിക ശ്രദ്ധിക്കുക.

സാഹചര്യം	ഡബിറ്റ് അക്കൗണ്ട്	ക്രഡിറ്റ് അക്കൗണ്ട്	അനുബന്ധ വിവരണം
കടപത്രം പണത്തിനുവേണ്ടി പുറപ്പെടുവിക്കുമ്പോൾ	പണം	കടപത്രം	ബാങ്ക് വഴിയാണ് ഇടപാട് എങ്കിൽ ബാങ്കായിരിക്കും ഡബിറ്റ് അക്കൗണ്ട്
പണമല്ലാതെയുള്ള പ്രതിഫലത്തിനുവേണ്ടി പുറപ്പെടുവിക്കുമ്പോൾ (ആസ്തി വാങ്ങുമ്പോൾ)	ആസ്തി	കടപത്രം	ആദ്യം ആസ്തി കടത്തിനു വാങ്ങുകയും തുടർന്ന് കടപത്രം പുറപ്പെടുവിക്കുകയും ചെയ്യുമ്പോൾ വിൽപ്പനക്കാരൻ ഡബിറ്റ് അക്കൗണ്ട്.
വായ്പ ഈടായി കടപത്രം പുറപ്പെടുവിക്കുമ്പോൾ	------	കടപത്രം	പ്രതിഫലമായി ഒന്നും സ്വീകരിക്കാത്തതിനാൽ ഡബിറ്റ് അക്കൗണ്ട് ഇല്ല. എന്നാൽ ചിട്ടയായ കണക്കെഴുത്തിനായി കടപത്ര സസ്പെൻസ് അക്കൗണ്ട് ഡബിറ്റ് ചെയ്യണം.

സ്വയം വിലയിരുത്തൽ ചോദ്യങ്ങൾ – 2

ചുവടെ ചേർക്കുന്നവയുടെ ഡബിറ്റും ക്രഡിറ്റും നിശ്ചയിക്കുക

1. എ.ബി.ലിമിറ്റഡ് കമ്പനി 100 രൂപ വിലയുള്ള 1000 കടപത്രങ്ങൾ പുറപ്പെടുവിച്ചു.
2. സി.സി.ലിമിറ്റഡ് 2,00,000 രൂപ വിലയുള്ള ഒരു മെഷിനറി വാങ്ങിച്ചശേഷം കടപത്രങ്ങൾ പുറപ്പെടുവിച്ചു.
3. ശക്തി ലിമിറ്റഡ് 1000 രൂപ വിലയുള്ള 1000 കടപത്രങ്ങൾ പുറപ്പെടുവിക്കുകയും 250 രൂപ അപേക്ഷ തുകയായും 250 രൂപ അലോട്ട്മെന്റ് തുകയായും 500 രൂപ ഫസ്റ്റ്കാൾ തുകയായും സ്വീകരിച്ചു.
4. റെയൻ ലിമിറ്റഡ് വായ്പക്കുള്ള ഈടായി 500 ആയിരം രൂപയുടെ കടപത്രങ്ങൾ പുറപ്പെടുവിച്ചു.
5. പിങ്കു ലിമിറ്റഡ് മറിയ പ്രൈവറ്റ് ലിമിറ്റഡിൽ നിന്നും 5 ലക്ഷം രൂപയുടെ മെഷിനറി വാങ്ങിച്ചു. 1000 രൂപ വിലയുള്ള ആവശ്യമായ കടപത്രങ്ങൾ പിങ്കു ലിമിറ്റഡ് പുറപ്പെടുവിച്ചു.

ഉദാഹരണം : 2

ബ്രൂണോ കമ്പനി ലിമിറ്റഡ് 100 രൂപ മുഖവിലയുള്ള 13% കടപത്രങ്ങൾ 1000 എണ്ണം പുറപ്പെടുവിച്ചു. അപേക്ഷ സമയത്ത് 30 രൂപയും അലോട്ട്മെന്റ് സമയത്ത് 30 രൂപയും ഒന്നാമത്തേയും അവസാനത്തേയും കാൾ ആയി 40 രൂപയും സ്വീകരിച്ചു. ആവശ്യമായ ജേർണൽ എഴുതുക.

തീയതി	വിശദാംശങ്ങൾ	LF	ഡബിറ്റ്	ക്രഡിറ്റ്
	ബാങ്ക് അക്കൗണ്ട് Dr. To 13% കടപത്ര അപേക്ഷ അക്കൗണ്ട് (1000 കടപത്രത്തിനു 30 രൂപ നിരക്കിൽ അപേക്ഷാപണം ലഭിച്ചു.)		30,000	30,000
	13% കടപത്ര അപേക്ഷ അക്കൗണ്ട് Dr. To കടപത്രം അക്കൗണ്ട് (1000 കടപത്രത്തിന്റെ അപേക്ഷാപണം കടപത്രം അക്കൗണ്ടിലേയ്ക്ക് മാറ്റുന്നു.)		30,000	30,000
	13% കടപത്ര അലോട്ട്മെന്റ് അക്കൗണ്ട് Dr. To കടപത്രം അക്കൗണ്ട് (1000 കടപത്രങ്ങളുടെ അലോട്ട്മെന്റ് പണം ലഭിക്കേണ്ടതുണ്ട്.)		30,000	30,000
	ബാങ്ക് അക്കൗണ്ട് Dr. To 13% കടപത്ര അലോട്ട്മെന്റ് അക്കൗണ്ട് (അലോട്ട്മെന്റ് തുക ലഭിച്ചു.)		30,000	30,000

	ഫസ്റ്റ് കാൾ അക്കൗണ്ട് Dr. To 13% കടപത്രം അക്കൗണ്ട് (1000 കടപത്രങ്ങൾക്ക് 40 രൂപ നിരക്കിൽ കാൾമണി ലഭിക്കാറായി)		40,000	40,000
	ബാങ്ക് അക്കൗണ്ട് Dr. To ഫസ്റ്റ് കാൾ അക്കൗണ്ട് (1000 കടപത്രങ്ങൾക്ക് 40 രൂപ നിരക്കിൽ കാൾമണി ലഭിച്ചു.)		40,000	40,000

കടപത്രങ്ങളുടെ പുറപ്പെടുവിക്കലിലെയും മടക്കിനൽകലിലെയും വ്യവസ്ഥകൾ

കടപത്രങ്ങൾ പുറപ്പെടുവിക്കുന്നതുപോലെ പ്രധാനമാണ് അവയുടെ മടക്കിനൽകലും. കടപത്രങ്ങൾ പുറപ്പെടുവിക്കുന്ന സമയത്ത് തന്നെ മടക്കിനൽകൽ വ്യവസ്ഥകളും പറയാറുണ്ട്. ഓഹരികളുടെ കണക്കെഴുത്തിൽ പഠിച്ചതുപോലെ കടപത്രങ്ങളും മുഖവിലയ്ക്കും പ്രീമിയത്തിനും ഡിസ്ക്കൗണ്ടിനും പുറപ്പെടുവിക്കും. മടക്കിനൽകുന്നത് മുഖവിലയ്ക്കോ പ്രീമിയത്തിനോ ആയിരിക്കും. ഡിസ്ക്കൗണ്ടിൽ മടക്കി നൽകില്ല. കടപത്രങ്ങൾ പുറപ്പെടുവിച്ച് മടക്കിനൽകുന്നതുമായി ബന്ധപ്പെട്ട പ്രധാന വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.

കടപത്രങ്ങൾ അതിന്റെ യഥാർത്ഥ വിലയ്ക്ക് നൽകുമ്പോൾ മുഖവിലയ്ക്ക് പുറപ്പെടുവിച്ചുവെന്നും വില കുറച്ച് നൽകുമ്പോൾ ഡിസ്ക്കൗണ്ടിൽ പുറപ്പെടുവിച്ചു എന്നും വില കൂട്ടി നൽകുമ്പോൾ പ്രീമിയത്തിൽ പുറപ്പെടുവിച്ചു എന്നും പറയുന്നു.

1. മുഖവിലയ്ക്ക് പുറപ്പെടുവിച്ചു മുഖവിലയ്ക്ക് മടക്കി നൽകുന്നു.
   (Issue at Par and redemption at par)
2. പ്രീമിയത്തിൽ പുറപ്പെടുവിച്ചു മുഖവിലയ്ക്ക് മടക്കി നൽകുന്നു.
   (Issue at premium and redemptional par)
3. ഡിസ്ക്കൗണ്ടിൽ പുറപ്പെടുവിച്ചു മുഖവിലയ്ക്ക് മടക്കി നൽകുന്നു.
   (Issue at Discount and redemption at par)
4. മുഖവിലയ്ക്ക് പുറപ്പെടുവിച്ചു പ്രീമിയത്തോടെ മടക്കി നൽകുന്നു.
   (Issue at Par and redemption at premium)
5. ഡിസ്ക്കൗണ്ടിൽ പുറപ്പെടുവിച്ചു പ്രീമിയത്തോടെ മടക്കി നൽകുന്നു.
   (Issue at Discount and redemption at premium)

മുഖവിലയ്ക്ക് പുറപ്പെടുവിച്ചു മുഖവിലയ്ക്ക് മടക്കി നൽകുന്നു

കടപത്രങ്ങൾ പുറപ്പെടുവിച്ചപ്പോൾ സ്വീകരിച്ച തുക തന്നെ മടക്കി നൽകുമ്പോഴും കൊടുക്കുന്നു. ഈ ഇടപാടിൽ കമ്പനിക്ക് പ്രത്യേകിച്ച് ലാഭമോ നഷ്ടമോ ഇല്ല. ഈ ഇടപാടുകളുടെ ജേർണൽ എൻട്രികളും നോക്കാം.

കടപത്രം പുറപ്പെടുവിക്കുമ്പോൾ

ബാങ്ക് അക്കൗണ്ട് Dr.
To കടപത്രം അക്കൗണ്ട്

കടപത്രം മടക്കി നൽകുമ്പോൾ

കടപത്രം അക്കൗണ്ട് Dr.
To ബാങ്ക് അക്കൗണ്ട്

ഉദാഹരണം - 1

100 രൂപ വിലയുള്ള 1000, 12% കടപത്രങ്ങൾ പുറപ്പെടുവിക്കുകയും നിശ്ചിത കാലാവധിക്കുശേഷം മടക്കി നൽകുകയും ചെയ്യും. ആവശ്യമായ ജേർണൽ എൻട്രി എഴുതുക.

തീയതി	വിശദാംശങ്ങൾ	LF	ഡബിറ്റ്	ക്രഡിറ്റ്
	ബാങ്ക് അക്കൗണ്ട് Dr. To കടപത്രം അക്കൗണ്ട് (1000 12% കടപത്രങ്ങൾ 1000 രൂപ നിരക്കിൽ വിതരണം ചെയ്തു.)		100000	100000
	കടപത്രം അക്കൗണ്ട് Dr. To ബാങ്ക് അക്കൗണ്ട് (1000, 12% കടപത്രങ്ങൾക്ക് 100 രൂപ നിരക്കിൽ തിരികെ നൽകുന്നു.)		100000	100000

ഉദാഹരണം - 2

പ്രീമിയത്തിൽ പുറപ്പെടുവിച്ചു മുഖവിലയ്ക്ക് മടക്കി നൽകുന്നു

കടപത്രങ്ങൾ മുഖവിലയിൽ കൂടുതലായ തുകയ്ക്ക് പുറപ്പെടുവിച്ചാൽ പ്രീമിയത്തിൽ പുറപ്പെടുവിച്ചു എന്നു പറയുന്നു. മുഖവിലയിൽ അധികമായി ലഭിക്കുന്ന തുകയെ പ്രീമിയം എന്നു പറയുന്നു. ഇത് സെക്യൂരിറ്റി പ്രീമിയം എന്ന അക്കൗണ്ടിൽ ക്രഡിറ്റ്

ചെയ്യണം. വ്യവസ്ഥ അനുസരിച്ച് മുഖവിലയാണ് മടക്കി നൽകുന്നത്. ഉദാഹരണമായി ഒരു കടപത്രത്തിന്റെ വില 1000 രൂപയും പ്രീമിയം 100 രൂപയുമാണ് എങ്കിൽ പുറപ്പെടുവിക്കുന്ന സമയത്ത് കമ്പനിക്ക് 1100 രൂപ ലഭിക്കും കമ്പനി മടക്കി നൽകേണ്ടത് 1000 രൂപ മാത്രം.

ഉദാഹരണം – 3

ഗോവിന്ദ് ലിമിറ്റഡ് അതിന്റെ 100 രൂപ വിലയുള്ള 1000 12% കടപത്രങ്ങൾ 25% പ്രീമിയത്തിൽ പുറപ്പെടുവിക്കുകയും മുഖവിലയിൽ മടക്കി നൽകുകയും ചെയ്തു. ജേർണൽ എൻട്രി പരിശോധിക്കാം.

തീയതി	വിശദാംശങ്ങൾ	LF	ഡെബിറ്റ്	ക്രഡിറ്റ്
	ബാങ്ക് അക്കൗണ്ട് Dr. To 12% കടപത്രം അക്കൗണ്ട് To സെക്യൂരിറ്റി പ്രീമിയം അക്കൗണ്ട് 100 രൂപ വിലയുള്ള 1000കടപത്രങ്ങൾ 25 രൂപ പ്രീമിയത്തിൽ പുറപ്പെടുവിക്കുന്നു)		125000	 100000 25000
	12% കടപത്രം അക്കൗണ്ട് Dr. To ബാങ്ക് അക്കൗണ്ട് 100 രൂപ വിലയുള്ള 1000കടപത്രങ്ങൾ മുഖവിലയ്ക്ക് മടക്കി നൽകുന്നു.		100000	100000

ഡിസ്ക്കൗണ്ടിൽ പുറപ്പെടുവിച്ചു മുഖവിലയ്ക്ക് മടക്കി നൽകുന്നു

കടപത്രങ്ങൾ മുഖവിലയിൽ കുറവായ തുകയ്ക്ക് പുറപ്പെടുവിച്ചാൽ ഡിസ്ക്കൗണ്ടിൽ പുറപ്പെടുവിച്ചു എന്നു പറയാം. കുറവ് വരുന്ന തുകയെ ഡിസ്ക്കൗണ്ട് എന്നു പറയുന്നു. ഇത് കടപത്രപുറപ്പെടുവിക്കൽ ഡിസ്ക്കൗണ്ട് അക്കൗണ്ടിൽ ഡെബിറ്റ് ചെയ്യുന്നു. വ്യവസ്ഥ അനുസരിച്ച് മടക്കി നൽകുമ്പോൾ മുഖവില നൽകും. ഉദാഹരണമായി 100 രൂപ വിലയുള്ള ഒരു കടപത്രം 10 രൂപ ഡിസ്ക്കൗണ്ടിൽ പുറപ്പെടുവിച്ചു മുഖവിലയ്ക്ക് മടക്കി നൽകിയാൽ പുറപ്പെടുവിക്കുന്ന സമയത്ത് കമ്പനിയ്ക്ക് 90 രൂപ ലഭിക്കും അത് മടക്കി നൽകുമ്പോൾ 100 രൂപ നൽകണം.

ഉദാഹരണം : 4

എസ്സ്.എം.ടി.ലിമിറ്റഡ് 10000 കടപത്രങ്ങൾ 10 രൂപ ഡിസ്ക്കൗണ്ടിൽ മടക്കി നൽകുമ്പോൾ മുഖവില കൊടുക്കാമെന്ന വ്യവസ്ഥയിൽ പുറപ്പെടുവിച്ചു. കടപത്രത്തിന്റെ മുഖവില 100 രൂപയാണ്. ജേർണൽ എൻട്രികൾ ശ്രദ്ധിക്കാം.

തീയതി	വിശദാംശങ്ങൾ	LF	ഡബിറ്റ്	ക്രഡിറ്റ്
	ബാങ്ക് അക്കൗണ്ട് Dr. ഡിസ്ക്കൗണ്ട് അക്കൗണ്ട് To കടപത്രം അക്കൗണ്ട് (100 രൂപ വിലയുള്ള 10000 കടപത്രങ്ങൾ 25 രൂപ ഡിസ്ക്കൗണ്ടിൽ പുറപ്പെടുവിച്ചു)		900000 100000	 10,00,000
	കടപത്രം അക്കൗണ്ട് Dr. To ബാങ്ക് അക്കൗണ്ട് (100 രൂപ വിലയുള്ള 10000 കടപത്രങ്ങൾ മടക്കി നൽകുന്നു.)		10,00,000	 10,00,000

മുഖവിലയ്ക്ക് പുറപ്പെടുവിച്ചു പ്രീമിയത്തിൽ മടക്കി നൽകുന്നു

കടപത്രങ്ങൾ മുഖവിലയ്ക്ക് പുറപ്പെടുവിക്കുകയും മടക്കി നൽകുമ്പോൾ കൂടുതൽ തുക കൊടുക്കുകയും ചെയ്യുന്നു. മടക്കി നൽകുമ്പോൾ നൽകുന്ന അധികതുകയെ കടപത്രമാക്കി നൽകൽ പ്രീമിയം എന്നു പറയുന്നു. ഇത് കമ്പനിയുടെ ഒരു മൂലധന നഷ്ടമാണ്. കടപത്രങ്ങൾ പുറപ്പെടുവിക്കുന്ന സമയത്ത്തന്നെ ഈ നഷ്ടം കടപത്ര പുറപ്പെടുവിക്കൽ നഷ്ടം അക്കൗണ്ടിൽ ഡബിറ്റ് ചെയ്യുകയും കടപത്രമാക്കി നൽകൽ പ്രീമിയം അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുകയും വേണം.

ഉദാഹരണം : 5

അനു അസോസിയേഷൻ ലിമിറ്റഡ്, പാലക്കാട് 100 രൂപ വിലയുള്ള 1000 കടപത്രങ്ങൾ 10% പ്രീമിയത്തിൽ മടക്കി നൽകാമെന്ന വ്യവസ്ഥയിൽ പുറപ്പെടുവിച്ചു. ജേർണൽ എൻട്രികൾ നോക്കാം.

തീയതി	വിശദാംശങ്ങൾ	LF	ഡബിറ്റ്	ക്രഡിറ്റ്
	ബാങ്ക് അക്കൗണ്ട് Dr. കടപത്രം പുറപ്പെടുവിക്കൽ നഷ്ടം അക്കൗണ്ട് Dr. To കടപത്രം അക്കൗണ്ട് To കടപത്രം മടക്കി നൽകൽ പ്രീമിയം അക്കൗണ്ട് (100 രൂപ വിലയുള്ള 1000 കടപത്രങ്ങൾ പ്രീമിയത്തിൽ മടക്കി നൽകാം എന്ന വ്യവസ്ഥയിൽ പുറപ്പെടുവിച്ചു)		100000 10000	 10,00,00 10000
	കടപത്രം അക്കൗണ്ട് Dr. കടപത്രം മടക്കി നൽകൽ പ്രീമിയം അക്കൗണ്ട് Dr. To ബാങ്ക് അക്കൗണ്ട് (100 രൂപ വിലയുള്ള 1000 കടപത്രങ്ങൾ 10% പ്രീമിയത്തിൽ മടക്കി നൽകി.)		100,000 10000	 1100000

ഡിസ്ക്കൗണ്ടിൽ പുറപ്പെടുവിച്ചു പ്രീമിയത്തിൽ മടക്കി നൽകുന്നു

കടപത്രങ്ങൾ ഡിസ്ക്കൗണ്ടിൽ പുറപ്പെടുവിക്കുകയും മടക്കി നൽകുമ്പോൾ മുഖ വിലയേക്കാൾ കൂടുതൽ തുക നൽകുകയും ചെയ്യുന്നു. ഉദാഹരണമായി 100 രൂപ യുടെ കടപത്രം 90 രൂപയ്ക്ക് പുറപ്പെടുവിച്ച് 110 രൂപ മടക്കി നൽകുന്നു.

ഉദാഹരണം : 6

സഹജ ഇൻഡസ്ട്രീസ് ലിമിറ്റഡ് 100 രൂപ വിലയുള്ള 500 കടപത്രങ്ങൾ 20% പ്രീമി യത്തിൽ മടക്കി നൽകാമെന്ന വ്യവസ്ഥയിൽ 10% ഡിസ്ക്കൗണ്ടിൽ പുറപ്പെടുവിച്ചു. ജേർണൽ എൻട്രികൾ നോക്കാം.

തീയതി	വിശദാംശങ്ങൾ	LF	ഡബിറ്റ്	ക്രഡിറ്റ്
	ബാങ്ക് അക്കൗണ്ട് Dr.		45,000	
	കടപത്രം പുറപ്പെടുവിക്കൽ നഷ്ടം അക്കൗണ്ട് Dr.		15,000	
	To കടപത്രം അക്കൗണ്ട്			50,000
	To കടപത്രം മടക്കി നൽകൽ പ്രീമിയം അക്കൗണ്ട്			10,000
	(100 രൂപ വിലയുള്ള 500 കടപത്രങ്ങൾ 20% പ്രീമിയത്തിൽ മടക്കി നൽകാം എന്ന വ്യവസ്ഥ യിൽ 10% ഡിസ്ക്കൗണ്ടിൽ പുറപ്പെടുവിച്ചു)			
	കടപത്രം അക്കൗണ്ട് Dr.		50,000	
	കടപത്രം മടക്കി നൽകൽ പ്രീമിയം അക്കൗണ്ട് Dr.		10,000	
	To ബാങ്ക് അക്കൗണ്ട്			60,000
	(100 രൂപ വിലയുള്ള 500 കടപത്രങ്ങൾ 20% പ്രീമിയത്തിൽ മടക്കി നൽകി)			

സ്വയം വിലയിരുത്തൽ ചോദ്യങ്ങൾ – 3

താഴെ തന്നിരിയ്ക്കുന്ന പട്ടിക പൂർത്തീകരിക്കുക.

ഇടപാടുകൾ	പുറപ്പെടുവിക്കൽ വ്യവസ്ഥ	മടക്കിനൽകൽ വ്യവസ്ഥ
1. 100 രൂപ വിലയുള്ള കടപത്രങ്ങൾ 110 രൂപക്ക് പുറപ്പെടുവിച്ചു 100 രൂപക്ക് മടക്കി നൽകുന്നു		
2. 50 രൂപ വിലയുള്ള കടപത്രങ്ങൾ 45 രൂപക്ക് പുറപ്പെടുവിച്ചു മുഖ വിലയ്ക്ക് മടക്കി നൽകുന്നു.		

3. 100 രൂപ വിലയുള്ള കടപത്രങ്ങൾ 105 രൂപക്ക് പുറപ്പെടുവിച്ചു 100 രൂപ മടക്കി നൽകുന്നു.		
4. 1000 രൂപയുടെ കടപത്രങ്ങൾ 1000 എണ്ണം 1000 രൂപക്ക് പുറപ്പെടുവിച്ചു 10000 രൂപക്ക് മടക്കി നൽകുന്നു.		
5. നന്ദു ലിമിറ്റഡ് കടപത്രങ്ങൾ 95%-ൽ പുറപ്പെടുവിച്ചു 105% മടക്കി നൽകുന്നു.		
6. സത്യ ലിമിറ്റഡ് 1,00,000 രൂപക്ക് 100 രൂപ വിലയ്ക്കുള്ള കടപത്രങ്ങൾ പുറപ്പെടുവിച്ച് 1010000 രൂപ മടക്കി നൽകി.		
7. ഗീത അസ്സോസിയേറ്റ് 1000 രൂപയുടെ 500 കടപത്രങ്ങൾ 95 രൂപക്ക് പുറപ്പെടുവിച്ച് 100 രൂപക്ക് മടക്കി നൽകുന്നു.		

ഉദാഹരണം : 7

ജ്യോതിസ്സ് ലിമിറ്റഡ് 2005 ഏപ്രിൽ-1 ന് 100 രൂപ വിലയുള്ള 10000, 8% കടപത്രങ്ങൾ 5 വർഷത്തിനുശേഷം മുഖവിലയ്ക്ക് മടക്കി നൽകാവുന്ന വ്യവസ്ഥയിൽ 105 രൂപ നിരക്കിൽ പുറപ്പെടുവിച്ചു. കടപത്രത്തിന്റെ തുക അപേക്ഷ നൽകുമ്പോൾ (ഏപ്രിൽ 30) 30 രൂപ അലോട്ട്മെന്റ് നൽകുമ്പോൾ (മേയ് 30) 35 രൂപ (പ്രീമിയം ഉൾപ്പെടെ) ഒന്നാമത്തെ കാളിൽ (ജൂൺ 30) 20 രൂപ അവസാന കാളിൽ (ജൂലൈ 30) 20 രൂപ എന്ന ക്രമത്തിൽ സ്വീകരിച്ചു. കടപത്രങ്ങൾ പുറപ്പെടുവിക്കുന്നതും മടക്കി നൽകുന്നതുമായ ജേർണൽ എൻട്രികൾ എഴുതുകയും 5 വർഷത്തെ കടപത്രഅക്കൗണ്ട് തയ്യാറാക്കുകയും ചെയ്യുക.

ജ്യോതിസ്സ് ലിമിറ്റഡ് ജേർണൽ എൻട്രികൾ

തീയതി	വിശദാംശങ്ങൾ	LF	ഡബിറ്റ്	ക്രഡിറ്റ്
2005	ബാങ്ക് അക്കൗണ്ട് Dr.		3,00,000	
ഏപ്രിൽ 30	To 8% കടപത്ര അപേക്ഷാ അക്കൗണ്ട്			3,00,000
	(10000 കടപത്രങ്ങളുടെ അപേക്ഷാതുക 30 രൂപ നിരക്കിൽ ലഭിച്ചു.			
	8% കടപത്ര അപേക്ഷാ അക്കൗണ്ട് Dr.		3,00,000	
	To 8% കടപത്രം അക്കൗണ്ട്			3,00,000
	കടപത്ര അപേക്ഷാതുക 30 രൂപ നിരക്കിൽ കടപത്ര അക്കൗണ്ടിലേയ്ക്ക് കൈമാറി.)			

മേയ് 30	8% കടപത്രം അലോട്ട്മെന്റ് അക്കൗണ്ട് Dr. To 8% കടപത്രം അക്കൗണ്ട് അക്കൗണ്ട് Dr. To സെക്യൂരിറ്റി പ്രീമിയം അക്കൗണ്ട് (10000 കടപത്രങ്ങളുടെ അലോട്ട്മെന്റ് തുക പ്രീമിയം ഉൾപ്പെടെ 35 രൂപ നിരക്കിൽ ലഭിക്കണം.)		3,50,000	 3,00,000 50,000
	ബാങ്ക് അക്കൗണ്ട് Dr. To 8% കടപത്രഅലോട്ട്മെന്റ് അക്കൗണ്ട് (10000 കടപത്രങ്ങളുടെ അലോട്ട്മെന്റ് തുക 55 രൂപ നിരക്കിൽ ലഭിച്ചു.)		3,50,000	 3,50,000
ജൂൺ 30	8% കടപത്ര ഒന്നാംകാൾ അക്കൗണ്ട് Dr. To 8% കടപത്രം അക്കൗണ്ട് (10000 കടപത്രത്തിനു 20 രൂപ നിരക്കിൽ ഒന്നാംകാൾ ലഭിക്കണം.)		2,00,000	 2000000
	ബാങ്ക് അക്കൗണ്ട് Dr. To 8% കടപത്ര ഒന്നാംകാൾ അക്കൗണ്ട് (10000 കടപത്രത്തിനു 20 രൂപ നിരക്കിൽ ഒന്നാംകാൾ തുക ലഭിക്കണം.)		2,00,000	 2000000
ജൂലൈ 30	8% കടപത്ര ഒന്നാംകാൾ അക്കൗണ്ട് Dr. To 8% കടപത്രം അക്കൗണ്ട് (10000 കടപത്രത്തിനു 20 രൂപ നിരക്കിൽ രണ്ടാംകാൾ തുക ലഭിക്കണം.)		2000000	 200000
	ബാങ്ക് അക്കൗണ്ട് Dr. To 8% കടപത്ര രണ്ടാംകാൾ അക്കൗണ്ട് (10000 കടപത്രത്തിനു 20 രൂപ നിരക്കിൽ രണ്ടാംകാൾ തുക ലഭിച്ചു.)		2000000	 2000000
2010 മാർച്ച് 31	8% കടപത്രം അക്കൗണ്ട് Dr. To ബാങ്ക് അക്കൗണ്ട് (10000 കടപത്രം മുഖവിലയ്ക്ക് മടക്കി നൽകുന്നു.)		1000000	 1000000

8% കടപത്രം അക്കൗണ്ട്

തീയതി	വിശദാംശങ്ങൾ	തുക	തീയതി	വിശദാംശങ്ങൾ	തുക
2006 മാർച്ച് 31	നീക്കിയിരുപ്പ് c/d	10,00,000	2005 ഏപ്രിൽ 30	കടപത്ര അപേക്ഷാ അക്കൗണ്ട്	30,00,00
			മേയ് 30	കടപത്രഅലോട്ട്മെന്റ് അക്കൗണ്ട്	30,00,00
			ജൂൺ 30	കടപത്ര ഒന്നാംകാൾ അക്കൗണ്ട്	2,00.00
			ജൂലൈ 30	കടപത്ര രണ്ടാംകാൾ അക്കൗണ്ട്	200000
		10,00,000			**10,00,000**
2007 മാർച്ച് 31	നീക്കിയിരുപ്പ് c/d	10,00,000	2006 ഏപ്രിൽ 1	നീക്കിയിരുപ്പ് b/d	10,00,000
		10,00,000			**10,00,000**
2008 മാർച്ച് 31	നീക്കിയിരുപ്പ് c/d	10,00,000	2007 ഏപ്രിൽ 1	നീക്കിയിരുപ്പ് b/d	10,00,000
		10,00,000			**10,00,000**
2009 മാർച്ച് 31	നീക്കിയിരുപ്പ് c/d	10,00,000	2008 ഏപ്രിൽ 1	നീക്കിയിരുപ്പ് b/d	10,00,000
		10,00,000			**10,00,000**
2010 മാർച്ച് 31	ബാങ്ക് അക്കൗണ്ട്	10,00,000	2009 ഏപ്രിൽ 1	നീക്കിയിരുപ്പ് b/d	10,00,000
		10,00,000			**10,00,000**

ഉദാഹരണം : 8

എസ്സ്.എം.ടി.ലിമിറ്റഡ് ടി.എം.എസ്സ്.പ്രൈവറ്റ് ലിമിറ്റഡിൽ നിന്നും 12 ലക്ഷം രൂപ വിലയുള്ള ഒരു മെഷീനറി വാങ്ങിച്ചു. ഇതിന്റെ പ്രതിഫലമായി എസ്സ്.എം.ടി.ലിമിറ്റഡ് 100 രൂപ വിലയുള്ള 10% കടപത്രങ്ങൾ 20 രൂപ പ്രീമിയത്തിൽ പുറപ്പെടുവിച്ചു. ആവശ്യമായ ജേർണൽ എൻട്രികൾ എഴുതുക.

തീയതി	വിശദാംശങ്ങൾ		LF	ഡബിറ്റ്	ക്രഡിറ്റ്
	മെഷീനറി അക്കൗണ്ട്	Dr.		12,00,000	
	To ടി.എം.എസ്സ്.പ്രൈവറ്റ് ലിമിറ്റഡ്				12,00,000
	(മെഷീനറി കടത്തിനു വാങ്ങിച്ചു.)				
	ടി.എം.എസ്സ്.പ്രൈവറ്റ് ലിമിറ്റഡ്	Dr.		12,00,000	
	To 10% കടപത്രങ്ങൾ				10,00,000
	To സെക്യൂരിറ്റി പ്രീമിയം				2,00,000
	10,0000 കടപത്രങ്ങൾ 20 രൂപ				
	പ്രീമിയത്തിൽ പുറപ്പെടുവിക്കുന്നു)				

കടപത്രങ്ങളുടെ മടക്കിനൽകൽ – സ്രോതസ്സുകൾ (Redemption of Debentures - Sources)

വായ്പ വാങ്ങിയിട്ടുള്ള പണം തിരിച്ചുനൽകുവാൻ എന്താണ് മാർഗ്ഗമെന്ന് അന്വേഷിച്ചാൽ വിവിധ സാമ്പത്തിക സ്രോതസ്സുകളെ സംബന്ധിച്ചു നമുക്ക് വിശദീകരിക്കാൻ കഴിഞ്ഞേക്കും. നമ്മൾ സ്വരൂപിച്ച വരുമാനം, ഏതെങ്കിലും ആസ്തികളുടെ വിറ്റുവരവ്, പുതിയ വായ്പ എന്നിവയെല്ലാം വായ്പ മടക്കി നൽകാനുള്ള സ്രോതസ്സുകളാണ്.

കമ്പനികളുടെ കാര്യങ്ങളും ഇതിൽനിന്നും വ്യത്യസ്തമല്ല. കടപത്രങ്ങൾ മടക്കിനൽകാനുള്ള മൂന്ന് പ്രധാന സ്രോതസ്സുകൾ

1. പുതിയ ഓഹരികളുടേയും കടപത്രങ്ങളുടേയും പുറപ്പെടുവിക്കലിലൂടെ ലഭിക്കുന്ന തുക. (Proceedings of fresh issue of shares and debentures)
2. കമ്പനിയുടെ ലാഭം (Profit of the company)
3. ആസ്തികളുടെ വിറ്റുവരവ് (Sale old assets)

ഇതിൽതന്നെ കമ്പനിയുടെ ലാഭം വിനിയോഗിച്ച് ഒരു കരുതൽ ധനം (Reserve) സ്വരൂപിക്കുകയോ അല്ലെങ്കിൽ കടപത്രം മടക്കിനൽകുന്നതിനുള്ള സിങ്കിംഗ് ഫണ്ട് (Sinking fund) സ്വരൂപിക്കുകയോ അതുമല്ലെങ്കിൽ ഒരു ഇൻഷുറൻസ് പോളിസി എടുക്കുകയോ ചെയ്യാവുന്നതാണ്. കടപത്രങ്ങൾ മടക്കിനൽകുന്നതിനുള്ള കരുതൽധനത്തെ കടപത്ര മടക്കിനൽകൽ കരുതൽ (Debenture Redemption Reserve) എന്നും ഫണ്ടിനെ കടപത്ര മടക്കിനൽകൽ ഫണ്ട് (Debenture Redemption Fund) എന്നും ഇൻഷുറൻസ് പോളിസിയെ കടപത്ര മടക്കിനൽകൽ പോളിസി (Debenture Redemption Policy) എന്നും പറയുന്നു.



കടപത്രങ്ങളുടെ മടക്കിനൽകൽ - രീതികൾ

ഒരു വായ്പ എടുത്തുകഴിഞ്ഞാൽ അത് മടക്കി നൽകുന്ന വിവിധ രീതികൾ പരിശോധിച്ചാൽ ചുവടെ ചേർക്കുന്നവ കാണാവുന്നതാണ്.

1. വായ്പാതുക മുഴുവനും ഒറ്റതവണയായി മടക്കിനൽകുക.
2. വായ്പാതുക പല തവണകളായി നൽകുക.
3. വായ്പയ്ക്ക് പകരം മറ്റ് ആസ്തികളോ പുതിയ വായ്പകളോ നൽകുക.

കടപത്രങ്ങൾ മടക്കി നൽകുമ്പോഴും ഇത്തരം രീതികൾ അവലംബിക്കാറുണ്ട്. കടപത്രങ്ങൾ മടക്കി നൽകുന്ന പ്രധാന രീതികൾ പരിചയപ്പെടാം.

ഒറ്റതവണ നൽകൽ രീതി

കടപത്രങ്ങളുടെ മടക്കി നൽകൽ ഒറ്റതവണയായി നിശ്ചിത കാലാവധിക്കുശേഷം നടത്തുന്നു. ഉദാഹരണത്തിനു ഒരു കമ്പനി 10 ലക്ഷം രൂപയുടെ കടപത്രങ്ങൾ 5 വർഷ കാലാവധിയിൽ പുറപ്പെടുവിച്ചുവെന്നിരിക്കട്ടെ. 5 വർഷത്തിനുശേഷം ഈ തുക ഒന്നിച്ചു തിരിച്ചുനൽകിയാൽ അതിനെ ഒറ്റതവണ നൽകൽ രീതിയെന്ന് വിവക്ഷിക്കാം.

തവണകളായി നൽകുന്ന രീതി

പുറപ്പെടുവിച്ചിട്ടുള്ള കടപത്രങ്ങൾ പല വർഷങ്ങളിലായി തിരിച്ചുനൽകുന്ന രീതിയാണിത്. ഉദാഹരണത്തിന് ഒരു കമ്പനി 10,000 കടപത്രങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട് എന്നു കരുതുക. പ്രതിവർഷം 2000 കടപത്രങ്ങൾ എന്ന നിലയിൽ 5 വർഷമായിട്ടാണ്

ഇത് മടക്കി നൽകുന്നുവെങ്കിൽ അതിനെ തവണകളായി നൽകുന്ന രീതി എന്നു പറയാം. ഇപ്രകാരം മടക്കി നൽകുമ്പോൾ ഓരോ വർഷവും മടക്കി നൽകേണ്ട കടപത്രങ്ങൾ ഏതെല്ലാം എന്ന് കമ്പനി നിശ്ചയിക്കേണ്ടിയിരിക്കുന്നു. അതിനാൽ ഈ രീതിയെ നറുക്കെടുക്കൽ രീതി എന്നും പറയുന്നു.

പരിവർത്തന രീതി

പരിവർത്തിത കടപത്രങ്ങളെക്കുറിച്ച് നാം മനസ്സിലാക്കിയിട്ടുണ്ട്. അത്തരം കടപത്രങ്ങൾ മടക്കി നൽകുന്നതിന്റെ ഭാഗമായി പുതിയ കടപത്രങ്ങളോ ഓഹരികളോ ആക്കി മാറ്റുന്നുവെങ്കിൽ അതിനെ പരിവർത്തന രീതി എന്നു പറയുന്നു.

സ്വന്തം കടപത്രങ്ങൾ വാങ്ങുന്ന രീതി

കടപത്രങ്ങൾ വ്യവഹാരം നടത്തുന്ന മൂലധന വിപണിയിൽനിന്നും കമ്പനികൾക്ക് സ്വന്തം കടപത്രങ്ങൾ തന്നെ നിക്ഷേപങ്ങളായി വാങ്ങാവുന്നതാണ്. ഇപ്രകാരം വാങ്ങുന്ന കടപത്രങ്ങളെ പിന്നീട് റദ്ദ് ചെയ്യുകവഴി മടക്കിനൽകൽ പ്രക്രിയ പൂർത്തിയാക്കുകയും ചെയ്യാം.

സംഗ്രഹം

- ഒരു കമ്പനി പൊതു ജനങ്ങളിൽ നിന്ന് വാങ്ങിയിട്ടുള്ള കടത്തിന്റെ സാധ്യത വെളിപ്പെടുത്തുന്ന പ്രമാണങ്ങളെ കടപ്പത്രങ്ങൾ എന്നുപറയുന്നു.
- കടപ്പത്രങ്ങളെ ഈട്, കാലാവധി, മടക്കി നൽകൽ രീതി, കൂപ്പൺ നിരക്ക്, കൈമാറ്റക്ഷമത എന്നിവയുടെ അടിസ്ഥാനത്തിൽ തരംതിരിച്ചിരിക്കുന്നു.
- ഈടിന്റെ അടിസ്ഥാനത്തിൽ സെക്യുവേർഡ് കടപത്രങ്ങൾ, അൺ സെക്യുവേർഡ് കടപത്രങ്ങൾ എന്നിങ്ങനെ തരംതിരിക്കാം.
- കാലാവധിയുടെ അടിസ്ഥാനത്തിൽ പിൻവലിക്കാവുന്ന കടപത്രങ്ങൾ, പിൻവലിക്കാത്ത കടപത്രങ്ങൾ എന്നിങ്ങനെ തരംതിരിക്കാം.
- മടക്കി നൽകൽ രീതിയുടെ അടിസ്ഥാനത്തിൽ പരിവർത്തിത കടപത്രങ്ങൾ, അപരിവർത്തിത കടപത്രങ്ങൾ എന്നിങ്ങനെ തരംതിരിക്കാം.
- കൂപ്പൺ നിരക്ക് അടിസ്ഥാനത്തിൽ നിരക്കധിഷ്ഠിത കടപത്രങ്ങൾ എന്നും നിരക്ക് രഹിത കടപത്രങ്ങളെന്നും തരംതിരിക്കാം.
- കൈമാറ്റക്ഷമതയുടെ അടിസ്ഥാനത്തിൽ രജിസ്ട്രേർഡ് കടപത്രങ്ങൾ, കൈവശ കടപത്രങ്ങൾ എന്നിങ്ങനെ തരംതിരിച്ചിരിക്കുന്നു.
- ഉടമസ്ഥാവകാശം, ഈട്, പ്രതിഫലരീതി, പണംതിരികെ നൽകുന്ന രീതി എന്നിങ്ങനെ വിവിധ കാര്യങ്ങളിൽ ഓഹരിയും കടപത്രവും വ്യത്യാസപ്പെട്ടിരിക്കുന്നു.
- കടപത്രങ്ങൾ അതിന്റെ യഥാർത്ഥ വിലക്ക് നൽകുമ്പോൾ മുഖവിലയ്ക്ക് പുറപ്പെടുവിച്ചുവെന്നും വില കുറച്ച് നൽകുമ്പോൾ ഡിസ്കൗണ്ടിൽ പുറപ്പെടുവിച്ചുവെന്നും വില കൂട്ടി നൽകുമ്പോൾ പ്രീമിയത്തിൽ പുറപ്പെടുവിച്ചു എന്നും പറയുന്നു.

- കടപത്രങ്ങൾ തിരികെ വാങ്ങുമ്പോൾ
  * മുഖവിലയ്ക്ക് പുറപ്പെടുവിച്ച് മുഖവിലയ്ക്ക് മടക്കി നൽകുക
  * പ്രീമിയത്തിൽ പുറപ്പെടുവിച്ച് മുഖവിലക്ക് മടക്കി നൽകുക
  * ഡിസ്കൗണ്ടിൽ പുറപ്പെടുവിച്ച് മുഖവിലക്ക് മടക്കി നൽകുക
  * മുഖവിലയ്ക്ക് പുറപ്പെടുവിച്ച് പ്രീമിയത്തോടെ മടക്കി നൽകുക
  * ഡിസ്ക്കൗണ്ടിൽ പുറപ്പെടുവിച്ച് പ്രീമിയത്തിൽ മടക്കി നൽകുക.

  എന്നിങ്ങനെ 5 രീതികൾ അവലംബിക്കാറുണ്ട്.
- കടപത്രങ്ങളുടെ തുക മടക്കി നൽകുന്നതിനായി പുതിയ ഓഹരികളുടെയും കടപത്രങ്ങളുടെയും പുറപ്പെടുവിക്കലിലൂടെ ലഭിക്കുന്ന തുക, കമ്പനിയുടെ ലാഭം, ആസ്തികളുടെ വിറ്റുവരവ് എന്നീ സ്രോതസ്സുകൾ ഉപയോഗിക്കാവുന്നതാണ്.
- കടപത്രങ്ങൾ മടക്കി നൽകുമ്പോൾ ഒറ്റത്തവണയായി നൽകൽ, തവണകളായി നൽകൽ, പരിവർത്തനരീതി എന്നിങ്ങനെയുള്ള രീതികൾ അവലംബിക്കാറുണ്ട്.

സ്വയം വിലയിരുത്തൽ ചെക്ക്ലിസ്റ്റ്

	പൂർണമായി	ഭാഗികമായി	മെച്ചപ്പെടേണ്ടതുണ്ട്
• കടം വിതരണം ചെയ്യുന്നതിലെയും മടക്കി നല്കുന്നതിലെയും വിവിധ വ്യവസ്ഥകൾ പറയാൻ കഴിയുന്നു			
• കടപത്രങ്ങളുടെ വിതരണം ചെയ്യാൻ മടക്കി നല്കാൻ എന്നിവ സംബന്ധിച്ച വ്യവസ്ഥകൾ പറയാൻ കഴിയുന്നു			
• വിവിധ വ്യവസ്ഥകൾ അനുസരിച്ചു കടപത്രങ്ങൾ വിതരണം ചെയ്യുമ്പോൾ എഴുതേണ്ട ജേർണൽ എൻട്രികൾ അറിയാം.			
• കടപത്രങ്ങൾ മടക്കി നല്കുന്ന രീതികൾ വിശദീകരിക്കാൻ കഴിയുന്നു			
• കടപത്രങ്ങൾ മടക്കി നല്കുന്നതിനാവശ്യമായ പണത്തിന്റെ സ്രോതസ്സുകൾ പറയാൻ കഴിയുന്നു			

തുടർമൂല്യനിർണയസാധ്യതകൾ

1. **കേസ് സ്റ്റഡി:** കടപത്രങ്ങൾ വിതരണം മടക്കി നല്കൽ എന്നിവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കണ്ടെത്തി നിർദ്ദാരണം ചെയ്യുക.
2. **അസൈൻമെന്റ്:** കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ കടപത്രങ്ങളുടെ ലിസ്റ്റ് തയാറാക്കുക. ഇത് സംബന്ധിച്ച് പത്രമാധ്യമങ്ങളിൽ വന്ന പരസ്യങ്ങൾ ശേഖരിക്കുക.
3. **സെമിനാർ:** കടപത്രങ്ങളിലൂടെ ധനം സ്വരൂപിക്കുമ്പോൾ കമ്പനികൾക്കുള്ള നേട്ടങ്ങളും വെല്ലുവിളികളും സംബന്ധിച്ച് സെമിനാർ അവതരിപ്പിക്കുക.

സ്വയംവിലയിരുത്തൽ ചോദ്യങ്ങളുടെ ഉത്തരസൂചിക

1 1. തെറ്റ്, കമ്പനിയുടെ കടമാണ് വർദ്ധിക്കുന്നത്.
2. ശരി
3. ശരി
4. തെറ്റ്, കാലാവധിയുടെ അടിസ്ഥാനത്തിൽ അല്ല കൈമാറ്റക്ഷമതയുടെ അടിസ്ഥാനത്തിൽ

2 1. ഡബിറ്റ്: പണം ക്രഡിറ്റ് : കടപത്രങ്ങൾ
2. ഡബിറ്റ് : മെഷനറി ക്രഡിറ്റ്: കടപത്രങ്ങൾ
3. ഡബിറ്റ്: പണം ക്രഡിറ്റ്: കടപത്രങ്ങൾ
4. ഡബിറ്റ്: കടപത്രസസ്പെൻസ് ക്രഡിറ്റ്: കടപത്രങ്ങൾ
5. ഡബിറ്റ്: മെഷനറി ക്രഡിറ്റ്: മരിയ പ്രൈവറ്റ് ലിമിറ്റഡ്
6. ഡബിറ്റ്: മരിയ പ്രൈവറ്റ് ലിമിറ്റഡ് ക്രഡിറ്റ്: കടപത്രം

3. 1. മുഖവിലയ്ക്ക്, മുഖവിലയ്ക്ക്
2. ഡിസ്ക്കൗണ്ടിന്, മുഖവിലയ്ക്ക്
3. പ്രീമിയത്തിന്, മുഖവിലയ്ക്ക്
4. മുഖവിലയ്ക്ക്, മുഖവിലയ്ക്ക്
5. ഡിസ്ക്കൗണ്ടിന്, പ്രീമിയത്തിന്
6. മുഖവിലയ്ക്ക്, പ്രീമിയത്തിന്
7. ഡിസ്ക്കൗണ്ടിന്, പ്രീമിയത്തിന്

വിലയിരുത്തൽ ചോദ്യങ്ങൾ

1. കടപത്രങ്ങൾ ഒരു കമ്പനിയുടെ .... ആണ്.
(സ്ഥിരാസ്തി, ദീർഘകാലബാധ്യത, ഹ്രസ്വകാലബാധ്യത)
2. .... ന്റെ അടിസ്ഥാനത്തിൽ കടപത്രങ്ങളെ പിൻവലിക്കാവുന്നത് എന്ന് പിൻലി

ക്കാനാകാത്തത് എന്നും രണ്ടായി തരംതിരിക്കുന്നു.
(ഈടിന്റെ, കാലാവധിയുടെ, മടക്കിനല്കൽരീതി)

3. കടപത്ര ഉടമസ്ഥൻ കമ്പനിയുടെ .... ആണ്.
(ക്രഡിറ്റർമാർ, ഉടമസ്ഥർ, ഉപഭോക്താക്കൾ)
4. ഈട് രഹിത കടപത്രങ്ങൾ .... എന്ന പേരിലും അറിയപ്പെടുന്നു.
(പരിവർത്തിത കടപത്രങ്ങൾ, ലളിതകടപത്രങ്ങൾ, കൈവശകടപത്രങ്ങൾ)
5. ചേരുംപടി ചേർക്കുക.

ഈട്	രജിസ്റ്റേർഡ് കടപത്രങ്ങൾ	പിൻവലിക്കാത്ത കടപത്രങ്ങൾ
കാലാവധി	നിരക്കുരഹിത കടപത്രങ്ങൾ	അപരിവർത്തിത കടപത്രങ്ങൾ
കൂപ്പൺനിരക്ക്	പരിവർത്തിത കടപത്രങ്ങൾ	ഈട് രഹിത കടപത്രങ്ങൾ
കൈമാറ്റക്ഷമത	പിൻവലിക്കാവുന്ന കടപത്രങ്ങൾ	നിരക്കധിഷ്ഠിത കടപത്രങ്ങൾ

6. കടപത്രങ്ങൾ മടക്കിനല്കുവാൻ വിവിധ രീതികൾ ഉണ്ട്. അവ ഏതെല്ലാമെന്ന് വിശദീകരിക്കുക?
7. കടപത്രങ്ങൾ മടക്കി നല്കുന്നതിന് ആവശ്യമായ ധനത്തിന്റെ ഉറവിടങ്ങൾ ഏതെല്ലാം?
8. വിവിധതരം കടപത്രങ്ങൾ ചുവടെചേർക്കുന്നു. അവയെ വേർതിരിച്ചിരിക്കുന്നതിന്റെ അടിസ്ഥാനം എന്ത് എന്നെഴുതുക?
9. ലിമിറ്റഡ് ബാങ്കിൽ നിന്നും എടുത്തിട്ടുള്ള 10 ലക്ഷം രൂപ വിലയുള്ള 12% കടപത്രങ്ങൾ 2500 എണ്ണം പുറപ്പെടുവിക്കുകയുണ്ടായി. ആവശ്യമായ ജേർണൽ എന്റ്റി കമ്പനിയുടെ ബുക്കിൽ എഴുതുക.
10. പുറപ്പെടുവിക്കലിനും മടക്കി നല്കലിനും ആവശ്യമായ ജേണൽ എൻട്രികൾ എഴുതുക. അബി ലിമിറ്റഡ് മുഖവിലയ്ക്ക് മടക്കി നല്കാമെന്ന വ്യവസ്ഥയിൽ 1000 13% കടപത്രങ്ങൾ 100 രൂപയ്ക്ക് മുഖവിലയ്ക്ക് പുറപ്പെടുവിച്ചു.
ചിഞ്ചു ലിമിറ്റഡ് 13% നിരക്കിലുള്ള 1000 നൂറ് രൂപ മുഖവിലയുള്ള 10% പ്രീമിയത്തിൽ മുഖ വിലയക്ക് മടക്കിനല്കാമെന്ന വ്യവസ്ഥയിൽ പുറപ്പെടുവിച്ചു.
സോൾഫിൻ ലിമിറ്റഡിന്റെ 1000 പത്തു രൂപ വിലയുള്ള കടപത്രങ്ങൾ 10% പ്രീമിയത്തിൽ മടക്കി നല്കാമെന്ന വ്യവസ്ഥയിൽ 10% ഡിസ്കൗണ്ടിൽ പുറപ്പെടുവിച്ചു.
എവുണ്ടിൽ ലിമിറ്റഡിന്റെ 200 നൂറു രൂപ വിലയുള്ള 15% കടപത്രങ്ങൾ 10% പ്രീമിയത്തിൽ മടക്കി നല്കാമെന്ന വ്യവസ്ഥയിൽ മുഖവിലയ്ക്ക് പുറപ്പെടുവിച്ചു.

വിലയിരുത്തൽ ചോദ്യങ്ങളുടെ ഉത്തരസൂചിക

1. ദീർഘകാല ബാധ്യത
2. കാലവധിയുടെ
3. ക്രഡിറ്റർമാർ

4. ലളിതകടപത്രങ്ങൾ
5. ഈട് - ഈടിൻമേലുള്ള - ഈടുരഹിത
   കാലാവധി - പിൻവലിക്കാവുന്ന - പിൻവലിക്കാത്ത
   കൂപ്പൺനിരക്ക് - നിരക്ക് രഹിത - നിരക്കധിഷ്ഠിത
   മടക്കി നല്കൽ - പരിവർത്തിത - അപരവിർത്തിത
   കൈമാറ്റക്ഷമത - രജിസ്റ്റേർഡ് - കൈവശ
6. ഒറ്റത്തവണ, തവണകളായി, പരിവർത്തന, സ്വന്തം കടപത്രങ്ങൾ വാങ്ങുന്ന
7. പുതിയ ഓഹരികൾ കടപത്രങ്ങൾ എന്നിവയുടെ പുറപ്പെടുവിക്കൽ
   ആസ്തികളുടെ വില്പന, കമ്പനിയുടെ ലാഭം.
8. മടക്കി നല്കൽ, കൈമാറ്റക്ഷമത, ഈട്, കൂപ്പൺനിരക്ക്, കാലാവധി, ഈട്, കൈമാറ്റക്ഷമത, മടക്കിനല്കൽ, കാലാവധി, കൂപ്പൺനിരക്ക്.
9.

കടപത്ര സസ്പൻസ് A/c	Dr.	700000
To ബാധ്യതകൾ A/c		100000
To അശോക് ലിമിറ്റഡ് A/c		600000
അശോക് ലിമിറ്റഡ് A/c	Dr.	600000
To സെക്യൂരിറ്റി A/c		100000
മെഷനറി Ac	Dr.	5000000
To ആരതി ലിമിറ്റഡ് A/c		3000000
ആരതി ലിമിറ്റഡ് Ac	Dr.	3000000
To 14% കടപത്രം A/c		3000000

10.

പുറപ്പെടുവിക്കൽ		മടക്കി നല്കൽ		
ബാങ്ക് A/c	Dr. 100000	13% കടപത്രം A/c	Dr.	100000
To 13% കടപത്രം 100000		To ബാങ്ക് A/c		100000
ബാങ്ക് A/c	Dr. 4500	11% കടപത്രം A/c	Dr.	5000
ഡിസ്കൗണ്ട് A/c	Dr. 500	To ബാങ്ക്		5000
To 11% കടപത്രം 5000				
ബാങ്ക് A/c	Dr. 110000	13% കടപത്രം A/c	Dr.	100000
To 13 കടപത്രം 5000		To ബാങ്ക് 100000		
To 11% സെക്യൂരിറ്റി പ്രീമിയം				
ബാങ്ക് A/c	Dr. 9000	10% കടപത്രം A/c	Dr.	100000

കടപത്രപുറപ്പെടുവിക്കൽ നഷ്ടം	കടപത്രമടക്കിനല്കാൻ പ്രീമിയം	Dr.1000
To 10% കടപത്രം 100000	To ബാങ്ക്	11000
To 11% കടപത്രമടക്കി നല്കാൻ പ്രീമിയം		
ബാങ്ക് A/c 20000	15% കടപത്രം A/c	20000
കടപത്രമടക്കി നല്കൽ നഷ്ടം	കടപത്രമടക്കിനല്കൽ പ്രീമിയം	2000
To 15% കടപത്രം 20000	To ബാങ്ക്	22000

തുടർപ്രവർത്തനങ്ങൾ

കടപത്രങ്ങൾ പുറപ്പെടുവിച്ചുകൊണ്ടുള്ള വിജ്ഞാപനങ്ങൾ ശേഖരിച്ച് പുറപ്പെടുവിക്കൽ മടക്കിനല്കാൻ വ്യവസ്ഥകൾ മനസ്സിലാക്കുക.

തുടർവായന സാമഗ്രികൾ

എൻ.സി.ഇ.ആർ.ടി ടെക്സ്റ്റ്ബുക്ക്

പദസൂചിക

- **കടപത്രം–**

  1. ഒരു കമ്പനി പൊതുജനങ്ങളിൽ നിന്നും വാങ്ങിയിട്ടുള്ള കടത്തിന്റെ ബാധ്യത വെളിപ്പെടുത്തുന്ന പ്രമാണങ്ങൾ.
  2. **ഈട്:** വായ്പ എടുക്കുന്നതിനായി പണയപ്പെടുത്തുന്ന ആസ്തി.
  3. **പിൻവലിക്കാവുന്ന കടപത്രങ്ങൾ –** നിശ്ചിത കാലാവധിക്ക് ശേഷം പണം മടക്കി നല്കുന്ന കടപത്രങ്ങൾ
  4. **പിൻവലിക്കാത്ത കടപത്രങ്ങൾ –** കമ്പനി പ്രവർത്തനം അവസാനിപ്പിക്കുന്നത് വരെ പണം മടക്കി നല്കാത്ത കടപത്രങ്ങൾ.
  5. **ഈടധിഷ്ഠിത കടപത്രങ്ങൾ –** കമ്പനി ആസ്തികളുടെ ഈടിന്മേൽ പുറപ്പെടുവിച്ചിട്ടുള്ള കടപത്രങ്ങൾ.

- **ഈട് രഹിത കടപത്രങ്ങൾ** – ഈടുകൾ ഒന്നും നല്കാതെ പുറപ്പെടുവിച്ചിട്ടുള്ള കടപത്രങ്ങൾ
- **പരിവർത്തിത കടപത്രങ്ങൾ–** പണം മടക്കി നല്കുന്നതിന് പകരം പുതിയ കടപത്രങ്ങളോ ഓഹരികളോ ആക്കി മാറ്റാവുന്ന കടപത്രങ്ങൾ.
- **പരിവർത്തിത കടപത്രങ്ങൾ:** പണം മടക്കി നല്കുന്നതിന് പകരം പുതിയ കടപത്രങ്ങളോ ഓഹരികളോ ആക്കി മാറ്റുന്ന കടപത്രങ്ങൾ.

- **അപരിവർത്തിത കടപത്രങ്ങൾ:** പുതിയ കടപത്രങ്ങളോ ഓഹരികളോ ആയി മാറ്റാൻ കഴിയാത്ത കടപത്രങ്ങൾ.
- **കൂപ്പൺ നിരക്ക് :** കടപത്ര പ്രമാണത്തിൽ സൂചിപ്പിക്കുന്ന പലിശനിരക്ക്.
- **നിരക്കധിഷ്ഠിത കടപത്രങ്ങൾ:** കടപത്രപ്രമാണത്തിൽ പലിശ നിരക്ക് സൂചിപ്പിച്ചിട്ടുള്ള കടപത്രങ്ങൾ.
- **നിരക്ക് രഹിത കടപ്ത്രങ്ങൾ:** കടപത്രപ്രമാണത്തിൽ പലിശനിരക്ക് സൂചിപ്പിട്ടില്ലാത്ത കടപത്രങ്ങൾ.
- **രജിസ്ട്രേഷൻ കടപത്രങ്ങൾ:** കമ്പനി രേഖകളിൽ കൈവശക്കാരന്റെ പേരുവിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള കടപത്രങ്ങൾ.
- **കൈവശകടപത്രങ്ങൾ:** കമ്പനി രേഖകളിൽ കൈവശക്കാരന്റെ പേരുവിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ലാത്ത കടപത്രങ്ങൾ.

3

കമ്പനികളുടെ ധനകാര്യ സ്റ്റേറ്റ്മെന്റുകൾ

(Financial Statements of Company)

ആമുഖം

അക്കൗണ്ടിംഗ് പ്രക്രിയകളുടെ അന്തിമഫലമായി ഉരുത്തിരിയുന്ന സ്റ്റേറ്റ്മെന്റുകളെയാണ് ധനകാര്യ സ്റ്റേറ്റ്മെന്റുകൾ എന്നു പറയുന്നത്. ഒരു ബിസിനസ്സ് സ്ഥാപനത്തിന്റെ പ്രവർത്തനക്ഷമത, സാമ്പത്തികനില മുതലായവയാണ് ഈ സ്റ്റേറ്റ്മെന്റുകളിലൂടെ വ്യക്തമാകുന്നത്. അക്കൗണ്ടിംഗ് തത്വങ്ങൾ, ആശയങ്ങൾ, സങ്കല്പങ്ങൾ തുടങ്ങിയവയെക്കുറിച്ചുള്ള അറിവും അതിലുപരി കമ്പനി നിയമപ്രകാരമുള്ള പട്ടിക VI ഭാഗം 2 പ്രകാരമുള്ള ഫോർമാറ്റുകളും നിർദ്ദേശങ്ങളെക്കുറിച്ചുള്ള ധാരണയും ഉള്ള ഒരാൾക്ക് മാത്രമേ കമ്പനിയുടെ ധനകാര്യ സ്റ്റേറ്റ്മെന്റുകൾ തയ്യാറാക്കാൻ കഴിയുകയുള്ളൂ. കമ്പനി വ്യവസ്ഥകൾ പ്രകാരമുള്ള മാതൃക, ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റുകളുടെ ഉള്ളടക്കത്തെക്കുറിച്ചുള്ള ധാരണ കൈവരിച്ച് ലളിതമായ രീതിയിൽ ഇവ തയാറാക്കാനുള്ള കഴിവുകൾ ആർജിക്കുകയാണ് ഈ അധ്യായത്തിലൂടെ.

പഠനനേട്ടങ്ങൾ

- ധനകാര്യ സ്റ്റേറ്റ്മെന്റുകളുടെ സ്വഭാവം, ലക്ഷ്യം എന്നിവയെക്കുറിച്ചുള്ള ധാരണകൾ ഉണ്ടാകുന്നു.
- പട്ടിക VI പ്രകാരമുള്ള ധനകാര്യ സ്റ്റേറ്റ്മെന്റുകളിലടങ്ങിയിരിക്കുന്ന ഇനങ്ങൾ എന്തൊക്കെയാണെന്ന് തിരിച്ചറിഞ്ഞ് ഇത്തരം സ്റ്റേറ്റ്മെന്റുകൾ ഫോർമാറ്റ് അനുസരിച്ച് തയാറാക്കാനുള്ള നൈപുണി കൈവരിയ്ക്കുന്നു.
- ധനകാര്യ സ്റ്റേറ്റ്മെന്റുകൾക്ക് ഉള്ള പ്രാധാന്യം ഉൾക്കൊള്ളുകയും അവയുടെ ന്യൂനതകൾ തിരിച്ചറിയുകയുന്നു.

ധനകാര്യ സ്റ്റേറ്റ്മെന്റുകൾ - അർഥം, സ്വഭാവം

ഒരു നിശ്ചിത കാലയളവിലേയ്ക്ക് ഒരു ബിസിനസ്സിലുണ്ടായ ലാഭനഷ്ടങ്ങളേയും ആ കാലയളവ് അവസാനിക്കുന്ന തിയതി പ്രകാരമുള്ള സാമ്പത്തിക നിലയും കണ്ടെത്താനായി നിർമിക്കുന്ന സ്റ്റേറ്റ്മെന്റുകളെയാണ് ധനകാര്യ സ്റ്റേറ്റ്മെന്റ് എന്നു വിശേഷിപ്പിക്കുന്നത്.

ധനകാര്യ സ്റ്റേറ്റ്മെന്റുകളെ താഴെ കൊടുത്തിട്ടുള്ള തലക്കെട്ടുകളിലായി വേർതിരിച്ചിരിക്കുന്നു.

1) ലാഭനഷ്ടങ്ങൾ കണക്കാക്കുന്നതിലേക്കായി തയാറാക്കുന്ന സ്റ്റേറ്റ്മെന്റുകൾ. ഇവയെ സ്റ്റേറ്റ്മെന്റ് ഓഫ് പ്രോഫിറ്റ് & ലോസ് എന്നു വിളിക്കുന്നു.
2) ആസ്തി ബാധ്യതകളെക്കുറിച്ചുള്ള കണക്കുകൾ കാണിക്കുന്നതിലേയ്ക്കായി തയ്യാറാക്കുന്ന സ്റ്റേറ്റ്മെന്റ്. ഇതിനെ ബാലൻസ് ഷീറ്റ് എന്ന തലക്കെട്ടിൽ രേഖപ്പെടുത്തുന്നു.

ഇടപാടുകൾ നടക്കുന്ന ക്രമത്തിലാണ് അവയെ രേഖപ്പെടുത്തുന്നത്. പൂർണമായും അക്കൗണ്ടിംഗ് തത്വങ്ങൾക്ക് വിധേയമായിട്ടാണ് ഇടപാടുകൾ രേഖപ്പെടുത്തുക. അതുപോലെ കണക്കെഴുത്തിൽ അക്കൗണ്ടന്റുമാരുടെ കാഴ്ചപ്പാടും പ്രസക്തമാണ്. ഈ പ്രസ്താവനകളുടെ അടിസ്ഥാനത്തിൽ ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റുകളുടെ സ്വഭാവം ഏതൊക്കെയാണെന്ന് നിങ്ങൾക്ക് ഊഹിക്കാവുന്നതേയുള്ളൂ.

1. രേഖാപരമായ വസ്തുതകൾ (Recorded facts)

ഓരോ ഇടപാടുകളും അവ നടക്കുന്ന തുകയ്ക്ക് രേഖപ്പെടുത്തി വയ്ക്കുന്നു. അതുകൊണ്ട് തന്നെ യഥാർഥ വില (വിപണിമൂല്യം) അക്കൗണ്ടിംഗ് ബുക്കുകളിൽ നിന്നും വ്യത്യസ്തമായിരിക്കും. ഉദാഹരണത്തിന് 10 വർഷം മുമ്പേ ഒരു കടക്കാരൻ 10,000 രൂപ കൊടുത്ത് ഒരു വസ്തു വാങ്ങിയിട്ടുണ്ടെങ്കിൽ ഇതിന്റെ വില 10,000 രൂപയായിട്ട് തന്നെയായിരിക്കും കണക്കുബുക്കുകളിൽ കാണുക. ഇക്കാരണങ്ങളാൽ സാമ്പത്തിക സ്റ്റേറ്റ്മെന്റുകൾക്ക് യഥാർഥ സാമ്പത്തിക നില വ്യക്തമാക്കാൻ കഴിയുന്നില്ല.

2. വ്യവസ്ഥാപിത ചട്ടങ്ങൾ (Accounting conventions)

ഇതുമായി ബന്ധപ്പെട്ട ചില ഉദാഹരണങ്ങൾ പറയാം. ആസ്തികളെ വർഷാവർഷങ്ങളിൽ അവയുടെ തേയ്മാനം കണക്കിലെടുത്ത് ആസ്തികളിൽ കുറവ്ചെയ്ത് കാണിക്കുക. പേന, പെൻസിൽ തുടങ്ങിയവയുടെ വർഷാന്ത്യ സ്റ്റോക്കുകൾ വളരെ വിലകുറവായതിനാൽ കണക്കുബുക്കുകളിൽ പ്രത്യേക ഐറ്റങ്ങളായി കാണിക്കാതിരിക്കുക തുടങ്ങിയ ചട്ടങ്ങൾക്ക് വിധേയമാണ് കണക്കെഴുത്ത് ശാസ്ത്രം.

3. അക്കൗണ്ടിംഗ് സങ്കല്പനങ്ങൾ (Accounting Assumptions)

വസ്തുനിഷ്ഠത തെളിയിക്കുക, പണമെന്ന അളവുകോൽ, ദ്വിമാന രേഖ, സമ്പൂർണ്ണ വെളിപ്പെടുത്തൽ തുടങ്ങിയ അക്കൗണ്ടിംഗ് സങ്കല്പങ്ങൾ പാലിക്കപ്പെട്ടുമാത്രമേ ട്രാൻസാക്ഷനുകൾ രേഖപ്പെടുത്താൻ കഴിയൂ.

4. വ്യക്തിപരമായ കാഴ്ചപ്പാടുകൾ (Personal judgements)

കണക്കെഴുത്തുകാരുടെ വ്യക്തിപരമായ അഭിപ്രായങ്ങൾ, ഊഹാപോഹങ്ങൾ തുടങ്ങിയവ, ധനകാര്യസ്റ്റേറ്റ്മെന്റുകളുടെ കൃത്യതയെ ബാധിക്കുന്നു.

സ്വയം വിലയിരുത്തൽ ചോദ്യങ്ങൾ - 1

1. ധനകാര്യ സ്റ്റേറ്റ്മെന്റുകളിൽ പ്രതിഫലിക്കുന്നത് എന്തൊക്കെയാണ്?
2. വ്യക്തിപരമായ കാഴ്ചപ്പാട് എന്നത് ധനകാര്യ സ്റ്റേറ്റ്മെന്റുകളുടെ സ്വഭാവ സവിശേഷതകളിൽ ഒന്നാണ്. ഇത് ധനകാര്യ സ്റ്റേറ്റ്മെന്റുകളെ എങ്ങനെ ബാധിക്കുന്നു?

Format of a Balance sheet as per companies Act

Balance Sheet as on ....

	Particulars	Note no.	Current Year	Previous Year
I	Equity and Liabilities			
	1) Shareholder's Funds			
	a) Share Capital			
	b) Reserves and Surplus			
	c) Money received against share warrants			
	2) Share Application Money Pending Allotment			
	3) Non current liabilities			
	a) Long Term borrowing			
	b) Deferred Tax liabilites			
	c) Other long term liabilities			
	d) Long term provisions			
	4) Current liabilities			
	a) Short terms Borrowing			
	b) Trade Payables			
	c) Other current liabilities			
	d) short term provisions			
		Total		
II.	1) Assets			
	a) Fixed Assets			
	i) Tangible			
	ii) Intangible			
	iii) Capital work in progress			
	iv) Intangible Assets under development			
	b) Non current Investment			
	c) Deferred tax Asset			
	d) Long term loans & Advances			
	e) Other non-current Assets			
	2) Current Assets			
	a) Current Investment			
	b) Inventories			
	c) Trade receivables			
	d) Cash & cash equivalents			
	e) Short term loans & Advances			
	f) Other current assets			
		Total		

I. Equity & Liabilities
(ഓഹരിയും ബാധ്യതകളും)

1. Shareholders Fund : (ഓഹരി ഉടമകളുടെ നിധി)

പരിഷ്ക്കരിച്ച പട്ടിക VI പ്രകാരം ഓഹരി ഉടമകളുടെ ഫണ്ടിനെ താഴെപറയുന്ന രീതിയിൽ വർഗീകരിച്ചിരിക്കുന്നു.

a) ഓഹരി മൂലധനം
b) കരുതൽ ധനവും ലാഭമിച്ചവും
c) ഷെയർ വാറണ്ടുകൾ മുഖേന ലഭിച്ച തുക

2) ഓഹരി അപേക്ഷ പ്രകാരമുള്ള അലോട്ട്മെന്റ് അഡ്ജസ്റ്റ്മെന്റുകൾ

3) ദീർഘകാല ബാധ്യതകൾ
a) ദീർഘകാല കടബാധ്യതകൾ
b) ഭാവിയിൽ കൊടുത്തുതീർക്കേണ്ട നികുതി ബാധ്യതകൾ
c) മറ്റ് ദീർഘകാല ബാധ്യതകൾ
d) ദീർഘകാല കരുതൽ നിധികൾ

4) ഹ്രസ്വകാല ബാധ്യതകൾ
a) ഹ്രസ്വകാല ബാധ്യതകൾ
b) കച്ചവടം മുഖേനയുള്ള ബാധ്യതകൾ
c) മറ്റ് ഹ്രസ്വകാല ബാധ്യതകൾ
d) ഹ്രസ്വകാല കരുതൽ നിധികൾ

II. ആസ്തികൾ

1) ദീർഘകാല ആസ്തികൾ
a) ഫിക്സഡ് അസറ്റുകൾ
i) ദൃശ്യരൂപത്തിലുള്ള ആസ്തികൾ
ii) അദൃശ്യമായ ആസ്തികൾ
iii) ക്യാപ്പിറ്റൽ വർക് ഇൻ പ്രോഗ്രസ്
iv) വികസിപ്പിച്ചുകൊണ്ടിരിക്കുന്ന അദൃശ്യരൂപത്തിലുള്ള ആസ്തികൾ
b) ദീർഘകാല നിക്ഷേപങ്ങൾ
c) നികുതി സംബന്ധിച്ചുള്ള നീക്കുപോക്കുകൾ
d) ദീർഘകാലയളവിലേയ്ക്ക് നൽകിയ വായ്പകൾ
e) മറ്റ് ദീർഘകാല ആസ്തികൾ

2) ഹ്രസ്വകാല ആസ്തികൾ
a) ഹ്രസ്വകാല നിക്ഷേപങ്ങൾ
b) നീക്കിയിരിപ്പ് സ്റ്റോക്കുകൾ
c) കച്ചവടം സംബന്ധിച്ച് പിരിഞ്ഞ് കിട്ടേണ്ട കടങ്ങൾ
d) പണവും തതുല്യമായവയും
e) ഹ്രസ്വകാലയളവിലേയ്ക്ക് നൽകിയിരിക്കുന്ന വായ്പകൾ
f) മറ്റ് ഹ്രസ്വകാല ആസ്തികൾ

പ്രവർത്തനം-1 :

താഴെ കാണുന്ന തലക്കെട്ടുകൾക്ക് അനുയോജ്യമായ ഉദാഹരണങ്ങൾ എഴുതുക?

a) Share Holders Fund	b) Fixed Assets
i)	i) ....
ii)	ii) ....
iii)	iii) ....
	iv) ....
	v) ....

മാതൃക ബാലൻസ് ഷീറ്റിൽ അടങ്ങിയിരിക്കുന്നവയെ ഓരോന്നായി നോക്കാം.

Share Holders Fund (ഓഹരി ഉടമകളുടെ നിധി)

ഫോർമാറ്റിൽ കാണുന്നതുപോലെ ഈ തലക്കെട്ടിൽ ഉൾപ്പെട്ടിരിക്കുന്ന ഘടകങ്ങൾ ശ്രദ്ധിക്കുക.

a) ഓഹരി മൂലധനം (Share Capital)

b) കരുതൽ പണവും ലാഭമിച്ചവും (Reserves & Surplus)

c) ഷെയർ വാറണ്ടുകൾ മുഖേന ലഭിച്ച തുക (Money received against Share warrants)

ഓഹരി മൂലധനം

ഓഹരി ഉടമകളുടെ മുടക്ക് മുതലാണ് ഓഹരി മൂലധനം എന്നു വിളിക്കുന്നത്. ഓഹരി ഉടമകൾ രണ്ടുതരം ഉണ്ട്.

a) സാധാരണ ഓഹരികൾ (equity share capital)

b) മുൻഗണനാ ഓഹരികൾ (Preference share capital)

ഓഹരി സംബന്ധിച്ചുള്ള വിശദാംശങ്ങൾ ബാലൻസ് ഷീറ്റിൽ രണ്ടാമത്തെ ഇനമാണ്. താഴെ തന്നിട്ടുള്ള ക്രമത്തിൽ ഇവയെ ബാലൻസ്ഷീറ്റിൽ പ്രദർശിപ്പിക്കേണ്ടതാണ്.

a) അധികൃത മൂലധനം (Authorised Capital)

ഒരു കമ്പനിയ്ക്ക് പിരിച്ചെടുക്കാൻ കഴിയുന്ന പരമാവധി ക്യാപ്പിറ്റലിനേയാണ് അധികൃത മൂലധനം എന്നു പറയുക.

ഇഷ്യുചെയ്ത ഓഹരികൾ (Issued Capital)

അധികൃത മൂലധനത്തിന്റെ ഒരു ഭാഗമാണ് ഇവ.

വാങ്ങിയ ഓഹരികൾ (Subscribed Capital)

ഇഷ്യു ചെയ്ത ഓഹരികൾ മൊത്തമായി ജനങ്ങൾ വാങ്ങണമെന്നില്ല. അതിന്റെ എത്രഭാഗമാണോ വാങ്ങുന്നത്, അവയെ subscribed capital എന്നു പറയുന്നു.

കാൾഡ് അപ് ക്യാപ്പിറ്റൽ (Called up Capital)

നിങ്ങൾക്ക് അറിയാവുന്നത് പോലെ ഓഹരിയുടെ വില ഒറ്റത്തവണയായിട്ട് അല്ല പൊതുവെ കമ്പനികൾ ഈടാക്കുന്നത് മറിച്ച് പലപല തവണകളായിട്ടായിരിക്കും ഈ തുക കമ്പനികൾ പിരിച്ചെടുക്കുന്നത്. ഇതിനെ കാൾഡ് അപ് ക്യാപ്പിറ്റൽ എന്നു വിളിക്കുന്നു. എന്നാൽ ഈ തുക കൃത്യസമയത്ത് തന്നെ അയയ്ക്കാത്തവർ ഉണ്ടാകും. ഇതിനെ വാങ്ങിയ ഓഹരികളുടെ (Subscribed capital) കൂട്ടത്തിൽ കാണിയ്ക്കാമെങ്കിലും കമ്പനി ചട്ടപ്രകാരം ഇതിനെ താഴെ കൊടുത്തിട്ടുള്ള രീതിയിൽ വേണം പ്രദർശിപ്പിക്കേണ്ടത്. "Subscribed but not fully paid up"

അടയ്ക്കാത്ത കാളുകളെ കുടിശ്ശിക കാളുകൾ (calls in arrear) എന്നുവിളിക്കുന്നു. ഇതിനെ subscribed capital തുകയിൽ നിന്നും കുറച്ചു മാറ്റേണ്ടതുണ്ട്.

കണ്ടുകെട്ടിയ ഷെയറുകൾ (Forfeited shares)

കാൾ വിളിക്കുന്നത് യഥാസമയം അടച്ചുതീർക്കേണ്ടത് ഓഹരി ഉടമകളാണ്. എന്നാൽ അടയ്ക്കാതെ കുടിശ്ശിക വരുത്തുന്ന ഇടപാടുകാരുടെ ഷെയറുകൾ കമ്പനി റദ്ദാക്കി ഓഹരിയിൽ അടച്ച തുക കമ്പനിയുടെ വസ്തുവകകൾ ആക്കാറുണ്ട്. ഇതിനെ ഫൊർഫീറ്റഡ് ഷെയറുകൾ എന്നാണ് പറയുന്നത്.

ഇത്തരം നീക്കുപോക്കുകൾ ഷെയർ ക്യാപ്പിറ്റലിനോടൊപ്പം കൂട്ടുക തന്നെ വേണം. ഇത് കമ്പനിയെ സംബന്ധിച്ച് ലാഭമായിട്ട് വേണം കണക്കാക്കാൻ.

ഷെയറുമായി ബന്ധപ്പെട്ട എല്ലാ അഡ്ജസ്റ്റുമെന്റുകളും വ്യക്തമായി നോട്ട്സ് തയാറാക്കി നമ്പറിട്ട് ബാലൻസ്ഷീറ്റിന്റെ ചുവടെ കാണിക്കേണ്ടതാണ്.

നിർദ്ധാരണം 1

ഒരു കമ്പനിയുടെ ഷെയർ ക്യാപ്പിറ്റലുമായി ബന്ധപ്പെട്ട വിവരങ്ങൾ താഴെ തന്നിട്ടുണ്ട്.

അധികൃത മൂലധനം	Rs.
10 രൂപയുടെ 100000 ഓഹരികൾ	10,00,000
ഇഷ്യു ചെയ്ത ക്യാപ്പിറ്റൽ	
70,000 ഓഹരികൾ	

വാങ്ങിയ ഓഹരി (Subscribed capital)

60000 ഓഹരികൾ

വിളിച്ച തുക : 8 രൂപ

അടച്ച തുക : 100 ഓഹരിയിൽ 6 രൂപ മാത്രമേ അടച്ചിട്ടുള്ളൂ.

മുകളിൽ കാണുന്ന ട്രാൻസാക്ഷനുകളെ ഒരു ബാലൻസ്ഷീറ്റിൽ കാണിയ്ക്കാമോ?

ഉത്തരം

Balancesheet of .... company as on ....(date)

വിവരങ്ങൾ	നോട്ട് നമ്പർ	തുക
I. Equity & Liabilities		
(ഇക്വിറ്റിയും ബാധ്യതകളും)		
1. ഓഹരി ഉടമകളുടെ ഫണ്ട്		
a) ഓഹരി മൂലധനം	1	4,79,800

Notes to Accounts (അക്കൗണ്ടുകൾക്ക് ആവശ്യമായ നോട്ടുകൾ)

	വിവരങ്ങൾ	തുക	തുക
1.	ഓഹരി മൂലധനം		
	അധികൃത മൂലധനം		10,00,000
2.	ഇഷ്യൂഡ് ക്യാപ്പിറ്റൽ		
	70,000 ഓഹരികൾ 10 രൂപ നിരക്കിൽ		70,00,00
3.	വാങ്ങിയ ക്യാപ്പിറ്റൽ		
	60000 ഓഹരികൾ 10 രൂപ നിരക്കിൽ		600000
	ആവശ്യപ്പെട്ട ക്യാപിറ്റൽ		
	60000 ഓഹരികൾ 8 രൂപ നിരക്കിൽ		480000
4.	കിട്ടിയ ക്യാപ്പിറ്റൽ		4,79,800

Reserves & Surplus (കരുതൽ പണവും ലാഭമിച്ചവും)

കമ്പനിയുടെ ലാഭവും അതിൽനിന്നു മാറ്റി വയ്ക്കുന്ന റിസർവുകളും ഓഹരി ഉടമകൾക്ക് അവകാശപ്പെട്ടതാണ്. സെക്യൂരിറ്റി പ്രീമിയം, ജനറൽ റിസർവുകൾ, ലാഭമിച്ചങ്ങൾ, തുടങ്ങിയവ ഇവയ്ക്ക് ഉദാഹരണമായി പറയാൻ കഴിയും. ഫോർമാറ്റിൽ

നിങ്ങൾ കണ്ടതുപോലെ ഇവയേയും റിസർവ്സ് ആന്റ് സർപ്ലസ് ഹെഡിൽ കാണിയ്ക്കാവുന്നതാണ്. ഷെയർ ക്യാപ്പിറ്റലിന്റെ വിശദാംശങ്ങൾ ഒരു നോട്ട് തയാറാക്കി കാണിച്ചതുപോലെ ഇവിടെയും റിസർവുകളെ ഇത്തരത്തിൽ കാണിയ്ക്കേണ്ടത് നിയമപരമായ ആവശ്യമാണ്.

ദീർഘകാല ബാധ്യതകൾ

വിവിധതരം ദീർഘകാല ബാധ്യതകളെക്കുറിച്ച് നിങ്ങൾക്ക് അറിയാവുന്നതാണ്. ബാലൻസ്ഷീറ്റ് തയ്യാറാക്കുമ്പോൾ വിവിധതരത്തിലുള്ള ബാധ്യതകളെ പ്രത്യേകം നോട്ട് തയാറാക്കി ബാലൻസ് ഷീറ്റിനോടൊപ്പം കാണിയ്ക്കേണ്ടതാണ്.

നിർദ്ധാരണം 2

XY ലിമിറ്റഡ് കമ്പനിയുടെ ബാധ്യതാ സംബന്ധമായ വിവരങ്ങൾ താഴെതന്നിരിക്കുന്നു.

a) അധികൃത മൂലധനം	100000 രൂപ
b) ഓഹരിയുടെ മുഖവില	10 രൂപ
c) ഇഷ്യൂ ചെയ്ത മൂലധനം	10000 എണ്ണം
d) വാങ്ങിയ മൂലധനം	9000 എണ്ണം

e) വിളിച്ച തുക 10 രൂപ വച്ച്

f) ഇനി കിട്ടാനുള്ളത്

50 ഓഹരി വാങ്ങിയയാൾ

2 രൂപ വച്ച് തന്നിട്ടില്ല.

ജനറൽ റിസർവുകൾ 75000 രൂപ

ഡിബഞ്ചറുകൾ 100000 രൂപ

ദീർഘകാല ബാങ്ക് വായ്പകൾ 300000 രൂപ

ശമ്പള കുടിശിക 4000 രൂപ

ബിൽ പേയബിൾസ് 5000 രൂപ

ഫോർഫീറ്റഡ് ഷെയറുകൾ 8000 രൂപ

സെക്യൂരിറ്റി പ്രീമിയം 50000 രൂപ

മുകളിൽ തന്നിരിക്കുന്ന ഓരോന്നും വായിച്ച് മനസ്സിലാക്കിയശേഷം വിവിധ തലക്കെട്ടുകളിലായി ഉൾക്കൊള്ളിച്ച് കമ്പനിയുടെ ബാലൻസ് ഷീറ്റിൽ കാണിക്കുക.

ഉത്തരം

ബാലൻസ് ഷീറ്റ് XY Ltd., 31-3-2016 തീയതി പ്രകാരം

ഇനങ്ങൾ	നോട്ട് നമ്പർ	തനത് വർഷം	മുൻ വർഷം
1. Equity and Liabilities			
1) ഓഹരി ഉടമകളുടെ ഫണ്ട്			
a) ഓഹരി മൂലധനം	1	97900	–
2) Reserves and Surplus		125000	
3) ദീർഘകാല വായ്പകൾ		40000	
4) ഹ്രസ്വകാല വായ്പകൾ		13000	
		275900	

നോട്ടുകൾ

	വിവരങ്ങൾ	തുക	തുക
1.	ഓഹരി മൂലധനം		
	അധികൃത മൂലധനം		100000
	ഇഷ്യൂഡ് ക്യാപ്പിറ്റൽ		100000
	വാങ്ങിയ മൂലധനം		90000
	മൊത്തം അടച്ചത്		
	8950 x 10		89500
	ഭാഗികമായി അടച്ചത്		
	50 x 10	500	
	less കുടിശ്ശികകൾ (50 x 2)	100	89900
	Add ഫോർഫീറ്റഡ് ക്യാപ്പിറ്റൽ	8000	
			97900
2.	Reserves and Surplus		
	ജനറൽ റിസർവുകൾ	75000	
	സെക്യൂരിറ്റി പ്രീമിയം	50000	
			125000
3.	ദീർഘകാല വായ്പകൾ		
	ബാങ്ക് വായ്പകൾ	300000	
	ഡിബഞ്ചറുകൾ	100000	400000
4.	ഹ്രസ്വകാല വായ്പകൾ		
	കച്ചവടം മുഖേനയുള്ള കടങ്ങൾ (Bills Payable)	5000	
	മറ്റു കടങ്ങൾ		
	ശമ്പള കുടിശ്ശിക	4000	9000

പ്രവർത്തനം – 2:

താഴെ നൽകിയിട്ടുള്ള വിവരങ്ങൾ സൂക്ഷ്മമായി നിരീക്ഷിക്കുക.

a) സ്റ്റോർ ആന്റ് സ്പെയേഴ്സ്
b) ഫർണിച്ചർ
c) ഡിപ്രീസിയേഷൻ റിസർവ്
d) റെവന്യൂ റിസർവ്
e) ഡിബഞ്ചറുകൾ (കടപത്രങ്ങൾ)
f) പേറ്റന്റുകൾ
g) ക്യാഷ്
h) ബിൽഡിംഗ്
i) പ്ലാന്റുകൾ
j) ജനറൽ റിസർവ്
k) സ്റ്റോക്ക് ഇൻ ട്രേഡ്
l) ഫോർ ഫീറ്റഡ് ഷെയറുകൾ
m) കുടിശ്ശിക കാളുകൾ
n) ബാങ്ക് വായ്പകൾ

മുകളിൽ കൊടുത്തിരിക്കുന്നവയെ തരംതിരിച്ച് താഴെ കൊടുത്തിട്ടുള്ള തലക്കെട്ടുകളിൽ ഉൾക്കൊള്ളിക്കുക.

ഇൻവെന്ററീസ്
?
?
ഷെയർ ക്യാപ്പിറ്റൽ
?
?
?
?
?
(കരുതൽ പണവും ലാഭമിച്ചങ്ങളും)
?
?
?
?

ദീർഘകാല ബാധ്യതകൾ
?
?
?
?
?
ഫിക്സഡ് ആസ്തികൾ
ദൃശ്യമായവ
?
?
?
അദൃശ്യമായവ
?
?
?
?

നിർദ്ധാരണം 3

താഴെ തന്നിട്ടുള്ള വിവരങ്ങൾക്ക് വായിച്ച് ഷെഡ്യൂൾ VI പ്രകാരമുള്ള ഒരു ബാലൻസ് ഷീറ്റ് വരയ്ക്കുക?

കമ്പനിയുടെ പേര് : എ ബി ലിമിറ്റഡ്
അക്കൗണ്ടിംഗ് വർഷം : 2015-16

Trial Balance as on 31-3-2016

ഫർണിച്ചർ	17,000	
ഗുഡ്‌വിൽ	40,000	
ദീർഘകാല നിക്ഷേപങ്ങൾ	40,000	
ഓഹരി മൂലധനം (10 രൂപ മുഖവില)		60,000
ബാങ്ക് വായ്പ		32,000
ജനറൽ റിസർവ്		12,000
ഫോർഫീറ്റഡ് ഷെയേഴ്സ്		4000
ശമ്പള കുടിശ്ശിക		7000
സ്റ്റോക്ക് ഇൻ ട്രേഡ്	8000	
ബിൽഡിംഗ്	50,000	
ഡിബഞ്ചറുകൾ		90,000
കുടിശ്ശിക കാൾ		
ഓഹരി ഒന്നിന് രണ്ട് രൂപ നിരക്കിൽ	2000	
കച്ചവടം മുഖേന കിട്ടാനുള്ള തുക	48000	
ആകെ	205000	205000

ഉത്തരം:

എ ബി ലിമിറ്റഡ്
ബാലൻസ് ഷീറ്റ് 31-3-2016 തീയതി പ്രകാരം

	ഇനങ്ങൾ	നോട്ട് നമ്പർ	തുക
I.	ഇക്വിറ്റിയും ബാധ്യതകളും		
	1) ഓഹരി ഉടമകളുടെ നിധി		
	a) ഓഹരി മൂലധനം	1	62,000
	2) കരുതൽ നിധിയും ലാഭമിച്ചവും	2	12,000
	3) നോൺകറന്റ് ബാധ്യതകൾ	3	1,22,000
	4) കറന്റ് ബാധ്യതകൾ		7000
		ആകെ	2,03,000
II.	Assets (ആസ്തികൾ)		
	5) ഫിസ്കഡ് ആസ്തികൾ		1,07,000
	ദീർഘകാല നിക്ഷേപം		40,000
	6) കറന്റ് ആസ്തികൾ		56,000
		ആകെ	2,03,000

അക്കൗണ്ട്സ് സംബന്ധിച്ചുള്ള നോട്ടുകൾ

വിവരങ്ങൾ	തുക	തുക
നോട്ട് 1. ഓഹരി മൂലധനം		
അധികൃത മൂലധനം (6000 x 10)		60000
ഇഷ്യൂഡ് ക്യാപ്പിറ്റൽ		60000
വാങ്ങിയ മൂലധനം :		60000
മൊത്തം അടച്ചത്	50,000	
ഭാഗികമായി അടച്ചത്		
(1000 x 8)	8000	
	58,000	
ഫോർഫീറ്റഡ് ഷെയറുകൾ		62,000
2. കരുതൽ നിധിയും ലാഭമിച്ചങ്ങളും		
ജനറൽ റിസർവ്	12,000	12,000
3. നോൺകറന്റ് ബാധ്യതകൾ		
a) ഡിബഞ്ചറുകൾ	90,000	
b) ബാങ്ക് വായ്പ	32,000	1,22,000
4. കറന്റ് ബാധ്യതകൾ		
ശമ്പള കുടിശ്ശിക	7000	7000
5. ഫിക്സഡ് ആസ്തികൾ		
ബിൽഡിംഗ്	50,000	
ഫർണിച്ചർ	17,000	
അദൃശ്യമായവ : ഗുഡ്‌വിൽ	40,000	1,07,000
ദീർഘകാല നിക്ഷേപം	40,000	40,000
6. കറന്റ് ആസ്തികൾ		
ഇൻവെന്ററി :		
സ്റ്റോക്ക് ഇൻ ട്രേഡ്	8000	
കച്ചവടം മുഖേന കിട്ടാനുള്ള തുക	48,000	56,000

സ്വയം വിലയിരുത്തൽ ചോദ്യങ്ങൾ -2

1. ഹ്രസ്വകാല ആസ്തികൾക്ക് 4 ഉദാഹരണങ്ങൾ എഴുതുക?
2. ഹ്രസ്വകാല ബാധ്യതകൾ കൊണ്ട് അർഥമാക്കുന്നത് എന്താണ്?
3. അദൃശ്യ ആസ്തികൾക്ക് 3 ഉദാഹരണങ്ങൾ പറയുക?
4. റിസർവുകൾക്കും സർപ്ലസുകൾക്കും ഉദാഹരണമെഴുതുക?

ലാഭനഷ്ട സ്റ്റേറ്റുമെന്റുകൾ

ഒരു കമ്പനിയെ സംബന്ധിച്ച് റെവന്യു വരുമാനങ്ങളും റവന്യു ചെലവുകളും തമ്മിലുള്ള അന്തരമാണ് ലാഭനഷ്ടങ്ങൾ. റവന്യു വരുമാനം കൂടുതലാണെങ്കിൽ ലാഭവും തിരിച്ചാണെങ്കിൽ നഷ്ടവും ഉണ്ടാകുന്നു. ഒരു കമ്പനിയെ സംബന്ധിച്ച് ലാഭനഷ്ട സ്റ്റേറ്റ്മെന്റുകൾ തയാറാക്കേണ്ടത് കമ്പനി നിയമപ്രകാരം ഷെഡ്യൂൾ VI ഭാഗം 2 അനുസരിച്ചാണ്.

ഇനങ്ങൾ		നോട്ട്നമ്പർ
I.	പ്രധാന റവന്യു വരുമാനം	
II.	മറ്റ് വരുമാനങ്ങൾ	
III.	ആകെ റവന്യു	
IV.	ചെലവുകൾ	
	ഉപയോഗിച്ച മെറ്റീരിയലുകളുടെ വില	
	തനത് വർഷം വാങ്ങിയവ	
	സ്റ്റോക്കിലെ വ്യത്യാസം	
	തൊഴിലുകൾക്കുവേണ്ടി വിനിയോഗിച്ച ചെലവ്	
	പണപരമായ ചെലവുകൾ	
	തേയ്മാന ചെലവുകൾ	
	മറ്റ് ചെലവുകൾ	
	ആകെ ചെലവ്	
V.	നികുതിക്ക് മുന്നേയുള്ള ലാഭം (III - IV)	
VI.	നികുതി	
	1) നടപ്പ് വർഷം	
	2) ഭാവിയിലെ നികുതി	
VII.	അറ്റാദായം	
	ആളോഹരി ലാഭം (സാധാരണ ഓഹരിയുടെ അടിസ്ഥാനത്തിൽ)	

നിർദ്ധാരണം 4

നേഹ ലിമിറ്റഡ് കമ്പനിയുടെ 2015 മാർച്ച് 31 വരെയുള്ള ലാഭനഷ്ട സ്റ്റേറ്റ്മെന്റ് തയാറാക്കുക.

വിവരങ്ങൾ

വില്പന (Revenue from operations)	100000
പ്ലാന്റ്	2,00,000
പർച്ചേസസ് (അഡ്ജസ്റ്റ് ചെയ്തത്)	40000
ശമ്പളം	7000
വേതനം	3000
10% ഡിബഞ്ചറുകൾ	100000
കമ്മീഷൻ കിട്ടിയത്	10000

മറ്റ് വിവരങ്ങൾ

1) പ്ലാന്റ് തേയ്മാനം 10% നിരക്കിൽ എഴുതി തള്ളുക.

2) ഡിബഞ്ചറിന്റെ പലിശ 10% കൊടുക്കാനുണ്ട്.

ലാഭനഷ്ട സ്റ്റേറ്റ്മെന്റ് 31-03-2013 വർഷം അവസാനിച്ച കാലത്തേയ്ക്ക്

വിവരങ്ങൾ	നോട്ട്
I. വരുമാനം	
വിൽപനയിൽ നിന്ന്	100000
മറ്റു വരുമാനം	10000
	110000
II. ചെലവുകൾ	
പർച്ചേസ്	40000
തൊഴിലാളികൾ വേണ്ടി	
വിനിയോഗിച്ച ചെലവ്	10000
പണപരമായ ചെലവ്	10000
തേയ്മാന ചെലവുകൾ	20000
	80000
നികുതിയ്ക്ക് മുന്നേയുള്ള ലാഭം	30000

സ്വയം വിലയിരുത്തൽ ചെക്ക്‌ലിസ്റ്റ്

	പൂർണമായി	ഭാഗികമായി	മെച്ചപ്പെടേണ്ടതുണ്ട്
• ധനകാര്യ സ്റ്റേറ്റുമെന്റുകളുടെ സ്വഭാവം, ലക്ഷ്യം എന്നിവയെക്കുറിച്ച് ധാരണ			
• ധനകാര്യ സ്റ്റേറ്റ്മെന്റിലെ വിവിധ ഇനങ്ങൾ, ഫോർമാറ്റ് അനുസരിച്ച് തിരിച്ചറിയുന്നു.			
• ധനകാര്യ സ്റ്റേറ്റ്മെന്റുകളുടെ പ്രാധാന്യം തിരിച്ചറിയുന്നു.			
• ധനകാര്യ സ്റ്റേറ്റ്മെന്റുകളുടെ ന്യൂനത തിരിച്ചറിയുന്നു.			

തുടർ മൂല്യനിർണ്ണയ സാധ്യതകൾ

അസൈൻമെന്റുകൾ

1. കമ്പനിയുടെ വരവ്ചെലവ് തുടങ്ങിയവയെ സംബന്ധിച്ചുള്ള ലിസ്റ്റ് തയാറാക്കുക.
2. ശേഖരിച്ച ലിസ്റ്റ്പ്രകാരം ലാഭനഷ്ട സ്റ്റേറ്റ്മെന്റുകൾ തയാറാക്കുക.

   ഒരു കമ്പനിയുടെ ആസ്തി ബാധ്യത വിവരങ്ങൾ ശേഖരിച്ച് അതിലടങ്ങിയിട്ടുള്ള ആസ്തികളേയും ബാധ്യതകളേയും കമ്പനി പട്ടിക VI ഭാഗം 2 പ്രകാരമുള്ള തലക്കെട്ടുകളിലായി വർഗീകരിച്ച് എഴുതുക.

സ്വയംവിലയിരുത്തൽ ചോദ്യങ്ങളുടെ ഉത്തരസൂചിക

I. 1. ലാഭനഷ്ടങ്ങൾ, സാമ്പത്തിക നില
   2. ധനകാര്യ സ്റ്റേറ്റ്മെന്റുകളുടെ കൃത്യതയെ ദോഷകരമായി ബാധിക്കുന്നു.

II. 1. സ്റ്റോക്ക്, ഡെബ്റ്റേഴ്സ്, ക്യാഷ്, ബാങ്ക് ബാലൻസ് മുതലായവ.
   2. നടപ്പ് വർഷത്തിനുള്ളിൽ കൊടുത്ത് തീർക്കേണ്ട ബാധ്യത
   3. ഗുഡ്‌വിൽ, പാറ്റന്റ്, ഫ്രാഞ്ചൈസുകൾ മുതലായവ
   4. ഡിപ്രീസിയേഷൻ റിസർവ്, സെക്യൂരിറ്റി പ്രീമിയം, ക്യാപ്പിറ്റൽ റിസർവ് മുതലായവ.

വിലയിരുത്തൽ ചോദ്യങ്ങൾ

1. ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റുകളിലൂടെ ഒരു കമ്പനിയുടെ എന്തെല്ലാം വസ്തുതകളാണ് പ്രതിഫലിക്കുന്നത്?
2. ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റുകളുടെ സ്വഭാവങ്ങൾ എപ്രകാരമാണ് ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റുകളെ ബാധിക്കുന്നത്?
3. ദീർഘകാല ആസ്തികൾക്ക് 5 ഉദാഹരണങ്ങൾ എഴുതുക.
4. ഓഹരി ഉടമകളുടെ നിധി എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് എന്ത്?
5. റോയ് ലിമിറ്റഡ് അതിന്റെ 31-3-2016 ലെ ട്രയൽ ബാലൻസ് ചുവടെ തന്നിരിക്കുന്നു.

വിവരങ്ങൾ	ഡെബിറ്റ്	ക്രെഡിറ്റ്
ഓഹരി മൂലധനം		4,00,000
ശമ്പളം	16000	
റിപ്പയർ ചെലവുകൾ	4000	
പർച്ചേസസ്	20,000	
വിൽപ്പന		60000
ഫർണിച്ചർ	20000	
ബിൽഡിംഗ്	100000	
പ്ലാന്റ്		200000
ഗുഡ് വിൽ	80000	
പാറ്റന്റ്	20000	
കമ്മീഷൻ കിട്ടിയത്		30000
ജനറൽ റിസർവ്		40000
ക്യാഷ്	70000	
	5,30.000	5,30.000

വിലയിരുത്തൽ ചോദ്യങ്ങളുടെ ഉത്തരസൂചിക

1. ലാഭനഷ്ടങ്ങളും സാമ്പത്തികനിലയുമാണ് ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റുകളിൽ പ്രതിഫലിക്കുന്നത്.
2. അക്കൗണ്ടിംഗ് തത്വങ്ങളും സങ്കല്പങ്ങളുടെയും അക്കൗണ്ടന്റുമാരുടെ വ്യത്യസ്ത കാഴ്ചപ്പാടുകൾ അനുസരിച്ച് ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റുകളുടെ പ്രവർത്തനഫലങ്ങളിൽ വ്യത്യാസം ഉണ്ടാക്കുന്നു.
3. ബിൽഡിംഗ് ഫർണിച്ചർ, പ്ലാന്റ്, ഗുഡ്‌വിൽ, പാറ്റന്റ് മുതലായവ.
4. ഓഹരി ഉടമകൾക്ക് കമ്പനിയിൽ നിന്നും കിട്ടാനുള്ള എല്ലാ ക്ലെയിമുകളേയുമാണ് ഓഹരി ഉടമകളുടെ നിധി എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്.
5. ലാഭം 50,000 രൂപ

   ബാലൻസ് ഷീറ്റ് 4,90,000 രൂപ

തുടർ പ്രവർത്തനങ്ങൾ

പ്രദേശത്ത് സ്ഥിതി ചെയ്യുന്ന ഒരു കമ്പനിയുടെ ആസ്തി, ബാധ്യതാവിവരങ്ങൾ എന്നിവ ശേഖരിച്ച് കമ്പനി ആക്ട് പ്രകാരമുള്ള സ്റ്റേറ്റ്മെന്റ് തയാറാക്കുക.

തുടർവായന സാമഗ്രികൾ

എൻ.സി.ഇ.ആർ.ടി ടെക്സ്റ്റ്ബുക്ക്

പദസൂചിക

- കരുതൽ നിധി : കമ്പനിയുടെ ലാഭവും അതിൽ നിന്ന് മാറ്റി വയ്ക്കുന്ന റിസർവുകളും.
- ദീർഘകാല വായ്പകൾ : ഒരു വർഷത്തിൽ കൂടുതൽ ദൈർഘ്യമുള്ളവ.
- ഹ്രസ്വകാല വായ്പകൾ : ഒരു വർഷത്തിൽ താഴെ ദൈർഘ്യമുള്ളവ.
- കച്ചവട സംബന്ധമായ ബാധ്യതകൾ : ബിസിനസ്സിൻെറ പ്രവർത്തനഫലമായി ഉണ്ടാവുന്ന ബാധ്യതകൾ.

- ദീർഘകാല ആസ്തികൾ : ബിസിനസ്സിൻന്റെ പ്രവർത്തനങ്ങങ്ങൾക്ക് അനിവാര്യമായ ദീർഘകാല ഉപയോഗത്തിനായുള്ളവ.
- ഹ്രസ്വകാല ആസ്തികൾ : സാധാരണ ഗതിയിൽ ഹ്രസ്വകാലത്തിനനിടയിൽ പണമായി മാറ്റാവുന്നവ.
- ഇൻവെന്ററീസ് : നിശ്ചിത തീയതിയിൽ ബാക്കി വരുന്ന അസംസ്കൃത വസ്തുക്കൾ, ഉത്പന്നങ്ങൾ മുതലായവ.
- ഓഹരി ഉടമകളുടെ നിധി : ഉടമകളുടെ മൂലധനം, കരുതൽ ഒപണം, മിച്ചം തുടങ്ങിയവ ഓരോന്നും വിശദമായി ഈ തലക്കെട്ടിൽ പരമാർശിക്കുന്നു.
- കണ്ടുകെട്ടിയ ഷെയറുകൾ : ഷെയറിന്റെ തുക അടയ്ക്കാതെ കുടിശ്ശിക വരുത്തുന്നവരുടെ ഷെയറുകൾ കമ്പനി തിരികെ വാങ്ങുന്നു.

4

ധനകാര്യസ്റ്റേറ്റ്മെന്റുകളുടെ വിശകലനം

(Analysis of Financial Statements)

ആമുഖം

സാമ്പത്തിക വിശകലനത്തിന്റെ ആവശ്യകത എന്താണെന്ന് കഴിഞ്ഞ അധ്യായത്തിലൂടെ മനസ്സിലാക്കി കാണുമല്ലോ. ഒരു കമ്പനിയുടെ സാമ്പത്തികപ്രവർത്തനങ്ങൾ തൃപ്തികരമാണോ അല്ലയോ എന്നൊക്കെ കണ്ടെത്തുന്നതിന് കാലക്രമേണ വിവിധയിനം ടൂളുകൾ വിദഗ്ധരായ അക്കൗണ്ടന്റുമാർ വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇത്തരം ടൂളുകൾ ഉപയോഗിച്ചാണ് ധനകാര്യസ്റ്റേറ്റ്മെന്റുകളെ വിശകലനം ചെയ്യുന്നത്. വിവിധതരം ടൂളുകൾ എന്തൊക്കെയാണെന്നും ഇവയുടെ ഉപയോഗങ്ങൾ, ഗുണങ്ങൾ തുടങ്ങിയവയാണ് ഈ അധ്യായത്തിലൂടെ പഠിക്കുക.

പഠനനേട്ടങ്ങൾ

- സാമ്പത്തികവിശകലനം സംബന്ധിച്ചുള്ള ആവശ്യകത തിരിച്ചറിയുന്നു.
- വിശകലനം സംബന്ധിച്ചുള്ള ടൂളുകളുടെ വ്യത്യാസങ്ങൾ തിരിച്ചറിയുന്നു.
- കോമൺസൈസ് താരതമ്യം ചെയ്യുന്നത് സംബന്ധിച്ചുള്ള സ്റ്റേറ്റ്മെന്റുകൾ തയാറാക്കുന്നതിന് ആവശ്യമായ കഴിവുകൾ കൈവരിക്കുന്നു.
- തയാറാക്കപ്പെട്ട വിശകലന സംബന്ധിയായ റിപ്പോർട്ടുകളെ വിലയിരുത്തുന്നു.

വിവിധതരം ടൂളുകൾ

1. ധനകാര്യസ്റ്റേറ്റ്മെന്റുകൾ താരതമ്യം ചെയ്യുന്നത് സംബന്ധിച്ചുള്ള സ്റ്റേറ്റ്മെന്റുകൾ (Comparative Financial Statements)
2. കോമൺസൈസ് സ്റ്റേറ്റ്മെന്റുകൾ
3. പ്രവണതയെ സൂചിപ്പിക്കുന്നത് സംബന്ധിച്ചുള്ള സ്റ്റേറ്റ്മെന്റുകൾ (Trend Analysis)
4. അനുപാത വിശകലനം (Ratio Analysis)
5. പ്രവർത്തന മൂലധന വ്യതിയാനം സംബന്ധിച്ചുള്ള സ്റ്റേറ്റ്മെന്റുകൾ (Statement of changes in working capital)
6. ഫണ്ട്, പണം തുടങ്ങിയവയുടെ വ്യതിയാനം സംബന്ധിച്ചുള്ള സ്റ്റേറ്റ്മെന്റുകൾ

സാമ്പത്തിക സ്റ്റേറ്റ്മെന്റുകൾ താരതമ്യം ചെയ്യുന്നത് സംബന്ധിച്ചുള്ള സ്റ്റേറ്റ്മെന്റുകൾ

സാമ്പത്തിക സ്റ്റേറ്റ്മെന്റുകൾ വിശകലനം ചെയ്യുന്നതിന് ഉപയോഗിക്കുന്ന ഉപകരണങ്ങളിൽ പ്രധാനപ്പെട്ട ഒരിനം ഇത്തരം സ്റ്റേറ്റ്മെന്റുകളാണ്. വിവിധ വർഷങ്ങളിലെ സാമ്പത്തിക സ്റ്റേറ്റ്മെന്റുകളിലൂടെ സൂക്ഷ്മപരിശോധന നടത്തി അവയിലടങ്ങിയിരിക്കുന്ന ഐറ്റങ്ങൾ ഒന്നൊന്നായി പരിശോധിച്ച് താരതമ്യപഠനത്തിലൂടെയാണ് കംപാരിറ്റീവ് സ്റ്റേറ്റ്മെന്റുകൾ തയാറാക്കുന്നത്. ഈ സ്റ്റേറ്റ്മെന്റുകളെ രണ്ടായി തരം തിരിക്കാം.

a. താരതമ്യവരുമാന സ്റ്റേറ്റ്മെന്റുകൾ

b. താരതമ്യ ധനകാര്യസ്റ്റേറ്റ്മെന്റുകൾ

താരതമ്യം ചെയ്യുന്നതിലേയ്ക്കുള്ള വരുമാന സ്റ്റേറ്റ്മെന്റുകൾ

വിവിധ വർഷങ്ങളിലെ വരുമാന സ്റ്റേറ്റ്മെന്റുകളിലെ ഇനങ്ങൾ ഒന്നൊന്നായി ഇവിടെ വിശകലനം ചെയ്ത് അവയുടെ വ്യത്യാസങ്ങൾ രേഖപ്പെടുത്തുകയാണ് ഇത്തരം സ്റ്റേറ്റ്മെന്റുകളിൽ കാണിക്കേണ്ടത്.

പ്രവർത്തനം-1 :

രണ്ട് വർഷങ്ങളിലെ ഏതാനും ചില ഐറ്റങ്ങൾ താഴെ നല്കിയിരിക്കുന്നു. വ്യത്യാസങ്ങൾ കണ്ടെത്തി വിശകലനം ചെയ്യുക.

	2015	2016
വില്പന	10,000	16000
	10,000	16000
ചെലവുകൾ		
ശമ്പളം	2000	1000
വാടക	3000	2000
റിപ്പയർ	1000	1500
	6000	4500

സൂചന : വിശകലനം ഓരോന്നായി കൂടുന്നു കുറയുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ ചെയ്യുക.

ഇനം	2015	2016	വർദ്ധനവ്	കുറവ്	വ്യത്യാസം
വില്പന	10000	16000	?		?
ചെലവുകൾ					
ശമ്പളം	2000	1000		1000	?
വാടക	3000	2000		?	?
റിപ്പയർ	1000	1500	?		
	6000	4500	?	?	?

ചോദ്യചിഹ്നങ്ങൾ കാണുന്ന സ്ഥലത്ത് നിങ്ങളുടെ പ്രതികരണം സംഖ്യകളായി എഴുതുക.

ആകെയുള്ള മാറ്റം കമ്പനിയുടെ പുരോഗതിയെയാണോ മറിച്ച് നഷ്ടങ്ങളിലാണോ കൊണ്ടെത്തിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

മുകളിൽ പ്രതിപാദിച്ചിരിക്കുന്നത് വരുമാന സ്റ്റേറ്റ്മെന്റുകളുടെ താരതമ്യ പഠനത്തെയാണ്. ഇത് നിർമിക്കാൻ ഒരു ലഘുവായ മാതൃക ഉപയോഗിക്കുന്നു. താഴെ തന്നിട്ടുള്ളത് താരതമ്യപഠനം നടത്താനുള്ള മാതൃകയാണ്.

വിവരങ്ങൾ	മുൻവർഷം	തനത് വർഷം	വർധനവ്	കുറവ്	വർധനവ്/കുറവ് ശതമാനത്തിൽ

സൂചന:- വർദ്ധനവ്/കുറവ് ശതമാനത്തിൽ = (വർദ്ധനവ്/കുറവ് തുക ÷ മുൻവർഷ തുക) × 100

ഉദാഹരണം : 1

രണ്ട് വർഷത്തേയ്ക്കുള്ള വരവ് ചെലവ് കണക്കുകൾ താഴെ തന്നിരിക്കുന്നു.

	2015	2016
വില്പന	1,00,000	80,000
ഉല്പാദനചെലവ്	70,000	50,000
ശമ്പളം	6000	4000
വാടക	4000	3000
തേയ്മാനചെലവ്	2000	3000

വരുമാനത്തെ താരതമ്യം ചെയ്യുന്നതിലേക്കുള്ള ഒരു വിശകലന സ്റ്റേറ്റ്മെന്റ് തയാറാക്കുക.

ഉത്തരം:

ഇനം	2015	2016	വർദ്ധനവ്	കുറവ്	വ്യത്യാസം
വില്പന ചെലവുകൾ	1,00,000	80,000		20,000	20%
ഉല്പാദനചെലവ്	70,000	50,000		20,000	28.57%
മൊത്തലാഭം	30,000	20,000		10,000	33.33%
വാടക	4000	6000	2000		50%
ശമ്പളം	4000	3000		1000	25%
തേയ്മാനം	2000	3000	1000		50%
	210000	162000	3000	51000	22.85%

സ്വയം വിലയിരുത്തൽ ചോദ്യങ്ങൾ - 1

1. വിശകലന സ്റ്റേറ്റ്മെന്റുകളുടെ പ്രാധാന്യം വ്യക്തമാക്കുക.
2. വിശകലന സ്റ്റേറ്റ്മെന്റുകൾ നിർമിക്കാൻ ഉപയോഗിക്കുന്ന മാർഗ്ഗങ്ങളുടെ രണ്ട് ഉദാഹരണങ്ങൾ നൽകുക.

താരതമ്യ ധനകാര്യ സ്റ്റേറ്റ്മെന്റുകൾ

റവന്യൂ സ്റ്റേറ്റുമെന്റുകൾ താരതമ്യം ചെയ്യുന്നത് പോലെ ബാലൻസ് ഷീറ്റുകളുടെ താരതമ്യ സ്റ്റേറ്റ്മെന്റുകൾ തയാറാക്കാവുന്നതാണ്. വിവിധ വർഷങ്ങളിലെ ആസ്തി ബാധ്യതകളെ ഇവിടെ ഓരോന്നായി താരതമ്യം ചെയ്ത് അവയുടെ വർദ്ധനവ്/കുറവ് വേർതിരിച്ച് ഒരു സ്റ്റേറ്റ്മെന്റ് രൂപത്തിൽ ലളിതമായി തയാറാക്കാവുന്നതാണ്

താരതമ്യ ധനകാര്യ സ്റ്റേറ്റ്മെന്റ് മാതൃക

മാതൃക താരതമ്യ ബാലൻസ്ഷീറ്റ് (ലംബ രൂപം)

വിവരങ്ങൾ	മുൻവർഷം തനത് വർഷം	വർദ്ധനവ്/ കുറവ്	വർദ്ധനവ്/കുറവ് ശതമാനത്തിൽ
ധനസ്രോതസ്സ്			
ഓഹരി മൂലധനം	XXX	XXX	
മുൻഗണനാ ഓഹരി	XXX	XXX	XXX
ദീർഘകാല ബാധ്യതകൾ	XXX	XXX	XXX
ഹ്രസ്വകാല ബാധ്യതകൾ	XXX	XXX	XXX
ആകെ			
ധനവിനിയോഗം			
ദീർഘകാല ആസ്തികൾ	XXX	XXX	XXX
നിക്ഷേപങ്ങൾ	XXX	XXX	XXX
ഹ്രസ്വകാല ബാധ്യതകൾ	XXX	XXX	XXX
ആകെ			

ഉദാഹരണം : 2

31.03.2015, 31.03.2016 എന്നീ ദിവസങ്ങളിലെ ആസ്തി ബാധ്യത സ്റ്റേറ്റുമെന്റുകൾ ചുവടെ തന്നിരിക്കുന്നു.

ബാലൻസ്ഷീറ്റുകൾ

ബാധ്യതകൾ	2015	2016	ആസ്തികൾ	2015	2016
ഓഹരി മൂലധനം	80,000	1,00,000	ബിൽഡിംഗ്	1,00,000	1,20,000
റിസർവുകൾ	70,000	90,000	പ്ലാന്റ്	80,000	90,000
ഡിബഞ്ചറുകൾ	30,000	20,000	സ്റ്റോക്ക്	40,000	30,000
ബാങ്ക് വായ്പ	50,000	40,000	ബിൽ റിസീവബിൾ	30,000	50,000
ക്രെഡിറ്റേഴ്സ്	30,000	70,000	ക്യാഷ്	10,000	30,000
	2,60,000	**3,20,000**		**2,60,000**	**3,20,000**

താരതമ്യ ധനകാര്യ സ്റ്റേറ്റ്മെന്റുകൾ

വിവരങ്ങൾ	2015	2016	വർദ്ധനവ്/ കുറവ്	വർദ്ധനവ്/കുറവ് ശതമാനത്തിൽ
ധനസ്രോതസ്സുകൾ:				
സാധാരണ ഓഹരി	80,000	1,00,000	(+)20,000	25%
റിസർവുകൾ	70,000	90,000	(+) 20,000	28.5%
ഡിബഞ്ചറുകൾ	30,000	20,000	(−)10,000	33.33%
ബാങ്ക് വായ്പ	50,000	40,000	(−)10,000	20%
ക്രെഡിറ്റേഴ്സ്	30,000	70,000	(+)40,000	133.33%
	2,60,000	**3,20,000**	**60,000**	**23.07%**
ധനവിനിയോഗം:				
ബിൽഡിംഗ്	1,00,000	1,20,000	(+)20,000	20%
പ്ലാന്റ്	80,000	90,000	(+)10,000	12.5%
കറന്റ് ആസ്തി:				
സ്റ്റോക്ക്	40,000	30,000	(−)10,000	25%
ബിൽ	30,000	50,000	(+)20,000	66.67%
കൃഷ്	10,000	30,000	(+)20,000	200%
	2,60,000	**3,20,000**	**60,000**	**23.077%**

കോമൺസൈസ് സ്റ്റേറ്റുമെന്റുകൾ

ധനകാര്യ സ്റ്റേറ്റുമെന്റുകളെ ശതമാന അടിസ്ഥാനത്തിൽ തയാറാക്കുന്നതിനെയാണ് കോമൺസൈസ് സ്റ്റേറ്റുമെന്റുകൾ എന്നു വിശേഷിപ്പിക്കുന്നത്. ഇവയെ 100% സ്റ്റേറ്റു മെന്റുകളെന്നും അറിയപ്പെടുന്നു. താരതമ്യ സ്റ്റേറ്റുമെന്റുകളെ വർഗീകരിച്ചിരിക്കുന്നത് പോലെ കോമൺ സൈസ് സ്റ്റേറ്റുമെന്റുകളെയും രണ്ടായി തരം തിരിച്ചിരിക്കുന്നു.

a) കോമാൺസൈസ് ഇൻകം സ്റ്റേറ്റ്മെന്റ്

b) കോമൺസൈസ് ബാലൻസ്ഷീറ്റ്

a) കോമൺസൈസ് ഇൻകം സ്റ്റേറ്റ്മെന്റ്

വിവിധ വർഷങ്ങളിലെ വരുമാന സ്റ്റേറ്റുമെന്റുകളെ നെറ്റ് സെയിൽസിന്റെ അടിസ്ഥാനത്തിൽ അവയിൽ ഉൾപ്പെട്ടിരിക്കുന്ന ചെലവുകളെ ഓരോന്നായി ശതമാനത്തിൽ പരിവർത്തനം ചെയ്തു കാണിക്കുന്നു.

ഉദാഹരണമായി സെയിൽസ് 1,00,000, ശമ്പളം 10,000 രൂപ, വാടക 30,000 തുടങ്ങിയ ഘടകങ്ങൾ ഒരു ഇൻകം സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിരിക്കുന്നു എന്നു കരുതുക. ഇവയെ ശതമാന ഭാഷയിൽ എങ്ങനെ ഒരു കോമൺസൈസ് ഇൻകം സ്റ്റേറ്റുമെന്റിൽ കാണിയ്ക്കാൻ കഴിയുമെന്നു നോക്കാം.

ഇനം-1

ശമ്പളം 10,000 രൂപ ഇതിനെ തന്നിരിക്കുന്ന സെയിൽസിന്റെ തുകയായ 1,00,000 സെയിൽസിന്റെ തുകയായ 1,00,000 കൊണ്ട് ഭാഗിച്ച് 100 കൊണ്ട് ഗുണിച്ചാൽ ശമ്പളം സെയിൽസിന്റെ എത്ര ശതമാനമാണെന്ന് മനസ്സിലാക്കാൻ സാധിക്കും.

$$\frac{10,000}{1,00,00} \times 100 = 10\%$$

ഇതുപോലെ വാടക സെയിൽസിന്റെ 30% ശതമാനമാണെന്ന് കാണാം

$$\frac{30,000}{1,00,00} \times 100 = 30\%$$

ഉദാഹരണം : 3

ഒരു കമ്പനിയുടെ ഇൻകം സ്റ്റേറ്റുമെന്റുകളുടെ വിവരങ്ങൾ താഴെ തന്നിരിക്കുന്നു അനുയോജ്യമായ ഒരു കോമൺസൈസ് സ്റ്റേറ്റ്മെന്റ് തയാറാക്കുക.

ഇനങ്ങൾ	2015
വിൽപ്പന	1,00,000
ആകെ	1,00,000
ചെലവുകൾ	
പർച്ചേസസ്	40,000
വേജസ്	3,000
മൊത്തലാഭം	57,000
പൊതുചെലവുകൾ	
ശമ്പളം	7,000
വാടക	5,000
തേയ്മാന ചെലവുകൾ	8,000
ആകെ	20,000
അറ്റാദായം	37,000

ഉത്തരം:

ഇനങ്ങൾ	2015	%
വിൽപ്പന	1,00,000	100%
	1,00,000	100%
ഡയറക്ട്ചെലവുകൾ		
പച്ചേസസ്	40,000	40%
വേജസ്	3,000	3%
മൊത്തലാഭം	57,000	57%
പൊതുചെലവുകൾ		
ശമ്പളം	7,000	7%
വാടക	5,000	5%
തേയ്മാന ചെലവുകൾ	8,000	8%
ആകെ	20,000	20%
അറ്റാദായം	37,000	37%

മുകളിൽ കൊടുത്തിരിക്കുന്ന ഉത്തരം എങ്ങനെ കിട്ടിയെന്ന് നോക്കാം.

a) ഇൻകം സ്റ്റേറ്റുമെന്റായതുകൊണ്ട് ഓരോ ചെലവിനേയും വിൽപ്പന തുക കൊണ്ട് ഗുണിച്ച് ശതമനത്തിലേക്ക് മാറ്റേണ്ടതാണ്

b) വിൽപ്പനയെ 100%-ൽ വേണം കാണിയ്ക്കേണ്ടത്. തുടർന്നുള്ള ചെലവുകളേയാണ് വിൽപ്പന തുകയായ 1,00,000 കൊണ്ട് ഭാഗിക്കേണ്ടത്.

പർച്ചേസസ് 40,000

ഇവിടെ പർച്ചേസിന്റെ ശതമാനം 40% ശതമാനമാണ്

$$\frac{40,000}{1,00,00} \times 100 = 40\%$$

$$\text{വേജസ്} = \frac{3,000}{1,00,00} \times 100 = 3\%$$

മൊത്തലാഭം = 57,000 രൂപ അല്ലെങ്കിൽ ശതമാനത്തിൽ 57%

$$\left(\frac{57,000}{1,00,000} \times 100 = 57\%\right)$$

തുടർന്നു കാണുന്ന എല്ലാ ചെലവുകളേയും വിൽപ്പന തുകയായ 1,00,000 രൂപ കൊണ്ട് ഭാഗിച്ച്ശതമാനമായി കാണിയ്ക്കുക.

കോമൺസൈസ് ബാലൻസ്ഷീറ്റ്

ബാലൻസ്ഷീറ്റുകളെ ശതമാന രൂപത്തിൽ മാറ്റം വരുത്തി തയാറാക്കപ്പെടുന്ന സ്റ്റേറ്റുമെന്റുകളെയാണ് കോമൺസൈസ് ബാലൻസ്ഷീറ്റ് എന്നു പറയുന്നത്. ബാലൻസ്ഷീറ്റിൽ ഉൾപ്പെട്ടിരിക്കുന്ന അസറ്റുകളെ ഓരോന്നായി പരിശോധിച്ച് മൊത്തം അസറ്റ് തുക ഉപയോഗിച്ച് ഭാഗിച്ച് 100 കൊണ്ട് ഗുണിച്ച് ശതമാനത്തിലേക്ക് മാറ്റി കോമൺസൈസ് സ്റ്റേറ്റുമെന്റുകളിൽ കാണിക്കുന്നു. തുടർന്ന് ബാധ്യതകളെയും ഇതേ രീതിയിൽ മാറ്റം ചെയ്ത് ബാലൻസ്ഷീറ്റിൽ കാണിക്കുന്നു.

മാതൃക

ബധ്യതകൾ	തുക	ശതമാനം	ആസ്തികൾ	തുക	ശതമാനം
ഓഹരി മൂലധനം	XX	XX	ബിൽഡിംഗ്	XX	XX
റിസർവ്	XX	XX	ബാങ്ക്	XX	XX
ഡിബഞ്ചർ	XX	XX	സ്റ്റോക്ക്	XX	XX
സപ്ലെയേഴ്സ്	XX	XX	ഡെബ്റ്റേഴ്സ്	XX	XX
			ഫർണിച്ചർ	XX	XX
			ബിൽഡിംഗ്	XX	XX
	XX	XX		XX	XX

Illustration : 4

താഴെ തന്നിട്ടുള്ള വിവരങ്ങൾ ഉപയോഗിച്ച് ഒരു കോമൺസൈസ് ബാലൻസ്ഷീറ്റ് തയാറാക്കുക.

ബാലൻസ് ഷീറ്റ്

ഷെയർ ക്യാപ്പിറ്റൽ	70,000	ക്യാഷ്	30,000
റിസർവുകൾ	30,000	ഡെബ്റ്റേഴ്സ്	20,000
കടപത്രങ്ങൾ	60,000	സ്റ്റോക്ക്	40,000
കറന്റ് ബാധ്യതകൾ	40,000	ഫർണിച്ചർ	50,000
		പ്ലാന്റ്	60,000
	2,00,000		**2,00,000**

ഉത്തരം

കോമൺസൈസ് ബാലൻസ്ഷീറ്റ്

ബാധ്യതകൾ	തുക	ശതമാനം	ആസ്തികൾ	തുക	ശതമാനം
ഷെയർ ക്യാപ്പിറ്റൽ	70,000	35%	ക്യാഷ്	30,000	15%
റിസർവുകൾ	30,000	15%	ഡെബ്റ്റേഴ്സ്	20,000	10%
കടപത്രങ്ങൾ	60,000	30%	സ്റ്റോക്ക്	40,000	20%
കറന്റ് ബാധ്യതകൾ	40,000	20%	ഫർണിച്ചർ	50,000	25%
			പ്ലാന്റ്	60,000	30%
	2,00,000	100%		2,00,000	100%

സ്വയം വിലയിരുത്തൽ ചെക്ക്‌ലിസ്റ്റ്

	പൂർണമായി കഴിയുന്നു	ഭാഗികമായി കഴിയുന്നു	മെച്ചപ്പെടേണ്ടതുണ്ട്
• സാമ്പത്തിക വിശകലനത്തിന്റെ പ്രാധാന്യം മനസ്സിലാക്കുന്നു.			
• വിശകലനത്തിനുപയോഗിക്കുന്ന വിവിധ ടൂളുകൾ തിരിച്ചറിയുന്നു.			
• കംപാരേറ്റീവ് സ്റ്റേറ്റുമെന്റുകളും കോമൺസൈസ് സ്റ്റേറ്റ്മെന്റുകളും തയാറാക്കുന്നു.			

തുടർ മൂല്യനിർണ്ണയ സാധ്യതകൾ

അസൈൻമെന്റുകൾ

1. ഒരു കമ്പനിയുടെ പ്രധാന വരവുകൾ, ചെലവുകൾ എന്നിവയെ സംബന്ധിച്ചുള്ള ലിസ്റ്റ് തയാറാക്കുക.
2. തയാറാക്കിയ ലിസ്റ്റ് പ്രകാരം ലാഭനഷ്ട സ്റ്റേറ്റ്മെന്റുകൾ തയാറാക്കുക.

സ്വയംവിലയിരുത്തൽ ചോദ്യങ്ങളുടെ ഉത്തരസൂചിക

1. താരതമ്യപഠനത്തിന്, ഭാവി തീരുമാനങ്ങൾ കൈക്കൊള്ളുന്നതിന്
2. കോമൺസൈസ് സ്റ്റേറ്റുമെന്റുകൾ, അനുപാത വിശകലനം.

വിലയിരുത്തൽ ചോദ്യങ്ങൾ

1. ഫിനാൻഷ്യൽ സ്റ്റേറ്റുമെന്റുകളുടെ വിശകലനം ആരൊക്കെയാണ് ചെയ്യുന്നത്. ഇതിന്റെ ആവശ്യകത എന്ത് വ്യക്തമാക്കുക.
2. ഏതെങ്കിലും ഒരു കമ്പനിയുടെ രണ്ട് വർഷത്തെ ബാലൻസ്ഷീറ്റ് സാങ്കൽപ്പികമായി വരച്ച് ഒരു താരതമ്യ ബാലൻസ്ഷീറ്റ് തയാറാക്കുക.
3. ഒരു കമ്പനിയുടെ ബാലൻസ്ഷീറ്റ് താഴെ തന്നിരിക്കുന്നു.

ബാലൻസ്ഷീറ്റ് 31.03.2016 പ്രകാരം

ബാധ്യതകൾ	തുക	ആസ്തികൾ	തുക
ഓഹരി മൂലധനം	2,00,000	ക്യാഷ്	30,000
റിസർവുകൾ	1,00,000	സ്റ്റോക്ക്	70,000
കടപത്രങ്ങൾ	50,000	ഡെബ്റ്റേഴസ്	50,000
ബാങ്ക് വായ്പ	2,00,000	പ്ലാന്റ്	1,30,000
		ഫർണിച്ചർ	1,20,000
		ബിൽഡിംഗ്	1,00,000
	5,00,000		**5,00,000**

ഒരു കോമൺ സൈസ് ബാലൻസ് ഷീറ്റ് തയാറാക്കുക.

വിലയിരുത്തൽ ചോദ്യങ്ങളുടെ ഉത്തരസൂചിക

1. മാനേജ്മെന്റ്, അക്കൗണ്ടന്റുകൾ, സാമ്പത്തിക വിദഗ്ധർ മുതലായവർ – താരതമ്യ പഠനത്തിനും സാമ്പത്തികപരമായ തീരുമാനങ്ങൾ എടുക്കുന്നതിനും.
2. പേജ് നമ്പർ 103 കാണുക.
3. പേജ് നമ്പർ 104ലെ മാതൃക പ്രകാരം.

തുടർപ്രവർത്തനങ്ങൾ

ഏതെങ്കിലും ഒരു ബിസിനസ് സ്ഥാപനത്തിന്റെ ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ് സംബന്ധിച്ചുള്ള വിവരങ്ങൾ സമാഹരിച്ച് കംമ്പാരറ്റീവ് ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റുകളും കോമൺസൈസ് സ്റ്റേറ്റ്മെന്റുകളും തയാറാക്കുക.

തുടർവായനാസാമഗ്രികൾ

എൻ.സി.ഇ.ആർ.ടി ടെക്സ്റ്റ് ബുക്ക്

പദസൂചിക

- ധനകാര്യ സ്റ്റേറ്റ്മെന്റുകൾ : ഒരു നിശ്ചിത കാലയളവിലേക്ക് ഒരു ബിസിനസ്സിനുണ്ടായ ലാഭനഷ്ടങ്ങളെയും നിശ്ചിത തീയതി പ്രകാശമുള്ള സാമ്പത്തിക നിലയെയും കാണിക്കുന്നു.
- താരതമ്യ വരുമാന സ്റ്റേറ്റ്മെന്റുകൾ : വിവിധ വർഷങ്ങളിലെ വരുമാനങ്ങൾതാരതമ്യം ചെയ്ത് രേഖപ്പെടുത്തുന്നു.
- താരതമ്യ ധനകാര്യ സ്റ്റേറ്റ്മെന്റുകൾ : ബാലൻസ് ഷീറ്റിലെ വിവിധ ഇനങ്ങളെ വിവിധ വർഷമായി ബന്ധിപ്പിച്ച് താരതമ്യം ചെയ്ത് രേഖപ്പെടുത്തുന്നു.
- കോമൺസൈസ് സ്റ്റേറ്റുമെന്റുകൾ : ധനകാര്യ സ്റ്റേറ്റ്മെന്റുകളെ ശതമാനത്തിൻന്റെ അടിസ്ഥാനത്തിൽ രേഖപ്പെടുത്തുന്നു.
- കോമൺസൈസ് ഇൻകം സ്റ്റേറ്റുമെന്റുകൾ : വിവിധ വർഷങ്ങളിലെ വരുമാനസ്റ്റേറ്റുമെന്റുകളെ നെറ്റ് ഡെയിൽസിന്റെ അടിസ്ഥാനത്തിൽ പരിവർത്തനം ചെയ്ത് കാണിക്കുന്നു.
- കോമൺ സൈസ് ബാലൻസ്ഷീറ്റ് : വിവിധ വർഷങ്ങളിലെ ബാലൻസ് ഷീറ്റുകളെ ആകെ അസറ്റിന്റെയും, ആകെ സാധ്യതയുടെയും അടിസ്ഥാനത്തിൽ പരിവർത്തനം ചെയ്ത് കാണിക്കുന്നു.

5

അക്കൗണ്ടിംഗ് അനുപാതങ്ങൾ

(Accounting Ratios)

ആമുഖം

ബിസിനസ്സ് സ്ഥാപനങ്ങളുടെ സാമ്പത്തിക രേഖകൾ വിശകലനം ചെയ്യുന്നതിന്റെ പ്രാധാന്യവും, ഇതിനുള്ള വിവിധ രീതികളെയും കുറിച്ച് കഴിഞ്ഞ പാഠഭാഗത്ത് വിശദമായി ചർച്ച ചെയ്തിരുന്നു വല്ലോ? പ്രത്യേകിച്ചും കമ്പനികൾ പോലുള്ള വൻകിട ബിസിനസ്സ് സ്ഥാപനങ്ങളുടെ സാമ്പത്തിക രേഖകൾ വിശകലനം ചെയ്യുന്നതി നായി ഉപയോഗിക്കുന്ന ഒരു പ്രധാന ഉപാധിയാണ് അക്കൗണ്ടിംഗ് അനുപാതങ്ങൾ. ഇവ ഉപയോഗിച്ച് സാമ്പത്തിക വിശദാംശങ്ങൾ താര തമ്യം ചെയ്തുകൊണ്ട്, ശരിയായി വ്യാഖ്യാനിക്കുന്നതിനും അതിലൂടെ വ്യക്തമായ തീരുമാനങ്ങളെടുക്കുന്നതിനും കഴിയും. അതുകൊണ്ടു തന്നെ ബിസിനസ്സ് തീരുമാനങ്ങളെടുക്കുന്നതിന് അക്കൗണ്ടിംഗ് അനു പാതങ്ങൾ ഏറെ പ്രയോജനപ്പെടുന്നു. ബിസിനസ്സിലെ സാമ്പത്തിക രേഖകളുടെ വിശകലനത്തിന് ഉപയോഗിക്കുന്ന വിവിധതരം അനു പാതങ്ങളെക്കുറിച്ചും, അവ ഉപയോഗിച്ച് ബിസിനസ്സിന്റെ സാമ്പത്തിക സ്ഥിതിയും, പ്രവർത്തനശേഷിയും വ്യാഖ്യാനിക്കുന്നത് എങ്ങനെയെ ന്നുമാണ് ഈ പാഠഭാഗത്ത് വിശദമായി പ്രതിപാദിക്കുന്നത്.

പഠനനേട്ടങ്ങൾ

- അക്കൗണ്ടിംഗ് അനുപാതങ്ങളുടെ അർത്ഥവും ലക്ഷ്യവും വിശദീകരിക്കുന്നു.
- അക്കൗണ്ടിംഗ് അനുപാതങ്ങളുടെ നേട്ടങ്ങളും പരിമിതികളും വിശദീകരിക്കുന്നു.
- സാമ്പത്തിക രേഖകളുടെ വിശകലനത്തിന് ഉപയോഗിക്കുന്ന വിവിധ അനുപാതങ്ങളെ തിരിച്ചറിയുന്നു.
- വിവിധ ദ്രവണ, ലേയത്വ, വിറ്റുവരവ്, ലാഭക്ഷമത അനുപാതങ്ങൾ നിർണ്ണയിക്കുന്നു.
- അക്കൗണ്ടിംഗ് അനുപാതങ്ങളുപയോഗിച്ച് താരതമ്യപഠനം നടത്താനും, ബിസിനസ്സ് പ്രവർത്തനങ്ങളെ വ്യാഖ്യാനിക്കുന്നു.

രണ്ട് സംഖ്യകളെ താരതമ്യം ചെയ്തുകൊണ്ട് കണ്ടുപിടിക്കുന്ന ഒരു ഗണിത സംഖ്യയാണ് അനുപാതം.

ഒരു ബിസിനസ്സ് സ്ഥാപനത്തിലെ അക്കൗണ്ടിലുള്ള വിവിധ സംഖ്യകളെ താരതമ്യം ചെയ്യാവുന്നതാണ്. ഉദാഹരണമായി, രാജൻ തന്റെ കടയിൽ നിന്നും ഈ വർഷം 1,00,000 രൂപയുടെ തുണിത്തരങ്ങൾ വിൽപ്പന നടത്തി, 10,000 രൂപ ലാഭമുണ്ടാക്കുന്നു. ഇവിടെ വിറ്റുവരവും, ലാഭവും തമ്മിലുള്ള ബന്ധം എങ്ങനെ പ്രസ്താവിക്കാമെന്നു നോക്കാം.

ലാഭം : വിറ്റുവരവ് = 10,000 : 1, 00,0000
= 1 : 10

അല്ലെങ്കിൽ, വിറ്റുവരവിന്റെ 10% $\left(\frac{10000}{1{,}00{,}000}\times 100\right)$ മാണ് ബിസിനസ്സിന്റെ ലാഭം എന്നു പറയാം. ഈ അനുപാതത്തെ മൊത്ത ലാഭ അനുപാതം' (Gross profit Ratio) എന്നാണ് പറയുന്നത്.

ഒരു ബിസിനസ്സിന്റെ അക്കൗണ്ടുകളിലുള്ള രണ്ട് സംഖ്യകളെ താരതമ്യം ചെയ്തുകൊണ്ട് കണ്ടെത്തുന്ന ഒരു സംഖ്യയായിരിക്കും അക്കൗണ്ടിംഗ് അനുപാതം. ഇത് ഭിന്നസംഖ്യ (Fraction), അംശ ബന്ധം (Proportion), ശതമാനം (Percentage), മടങ്ങ് (Number of times) എന്നിവയൊക്കയായി പ്രസ്താവിക്കാറുണ്ട്. സാമ്പത്തിക രേഖക

ളായ ബാലൻസ് ഷീറ്റ്, ലാഭ-നഷ്ട കണക്ക് എന്നിവയിലെ ഇനങ്ങളാണ് ഇത്തരത്തിൽ താരതമ്യം ചെയ്ത് അനുപാതങ്ങളാക്കാറുള്ളത്. ഒരു ബിസിനസ്സിന്റെ സാമ്പത്തിക സ്ഥിതിയും, ലാഭക്ഷമതയും മുൻവർഷങ്ങളുമായോ, മറ്റ് ബിസിനസ്സ് സ്ഥാപനങ്ങളുമായോ താരതമ്യം ചെയ്യുന്നതിനുള്ള അടിസ്ഥാനമാണ് ഈ അനുപാതങ്ങൾ. എന്നാൽ അക്കൗണ്ടുകളിൽ വന്നുപെട്ടിട്ടുള്ള തെറ്റുകൾ അനുപാതങ്ങളുടെ കൃത്യതയെയും ബാധിക്കാറുണ്ട്. തന്നെയുമല്ല, പരസ്പരം ബന്ധപ്പെട്ടു കിടക്കുന്ന സംഖ്യകൾ മാത്രമെ താരതമ്യം ചെയ്യുന്നതുകൊണ്ട് പ്രയോജനമുള്ളൂ. ഉദാഹരണമായി. ഒരു ബിസിനസ്സിന്റെ ആകെ ആസ്തിയും, ജീവനക്കാരുടെ ശമ്പളവും താരതമ്യം ചെയ്ത് അനുപാതം നിർണ്ണയിക്കുന്നത് അർത്ഥശൂന്യമാണ്. ശരിയായ രീതിയിൽ അക്കൗണ്ടിംഗ് അനുപാതങ്ങൾ നിർണ്ണയിക്കുന്നത് ബിസിനസ്സ് തീരുമാനങ്ങളെടുക്കാൻ തല്പരകക്ഷികളെ സഹായിക്കുന്നു.

അനുപാത വിശകലനത്തിന്റെ ലക്ഷ്യങ്ങൾ (Objectives of Ratio Analysis)

സാമ്പത്തിക രേഖകളിൽ പ്രതിപാദിക്കുന്ന വിശദാംശങ്ങൾ വിശകലനം ചെയ്ത് തീരുമാനങ്ങളെടുക്കുന്നതിനുള്ള വിവരങ്ങൾ ലഭ്യമാക്കുന്നതിന് സഹായിക്കുന്ന ഉപാധിയാണല്ലോ അക്കൗണ്ടിംഗ് അനുപാതങ്ങൾ. ഇത്തരത്തിലുള്ള അനുപാത വിശകലനത്തിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമായിരിക്കും?

- ബിസിനസ്സിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ട മേഖലകൾ തിരിച്ചറിയുക.
- കാര്യക്ഷമമായ പ്രവർത്തനത്തിലൂടെ മെച്ചപ്പെടുത്താൻ കഴിയുന്ന ബിസിനസ്സിലെ വികസന സാധ്യതാ മേഖലകൾ തിരിച്ചറിയുക.
- ബിസിനസ്സിന്റെ ലാഭക്ഷമത (Profitability) ദ്രവാവസ്ഥ (Liquidity), ലേയത്വം (Solvency), പ്രവർത്തന ശേഷി (Efficiency) എന്നിവ വിശകലനം ചെയ്യുക.
- ബന്ധപ്പെട്ട ബിസിനസ്സ് മേഖലയിലെ പൊതു മാനദമണ്ഡങ്ങളുപയോഗിച്ച് താരതമ്യ പഠനത്തിനുള്ള വിവരങ്ങൾ ലഭ്യമാക്കുക.
- സാമ്പത്തിക രേഖകളെ അടിസ്ഥാനമാക്കിയുള്ള ഭാവി പ്രവചനങ്ങൾക്കും, ആസൂത്രണങ്ങൾക്കുമുള്ള വിവരങ്ങൾ ലഭ്യമാക്കുക.

അനുപാത വിശകലനത്തിന്റെ മേന്മകൾ (Advantages of Ratio Analysis)

കുമാർ ടെക്സ്റ്റൈയിൽസ്, ഫാഷൻ വേൾഡ് എന്നിവ പട്ടണത്തിലെ രണ്ട് വ്യത്യസ്ത വ്യാപാര സ്ഥാപനങ്ങളാണ്. ഇവരുടെ കഴിഞ്ഞ വർഷത്തെ വിറ്റുവരവും, ലാഭവും താഴെ കൊടുത്തിരിക്കുന്നു.

	വിറ്റുവരവ് (Sales)	ലാഭം (Profit)
കുമാർ ടെക്സ്റ്റൈയിൽസ്	8,00,000	1,60,000
ഫാഷൻ വേൾഡ്	4,00,000	1,20,000

ഇവയിൽ കൂടുതൽ ലാഭകരമായി പ്രവർത്തിക്കുന്ന ബിസിനസ്സ് ഏതാണ്? ലാഭത്തിന്റെ തുക മാത്രം പരിഗണിച്ചാണ് നിങ്ങൾ തീരുമാനമെടുക്കുന്നതെങ്കിൽ നിങ്ങളുടെ ഉത്തരം കുമാർ ടെക്സ്റ്റൈയിൽസ് എന്നായിരിക്കും. എന്നാൽ, വിറ്റുവരവും ലാഭവും തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് അനുപാതങ്ങളുപയോഗിച്ച് ലാഭക്ഷമതയെ വിലയിരുത്തുമ്പോൾ ഫാഷൻ വേൾഡാണ് കൂടുതൽ ലാഭകരമായി പ്രവർത്തിക്കുന്ന ബിസിനസ്സ് സ്ഥാപനമെന്ന് നമുക്ക് കാണാം.

	ലാഭ അനുപാതം
കുമാർ ടെക്സ്റ്റൈയിൽസ്	$\frac{1,60,000}{8,00,000} \times 100 = 20\%$
ഫാഷൻ വേൾഡ്	$\frac{1,20,000}{4,00,000} \times 100 = 30\%$

ഇവിടെ വിറ്റുവരവുമായി ബന്ധപ്പെടുത്തി ലാഭത്തെ വിലയിരുത്താൻ അക്കൗണ്ടിംഗ് അനുപാതത്തിലൂടെ കഴിഞ്ഞുവല്ലോ? ഇത്തരത്തിൽ ബിസിനസ്സ് സ്ഥാപനങ്ങളുടെ പ്രവർത്തനക്ഷമതയെ കൃത്യതയോടെ വിലയിരുത്തുന്നതിന് അക്കൗണ്ടിംഗ് അനുപാതങ്ങൾ ഏറെ സഹായകരമാണ്.

അക്കൗണ്ടിംഗ് അനുപാതങ്ങളുപയോഗിച്ച് ബിസിനസ്സിന്റെ സാമ്പത്തിക വിശകലനം നിർവ്വഹിക്കുന്നതുകൊണ്ടുള്ള മേന്മകൾ താഴെ നൽകിയിരിക്കുന്നു.

1. ഒരു ബിസിനസ്സ് സ്ഥാപനത്തിന്റെ പ്രവർത്തനത്തെ സമഗ്രമായി വിലയിരുത്താനും, സാമ്പത്തിക തീരുമാനങ്ങൾ ഫലവത്തായോ എന്ന് മനസ്സിലാക്കാനും അനുപാതങ്ങളുപയോഗിച്ചുള്ള വിശകലനത്തിലൂടെ കഴിയുന്നു.
2. അനുപാതങ്ങളുപയോഗിച്ച് അക്കൗണ്ടിംഗിലെ സങ്കീർണ്ണമായ സംഖ്യകളെ ഏറെ ലളിതമാക്കാനും അവയെ പരസ്പരം ബന്ധിപ്പിക്കാനും കഴിയുന്നു. സാമ്പത്തിക രേഖകളിലുള്ള വിവരങ്ങളെ ഇത്തരത്തിൽ സംഗ്രഹിക്കുന്നതിലൂടെ ബിസിനസ്സ് പ്രവർത്തനങ്ങളുടെ കാര്യക്ഷമത വിലയിരുത്താൻ എളുപ്പമാകുന്നു.

3. അനുപാതങ്ങളുപയോഗിച്ച് ഒരു ബിസിനസ്സിന്റെ വിവിധ വർഷങ്ങളിലെ പ്രവർത്തനം താരതമ്യം ചെയ്യാൻ സാധിക്കും. ഇതിലൂടെ ബിസിനസ്സ് പ്രവണതകൾ മനസ്സിലാക്കാനും, ഭാവി കാര്യങ്ങളെ കൃത്യതയോടെ പ്രവചിക്കാനും കഴിയുന്നു.

4. അക്കൗണ്ടിംഗ് അനുപാതങ്ങളെ ഉപയോഗപ്പെടുത്തി ബിസിനസ്സിലെ പ്രശ്ന മേഖലകളും, വികസന സാധ്യതയുള്ള മേഖലകളും കണ്ടെത്താൻ കഴിയും. അതിലൂടെ പ്രശ്നമേഖലകളിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കാനും, വികസന സാധ്യതകൾ പ്രയോജനപ്പെടുത്താനും കഴിയും.

5. ബിസിനസ്സിന്റെ ശക്തി ദുർബലതകൾ മനസ്സിലാക്കാൻ അക്കൗണ്ടിംഗ് അനുപാതങ്ങൾ സഹായകരമാണ്. അനുപാതങ്ങളുടെ വ്യാഖ്യാനത്തിലൂടെ ശക്തി ദുർബലതകളുടെ വിശകലനം (SWOT Analysis) നടത്തി ബിസിനസ്സിന്റെ കാലികമായ വെല്ലുവിളികളെയും പുതിയ അവസരങ്ങളെയും തിരിച്ചറിയാൻ കഴിയുന്നു.

6. അക്കൗണ്ടിംഗ് അനുപാതങ്ങൾ താരതമ്യപഠനത്തിന് സഹായിക്കുന്നു. മൂന്നു വ്യത്യസ്ത രീതിയിലുള്ള താരതമ്യപഠനം ഇവ സാധ്യമാക്കുന്നു:

• **സ്ഥാപനത്തിനുള്ളിലെ താരതമ്യം (Intra- firm comparison)** - ഒരു ബിസിനസ്സിന്റെ വിവിധ വർഷങ്ങളിലെ സംഖ്യകൾ തമ്മിലോ ഒരു വർഷത്തെ വിവിധ അക്കൗണ്ടിംഗ് സംഖ്യകൾ തമ്മിലോ താരതമ്യം ചെയ്യുന്നു.

• **സ്ഥാപനങ്ങൾ തമ്മിലുള്ള താരതമ്യം (Inter -firm comparison)** - ഒരേ പോലുള്ള മറ്റ് ബിസിനസ്സ് സ്ഥാപനങ്ങളുടെ കണക്കുകളുമായി താരതമ്യം ചെയ്യാൻ കഴിയും.

• **മാനദണ്ഡങ്ങളുപയോഗിച്ചുള്ള താരതമ്യം (Comparison with standards)** - മുൻകൂട്ടി നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളുമായി താരതമ്യം നടത്തി ഒരു ബിസിനസ്സ് സ്ഥാപനത്തിന്റെ പ്രവർത്തന മികവ് വിലയിരുത്താവുന്നതാണ്.

അനുപാത വിശകലനത്തിന്റെ പരിമിതികൾ (Limitations of Ratio Analysis)

ഒരു ബിസിനസ്സിന്റെ കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവരങ്ങളെ അടിസ്ഥാനമാക്കിയാണല്ലോ അക്കൗണ്ടിംഗ് അനുപാതങ്ങൾ നിർണ്ണയിക്കുന്നത്? അതുകൊണ്ട് സാമ്പത്തിക രേഖ തയാറാക്കുന്നതിൽ വന്നിട്ടുള്ള തെറ്റുകളും, പിഴവുകളും അക്കൗണ്ടിംഗ് അനുപാതങ്ങളെയും ബാധിക്കുന്നു. അക്കൗണ്ടിംഗ് അനുപാതങ്ങളുടെ പ്രധാന പരിമിതികൾ നമുക്ക് പരിശോധിക്കാം.

1. ബിസിനസ്സുമായി ബന്ധപ്പെട്ടു നിൽക്കുന്നവർക്ക് തീരുമാനങ്ങളെടുക്കുന്നതിനുള്ള കേവല സൂചനകൾ മാത്രമേ അക്കൗണ്ടിംഗ് അനുപാതത്തിലൂടെ ലഭിക്കുകയുള്ളൂ. അവയെ കൃത്യതയോടെ വ്യാഖ്യാനിക്കാനുള്ള കഴിവും പരിസ്ഥിതി ഘടകങ്ങളുടെ സ്വാധീനവുമാണ് തീരുമാനങ്ങളുടെ വിജയത്തിന് അടിസ്ഥാനം.

2. അക്കൗണ്ടിംഗ് അനുപാതങ്ങൾ ബിസിനസ്സിലെ സങ്കീർണ്ണമായ പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കുന്നില്ല. ബിസിനസ്സിന്റെ പ്രവർത്തനങ്ങളെ വിലയിരുത്താൻ സഹായിക്കുന്നുവെങ്കിലും പ്രശ്ന കാരണങ്ങൾ കണ്ടെത്താനോ അവ പരിഹരിക്കുന്നതിനോ അനുപാതങ്ങൾ സഹായകരമാകുന്നില്ല.

3. ആശയപരമായ അവ്യക്തതകൾ അക്കൗണ്ടിംഗ് അനുപാതങ്ങളുടെ പരിമിതിയാണ്. വിവിധ അനുപാതങ്ങൾ കണ്ടുപിടിക്കുന്നതിന് വ്യത്യസ്ത രീതികൾ നിലവിലുണ്ട്. ആശയ വ്യക്തത ഇല്ലാത്തതിനാൽ കണ്ടുപിടിക്കുന്ന അനുപാതങ്ങൾ വിശ്വാസയോഗ്യമാവണമെന്നില്ല. ഉദാഹരണമായി, ദ്രുതബാധ്യതകളിൽ (Liquid liabilities) ഏതെല്ലാം ഉൾപ്പെടുത്തണമെന്നുള്ള ആശയകുഴപ്പം കണക്കുകൾ തയാറാക്കുന്നവരിൽ ഉണ്ടാകാറുണ്ട്.

4. അംഗീകരിക്കപ്പെട്ടിട്ടുള്ള പൊതു മാനദണ്ഡങ്ങളുടെ അഭാവം അനുപാത വിശകലനത്തെ ദോഷകരമായി ബാധിക്കുന്നു. പ്രത്യേകിച്ചും ഇന്ത്യയിൽ പല വ്യവസായ മേഖലകളുടെയും പ്രവർത്തന മികവിനെ അളക്കുന്നതിനുള്ള ശരാശരികൾ നിർണ്ണയിച്ചിട്ടില്ല. ഇത് അനുപാതങ്ങളുപയോഗിച്ചുള്ള വിശകലനം അർത്ഥശൂന്യമാക്കുന്നു.

5. പരസ്പരം ബന്ധപ്പെട്ടു കിടക്കുന്ന സംഖ്യകൾ മാത്രമെ അനുപാതങ്ങൾ താരതമ്യം ചെയ്യുന്നതിലൂടെ പ്രയോജനപ്രദമാകുന്നുള്ളൂ. പരസ്പര ബന്ധമില്ലാത്ത സംഖ്യകളെ ഉൾപ്പെടുത്തി അനുപാതങ്ങൾ നിർണ്ണയിക്കുന്നത് പ്രയോജനരഹിതമാണ്. ഉദാഹരണമായി യന്ത്രസാമഗ്രികളുടെ വില 8,00,000വും ക്രെഡിറ്റേഴ്സിന് കൊടുക്കാനുള്ളത് 4,00,000വും ആണെങ്കിൽ, ഇവയുടെ അനുപാതം 8:4 അല്ലെങ്കിൽ 2:1 ആണെന്നു കണ്ടുപിടിക്കുന്നത് ബിസ്സിനസ്സിന്റെ പ്രവർത്തനങ്ങളെയോ, സാമ്പത്തിക സ്ഥിതിയോ, ലാഭക്ഷമതയോ വിലയിരുത്താൻ ഉപകരിക്കുന്നില്ല.

   അതുകൊണ്ട്, അക്കൗണ്ടിംഗ് അനുപാതങ്ങളുടെ ഈ പരിമിതികൾ മനസ്സിലാക്കി വേണം, ആസൂത്രണത്തിനും, തീരുമാനങ്ങളെടുക്കുന്നതിനും അവ പ്രയോജനപ്പെടുത്തേണ്ടത്.

വിവിധതരം അക്കൗണ്ടിംഗ് അനുപാതങ്ങൾ (Types of Accounting Ratios)

അക്കൗണ്ടിംഗ് അനുപാതങ്ങളെ പൊതുവായി രണ്ട് രീതിയിൽ തരംതിരിക്കാറുണ്ട്.

- പരമ്പരാഗത തരംതിരിക്കൽ (Traditional classification)
- നിർവഹണപരമായ തരംതിരിക്കൽ (Functional classification)

പരമ്പരാഗത രീതിയിൽ അക്കൗണ്ടിംഗ് അനുപാതങ്ങളെ മൂന്നായി തരംതിരിച്ചിട്ടുണ്ട്. ഇത് അനുപാതങ്ങൾ കണ്ടുപിടിക്കുന്നതിന് ആവശ്യമായ ഇനങ്ങളും സംഖ്യകളും ഏത് സാമ്പത്തിക രേഖകളിൽ നിന്നും സ്വീകരിക്കുന്നു എന്നതിനെ അടിസ്ഥാനമാക്കിയുള്ള തരംതിരിക്കലാണ്.

1. ലാഭ-നഷ്ട കണക്ക് അനുപാതങ്ങൾ (Statement of profit and Loss Ratios):

ഒരു ബിസിനസ്സിന്റെ ലാഭ-നഷ്ട കണക്കിൽ (Profit and Loss Account) ലഭ്യമായ വിവരങ്ങളെ ഉൾപ്പെടുത്തി കണ്ടുപിടിക്കുന്ന അനുപാതങ്ങളാണിവ. ഉദാഹരണം, ആകെ ലാഭവും (Gross profit), വിറ്റുവരവു (Sales) കണക്കിലെടുത്ത് ആകെ ലാഭ അനുപാതം (Gross profit Ratio) നിർണ്ണയിക്കുന്നു. ആകെ ലാഭവും വിറ്റുവരവും ലാഭ-നഷ്ട കണക്കിൽ നിന്ന് ലഭിക്കുന്ന വിവരങ്ങളായതിനാൽ ഇത്, ലാഭ-നഷ്ട കണക്ക് അനുപാതമാണ്.

2. ബാക്കി പത്ര അനുപാതങ്ങൾ (Balance Sheet Ratios)

ഒരു ബാലൻസ് ഷീറ്റിൽ നിന്നും ലഭ്യമാകുന്ന വിവരങ്ങളെ അടിസ്ഥാനമാക്കി കണ്ടുപിടിക്കുന്ന അനുപാതങ്ങളാണിവ. ഉദാഹരണമായി, ഹ്രസ്വകാല ആസ്തികളെയും (current Assets) ഹ്രസ്വകാല ബാധ്യതകളെയും (current Liabilities) പരിഗണിച്ച് നടപ്പ്/ കറന്റ് അനുപാതം (Current Ratio) നിർണ്ണയിക്കുന്നു.

3. സംയുക്ത അനുപാതങ്ങൾ (Composite Ratios)

ലാഭ-നഷ്ട കണക്ക്, ബാലൻസ് ഷീറ്റ് എന്നീ രണ്ട് സാമ്പത്തിക രേഖകളിലെയും ഇനങ്ങൾ പരിഗണിച്ച് കണ്ടുപിടിക്കുന്ന അനുപാതങ്ങളാണിവ. ഉദാഹരണമായി, ക്രെഡിറ്റേഴ്സ് ടേൺ ഓവർ അനുപാതം (Creditors Turnover Ratio). ഈ അനുപാതം കണ്ടുപിടിക്കുന്നതിനായി ക്രെഡിറ്റേഴ്സിന്റെ തുക ബാലൻസ്ഷീറ്റിൽ നിന്നും, വിറ്റുവരവ് (Sales) തുക ലാഭ-നഷ്ട കണക്കിൽ നിന്നും ലഭിക്കും.

പരമ്പരാഗത രീതിയിലുള്ള അനുപാതങ്ങളുടെ തരംതിരിക്കലിന് ഇന്ന് പ്രായോഗികത കുറവാണ്. ഇന്ന് ഏറെ പ്രചാരത്തിലുള്ളത് നിർവ്വഹണപരമായ തരംതിരിക്കലാണ്. ഓരോ അനുപാതവും ബിസിനസ്സിന്റെ ഏതു രീതിയിലുള്ള മികവിനെ അളക്കാനാണ് ഉപയോഗിക്കുന്നത് എന്നതിനെ അടിസ്ഥാനമാക്കിയുള്ള തരംതിരിവാണിത്. നിർവഹണപരമായി അക്കൗണ്ടിംഗ് അനുപാതങ്ങളെ നാലായി തരംതിരിച്ചിരിക്കുന്നു:

- ദ്രവണ അനുപാതങ്ങൾ (Liquidity Ratios)

- ലേയത്വ അനുപാതങ്ങൾ (Solvency Ratios)
- വിറ്റുവരവ് അനുപാതങ്ങൾ (Turnover Ratios)
- ലാഭക്ഷമത അനുപാതങ്ങൾ (Profitability Ratios)

ഇവയിൽ ഓരോ വിഭാഗത്തിലുള്ള അനുപാതങ്ങളെക്കുറിച്ച് വിശദമായി ചർച്ച ചെയ്യേണ്ടതുണ്ട്.

പ്രവർത്തനം-1 :

ഒരു ബിസിനസ്സിന്റെ ലാഭ-നഷ്ട കണക്ക്, ബാക്കിപത്രം തുടങ്ങിയ സാമ്പത്തിക രേഖകളാണല്ലോ അക്കൗണ്ടിംഗ് അനുപാതങ്ങൾ ഉപയോഗിച്ചുള്ള വിശകലനത്തിന് അടിസ്ഥാനമായി ഉപയോഗിക്കുന്നത്? ഇത്തരം സാമ്പത്തിക രേഖകളുടെ പരിമിതികൾ ക്ലാസ് മുറിയിൽ ചർച്ച ചെയ്യുക. ചില ചർച്ചാസൂചകങ്ങൾ നൽകിയിരിക്കുന്നു.

- അക്കൗണ്ടിംഗ് തത്വങ്ങൾ പാലിക്കുന്നതും, അക്കൗണ്ടിംഗിലുള്ള വ്യതിയാനങ്ങളും
- ആസ്തി-ബാധ്യതകളുടെ മൂല്യത്തിലുള്ള ഏറ്റകുറച്ചിലുകൾ
- വില നിലവാരത്തിലുള്ള വ്യതിയാനങ്ങൾ അവഗണിക്കുന്നത്
- ഗുണപരമായ കാര്യങ്ങൾ പരിഗണിക്കാത്തത്.
- കണക്കുകൾ തയാറാക്കുന്നതിന് അവലംബിക്കുന്ന വ്യത്യസ്ത രീതികൾ.
- കഴിഞ്ഞുപോയ കാര്യങ്ങൾ മാത്രം ഉൾപ്പെടുന്നത്.

സ്വയം വിലയിരുത്തൽ ചോദ്യങ്ങൾ - 1

1. ഒരു ബിസിനസ്സിന്റെ സാമ്പത്തിക രേഖകളുടെ വിശകലനത്തിന് ഉപയോഗിക്കുന്ന ഉപാധിയാണ്.............

   (a) കോമൺസൈസ് സ്റ്റേറ്റ്മെന്റ്

   (b) കമ്പാരറ്റീവ് സ്റ്റേറ്റ്മെന്റ്

   (c) റേഷ്യോ അനാലിസിസ്

   (d) ഇവയെല്ലാം

2. അക്കൗണ്ടിംഗ് അനുപാതങ്ങൾ പ്രസ്താവിക്കാൻ കഴിയുന്ന രീതി ഏത്?
   (a) അംശബന്ധം
   (b) ശതമാനം
   (c) ഭിന്നസംഖ്യ
   (d) ഇവയെല്ലാം
3. അക്കൗണ്ടിംഗ് അനുപാതങ്ങൾ 'SWOT' വിശകലനത്തിന് സഹായിക്കുന്നുവെന്ന് കണ്ടുവല്ലോ? 'SWOT' എന്നതിന്റെ പൂർണ്ണരൂപം എന്താണ്?
4. ക്രെഡിറ്റേഴ്സ് ടേൺഓവർ അനുപാതം ഏത് വിഭാഗത്തിൽ ഉൾപ്പെടുന്നു?
   (a) ബാലൻസ്ഷീറ്റ് അനുപാതം
   (b) ലാഭ-നഷ്ട കണക്ക് അനുപാതം
   (c) സംയുക്ത അനുപാതം
   (d) ഇവയൊന്നുമല്ല
5. ബാലൻസ്ഷീറ്റ് അനുപാതത്തിന് ഉദാഹരണമാണ് ....
   (a) ക്രെഡിറ്റേഴ്സ് ടേൺഓവർ അനുപാതം
   (b) ലാഭ-നഷ്ട കണക്ക് അനുപാതം
   (c) നെറ്റ് പ്രോഫിറ്റ് അനുപാതം
   (d) കറന്റ് അനുപാതം

ദ്രവണ അനുപാതങ്ങൾ (Liquidity Ratios)

ആസ്തികൾ വേഗത്തിൽ പണമാക്കി മാറ്റാനുള്ള ഒരു ബിസിനസ്സിന്റെ കഴിവിനാണ് സാധാരണയായി. ദ്രവണം (Liquidity) എന്നു പറയുന്നത്. ഇവിടെ ഹ്രസ്വകാല ബാധ്യതകൾ (Current liabilities) കൊടുത്തു തീക്കുന്നതിനുള്ള ബിസിനസ്സിന്റെ കഴിവിനാണ് ദ്രവണം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. അതുകൊണ്ട്, ഒരു ബിസിനസ്സിന് ഹ്രസ്വകാല ബാധ്യതകൾ യഥാസമയത്ത് തിരിച്ചടവു നടത്തുന്നതിനുള്ള ആസ്തികൾ ഉണ്ടോയെന്ന് വിലയിരുത്തുന്നതിനാണ് ദ്രവണ അനുപാതങ്ങൾ ഉപയോഗിക്കുന്നത്. നടപ്പ് അനുപാതവും (current ratio) ദ്രുത അനുപാതവു (Quick ratio)മാണ് പ്രധാനപ്പെട്ട ദ്രവണ അനുപാതങ്ങൾ.

1. നടപ്പ് അനുപാതം (Current ratio)

ഹ്രസ്വകാല ആസ്തികളും, ഹ്രസ്വകാല ബാധ്യതകളും തമ്മിലുള്ള അംശബന്ധമാണ് നടപ്പ് അനുപാതം. ഇത് കണ്ടുപിടിക്കുന്നതിനുള്ള സൂത്രവാക്യം താഴെ നൽകിയിരിക്കുന്നു.

$$\text{നടപ്പ് അനുപാതം} = \frac{\text{ഹ്രസ്വകാല ആസ്തികൾ}}{\text{ഹ്രസ്വകാല ബാധ്യതകൾ}}$$

ഒരു ഹ്രസ്വകാലത്തിനുള്ളിൽ (സാധാരണയായി ഒരു വർഷത്തിനുള്ളിൽ) പണമാക്കി മാറ്റാൻ കഴിയുന്ന ആസ്തികളാണ് ഹ്രസ്വകാല ആസ്തികൾ. നീക്കിയിരിപ്പ് പണം (Cash in hand), ബാങ്ക് ബാലൻസ് (Cash at Bank), കൈയിരിപ്പ് ചരക്ക് (Stock in trade), ഡെപ്റ്റേഴ്സ് (Debtors) പണം ലഭിക്കാനുള്ള വിനിമയ ബില്ലുകൾ (Bills Receivable), ഹ്രസ്വകാല നിക്ഷേപങ്ങൾ (Short term investments) എന്നിവയെല്ലാം ഇത്തരം ആസ്തികളാണ്. മുൻകൂട്ടി നൽകിയ ചെലവുകൾ (Prepaid expenses) കുടിശ്ശികയുള്ള വരുമാനം (Accrued income) എന്നിവയും ഹ്രസ്വകാല ആസ്തികളായി പരിഗണിക്കുന്നു.

ഒരു വർഷത്തിനുള്ളിൽ തന്നെ കൊടുത്തു വീട്ടുവാൻ ഉദ്ദേശിക്കുന്ന ബാധ്യതകളാണ് ഹ്രസ്വകാല ബാധ്യതകൾ. ബാങ്ക് ഓവർഡ്രാഫ്റ്റ് (Bank overdraft), ക്രെഡിറ്റേഴ്സ് (Creditors) പണം നൽകാനുള്ള വിനിമയ ബില്ലുകൾ (Bills Payable), ഹ്രസ്വകാല വായ്പകൾ എന്നിവയെല്ലാം ഇതിൽ ഉൾപ്പെടുന്നു.

ഏറ്റവും സുരക്ഷിതമായ നടപ്പ് അനുപാതമായി സാധാരണ പരിഗണിക്കുന്നത് 2:1 എന്ന അംശബന്ധമാണ്. അതായത് ഹ്രസ്വകാല ബാധ്യതകളുടെ ഇരട്ടിയെങ്കിലും ഹ്രസ്വകാല ആസ്തികൾ ബിസിനസ്സിന് ഉണ്ടായിരിക്കണം. വളരെ കുറഞ്ഞ നടപ്പ് അനുപാതം ഹ്രസ്വകാല ബാധ്യതകൾ കൊടുത്തുവിടുന്നതിന് ബിസിനസ്സിന് ശേഷി ഇല്ലെന്നുള്ളതിന്റെ സൂചനയാണ്.

നിർദ്ധാരണം 1

നൽകിയിരിക്കുന്ന വിശദാംശങ്ങളിൽ നിന്നും നടപ്പ് അനുപാതം നിർണ്ണയിക്കുക.

	രൂപ
സ്റ്റോക്ക്	50,000
ബിൽസ് റിസീവബിൾസ്	20,000
അഡ്വാൻസ് ടാക്സ്	14,000
ക്യാഷ്	36,000
ബിൽസ് പേയബിൾസ്	10,000
ക്രെഡിറ്റേഴ്സ്	86,000
ബാങ്ക് ഓവർ ഡ്രാഫ്റ്റ്	4,000

$$\text{നടപ്പ് അനുപാതം} = \frac{\text{ഹ്രസ്വകാല ആസ്തികൾ}}{\text{ഹ്രസ്വകാല ബാധ്യതകൾ}}$$

ഹ്രസ്വകാല ആസ്തികൾ		ഹ്രസ്വകാല ബാധ്യതകൾ	
സ്റ്റോക്ക്	50,000	ബിൽസ് പേയബിൾസ്	10,000
ബിൽസ് റിസിവബിൾസ്	20,000	ക്രെഡിറ്റേഴ്സ്	86,000
അഡ്വാൻസ് ടാക്സ്	14,000	ബാങ്ക് ഓവർ ഡ്രാഫ്റ്റ്	4,000
ക്യാഷ്	36,000		
ഡെബ്റ്റേഴ്സ്	30,000		
ആകെ	**1,50,000**	**ആകെ**	**1,00,000**

നടപ്പ് അനുപാതം $= \frac{1,50,000}{1,00,000} = 1.5:1$

2. ദ്രുത അനുപാതം (Quick ratio)

വിലയിൽ നഷ്ടം ഉണ്ടാകാതെ ഉടനടി തന്നെ പണമാക്കി മാറ്റാൻ കഴിയുന്ന ആസ്തികളെ ദ്രുത ആസ്തി/ക്ഷിപ്ര ആസ്തി (Quick Asset) എന്നാണ് പറയുന്നത്. ഇത്തരത്തിലുള്ള ദ്രുത ആസ്തിയും ഹ്രസ്വകാല ബാധ്യതയും തമ്മിലുള്ള അംശബന്ധമാണ് ദ്രുത അനുപാതം.

$$\text{ദ്രുത അനുപാതം} = \frac{\text{ദ്രുത ആസ്തികൾ}}{\text{ഹ്രസ്വകാല ബാധ്യതകൾ}}$$

ദ്രുത ആസ്തികൾ കണക്കിലെടുക്കുമ്പോൾ ഹ്രസ്വകാല ആസ്തികളിൽ നിന്നും സ്റ്റോക്ക്, മുൻകൂട്ടി നൽകിയ ചെലവുകൾ, കുടിശികയുള്ള വരുമാനം എന്നിവ ഒഴിവാക്കുന്നു. ഒരു ബിസിനസ്സിന്റെ ദ്രവണത അളക്കുന്നതിനുള്ള ഏറ്റവും ഉചിതമായ അനുപാതം ദ്രുത അനുപാതമാണ്. അതുകൊണ്ട്, ഈ അനുപാതം 'ആസിഡ് ടെസ്റ്റ് അനുപാതം' (Acid Test Ratio) എന്നും അറിയപ്പെടുന്നു. പൊതുവിൽ മാനദണ്ഡമായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ദ്രുത അനുപാതം 1:1 ആണ്. അതായത് ഹ്രസ്വകാല ബാധ്യതകൾക്ക് തുല്യമായി ദ്രുത ആസ്തികൾ ഉണ്ടായിരിക്കുന്നതാണ് സുരക്ഷിതമായ സാമ്പത്തിക അവസ്ഥ.

നിർദ്ധാരണം 2

വിശദാംശങ്ങളിൽ നിന്നും ദ്രുത അനുപാതം നിർണ്ണയിക്കുക.

ഹ്രസ്വകാല ബാധ്യതകൾ	–	50,000
ഹ്രസ്വകാല ആസ്തികൾ	–	80,000
സ്റ്റോക്ക്	–	20,000

അഡ്വാൻസ് ടാക്സ് - 5,000

പ്രീ പെയ്ഡ് എക്സ്പെൻസസ് - 5,000

$$\text{ദ്രുത അനുപാതം} = \frac{\text{ദ്രുത ആസ്തികൾ}}{\text{ഹ്രസ്വകാല ബാധ്യതകൾ}}$$

ദ്രുത ആസ്തി = ഹ്രസ്വകാല ആസ്തികൾ (സ്റ്റോക്ക് + അഡ്വാൻസ് ടാക്സ് + പ്രീപെയ്ഡ് എക്സ്പെൻസസ്)

= 80,000 – (20,000 + 5000 + 5000)

= 80,000 – 30,000 = 50,000

ഹ്രസ്വകാല ബാധ്യത = 50,000

$$\text{ദ്രുത അനുപാതം} = \frac{50,000}{50,000} = 1:1$$

നിർദ്ധാരണം 3

ഒരു ബിസിനസ്സ് സ്ഥാപനത്തിന്റെ മാർച്ച് 31, 2016-ലെ ബാലൻസ്ഷീറ്റ് താഴെ കൊടുത്തിരിക്കുന്നു. ഇതിലെ വിശദാംശങ്ങളുപയോഗിച്ച് നടപ്പ് അനുപാതവും, ദ്രുത അനുപാതവും കണ്ടുപിടിക്കുക.

ബാലൻസ് ഷീറ്റ് 31-03-2016

ബാധ്യതകൾ	തുക (Rs)	ആസ്തികൾ	തുക (Rs)
ക്യാപിറ്റൽ	29,300	ലാന്റ്	32,00
ജനറൽ റിസർവ്വ്	110	ബിൽഡിങ്ങ്സ്	13,100
		മെഷിണറി	17,400
സെക്യൂർഡ് ലോണുകൾ	14,800	ഫർണിച്ചർ	1,660
ഫിക്സഡ് ഡെപ്പോസിറ്റ്	2,150	മാർക്കറ്റബിൾ സെക്യൂരിറ്റികൾ	750
ബാങ്ക് ഓവർഡ്രാഫ്റ്റ്	6,250	സ്റ്റോക്ക്	9,700
ബിൽസ് പേയബിൾ	3,000	ഡെബ്റ്റേഴ്സ്	14,000
ക്രെഡിറ്റേഴ്സ്	7,000	ക്യാഷ്	2,700
ഔട്ട്സ്റ്റാന്റിംഗ് സാലറി	750	പ്രീ പെയ്ഡ് കമ്മീഷൻ	250
പ്രോവിഷൻ ഫോർ ടാക്സേഷൻ	5000	ലോൺസ് & അഡ്വാൻസസ്	5,600
	68,360		**68,360**

ഹ്രസ്വകാല ആസ്തികൾ		ഹ്രസ്വകാല ബാധ്യതകൾ	
സ്റ്റോക്ക്	9,700	ബാങ്ക് ഓവർ ഡ്രാഫ്റ്റ്	6,250
ഡെപ്റ്റേഴ്സ്	14,000	ബിൽസ് പേയബിൾ	3000
ക്യാഷ്	2,700	ക്രെഡിറ്റേഴ്സ്	7000
ലോൺ & അഡ്വാൻസസ്	5,600	പ്രോവിഷൻ ഫോർ ടാക്സേഷൻ	5,000
പ്രീ പെയ്ഡ് കമ്മീഷൻ	250	ഔട്ട്സ്റ്റാന്റിംഗ് സാലറി	750
മാർക്കറ്റബിൾ സെക്യൂരിറ്റീസ്	750		
ആകെ	**33,000**	**ആകെ**	**22,000**

$$\text{നടപ്പ് അനുപാതം} = \frac{\text{ഹ്രസ്വകാല ആസ്തികൾ}}{\text{ഹ്രസ്വകാല ബാധ്യതകൾ}}$$

$$= \frac{33,000}{22,000} = \underline{\underline{1.5:1}}$$

$$\text{ദ്രുത അനുപാതം} = \frac{\text{ദ്രുത ആസ്തികൾ}}{\text{ഹ്രസ്വകാല ബാധ്യതകൾ}}$$

ദ്രുത ആസ്തികൾ = ഹ്രസ്വകാല ആസ്തികൾ - (സ്റ്റോക്ക് + പ്രീപെയ്ഡ് കമ്മീഷൻ)

$$= 33000 - (9700+250)$$

$$= 33,000 - 9,950 = 23,050$$

$$\text{ദ്രുത അനുപാതം} = \frac{23,050}{22,000} = \underline{\underline{1.05:1}}$$

നിർദ്ധാരണം - 4

ടിജി ടെക്സ്റ്റൈൽസിന്റെ നടപ്പ് അനുപാതം 3.5:1 ആണ്. ഇവരുടെ ദ്രുത അനുപാതം 2:1 ആണ്. ഹ്രസ്വകാല ആസ്തികളും, ദ്രുത ആസ്തികളും തമ്മിലുള്ള വ്യത്യാസമായ Rs. 24,000 സ്റ്റോക്കിന്റെ തുകയാണ്. ഇതിൽ നിന്നും ഹ്രസ്വകാല ആസ്തികളുടെയും ഹ്രസ്വകാല ബാധ്യതകളുടെയും തുക കണ്ടുപിടിക്കുക.

നടപ്പ് അനുപാതം = 3.5 : 1

ദ്രുത അനുപാതം = 2 : 1

ഹ്രസ്വകാല ബാധ്യതകളുടെ തുക 'x' എന്ന് അനുമാനിക്കുക.

ഹ്രസ്വകാല ആസ്തികൾ = $3.5x$ (ഹ്രസ്വകാല ബാധ്യതകളുടെ $3\frac{1}{2}$ ഇരട്ടിയാണല്ലോ ഹ്രസ്വകാല ആസ്തികൾ)

ദ്രുത ആസ്തികൾ = $2x$ (ഹ്രസ്വകാല ബാധ്യതകളുടെ രണ്ട് ഇരട്ടിയാണല്ലോ ദ്രുത ആസ്തികൾ)

സ്റ്റോക്ക് = ഹ്രസ്വകാല ആസ്തികൾ - ദ്രുത ആസ്തി (ഹ്രസ്വകാല ആസ്തികളും, ദ്രുത ആസ്തികളും തമ്മിലുള്ള വ്യത്യാസമാണ് സ്റ്റോക്കിന്റെ വില.)

$24,000 = 3.5x - 2x$

$24,000 = 1.5x$

$\therefore x = \frac{24,000}{1.5} = 16000$

അതായത്, ഹ്രസ്വകാല ബാധ്യതകൾ = <u>16,000</u>

$\therefore$ ഹ്രസ്വകാല ആസ്തികൾ = $3.5 \times 16,000 = \underline{56000}$

പ്രവർത്തനം: 2

നിർദ്ധാരണം: 4-ൽ കണ്ടുപിടിച്ചിരിക്കുന്ന ഉത്തരങ്ങൾ ബന്ധപ്പെട്ട അനുപാതങ്ങൾ കണ്ടെത്തി ശരിയാണോയെന്ന് പരിശോധിക്കുക.

നടപ്പ് അനുപാതം = $\frac{\text{ഹ്രസ്വകാല ആസ്തികൾ}}{\text{ഹ്രസ്വകാല ബാധ്യതകൾ}}$

= ....?..............................

ദ്രുത അനുപാതം = $\frac{\text{ദ്രുത ആസ്തികൾ}}{\text{ഹ്രസ്വകാല ബാധ്യതകൾ}}$

= ....?..............................

സ്വയം വിലയിരുത്തൽ ചോദ്യങ്ങൾ : 2

1. പൊതു മാനദണ്ഡമായി അംഗീകരിച്ചിട്ടുള്ള ദ്രുത അനുപാതം ഏത്?

   (a) 2 : 1 (b) 3 : 1 (c) 1 : 1 (d) 4 : 1

2. ഹ്രസ്വകാല ആസ്തികൾ 86,000 രൂപ, ദ്രുത ആസ്തികൾ 64,000 രൂപ. സ്റ്റോക്കിന്റെ വില കണ്ടുപിടിക്കുക.

3. ദ്രുത ആസ്തികളിൽ ഉൾപ്പെടുന്നത് ഏത്?

   (a) ക്യാഷ് (b) സ്റ്റോക്ക്

   (c) പ്രീ പെയ്ഡ് സാലറി (d) അഡ്വാൻസ് ടാക്സ്

4. വേറിട്ടു നിൽക്കുന്നത് കണ്ടെത്തുക, ഉത്തരം സാധൂകരിക്കുക.

   (a) ഡെപ്റ്റേഴ്സ് (b) ബിൽസ് പേയബിൾ

   (c) ക്യാഷ് അറ്റ് ബാങ്ക് (d) സ്റ്റോക്ക്

5. ഹ്രസ്വകാല ബാധ്യതകൾ 80,000 രൂപ, നടപ്പ് അനുപാതം 3:1. ഹ്രസ്വകാല ആസ്തികളുടെ തുക എത്ര?

ലേയത്വ അനുപാതങ്ങൾ (Solvency Ratios)

ഒരു ബിസിനസ്സിന് അവരുടെ ദീർഘകാല കടങ്ങൾ വീട്ടാനുള്ള കഴിവിനാണ് സാധാരണയായി ലേയത്വം (Solvency) എന്നു പറയുന്നത്. ബിസിനസ്സിലേക്ക് വായ്പ നൽകിയിട്ടുള്ള വ്യക്തികൾക്ക്, അതിന്റെ പലിശയും, മുതലും യഥാസമയം തിരികെ ലഭിക്കുമോ എന്നറിയാൻ താല്പര്യമുണ്ടാവുമല്ലോ? ലേയത്വ അനുപാതങ്ങളിലൂടെയാണ് ഒരു ബിസിനസ്സിന്റെ ഇത്തരം വായ്പകളുടെ തിരിച്ചടവ് യഥാസമയം നടത്താനുള്ള ശേഷിയുണ്ടോയെന്ന് വിലിയിരുത്തുന്നത്. പ്രധാനപ്പെട്ട ലേയത്വ അനുപാതങ്ങൾ താഴെ പറയുന്നവയാണ്.

1. വായ്പാ - ഓഹരി അനുപാതം (Debt - Equity Ratio)
2. വായ്പാ - മൂലധന അനുപാതം (Debt to Capital Employed Ratio)
3. ഉടമസ്ഥതാ അനുപാതം (Proprietary Ratio)
4. ആസ്തി - വായ്പാ അനുപാതം (Total Assets to Debt Ratio)
5. പലിശ ആവരണ അനുപാതം (Interest Coverage Ratio)

ഇവ ഓരോന്നിനെക്കുറിച്ചും വിശദമായി പഠിക്കേണ്ടതുണ്ട്.

1. വായ്പാ - ഓഹരി അനുപാതം (Debt - Equity Ratio)

ഒരു ബിസിനസ്സിന്റെ ദീർഘകാല കടങ്ങളും, ഉടമസ്ഥതാ മൂലധനവും തമ്മിലുള്ള ബന്ധത്തെ സൂചിപ്പിക്കുന്ന അനുപാതമാണിത്. ഉടമസ്ഥരുടെ ബിസിനസ്സിലെ മുതൽമുടക്കിനെ അപേക്ഷിച്ച് ദീർഘകാല വായ്പകൾ കുറവായിരിക്കുന്നതാണ് പുറമെയുള്ളവർ സുരക്ഷിതമായി കണക്കാക്കുന്നത്. കട ബാധ്യതകൾ കുറഞ്ഞിരിക്കുന്നത് കമ്പനിയുടെയും നഷ്ട സാധ്യതകളെ ലഘൂകരിക്കാൻ ഉപകരിക്കും. കൂടുതൽ സുരക്ഷിതമായ വായ്പാ-ഓഹരി അനുപാതം 2:1 ആണ്. അതായത് ഉടമസ്ഥന്റെ മുതൽമുടക്കിന്റെ ഇരട്ടിയിലധികം വായ്പകൾ ഉണ്ടായിരിക്കുന്നത് അഭികാമ്യമല്ല. എന്നാൽ ഓരോ വ്യവസായ മേഖലയുടെ പ്രത്യേകതകളനുസരിച്ച് പൊതു മാനദണ്ഡത്തിൽ മാറ്റങ്ങൾ വരുത്താറുണ്ട്.

$$\text{വായ്പാ-ഓഹരി അനുപാതം} = \frac{\text{ദീർഘകാല വായ്പകൾ}}{\text{ഉടമസ്ഥതാ മൂലധനം}}$$

ഉടമസ്ഥതാ മൂലധനമെന്നത് ഓഹരി മൂലധന (Share Capital) ത്തോടൊപ്പം റിസർവ്വ് & സർപ്ലസ് (Reserve and Surplus) ഉൾപ്പെടുന്നതാണ്. സ്ഥിരം ആസ്തി (Fixed Asset) കളോടൊപ്പം പ്രവർത്തന മൂലധനം (Working Capital) കൂട്ടിയും ഉടമസ്ഥതാമൂലധനം കണ്ടുപിടിക്കാം. പ്രവർത്തന മൂലധനം കണ്ടുപിടിക്കാൻ ഹ്രസ്വകാല ആസ്തികളിൽ നിന്നും ഹ്രസ്വകാല ബാധ്യതകൾ കുറച്ചാൽ മതി.

നിർദ്ധാരണം - 5

നൽകിയിട്ടുള്ള വിശദാംശങ്ങളിൽ നിന്നും വായ്പാ- ഓഹരി അനുപാതം കണ്ടുപിടിക്കുക.

സാധാരണ ഓഹരികൾ	Rs. 2,00,000
മുൻഗണനാ ഓഹരികൾ	Rs. 1,00,000
റിസർവ് ഫണ്ട്	Rs. 60,000
12% കടപ്പത്രങ്ങൾ	Rs. 2,50,000
ദീർഘകാല ബാങ്ക് വായ്പകൾ	Rs. 2,00,000

$$\text{വായ്പാ-ഓഹരി അനുപാതം} = \frac{\text{ദീർഘകാല വായ്പകൾ}}{\text{ഉടമസ്ഥതാ മൂലധനം}}$$

ഉടമസ്ഥതാ മൂലധനം = 2,00,000 + 1,00,000 + 60,000 = 3,60,000

ദീർഘകാല വായ്പകൾ = 2,50,000 + 2,00,000 = 4,50,000

$$\text{വായ്പാ-ഓഹരി അനുപാതം} = \frac{4,50,000}{3,60,000} = \underline{\underline{1.25 : 1}}$$

2. വായ്പാ – മൂലധന അനുപാതം (Debt to Capital Employed Ratio)

ഒരു ബിസിനസ്സിലെ ദീർഘകാല ബാധ്യതകളും മൂലധനമുടക്കും തമ്മിലുള്ള ബന്ധമാണ് ഈ അനുപാതത്തിലൂടെ കണ്ടുപിടിക്കുന്നത്.

$$\text{വായ്പാ-മൂലധന അനുപാതം} = \frac{\text{ദീർഘകാല വായ്പകൾ}}{\text{മൂലധന മുടക്ക്}}$$

ദീർഘകാല വായ്പകളും, ഉടമസ്ഥതാ മൂലധനവും കൂട്ടിയാൽ ഒരു ബിസിനസ്സിന്റെ മൂലധന മുടക്ക് ലഭിക്കും. ബിസിനസ്സിലെ അറ്റ ആസ്തികൾ (Net Assets) മൂലധനമുടക്കിന് തുല്യമായിരിക്കും. അതുകൊണ്ട്, ആകെ ആസ്തികളിൽ നിന്നും ഹ്രസ്വകാല ബാധ്യതകൾ കുറച്ചും മൂലധന മുടക്ക് കണ്ടുപിടിക്കാം. കുറഞ്ഞ വായ്പാ - മൂലധന അനുപാതം വായ്പാ ദാതാക്കൾക്ക് (Lenders) സുരക്ഷിതത്വം ഉറപ്പുവരുത്തുന്നു. എന്നാൽ കുറഞ്ഞ അനുപാതം കൂടുതൽ വായ്പാ മൂലധനം ഉൾപ്പെടുത്തി ട്രേഡിംഗ് ഓൺ ഇക്വിറ്റിയുടെ (Trading on equity) ഗുണഫലങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവിനെ സൂചിപ്പിക്കുന്നു. മൂലധന മുടക്കിനു പകരമായി ആകെ ആസ്തികൾ (Total Assets) ഉപയോഗിച്ചും ഈ അനുപാതം കണ്ടുപിടിക്കാറുണ്ട്.

നിർദ്ധാരണം – 6

നൽകിയിരിക്കുന്ന വ്യത്യസ്ത സാഹചര്യങ്ങളിലെ വായ്പാ - മൂലധന അനുപാതം കണ്ടുപിടിക്കുക:

(a) ഓഹരി മൂലധനം:	സാധാരണ ഓരികൾ Rs. 80,000
	മുൻഗണനാ ഓഹരികൾ Rs. 50,000
	റിസർവ്സ് & സർപ്ലസ് Rs. 31,000
വായ്പാമൂലധനം :	കടപ്പത്രങ്ങൾ Rs. 2,00,000
	പൊതു നിക്ഷേപങ്ങൾ Rs. 70,000

(b) ആകെ ആസ്തികൾ Rs. 12,80,000, ഹ്രസ്വകാല ബാധ്യതകൾ Rs. 1,40,000, വായ്പാ മൂലധനം Rs. 1,86,000

$$\text{വായ്പാ-മൂലധന അനുപാതം} = \frac{\text{ദീർഘകാല വായ്പകൾ}}{\text{മൂലധന മുടക്ക്}}$$

(a) ദീർഘകാല വായ്പകൾ = 2,00,000+70,000 = 2,70,000

ഓഹരി മൂലധനം = 80,000 + 50,000 + 31,000 = 161,000

മൂലധന മുടക്ക് = 2,70,000 +1,61,000 = 4,31,000

വായ്പാ മൂലധന അനുപാതം $= \frac{2,70,000}{4,31,000} = \underline{\underline{.63:1}}$

(b) ദീർഘകാല വായ്പകൾ = 1,86,000

അറ്റ ആസ്തികൾ (Net Assets) = 12,80,000 - 1,40,000

(അറ്റ ആസ്തികളും മൂലധനമുടക്കും ഒന്നുതന്നെയാണ്)

വായ്പാ മൂലധന അനുപാതം $= \frac{1,86,000}{11,40,000}$

$= \underline{\underline{.16:1}}$

3. ഉടമസ്ഥതാ അനുപാതം (Proprietary Ratio)

ഒരു കമ്പനിയുടെ ഉടമസ്ഥർ എന്നു പറയുന്നത് ഓഹരി ഉടമകളാണല്ലോ? ഓഹരി ഉടമകളുടെ ഫണ്ടും ബിസിനസ്സിലെ ആകെ മൂലധന മുടക്കും തമ്മിലുള്ള ബന്ധമാണ് ഈ അനുപാതത്തിലൂടെ കാണിക്കുന്നത്. മൂലധന മുടക്കിനു പകരമായി അറ്റ ആസ്തികൾ (Net Assets) പരിഗണിക്കാവുന്നതാണ്.

ഉടമസ്ഥതാ അനുപാതം $= \frac{\text{ഓഹരി ഉടമകളുടെ ഫണ്ട്}}{\text{മൂലധന മുടക്ക്}}$

ആകെ മൂലധനമുടക്കിൽ എത്രമാത്രം ഉടമസ്ഥന്റെ സ്വന്തം ഫണ്ട് വിനിയോഗിച്ചുണ്ട് എന്നറിയാൻ ഈ അനുപാതത്തിലൂടെ കഴിയും. ഉയർന്ന ഉടമസ്ഥതാ അനുപാതം, ക്രെഡിറ്റേഴ്സിന് കൂടുതൽ സുരക്ഷ വാഗ്ദാനം ചെയ്യുന്നു. മൂലധന മുടക്കിനു പകരമായി ആകെ ആസ്തികൾ (Total Assets) ഉപയോഗിച്ചും ഈ അനുപാതം കണ്ടുപിടിക്കാറുണ്ട്.

നിർദ്ധാരണം - 7

വിശദാംശങ്ങൾ പരിഗണിച്ച് ഉടമസ്ഥതാ അനുപാതം കണ്ടുപിടിക്കുക.

ഓഹരി ഉടമകളുടെ ഫണ്ടുകൾ : -

ഓഹരി മൂലധനം Rs. 12,00,000

റിസർവ്വ് & സർപ്ലസ് Rs.2,00,000

ഓഹരി വാറണ്ടുകളിൽ നിന്നു ലഭിച്ച തുക Rs.1,00,000

ദീർഘകാല ബാധ്യതകൾ:

ദീർഘകാല വായ്പകൾ Rs.4,00,000

കടപ്പത്രങ്ങൾ Rs. 60,000

ദീർഘകാല പ്രോവിഷനുകൾ Rs. 40,000

DSaØ XmA \ p\ nXw = $\frac{\text{ഓഹരി ഉടമകളുടെ ഫണ്ട്}}{\text{മൂലധന മുടക്ക്}}$

ഓഹരി ഉടമകളുടെ ഫണ്ട് = 12,00,000 +2,00,000+1,00,000

= 15,00,000

മൂലധന മുടക്ക് = ഓഹരി ഉടമകളുടെ ഫണ്ട് + ദീർഘകാല ബാധ്യതകൾ

= 15,00,000 + (4,00,000 + 60,000 + 40,000)

= 15,00,000 + 5,00,000 = 20,00,000

ഉടമസ്ഥതാ അനുപാതം = $\frac{15,00,000}{20,00,000} = \underline{\underline{.75:1}}$

(അതായത്, ബിസിനസ്സിലെ ആകെ മുതൽമുടക്കിന്റെ 75% ഓഹരി ഉടമകളുടെ ഫണ്ടാണ് ഉപയോഗിച്ചിട്ടുള്ളത്. വായ്പാ മൂലധനം 25% മാത്രമാണുള്ളത്).

4. ആസ്തി - വായ്പാ അനുപാതം (Total Assets to Debt Ratio)

ദീർഘകാല വായ്പകളുടെ എത്ര ഇരട്ടി ആസ്തി ബിസിനസ്സിനുണ്ട് എന്നു കാണിക്കുന്ന അനുപാതമാണിത്. ബിസിനസ്സിന്റെ ആസ്തികൾ കൂടുതലാണെങ്കിൽ പാപ്പരാകുന്നതിനുള്ള (bankruptcy) സാധ്യതകൾ കുറവാണല്ലോ? അതുകൊണ്ട്, ഉയർന്ന ആസ്തി- വായ്പാ അനുപാതം നിക്ഷേപകർക്ക് ആത്മവിശ്വാസം നൽകുന്ന ഒന്നാണ്.

ആസ്തി-ബാധ്യതാ അനുപാതം = $\frac{\text{ആകെ ആസ്തികൾ}}{\text{ദീർഘകാല വായ്പകൾ}}$

ഇവിടെയും ആകെ ആസ്തികൾക്കു പകരമായി അറ്റ ആസ്തി (Net Assets) /മൂലധന മുടക്ക് (Capital employed) ഉപയോഗിക്കാവുന്നതാണ്.

നിർദ്ധാരണം - 8

ഒരു കമ്പനിയുടെ ബാലൻസ്ഷീറ്റ് വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

ബാലൻസ് ഷീറ്റ്, മാർച്ച് 31, 2016

ബാധ്യതകൾ	തുക (Rs)	ആസ്തികൾ	തുക (Rs)
1. ഓഹരി ഉടമകളുടെ ഫണ്ട്		1. സ്ഥിര ആസ്തികൾ	
(a) ഓഹരി മൂലധനം	4,00,000	(a) ബിൽഡിംഗ്സ്	4,00,000
(b) റിസർവ് & സർപ്ലസ്	1,00,000	(b) സ്ഥിര നിക്ഷേപങ്ങൾ	1,00,000
2. ദീർഘകാല ബാധ്യതകൾ			
ബാങ്ക് വായ്പകൾ	1,50,000	2. ഹ്രസ്വകാല ആസ്തികൾ	2,00,000
3. ഹ്രസ്വകാല ബാധ്യതകൾ	50,000		
	7,00,000		7,00,000

വിശദാംശങ്ങളുപയോഗിച്ച് താഴെ പറയുന്ന അനുപാതങ്ങൾ കണ്ടുപിടിക്കുക: -

(a) വായ്പാ - ഓഹരി അനുപാതം

(b) ആസ്തി- വായ്പാ അനുപാതം

(c) ഉടമസ്ഥതാ അനുപാതം

(d) വായ്പാ - മൂലധന അനുപാതം

(a) വായ്പാ-ഓഹരി അനുപാതം = $\frac{\text{ദീർഘകാല വായ്പകൾ}}{\text{ഉടമസ്ഥതാ മൂലധനം}}$

ഉടമസ്ഥതാ മൂലധനം = 4,00,000+1,00,000 = 5,00,000

ദീർഘകാല വായ്പകൾ = 1,50,000

വായ്പാ-ഓഹരി അനുപാതം = $\frac{1,50,000}{5,00,000} = \underline{.3:1}$

(b) ആസ്തി-വായ്പാ-അനുപാതം = $\frac{\text{ആകെ ആസ്തികൾ}}{\text{ദീർഘകാല വായ്പകൾ}}$

ആകെ ആസ്തികൾ = 4,00,000 +1,00,000 + 2,00,000 = 7,00,000

ദീർഘകാല വായ്പകൾ = 1,50,000

ആസ്തികൾ – വായ്പാ അനുപാതം $= \frac{7,00,000}{1,50,000}$

$= \underline{\underline{4.67 : 1}}$

(c) ഉടമസ്ഥതാ അനുപാതം = $\frac{\text{ഓഹരി ഉടമകളുടെ ഫണ്ട്}}{\text{മൂലധന മുടക്ക്}}$

ഓഹരി ഉടമകളുടെ ഫണ്ട് = 5,00,000

ആകെ ആസ്തികൾ = 7,00,000

ഉടമസ്ഥതാ അനുപാതം $= \frac{5,00,000}{7,00,000} = \underline{\underline{.71 : 1}}$

(d) വായ്പാ-മൂലധന അനുപാതം = $\frac{\text{ദീർഘകാല വായ്പകൾ}}{\text{മൂലധന മുടക്ക്}}$

മൂലധന മുടക്ക് = 5,00,000 + 1,50,000 = 6,50,000

ദീർഘകാല ബാധ്യതകൾ = 1,50,000

വായ്പാ മൂലധന അനുപാതം $= \frac{1,50,000}{6,50,000} = \underline{\underline{.23 : 1}}$

5. പലിശ ആവരണ അനുപാതം (Interest Coverage Ratio)

വായ്പാ മൂലധനത്തിനുള്ള പലിശ യഥാസമയത്ത് കൊടുക്കുന്നതിനുള്ള ലാഭം ബിസിനസ്സിന് ലഭിക്കുന്നുണ്ടോ എന്നു വിലയിരുത്തുന്നതിനുള്ള അനുപാതമാണിത്. ദീർഘകാല വായ്പകളുടെ സുരക്ഷിതത്വമാണ് ഇതിലൂടെ സൂചിപ്പിക്കുന്നത്. പലിശ ആവരണ അനുപാതം കണ്ടുപിടിക്കുന്നതിനുള്ള സൂത്രവാക്യം താഴെ കൊടുത്തിരിക്കുന്നു.

പലിശ ആവരണ അനുപാതം = $\frac{\text{അറ്റ ലാഭം}}{\text{ദീർഘകാല വായ്പാ പലിശ}}$

വായ്പാ പലിശയും, വരുമാന നികുതിയും ഒഴിവാക്കാതെയുള്ള ലാഭമാണ് ഇവിടെ പരിഗണിക്കുന്നത്. വായ്പാ പലിശ നൽകേണ്ടതിന്റെ എത്ര ഇരട്ടിയാണ് കമ്പനിക്ക് ലഭ്യമായ ലാഭമെന്നത് ഈ അനുപാതം കാണിക്കുന്നത്. വായ്പകളുടെ പലിശ ഉറപ്പു നൽകുന്നതിന്റെ സൂചനയാണ് ഉയർന്ന പലിശ ആവരണ അനുപാതം.

നിർദ്ധാരണം - 9

നൽകിയിട്ടുള്ള വിവരങ്ങളിൽ നിന്നും പലിശ ആവരണ അനുപാതം കണ്ടുപിടിക്കുക.

(a) നികുതിക്കും, പലിശയ്ക്കും ശേഷമുള്ള ലാഭം Rs.2,50,000, വായ്പാ പലിശ Rs.1,10,000, കമ്പനിയുടെ ആദായ നികുതി Rs.4,00,000.

(b) ഓഹരി ഉടമകൾക്ക് അർഹതപ്പെട്ട ലാഭം Rs.60,000, Rs.10,00,000ന്റെ 15% കടപ്പത്രങ്ങൾ മൂലധന മുടക്കിൽ ഉൾപ്പെടുന്നു. കമ്പനിയുടെ നികുതി നിരക്ക് 40%മാണ്.

$$\text{പലിശ ആവരണ അനുപാതം} = \frac{\text{അറ്റ ലാഭം}}{\text{വായ്പാ പലിശ}}$$

(a) പലിശയ്ക്കും നികുതിക്കും ശേഷമുള്ള ലാഭം = 2,50,000

വായ്പാ പലിശ	1,10,000	
ആദായ നികുതി	4,00,000	= 5,10,000
അറ്റ ലാഭം		70,000
പലിശ ആവരണ അനുപാതം		= 7,60,000 / 1,10,000
		= 6.9 ഇരട്ടി

(b) നികുതിക്കു ശേഷമുള്ള ലാഭം (ഓഹരി ഉടമകളുടെ ലാഭം) = 60,000

നികുതി നിരക്ക് = 40%

നികുതിക്കു ശേഷമുള്ള ലാഭത്തിന്റെ ശതമാനം = (100-40) = 60%

$\therefore$ നികുതിക്ക് മുൻപുള്ള ലാഭം $= 60{,}000 \times \frac{100}{60}$

= 1,00,000

വായ്പാ പലിശ = 10,00,000 $\times$ 15% = 1,50,000

പലിശ നൽകുന്നതിനു മുൻപുള്ള ലാഭം = 1,00,000 + 150,000 = 2,50,000

പലിശ ആവരണ അനുപാതം $= \frac{250{,}000}{1{,}50{,}000} = 1.67$ ഇരട്ടി

പ്രവർത്തനം - 3

ഒരു കമ്പനിയുടെ വായ്പാ ഓഹരി അനുപാതം .5:1 ആണ്. താഴെ കൊടുത്തിരിക്കുന്ന ഇടപാടുകൾ ഈ അനുപാതത്തെ വർധിപ്പിക്കുമോ, കുറയ്ക്കുമോ, മാറ്റം വരുത്താതിരിക്കുമോയെന്ന് കണ്ടെത്തുക.

(a) പുതിയ ഓഹരികൾ വിപണിയിലിറക്കുന്നു.

(b) ഡെപ്റ്റേഴ്സിൽ നിന്നും പണം ലഭിക്കുന്നു.

(c) രൊക്കം പണത്തിൽ സാധനങ്ങൾ വിൽക്കുന്നു.

(d) കടപ്പത്രങ്ങൾ തിരിച്ചടവ് നടത്തി റദ്ദാക്കുന്നു.

സൂചന: ദീർഘകാല വായ്പകൾ Rs. 5,00,000 മെന്നും, ഉടമസ്ഥതാ മൂലധനം Rs. 10,00,000മെന്നും അനുമാനിക്കുക. ബന്ധപ്പെട്ട ഇടപാട് ദീർഘകാല വായ്പയെയോ ഉടമസ്ഥതാ മൂലധനത്തെയോ എങ്ങനെ ബാധിക്കുന്നുവെന്ന് കണ്ടെത്തി ഉത്തരം എഴുതുക.

ഉത്തരങ്ങൾ ഇവിടെ എഴുതുക

(a) ....

(b) ....

(c) ....

(d)..

സ്വയം വിലയിരുത്തൽ ചോദ്യങ്ങൾ : 3

1. വേറിട്ടു നിൽക്കുന്നത് കണ്ടെത്തി, ഉത്തരം സാധൂകരിക്കുക.

   (a) ഉടമസ്ഥതാ അനുപാതം

   (b) ദ്രുത അനുപാതം

   (c) പലിശ ആവരണ അനുപാതം

   (d) ആസ്തി - വായ്പാ അനുപാതം

2. കൂടുതൽ സുരക്ഷിതമെന്ന് പൊതുവിൽ നിർദ്ദേശിക്കാറുള്ള വായ്പാ-ഓഹരി അനുപാതം ഏത്?

   (a) 1:1 (b) 2:1 (c) 3:1 (d) 1:2

3. ബിസിനസ്സിന്റെ ലാഭവും, ദീർഘകാല വായ്പകളുടെ പലിശയും താരതമ്യം ചെയ്യുന്ന ലേയത്വ അനുപാതം ഏത്?

4. പലിശ ആവരണ അനുപാതം സാധാരണയായി പ്രസ്താവിക്കുന്നത് ഏത് രീതിയിലാണ്?

   (a) ഭിന്ന സംഖ്യ (b) അംശബന്ധം

   (c) ശതമാനം (d) മടങ്ങ്

5. ഓഹരി ഉടമകളുടെ ഫണ്ടിൽ ഉൾപ്പെടുത്താൻ കഴിയുന്ന ഇനങ്ങൾ ഏതെല്ലാം?

   (a) റിസർവ് ഫണ്ട് (b) കടപ്പത്രങ്ങൾ

   (c) സ്ഥിര ആസ്തികൾ (d) ഇവയെല്ലാം.

പ്രവർത്തനശേഷി/വിറ്റുവരവ് അനുപാതം (Activity/Turnover Ratio)

ഒരു ബിസിനസിന്റെ കാര്യക്ഷമതയും, പ്രവർത്തന മികവും നിർണയിക്കുന്നതിനുള്ള അനുപാതമാണിവ. ബന്ധപ്പെട്ട ആസ്തികളുടെ എത്ര ഇരട്ടിയാണ് വിൽപ്പന വരുമാനമെന്നാണ് ഈ അനുപാതം സൂചിപ്പിക്കുന്നത്. അതുകൊണ്ടുതന്നെ, ഉയർന്ന വിറ്റുവരവ് അനുപാതം കാര്യക്ഷമതയുടെ സൂചനയാണ്. ഈ അനുപാതം കാര്യക്ഷമതാ അനുപാതം (Efficiency Ratio) എന്ന പേരിൽ അറിയപ്പെടുന്നു. പ്രധാനപ്പെട്ട വിറ്റുവരവ് അനുപാതങ്ങൾ താഴെ പറയുന്നവയാണ്:-

1. സ്റ്റോക്ക് ടേൺഓവർ അനുപാതം (Stock Turnover Ratio)
2. റിസീവബിൾ ടേൺഓവർ അനുപാതം (Receivables Turnover Ratio)
3. പേയബിൾസ് ടേൺഓവർ അനുപാതം (Payables Turnover Ratio)
4. മൂലധന നിക്ഷേപ ടേൺഓവർ അനുപാതം (Investment/Net assets Turnover Ratio)
5. സ്ഥിര ആസ്തി ടേൺഓവർ അനുപാതം (Fixed Assets Turnover Ratio)
6. പ്രവർത്തന മൂലധന ടേൺഓവർ അനുപാതം (Working Capital Turnover Ratio)

1. സ്റ്റോക്ക് ടേൺഓവർ അനുപാതം (Stock Inventory Turnover Ratio)

കൈയിരിപ്പ് ചരക്കിന്റെ എത്ര ഇരട്ടിയാണ് വിൽപ്പന നടത്തിയ സാധനങ്ങളുടെ വിലയെന്നാണ് ഈ അനുപാതം സൂചിപ്പിക്കുന്നത്. വിറ്റ സാധനങ്ങളുടെ വില (Cost of goods sold) യും, ശരാശരി സ്റ്റോക്കും (Average Stock) തമ്മിലുള്ള ബന്ധമാണ് ഈ അനുപാതം കാണിക്കുന്നത്.

$$\text{സ്റ്റോക്ക് ടേൺ ഓവർ അനുപാതം} = \frac{\text{വിറ്റ സാധനങ്ങളുടെ വില}}{\text{ശരാശരി സ്റ്റോക്ക്}}$$

$$\text{Stock Turnover Ratio} = \frac{\text{Cost of good Sold}}{\text{Average Stock}}$$

ശരാശരി സ്റ്റോക്ക് എന്നത് പ്രാരംഭ സ്റ്റോക്കിന്റെയും, സമാപ്തി സ്റ്റോക്കിന്റെയും തുകയുടെ പകുതിയാണ്.

$$\text{ശരാശരി സ്റ്റോക്ക്} = \frac{\text{പ്രാരംഭ സ്റ്റോക്ക്} + \text{സമാപ്തി സ്റ്റോക്ക്}}{2}$$

$$\left(\text{Average Stock} = \frac{\text{Opening Stock} + \text{Closing Stock}}{2}\right)$$

കുറഞ്ഞ സ്റ്റോക്ക് ടേൺ ഓവർ അനുപാതം ഒരു അപകട സൂചനയാണ്. ഇത് കൂടിയ സ്റ്റോക്കിനെയും, കുറഞ്ഞ വിൽപ്പനയെയും സൂചിപ്പിക്കുന്നു. ഉയർന്ന അനുപാതം സ്റ്റോക്ക് വേഗത്തിൽ വിറ്റഴിക്കപ്പെടുന്നതിന്റെ സൂചനയാണ്.

നിർദ്ധാരണം - 10

വിശദാംശങ്ങളിൽ നിന്നും സ്റ്റോക്ക് ടേൺഓവർ അനുപാതം കണ്ടുപിടിക്കുക.

സ്റ്റോക്ക് 01-04-2015	-	Rs 18,000
സ്റ്റോക്ക് 31-03-2016	-	Rs 22,000
പർച്ചേയ്സസ്	-	Rs 46,000
വേയ്ജസ്	-	Rs 14,000
സെയിൽസ്	-	Rs 80,000
കാര്യേജ് ഇൻവേർഡ്സ്	-	Rs 4,000

$$\text{സ്റ്റോക്ക് ടേൺ ഓവർ അനുപാതം} = \frac{\text{വിറ്റ സാധനങ്ങളുടെ വില}}{\text{ശരാശരി സ്റ്റോക്ക്}}$$

വിറ്റ സാധനങ്ങളുടെ വില = (18,000+46,000+14,000+4,000) − 22,000

= 82000 − 22,000 = 60,000

ശരാശരി സ്റ്റോക്ക് = $\frac{18,000 + 22,000}{2}$ = 20,000

സ്റ്റോക്ക് ടേൺ ഓവർ അനുപാതം = $\frac{60,000}{20,000}$ = 3 മടങ്ങ്

നിർദ്ധാരണം - 11

നൽകിയിട്ടുള്ള വിവരങ്ങളിൽ നിന്നും സ്റ്റോക്ക് ടേൺ ഓവർ അനുപാതം കണ്ടുപിടിക്കുക.

സെയിൽസ്	- Rs 4,00,000
പ്രാരംഭ സ്റ്റോക്ക്	- Rs 50,000
സമാപ്തി സ്റ്റോക്ക്	- Rs 60,000
ഗ്രോസ് പ്രോഫിറ്റ് അനുപാതം	- 10%

സെയിൽസ് = 4,00,00

ഗ്രോസ് പ്രോഫിറ്റ് = 4,00,000 X 10% = 40,000

അതുകൊണ്ട്, വിറ്റ സാധനങ്ങളുടെ വില = 4,00,000 − 40,000 = 3,60,000

ശരാശരി സ്റ്റോക്ക് = $\frac{50,000 + 60,000}{2}$ = 55,000

സ്റ്റോക്ക് ടേൺ ഓവർ അനുപാതം = $\frac{\text{വിറ്റ സാധനങ്ങളുടെ വില}}{\text{ശരാശരി സ്റ്റോക്ക്}}$

= $\frac{3,60,000}{55,000}$ = 6.55 മടങ്ങ്

2. റിസീവബിൾസ് ടേൺ ഓവർ അനുപാതം (Receivables Turn Over Ratio)

ഡെബ്റ്റേഴ്സും, ബിൽസ് റിസീവബിളും ഉൾപ്പെടുന്നതാണ് ഒരു ബിസിനസിലെ റിസീവബിൾസ് എന്ന് അറിയപ്പെടുന്നത്. ശരാശരി റിസീവബിൾസിന്റെ എത്ര ഇരട്ടിയാണ് ക്രെഡിറ്റ് സെയിൽസ് എന്നാണ് ഈ അനുപാതം സൂചിപ്പിക്കുന്നത്.

$$\text{റിസീവബിൾസ് ടേൺ ഓവർ അനുപാതം} = \frac{\text{ക്രെഡിറ്റ് സെയിൽസ്}}{\text{ശരാശരി റിസീവബിൾസ്}}$$

പ്രാരംഭ റിസീവബിൾസിന്റെയും, സമാപ്തി റിസീവബിൾസിന്റെയും ശരാശരിയാണ് ഇവിടെയും പരിഗണിക്കുന്നത്. ഉയർന്ന റിസീവബിസ് അനുപാതം വളരെ വേഗത്തിൽ ക്രെഡിറ്റ് സെയിൽസിന്റെ തുക കളക്ട് ചെയ്യാൻ കഴിയുന്നതിന്റെ സൂചനയാണ്. ഈ അനുപാതം ഉപയോഗിച്ച് ശരാശരി കളക്ഷൻ കാലയളവും നിർണയിക്കാവുന്നത്.

$$\text{ശരാശരി കളക്ഷൻ കാലയളവ്} = \frac{\text{വാർഷിക മാസങ്ങൾ/ദിവസങ്ങൾ}}{\text{റിസീവബിൾസ് ടേൺ ഓവർ അനുപാതം}}$$

$$\left(\text{Average Collection Period} = \frac{\text{Number of days or Months}}{\text{Receivables Turnover Ratio}}\right)$$

നിർദ്ധാരണം - 12

റിസീവബിൾസ് ടേൺ ഓവർ അനുപാതം കണ്ടുപിടിക്കുക.

സെയിൽസ് - Rs 4,00,000

ക്യാഷ് സെയിൽസ് ആകെ 20% മാണ്

റിസീവബിൾസ് (1.4.15) - Rs 40,000

റിസീവബിൾസ് (31.3.16) - Rs 1,20,000

$$\text{റിസീവബിൾസ് ടേൺ ഓവർ അനുപാതം} = \frac{\text{ക്രെഡിറ്റ് സെയിൽസ്}}{\text{ശരാശരി റിസീവബിൾസ്}}$$

ക്യാഷ് സെയിൽസ് = 4,00,000 X 20% = 80,000

ക്രെഡിറ്റ് സെയിൽസ് = 4,00,000 - 80,000 = 3,20,000

$$\text{ശരാശരി റിസീവബിൾസ്} = \frac{40,000 + 1,20,000}{2} = 80,000$$

$$\text{റിസീവബിൾസ് ടേൺ ഓവർ അനുപാതം} = \frac{3,20,000}{80,000} = 4 \text{ മടങ്ങ്}$$

3. പേയബിൾസ് ടേൺ ഓവർ അനുപാതം (Payables Turn over Ratio)

ക്രെഡിറ്റ് പർച്ചേയ്സിലൂടെ ഉണ്ടാകുന്ന ക്രെഡിറ്റേഴ്സ്, ബിൽസ് പെയബിൾസ് എന്നിവ ഉൾപ്പെടുന്നതാണ് പേയബിൾസ്. ക്രെഡിറ്റ് പർച്ചേയ്സസും, ട്രേഡ് പേയ ബിൾസും തമ്മിലുള്ള ബന്ധത്തെ കാണിക്കുന്ന അനുപാതമാണിത്.

$$\text{പെയബിൾസ് ടേൺ ഓവർ അനുപാതം} = \frac{\text{ക്രെഡിറ്റ് പർച്ചേയ്സസ്}}{\text{ശരാശരി പേയബിൾസ്}}$$

$$\left(\text{Payable Turn Over ratio} = \frac{\text{Credit Purchases}}{\text{Average Payables}}\right)$$

പ്രാരംഭ പേയബിൾസും, സമാപ്തി പേയബിൾസും കൂട്ടിയശേഷം രണ്ട് കൊണ്ട് ഹരിക്കുന്ന തുകയാണ് ശരാശരി പേയബിൾസ്. ഈ അനുപാതം ഉപയോഗിച്ച് ശരാ ശരി തിരിച്ചടവ് കാലാവധിയും (Average Payment Period) നിർണയിക്കാവുന്നതാണ്.

$$\text{ശരാശരി തിരിച്ചടവ് കാലാവധി} = \frac{\text{വാർഷിക ദിവസങ്ങൾ/മാസങ്ങൾ}}{\text{പേയബിൾസ് ടേൺ ഓവർ അനുപാതം}}$$

$$\left(\text{Average Payment Period} = \frac{\text{No of days/Months in a Year}}{\text{Trade Payables Turnover Ratio}}\right)$$

നിർദ്ധാരണം - 13

വിശദവിവരങ്ങളിൽ നിന്നും പേയബിൾസ് ടേൺ ഓവർ അനുപാതം കണ്ടുപിടി ക്കുക.

ക്രെഡിറ്റ് പർച്ചേയ്സസ് 2015-16 - Rs 12,00,000

ക്രെഡിറ്റേഴ്സ് 1.4.15	- Rs 3,00,000
ക്രെഡിറ്റേഴ്സ് 31.3.16	- Rs 1,30,000
ബിൽസ് പേയബിൾസ് 1.4.15	- Rs 1,00,000
ബിൽസ് പേയബിൾസ് 31.3.16	- Rs 70,000

പെയബിൾസ് ടേൺഓവർ അനുപാതം = $\frac{\text{ക്രെഡിറ്റ് പർച്ചേയ്സസ്}}{\text{ശരാശരി പേയബിൾസ്}}$

ക്രെഡിറ്റ് പർച്ചേയ്സസ് = 12,00,000

ശരാശരി പെയബിൾസ് = $\frac{3,00,000 + 1,00,000 + 1,30,000 + 70,000}{2}$

$= \frac{6,00,000}{2} = 3,00,000$

പെയബിൾസ് ടേൺഓവർ അനുപാതം = $\frac{12,00,000}{3,00,000}$ = 4 മടങ്ങ്

പ്രവർത്തനം - 4

നിർദ്ധാരണം 12, 13 എന്നിവയിലെ കണ്ടുപിടിച്ച അനുപാതങ്ങളിൽ നിന്നും ശരാശരി കളക്ഷൻ കാലയളവും, ശരാശരി തിരിച്ചടവ് കാലയളവും കണ്ടുപിടിക്കാമോ?

ശരാശരി കളക്ഷൻ കാലയളവ് = $\frac{365}{\text{റിസീവബിൾസ് ടേൺഓവർ അനുപാതം}}$

ഉത്തരം :

ശരാശരി തിരിച്ചടവ് കാലയളവ് = $\frac{365}{\text{പേയബിൾസ് ടേൺ ഓവർ അനുപാതം}}$

ഉത്തരം :

4. മൂലധന നിക്ഷേപ ടേൺഓവർ അനുപാതം (Investment/Net Assets/Capital Employed Turnover Ratio)

ഒരു ബിസിനസിലെ സെയിൽസും, മൂലധന മുടക്കും തമ്മിൽ താരതമ്യം ചെയ്യുന്ന അനുപാതമാണിത്. ഉയർന്ന അനുപാതം സ്ഥാപനത്തിന്റെ പ്രവർത്തന മികവിനെയാണ് സൂചിപ്പിക്കുന്നത്.

$$\text{മൂലധന നിക്ഷേപ ടേൺ ഓവർ അനുപാതം} = \frac{\text{സെയിൽസ്}}{\text{മൂലധന മുടക്ക്}}$$

$$\text{Investment Turnover Ratio} = \frac{\text{Sales}}{\text{Capital Emloyed}}$$

5. സ്ഥിര ആസ്തി ടേൺ ഓവർ അനുപാതം (Fixed Assets TurnoverRatio)

ബിസിനസിലുള്ള സ്ഥിര ആസ്തികളുടെ എത്ര ഇരട്ടിയാണ് സെയിൽസ് എന്നാണ് ഈ അനുപാതം കാണിക്കുന്നത്. ഇത് മൂലധന നിക്ഷേപ ടേൺ ഓവർ അനുപാതത്തിന്റേ ഒരു ഉപഅനുപാതമാണ്.

$$\text{സ്ഥിര ആസ്തി ടേൺ ഓവർ അനുപാതം} = \frac{\text{സെയിൽസ്}}{\text{സ്ഥിര ആസ്തികൾ}}$$

$$\left(\text{Fixed Assets Turnover Ratio} = \frac{\text{Sales}}{\text{Fixed Assets}}\right)$$

6. പ്രവർത്തന മൂലധന ടേൺ ഓവർ അനുപാതം (Working Capital Turnover Ratio)

ഇതും മൂലധന നിക്ഷേപ ടേൺ ഓവർ അനുപാതത്തിന്റെ ഉപഅനുപാതമാണ്. ബിസിനസിന്റെ സെയൽസ് തുകയും, പ്രവർത്തന മൂലധനവും താരതമ്യം ചെയ്യുന്ന അനുപാതമാണിത്. ഹ്രസ്വകാല ആസ്തികളിൽ നിന്നും ഹ്രസ്വകാല ബാധ്യതകൾ കുറക്കുമ്പോഴാണല്ലോ പ്രവർത്തന മൂലധനം ലഭിക്കുന്നത്?

$$\text{പ്രവർത്തന മൂലധന ടേൺ ഓവർ അനുപാതം} = \frac{\text{സെയിൽസ്}}{\text{പ്രവർത്തന മൂലധനം}}$$

$$\left(\text{Working Capital Turnover Ratio} = \frac{\text{Sales}}{\text{Working Capital}}\right)$$

നിർദ്ധാരണം - 14

നൽകിയിരിക്കുന്ന ബാലൻസ് ഷീറ്റിൽ നിന്നും താഴെപറയുന്ന അനുപാതങ്ങൾ കണ്ടുപിടിക്കുക.

(a) മൂലധന നിക്ഷേപ ടേൺ ഓവർ അനുപാതം

(b) സ്ഥിര ആസ്തി ടേൺ ഓവർ അനുപാതം

(c) പ്രവർത്തന മൂലധന ടേൺ ഓവർ അനുപാതം

ബാലൻസ് ഷീറ്റ് 31-3-2016

ബാധ്യതകൾ	തുക (Rs)	ആസ്തികൾ	തുക (Rs)
സാധാരണ ഓഹരി മൂലധനം	6,00,000	മെഷിനറി	8,00,000
മുൻഗണനാ ഓഹരി മൂലധനം	4,00,000	ബിൽഡിംഗ്സ്	5,00,000
ജനറൽ റിസർവ്	1,00,000	മോട്ടോർ കാർ	2,00,000
പ്രോഫിറ്റ് & ലോസ് a/c	3,00,000	ഫർണിച്ചർ	1,00,000
15% കടപത്രങ്ങൾ	2,00,000	സ്റ്റോക്ക്	1,80,000
14% ബാങ്ക്ലോൺ	2,00,000	ഡെബ്റ്റേഴ്സ്	1,10,000
ക്രെഡിറ്റേഴ്സ്	1,40,000	ബാങ്ക്	80,000
ബിൽസ് പേയബിൾ	50,000	ക്യാഷ്	30,000
കുടിശിക ചിലവുകൾ	10,000		
	20,00,000		**20,00,000**

2015-16 വർഷത്തെ വിറ്റുവരവ് തുക Rs 30,00,000 മാണ്.

(a) മൂലധന നിക്ഷേപ ടേൺ ഓവർ അനുപാതം = $\frac{\text{സെയിൽസ്}}{\text{മൂലധന മുടക്ക്}}$

സെയിൽസ് = 30,00,000

മൂലധന മുടക്ക് (Capital employed or Net Assets)

= 6,00,000 + 4,00,000 + 1,00,000 + 3,00,000 + 2,00,000 + 2,00,000

= 18,00,000

മൂലധന നിക്ഷേപ ടേൺ ഓവർ അനുപാതം = $\frac{30,00,000}{18,00,000}$

= 1.67 മടങ്ങ്

(b) സ്ഥിര ആസ്തി ടേൺ ഓവർ അനുപാതം = $\frac{\text{സെയിൽസ്}}{\text{സ്ഥിര ആസ്തികൾ}}$

സ്ഥിര ആസ്തികൾ = 8,00,000 + 5,00,000 + 2,00,000 + 1,00,000 = 16,00,000

സ്ഥിര ആസ്തി ടേൺ ഓവർ അനുപാതം = $\frac{30,00,000}{16,00,000}$ = 1.88 മടങ്ങ്

(c) പ്രവർത്തന മൂലധനം ടേൺ ഓവർ അനുപാതം = $\frac{\text{സെയിൽസ്}}{\text{പ്രവർത്തന മൂലധനം}}$

പ്രവർത്തന മൂലധനം = ഹ്രസ്വകാല ആസ്തികൾ - ഹ്രസ്വകാല ബാധ്യതകൾ

ഹ്രസ്വകാല ആസ്തികൾ = 1,80,000 + 1,10,000 + 80,000 + 30,000 = 4,00,000

ഹ്രസ്വകാല ബാധ്യതകൾ = 1,40,000 + 50,000 + 10,000 = 2,00,000

പ്രവർത്തന മൂലധനം = 4,00,000 - 2,00,000 = 2,00,000

പ്രവർത്തന മൂലധനം ടേൺ ഓവർ അനുപാതം = $\frac{30,00,000}{2,00,000}$ = 15 മടങ്ങ്

സ്വയം വിലയിരുത്തൽ ചോദ്യങ്ങൾ : 4

1. ക്രെഡിറ്റേഴ്സ് ശ്രദ്ധിക്കാറുള്ള ടേൺ ഓവർ അനുപാതം ഏത്?

   (a) സ്റ്റോക്ക് ടേൺ ഓവർ അനുപാതം

   (b) റിസീവബിൾസ് ടേൺ ഓവർ അനുപാതം

(c) പേയബിൾസ് ടേൺ ഓവർ അനുപാതം

(d) സ്ഥിര ആസ്തി ടേൺ ഓവർ അനുപാതം

2. ഒരു ബിസിനസ് സ്ഥാപനത്തിന്റെ കടത്തിലുള്ള വിൽപ്പനയുടെ നയം തീരുമാനിക്കുന്നതിനെ കൂടുതലായി സ്വാധീനിക്കുന്ന അനുപാതം ഏത്?

(a) പ്രവർത്തന മൂലധന ടേൺ ഓവർ അനുപാതം

(b) സ്ഥിര ആസ്തി ടേൺ ഓവർ അനുപാതം

(c) റിസീവബിൾസ് ടേൺ ഓവർ അനുപപാതം

(d) പേയബിൾസ് ടേൺ ഓവർ അനുപാതം

3. കൈയിരിപ്പ് ചരക്കിന്റെ എത്ര ഇരട്ടിയാണ് വിൽപ്പന വരുമാനം എന്നു കാണിക്കുന്നത് .... അനുപാതമാണ്.

4. പ്രവർത്തന മൂലധന ടേൺ ഓവർ അനുപാതത്തെ ബാധിക്കുന്ന ഇടപാട് ഏത്?

(a) ക്രെഡിറ്റേഴ്സിന് പണം നൽകുന്നത്

(b) ഡെപ്ടേഴ്സിൽ നിന്നും പണം ലഭിക്കുന്നത്

(c) സ്ഥിര ആസ്തികൾ വിൽക്കുന്നത്

(d) ഇവയെല്ലാം

5. ശരിയായ സമവാക്യങ്ങൾ തിരഞ്ഞെടുക്കുക

(a) വിറ്റ സാധനങ്ങളുടെ വില = സെയിൽസ് - ഗ്രോസ് പ്രോഫിറ്റ്

(b) വിറ്റ സാധനങ്ങളുടെ വില = സെയിൽസ് + ഗ്രോസ് പ്രോഫിറ്റ്

(c) വിറ്റസാധനങ്ങളുടെ വില = (പ്രാരംഭ സ്റ്റോക്ക് + പർച്ചയ്സസ് + നേരിട്ടുള്ള ചിലവുകൾ)

(d) വിറ്റ സാധനങ്ങളുടെ വില = സെയിൽസ് – ഗ്രോസ് ലോസ് - സമാപ്തി സ്റ്റോക്ക്

ലാഭക്ഷമത അനുപാതങ്ങൾ (Profitability Ratios)

ഏതൊരു ബിസിനസിനെയും വിലയിരുത്താനുള്ള ഏറ്റവും പ്രധാന മാനദണ്ഡം ലാഭം ഉണ്ടാക്കാനുള്ള അവരുടെ കഴിവാണല്ലോ? ഒരു ബിസിനസ്സിന്റെ ലാഭം ഉണ്ടാക്കാനുള്ള ശേഷി അളക്കുന്ന അനുപാതങ്ങളാണ് ലാഭക്ഷമത അനുപാതങ്ങൾ. പ്രധാനപ്പെട്ട ലാഭക്ഷമത അനുപാതങ്ങൾ താഴെ കൊടുത്തിലിക്കുന്നു.

1. ഗ്രോസ് പ്രോഫിറ്റ് അനുപാതം (Gross Profit Ratio)

2. ഓപ്പറേറ്റിങ്ങ് അനുപാതം (Operating Ratio)
3. ഓപ്പറേറ്റിങ്ങ് പ്രോഫിറ്റ് അനുപാതം (Operating Profit Ratio)
4. നെറ്റ് പ്രോഫിറ്റ് അനുപാതം (Net Profit Ratio)
5. റിട്ടേൺ ഓൺ ഇൻവെസ്റ്റ്മെന്റ് (Return on Investment - ROI)
6. റിട്ടേൺ ഓൺ നെറ്റ് വർത്ത് (Return on Net Worth)
7. ഏണിങ്ങ് പെർ ഷെയർ (Eearing Per share - EPS)
8. ബുക്ക് വാല്യൂ പെർ ഷെയർ (Book Value Per Share)
9. ഡിവിഡന്റ് പെയ്ഔട്ട് അനുപാതം (Dividend Payout Ratio)
10. പ്രൈസ് ഏണിങ്ങ് അനുപാതം (Price Earning Ratio)

1. ഗ്രോസ് പ്രോഫിറ്റ് അനുപാതം (Gross Profit Ratio)

വിറ്റു വരവ് തുകയുടെ എത്ര ശതമാനമാണ് മൊത്ത ലാഭമെന്ന് കാണിക്കുന്ന അനുപാതമാണിത്. കച്ചവട ഇടപാടുകളിൽ നിന്നുള്ള ലാഭമാണ് മൊത്ത ലാഭം (Gross Profit) എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്.

$$\text{ഗ്രോസ് പ്രോഫിറ്റ് അനുപാതം} = \frac{\text{ഗ്രോസ് പ്രോഫിറ്റ്}}{\text{സെയിൽസ്}} \times 100$$

$$\text{Gross Profit Ratio} = \frac{\text{Gross Profit}}{\text{Sales}} \times 100$$

ഉയർന്ന ഗ്രോസ് പ്രോഫിറ്റ് അനുപാതം ബിസിനസിന്റെ ലാഭക്ഷമതയുടെ സൂചനയാണ്. കുറഞ്ഞ ഗ്രോസ് പ്രോഫിറ്റ് അനുപാതം വിൽപ്പന നയത്തിലുള്ള പോരായ്മയോ, ഉൽപ്പന്നങ്ങൾ വാങ്ങുന്നതിലുള്ള പാളിച്ചകളോ സൂചിപ്പിക്കുന്നു.

നിർദ്ധാരണം - 15

2015-2016 വർഷത്തെ ഒരു ബിസിസിന്റെ നൽകിയിരിക്കുന്ന വിശദാംശങ്ങളിൽ നിന്നും ഗ്രോസ് പ്രോഫിറ്റ് അനുപാതം കണ്ടുപിടിക്കുക.

ക്യാഷ് സെയിൽസ് - Rs 25,000

ക്രെഡിറ്റ് സെയിൽസ്	-	Rs 75,000
ക്യാഷ് പർച്ചേയ്സസ്	-	Rs 15,000
ക്രെഡിറ്റ് പർച്ചേയ്സസ്	-	Rs 60,000
ക്യാരേജ് ഇൻവർഡ്സ്	-	Rs 2,000
പ്രാരംഭ സ്റ്റോക്ക്	-	Rs 30,000
സമാപ്തി സ്റ്റോക്ക്	-	Rs 20,000
പർച്ചേയ്സ് റിട്ടേൺ	-	Rs 2,000
വേജസ്	-	Rs 5,000

$$\text{ഗ്രോസ് പ്രോഫിറ്റ് അനുപാതം} = \frac{\text{ഗ്രോസ് പ്രോഫിറ്റ്}}{\text{സെയിൽസ്}} \times 100$$

ഗ്രോസ് പ്രോഫിറ്റ് = സെയിൽസ് - വിറ്റ സാധനങ്ങളുടെ വില

സെയിൽസ് = 25,000 + 75,000 = 1,00,000

വിറ്റ സാധനങ്ങളുടെ വില = (പർച്ചേയ്സസ് + പ്രാരംഭ സ്റ്റോക്ക് + നേരിട്ടുള്ള ചെലവുകൾ) - സമാപ്തി സ്റ്റോക്ക്

പർച്ചേയ്സസ് = (15,000 + 60,000) - 2,000 = 73,000

വിറ്റ സാധനങ്ങളുടെ വില = (73,000 + 30,000 + 7,000) - 20,000

= 1,10,000 - 20,000 = 90,000

ഗ്രോസ് പ്രോഫിറ്റ് = 1,00,000 - 90,000 = 10,000

$$\text{ഗ്രോസ് പ്രോഫിറ്റ് അനുപാതം} = \frac{10,000}{1,00,000} \times 100 = 10\%$$

2. ഓപ്പറേറ്റിങ്ങ് അനുപാതം (Operating Ratio)

വിറ്റ സാധനങ്ങളുടെ വിലയും മറ്റ് ഓപ്പറേറ്റിങ്ങ് ചെലവുകളും സെയിൽസിന്റെ എത്ര ശതമാനമാണെന്നാണ് ഈ അനുപാതം കാണിക്കുന്നത്. കുറഞ്ഞ ഓപ്പറേറ്റിങ്ങ് അനുപാതമാണ് ബിസിനസിന് അനുകൂലം.

$$\text{ഓപ്പറേറ്റിങ്ങ് അനുപാതം} = \frac{\text{വിറ്റ സാധനങ്ങളുടെ വില + ഓപ്പറേറ്റിങ്ങ് ചെലവുകൾ}}{\text{സെയിൽസ്}} \times 100$$

$$\text{Operating Ratio} = \frac{\text{Cost of goods Sold + Operating Expenses}}{\text{Sales}} \times 100$$

ഓപ്പറേറ്റിങ്ങ് ചെലവുകളിൽ ഉൾപ്പെടുന്നത് ഓഫീസ് ചെലവുകൾ, അഡ്മിസിട്രേറ്റീവ് ചെലവുകൾ വിറ്റഴിക്കൽ ചെലവുകൾ, തേയ്മാന ചെലവുകൾ, ജീവനക്കാർക്കുള്ള ആനുകൂല്യങ്ങൾ എന്നിവയെല്ലാമാണ്. എന്നാൽ നോൺ ഓപ്പറേറ്റിങ്ങ് ചെലവുകളായ ആസ്തി വിൽപ്പനയുള്ള നഷ്ടം, പലിശ ചെലവുകൾ, തീപിടുത്ത നഷ്ടം എന്നിവയെല്ലാം ഒഴിവാക്കണം.

3. ഓപ്പറേറ്റിങ്ങ് പ്രോഫിറ്റ് അനുപാതം (Operating Profit Ratio)

വിറ്റ സാധനങ്ങളുടെ വിലയും ഓപ്പറേറ്റിങ്ങ് ചെലവുകൾ സെയിൽസിൽ നിന്നും കുറയ്ക്കുമ്പോൾ ലഭിക്കുന്ന തുകയാണ് ഓപ്പറേറ്റിങ്ങ് പ്രോഫിറ്റ്. ഈ അനുപാതം രണ്ടു രീതിയിൽ കണ്ടുപിടിക്കാം.

(i) ഓപ്പറേറ്റിങ്ങ് പ്രോഫിറ്റ് അനുപാതം $= \frac{\text{ഓപ്പറേറ്റിങ്ങ് പ്രോഫിറ്റ്}}{\text{സെയിൽസ്}} \times 100$

$$\left(\text{Operating Profit Ratio} = \frac{\text{Operating Profit}}{\text{Sales}} \times 100\right)$$

ഓപ്പറേറ്റിങ്ങ് ചെലവുകളും, വിറ്റ സാധനങ്ങളുടെ വിലയും സെയിൽസിൽ നിന്നു കുറച്ചാണ് ഓപ്പറേറ്റിങ്ങ് പ്രോഫിറ്റ് കണ്ടുപിടിക്കുന്നതെന്ന് അറിയാമല്ലോ?

$$\left(\text{ie, Operating Profit} = \text{Sales - (Cost of goods Sold + Operating Costs)}\right)$$

(ii) ഓപ്പറേറ്റിങ്ങ് പ്രോഫിറ്റ് അനുപാതം = 100 - ഓപ്പറേറ്റിങ്ങ് അനുപാതം

(Operating Profit Ratio = 100 - Operating Ratio)

ഉയർന്ന ഓപ്പറേറ്റിങ്ങ് പ്രോഫിറ്റ് അനുപാതമാണ് ബിസിനസിന് അനുകൂലം.

നിർദ്ധാരണം - 16

വിശദാംശങ്ങളിൽ നിന്നും ഗ്രോസ് പ്രോഫിറ്റ് അനുപാതം, ഓപ്പറേറ്റിങ്ങ് അനുപാതം, ഓപ്പറേറ്റിങ്ങ് പ്രോഫിറ്റ് അനുപാതം എന്നിവ കണ്ടുപിടിക്കുക.

സെയിൽസ് - Rs 3,40,000

വിറ്റ സാധനങ്ങളുടെ വില	–	Rs 1,20,000
വിൽപ്പന ചെലവുകൾ	–	Rs 80,000
അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾ	–	Rs 40,000

(a) $\text{ഗ്രോസ് പ്രോഫിറ്റ് അനുപാതം} = \frac{\text{ഗ്രോസ് പ്രോഫിറ്റ്}}{\text{സെയിൽസ്}} \times 100$

ഗ്രോസ് പ്രോഫിറ്റ് = 3,40,000 – 1,20,000 = 2,20,000

$\text{ഗ്രോസ് പ്രോഫിറ്റ് അനുപാതം} = \frac{2,20,000}{3,40,000} \times 100 = 64.71\ \%$

(b) $\text{ഗ്രോസ് അനുപാതം} = \frac{\text{വിറ്റ സാധനങ്ങളുടെ വില + ഓപ്പറേറ്റിങ്ങ് ചെലവുകൾ}}{\text{സെയിൽസ്}} \times 100$

ഓപ്പറേറ്റിങ്ങ് ചെലവുകൾ = 80,000 + 40,000 = 1,20,000

$\text{ഓപ്പറേറ്റിങ്ങ് അനുപാതം} = \frac{1,20,000 + 1,20,000}{3,40,000} \times 100$

$= \frac{2,40,000}{3,40,000} \times 100 = 70.59\%$

(c) ഓപ്പറേറ്റിങ്ങ് പ്രോഫിറ്റ് അനുപാതം = 100 – ഓപ്പറേറ്റിങ്ങ് അനുപാതം

= 100 – 70.59 = 29.41%

4. നെറ്റ് പ്രോഫിറ്റ് അനുപാതം (Net Profit Ratio)

അറ്റലാഭവും, സെയിൽസും തമ്മിലുള്ള ബന്ധമാണ് ഈ അനുപാതത്തിലൂടെ കണ്ടെത്തുന്നത്. എല്ലാ ഓപ്പറേറ്റിങ്ങ്, നോൺ ഓപ്പറേറ്റിങ്ങ് ചിലവുകളും കണക്കിലെടുത്ത ശേഷമുള്ള ലാഭമാണ് അറ്റലാഭം (Net Profit)

$\text{നെറ്റ് പ്രോഫിറ്റ് അനുപാതം} = \frac{\text{നെറ്റ് പ്രോഫിറ്റ്}}{\text{സെയിൽസ്}} \times 100$

$$\left(\text{Net Profit Ratio} = \frac{\text{Net Profit}}{\text{Sales}} \times 100 \right)$$

ഈ അനുപാതം ബിസിനസിന്റെ മൊത്തത്തിലുള്ള കാര്യക്ഷമതയാണ് സൂചിപ്പിക്കുന്നത്. ഉയർന്ന അനുപാതം ബിസിനസിന് അനുകൂലമായിരിക്കും.

നിർദ്ധാരണം - 17

വിശദാംശങ്ങളിൽ നിന്നും നെറ്റ് പ്രോഫിറ്റ് അനുപാതം കണ്ടുപിടിക്കുക.

ഗ്രോസ് പ്രോഫിറ്റ്	-	Rs 2,20,000
അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾ	-	Rs 70,000
വിൽപ്പന ചെലവുകൾ	-	Rs 60,000
ലോണിന്റെ പലിശ	-	Rs 40,000
ഇൻകം ടാക്സ്	-	Rs 20,000
സെയിൽസ്	-	Rs 14,00,000

$$\text{നെറ്റ് പ്രോഫിറ്റ് അനുപാതം} = \frac{\text{നെറ്റ് പ്രോഫിറ്റ്}}{\text{സെയിൽസ്}} \times 100$$

നെറ്റ് പ്രോഫിറ്റ് = ഗ്രോസ് പ്രോഫിറ്റ് - (ഓപ്പറേറ്റിങ്ങ് ചെലവുകൾ + നോൺ ഓപ്പറേറ്റിങ്ങ് ചെലവുകൾ)

$$= 2,20,000 - (1,30,000 + 60,000)$$

$$= 2,20,000 - 1,90,000 = 30,000$$

$$\text{നെറ്റ് പ്രോഫിറ്റ് അനുപാതം} = \frac{30,000}{14,00,000} \times 100 = 2.14\%$$

5. റിട്ടേൺ ഓൺ ഇൻവെസ്റ്റ്മെന്റ് (Return On Investment - ROI)

മുതൽ മുടക്കിന്റെ എത്രശതമാനം ലാഭം ഉണ്ടാക്കാൻ ബിസിനസിന് കഴിയുന്നുവെന്ന് കാണിക്കുന്ന അനുപാതമാണിത്. ബിസിനസിന്റെ ലാഭവും, മൂലധന മുടക്കുമാണ് ഇവിടെ താരതമ്യം ചെയ്യുന്നത്.

$$\text{റിട്ടേൺ ഓൺ ഇൻവെസ്റ്റ്മെന്റ്} = \frac{\text{പലിശക്കും നികുതിക്കും മുൻപുള്ള ലാഭം}}{\text{മൂലധന മുടക്ക്}} \times 100$$

$$\left(\text{ROI} = \frac{\text{Profit before Interest and Tax}}{\text{Capital employed}} \times 100 \right)$$

ഉയർന്ന അനുപാതം ബിസിനസിൽ നിക്ഷേപിച്ചിട്ടുള്ള മൂലധനം ഫലവത്തായി ഉപയോഗിക്കുന്നതിന്റെ സൂചനയാണ്. മൂലധന മുടക്കിൽ ഓഹരി മൂലധനവും, വായ്പാ മൂലധനവും ഉൾപ്പെടും.

6. റിട്ടേൺ ഓൺ നെറ്റ് വർത്ത് (Return On Net Worth)

ഓഹരി ഉടമകളുടെ ഫണ്ട് (Share holders funds) നെറ്റ്‌വർത്ത് (Net worth) എന്നും അറിയപ്പെടാറുണ്ട്. ഓഹരി ഉടമകളുടെ ഫണ്ടിൽ സാധാരണ ഓഹരി മൂലധനം, മുൻഗണനാ ഓഹരി മൂലധനം, റിസർവ്സ് സർപ്ലസ് എന്നിവയെല്ലാം ഉൾപ്പെടുന്നു. ഓഹരി ഉടമകൾ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളെ വിലയിരുത്താൻ ഉപയോഗിക്കുന്ന ഒരു അനുപാതമാണിത്. ഉയർന്ന അനുപാതം കമ്പനിയുടെ കാര്യക്ഷമമായ പ്രവർത്തനങ്ങളെ സൂചിപ്പിക്കുന്നു.

$$\text{റിട്ടേൺ ഓൺ നെറ്റ് വർത്ത്} = \frac{\text{നികുതിക്കു ശേഷമുള്ള ലാഭം}}{\text{ഓഹരി ഉടമകളുടെ ഫണ്ട്}} \times 100$$

7. ഏണിങ്ങ്സ് പേർ ഷെയർ (Earnings Per Share-EPS)

ഒരു ഓഹരിക്ക് ലഭ്യമായിട്ടുള്ള ലാഭമാണ് ഇതിലൂടെ സൂചിപ്പിക്കപ്പെടുന്നത്. കമ്പനികളുടെ ഓഹരി വില നിശ്ചയിക്കുന്നതിൽ ഈ അനുപാതം നിർണായക പങ്കുവഹിക്കുന്നു. ഓഹരി ഉടമകൾക്ക് കമ്പനിയിൽ നിന്നും ലഭിക്കാൻ അർഹതയുള്ള ലാഭത്തെയാണ് ഈ അനുപാതത്തിലൂടെ കണക്കാക്കുന്നത്.

$$\text{ഏണിങ്ങ്സ് പേർ ഷെയർ} = \frac{\text{സാധാരണ ഓഹരി ഉടമകൾക്ക് ലഭ്യമായ ലാഭം}}{\text{സാധാരണ ഓഹരികളുടെ എണ്ണം}} \times 100$$

$$\left(\text{EPS} = \frac{\text{Profit available to equity share holders}}{\text{Number of Equity Shares}} \times 100 \right)$$

സാധാരണ ഓഹരി ഉടമകൾക്ക് ലഭ്യമായ ലാഭം എന്നത് ആറ്റ ലാഭത്തിൽ നിന്നും, വായ്പാ മൂലധന പലിശ, വരുമാന നികുതി, മുൻഗണനാ ഓഹരികളുടെ ലാഭവിഹിതം എന്നിവ കുറച്ചതിനു ശേഷമുള്ള തുകയാണ്. ഒരു കമ്പനിയിൽ ഓഹരി നിക്ഷേപം നടത്തുന്നത് ലാഭകരമാണോയെന്ന് പരിശോധിക്കാൻ ഈ അനുപാതം സഹായകരമാണ്.

8. ബുക്ക് വാല്യു പേർ ഷെയർ (Book Value Per Share)

കമ്പനികളുടെ ഓഹരിമൂല്യം നിശ്ചയിക്കുന്നതിന് നിക്ഷേപകരെ സഹായിക്കുന്ന അനുപാതമാണിത്. കമ്പനിയുടെ ബാലൻസ്ഷീറ്റു പ്രകാരം ഒരു ഓഹരിക്ക് എന്ത് മൂല്യമാണ് ഉള്ളതെന്ന് ഈ അനുപാതം കണക്കാക്കുന്നു.

$$\text{ബുക്ക് വാല്യു പേർ ഷെയർ} = \frac{\text{സാധാരണ ഓഹരി ഉടമകളുടെ ഫണ്ട്}}{\text{സാധാരണ ഓഹരികളുടെ എണ്ണം}} \times 100$$

$$\left(\text{Book Value Per Share} = \frac{\text{Equity Share Holders Funds}}{\text{Number of Equity Shares}} \times 100 \right)$$

ഓഹരി ഉടമകളുടെ ഫണ്ടിൽ നിന്നും, മുൻഗണനാ ഓഹരികളുടെ തുക കുറച്ചാൽ സാധാരണ ഓഹരി ഉടമകളുടെ ഫണ്ട് കണ്ടുപിടിക്കാം.

9. ഡിവിഡന്റ് പെയ്ഔട്ട് അനുപാതം (Dividend Payout Ratio)

കമ്പനിയുടെ ലാഭത്തിന്റെ എത്രഭാഗം ലാഭവിഹിതമായി ഓഹരി ഉടമകൾക്ക് നൽകുന്നുവെന്ന് കണക്കാക്കുന്ന അനുപാതമാണിത്.

$$\text{ഡിവിഡന്റ് പേഔട്ട് അനുപാതം} = \frac{\text{ഒരു ഓഹരിക്കുള്ള ലാഭവിഹിതം}}{\text{ഒരു ഓഹരിക്കുള്ള ലാഭം}} \times 100$$

$$\left(\text{Divident Payout Ratio} = \frac{\text{Dividend Per Share (DPS)}}{\text{Earnings Per Share (EPS)}} \right)$$

ഒരു ഓഹരിക്ക് അർഹതപ്പെട്ട ലാഭം (EPS) കണ്ടുപിടിക്കുന്ന രീതി പഠിച്ചുവല്ലോ? കമ്പനി ആകെ നൽകുന്ന ലാഭവിഹിതത്തെ, സാധാരണ ഓഹരികളുടെ എണ്ണം കൊണ്ട് ഹരിക്കുമ്പോൾ ലഭിക്കുന്ന തുകയാണ് ഒരു ഓഹരിയുടെ ലാഭവിഹിതം (DPS)

10. പ്രൈസ്/ഏണിങ്ങ് അനുപാതം (Price /Earning Ratio)

ഓഹരികളുടെ വിപണി വിലയും ഓഹരിക്ക് ലഭിക്കുന്ന ലാഭവും താരതമ്യം ചെയ്യുന്ന അനുപാതമാണിത്. ഒരു ഓഹരിയുടെ ലാഭത്തിന്റെ എത്ര ഇരട്ടിയാണ് കമ്പനിയുടെ ഓഹരിയുടെ കമ്പോള വിലയെന്ന് ഈ അനുപാതം കാണിക്കുന്നത്.

$$\text{പ്രൈസ്/ഏണിങ്ങ് അനുപാതം} = \frac{\text{ഓഹരിയുടെ വിപണിവില}}{\text{ഒരു ഓഹരിക്കുള്ള ലാഭം}} \times 100$$

$$\left(\text{Price/Earning Ratio (P/E Ratio)} = \frac{\text{Market Price of a Share}}{\text{Earning Per Share (EPS)}} \right)$$

നിർദ്ധാരണം - 18

വിശദാംശങ്ങളിൽ നിന്നും താഴെ കൊടുത്തിരിക്കുന്ന അനുപാതങ്ങൾ കണ്ടുപിടിക്കുക.

a) റിട്ടേൺ ഓൺ ഇൻവെസ്റ്റുമെന്റ്

b) റിട്ടേൺ ഓൺ നെറ്റ് വർത്ത്

c) ഏണിങ്ങ് പേർ ഷെയർ (EPS)

d) ബുക്ക് വാല്യു പേർ ഷെയർ

e) പ്രൈസ്/ഏണിങ്ങ് അനുപാതം (P/E ratio)

ഓഹരി മൂലധനം:-

സാധാരണ ഓഹരികൾ (മുഖവില Rs - 10)	- Rs 4,00,000
12% മുൻഗണനാ ഓഹരികൾ	- Rs 1,00,000
ജനറൽ റിസർവ്വ്	- Rs 1,84,000
10% കടപ്പത്രങ്ങൾ	- Rs 4,00,000
ഹ്രസ്വകാല ബാധ്യതകൾ	- Rs 1,00,000
സ്ഥിര ആസ്തികൾ	- Rs 9,50,000
ഹ്രസ്വകാല ആസ്തികൾ	- Rs 2,34,000
ഓഹരികളുടെ കമ്പോള വില	- Rs 34
നികുതിക്കു ശേഷമുള്ള അറ്റലാഭം	- Rs 1,50,000
വരുമാന നികുതി	- Rs 50,000

a)

$$\text{റിട്ടേൺ ഓൺ ഇൻവെസ്റ്റ്മെന്റ്} = \frac{\text{പലിശയ്ക്കും, നികുതിയ്ക്കും മുൻപുള്ള ലാഭം}}{\text{മൂലധനമുടക്ക്}} \times 100$$

പലിശയ്ക്കും, നികുതിയ്ക്കും മുൻപുള്ള ലാഭം = 1,50,000 + 40,000 + 50,000 = 2,40,000

മൂലധന മുടക്ക് = 4,00,000 + 1,00,000 + 1,84,000 + 4,00,000 = 10,84,000

റിട്ടേൺ ഓൺ ഇൻവെസ്റ്റ്മെന്റ് = $\frac{2,40,000}{10,84,000} \times 100 = 22.14\%$

b) റിട്ടേൺ ഓൺ നെറ്റ് വർത്ത് = $\frac{\text{നികുതിക്കുശേഷമുള്ള ലാഭം}}{\text{ഓഹരി ഉടമകളുടെ ഫണ്ട്}} \times 100$

നികുതിക്കു ശേഷമുള്ള ലാഭം = 1,50,000

ഓഹരി ഉടമകളുടെ ഫണ്ട് = 4,00,000 + 1,00,000 + 1,84,000 = 6,84,000

റിട്ടേൺ ഓൺ നെറ്റ്വർത്ത് = $\frac{1,50,000}{6,84,000} \times 100 = 21.93\%$

c) ഏണിങ്ങ് പേർ ഷെയർ = $\frac{\text{സാധാരണ ഓഹരികൾക്കു ലഭ്യമായ ലാഭം}}{\text{സാധാരണ ഓഹരികളുടെ എണ്ണം}}$

സാധാരണ ഓഹരികൾക്കു ലഭ്യമായ ലാഭം = നികുതിക്കുശേഷമുള്ള ലാഭം - മുൻഗണനാ ഓഹരികളുടെ ലാഭ വിഹിതം = 1,50,000 - 12,000 = 1,38,000

സാധാരണ ഓഹരികളുടെ എണ്ണം = $\frac{4,00,000}{10} \times 100 = 40,000$

ഏണിങ്ങ് പേർ ഷെയർ = $\frac{1,38,000}{40,000}$ = Rs = 3.45

d) ബുക്ക് വാല്യു പേർ ഷെയർ = $\frac{\text{സാധാരണ ഓഹരി ഉടമകളുടെ ഫണ്ട്}}{\text{സാധാരണ ഓഹരികളുടെ എണ്ണം}}$

സാധാരണ ഓഹരികളുടെ ഉടമളുടെ ഫണ്ട് = 4,00,000 + 1,84,000 = 5,84,000

ബുക്ക് വാല്യു പേർ ഷെയർ = $\frac{5,84,000}{40,000}$ = Rs 14.60

e) പ്രൈസ്/ഏണിങ്ങ് അനുപാതം = $\frac{\text{ഓഹരികളുടെ കമ്പോളവില}}{\text{ഏണിങ്ങ് പേർ ഷെയർ (EPS)}}$

$= \frac{34}{3.45} = 9.86$ മടങ്ങ്

പ്രവർത്തനം : 5

വിവിധ അക്കൗണ്ടിംഗ് അനുപാതങ്ങളെ താഴെ നൽകിയിട്ടുള്ള പട്ടികയിൽ ക്രമീകരിച്ചെഴുതുക.



സ്വയം വിലയിരുത്തൽ ചോദ്യങ്ങൾ : 5

1. ഒരു കമ്പനിയുടെ ഏണിങ്ങ്സ് പേർ ഷെയർ (EPS) Rs. 10 ഉം, ഓഹരികളുടെ കമ്പോളവില

   Rs.100 ഉം ആണെങ്കിൽ പ്രൈസ്/ഏണിങ്ങ് അനുപാതം എത്രയാണ്?

2. മുതൽ മുടക്കിന്റെ എത്ര ശതമാനം ലാഭം ഉണ്ടാക്കാൻ ബിസിനസിന് കഴിയുന്നുവെന്ന് കാണിക്കുന്ന അനുപാതം ഏത്?

   a) ROI b) EPS c) P/E അനുപാതം d) ഇവയെല്ലാം

3. കച്ചവട ഇടപാടുകളിൽ നിന്നുള്ള ഒരു ബിസിനസിന്റെ ലാഭവും, സാധനങ്ങളുടെ വിൽപ്പനയിലൂടെ ലഭിക്കുന്ന തുകയും തമ്മിലുള്ള ബന്ധത്തെ കാണിക്കുന്നത് .... അനുപാതമാണ്.

a) നെറ്റ് പ്രോഫിറ്റ് b) ഗ്രോസ് പ്രോഫിറ്റ്

c) ഓപ്പറേറ്റിങ്ങ് പ്രോഫിറ്റ് d) ഓപ്പറേറ്റിങ്ങ്

4. നോൺ ഓപ്പറേറ്റിങ്ങ് ചെലവിന് ഉദാഹരണം ഏത്?

a) വായ്പയുടെ പലിശ b) തേയ്മാന ചെലവുകൾ

c) ജീവനക്കാരുടെ ശമ്പളം d) ഇവയെല്ലാം

5. സാധാരണ ഓഹരി ഒന്നിന് ലഭിക്കാൻ അർഹതപ്പെട്ട ലാഭത്തിന് .... എന്നാണ് പറയുന്നത്.

സംഗ്രഹം

- **അക്കൗണ്ടിംഗ് അനുപാതങ്ങൾ :-** സാമ്പത്തിക രേഖകളിലുള്ള രണ്ടോ, അതിൽ അധികമോ സംഖ്യകൾ തമ്മിലുള്ള ബന്ധം സൂചിപ്പിക്കുന്നവയാണ് അക്കൗണ്ടിംഗ് അനുപാതങ്ങൾ.

- **അനുപാത വിശകലനത്തിന്റെ ലക്ഷ്യങ്ങൾ :-** ബിസിനസിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ട മേഖലകൾ കണ്ടെത്തുക, വികസന സാധ്യതയുള്ള മേഖലകൾ കണ്ടെത്തുക, ബിസിനസിന്റെ ലാഭക്ഷമത, പ്രവർത്തനശേഷി, ദ്രവണത, ലേയത്വം എന്നിവ വിശകലനം ചെയ്യുക, ബിസിനസിന്റെ പ്രവർത്തനം പ്രസ്തുത വ്യവസായ മേഖലയിലെ പൊതു മാനദണ്ഡങ്ങളുമായി താരതമ്യം ചെയ്യുക, ഭാവി ആസൂത്രണത്തിനു വേണ്ട വിവരങ്ങൾ പ്രദാനം ചെയ്യുക.
- **അനുപാത വിശകലനത്തിന്റെ പരിമിതികൾ :-** പ്രശ്ന കാരണങ്ങൾ കണ്ടെത്താൻ സഹായിക്കുന്നില്ല, നിർവ്വചനത്തിലുള്ള അവ്യക്തതകൾ, അംഗീകരിക്കപ്പെട്ട മാനദണ്ഡങ്ങളുടെ അഭാവം, പരസ്പര ബന്ധമില്ലാത്ത സംഖ്യകൾ താരതമ്യം ചെയ്യുന്നത് അർഥ ശൂന്യമാണ്.
- **വിവിധതരം അനുപാതങ്ങൾ :-** പരമ്പരാഗത രീതിയിൽ അനുപാതങ്ങളെ പ്രോഫിറ്റ് & ലോസ് അക്കൗണ്ട് അനുപാതങ്ങൾ, ബാലൻസ് ഷീറ്റ് അനുപാതങ്ങൾ, സംയുക്ത അനുപാതങ്ങൾ എന്ന് മൂന്നായി തിരിച്ചിട്ടുണ്ട്. നിർവഹണപരമായ രീതിയിൽ ദ്രവണ അനുപാതങ്ങൾ, ലേയത്വ അനുപാതങ്ങൾ, പ്രവർത്തന ശേഷി അനുപാതങ്ങൾ ലാഭക്ഷമത അനുപാതങ്ങൾ എന്ന് നാലായി തരംതിരിച്ചിരിക്കുന്നു.
- പ്രധാന ദ്രവണ അനുപാതങ്ങൾ നടപ്പ് അനുപാതവും, ദ്രുത അനുപാതവുമാണ്.
- പ്രധാന ലേയത്വ അനുപാതങ്ങൾ വായ്പാ-ഓഹരി അനുപാതം, വായ്പാ-മൂലധന അനുപാതം, ഉടമസ്ഥതാ അനുപാതം, ആസ്തി-വായ്പാ അനുപാതം, പലിശ ആവരണ അനുപാതം എന്നിവയാണ്.

- പ്രധാന പ്രവർത്തനശേഷി അനുപാതങ്ങൾ സ്റ്റോക്ക് ടേൺ ഓവർ, റിസീവബിൾസ് ടേൺ ഓവർ പേയബിൾസ് ടേൺ ഓവർ, മൂലധന നിക്ഷേപ ടേൺ ഓവർ, സ്ഥിര ആസ്തി ടേൺ ഓവർ, പ്രവർത്തന മൂലധന ടേൺ ഓവർ എന്നിവയാണ്.
- പ്രധാന ലാഭക്ഷമതാ അനുപാതങ്ങൾ ഗ്രോസ് പ്രോഫിറ്റ് അനുപാതം, ഓപ്പറേറ്റിങ്ങ് അനുപാതം, ഓപ്പറേറ്റിങ്ങ് പ്രോഫിറ്റ് അനുപാതം, നെറ്റ് പ്രോഫിറ്റ് അനുപാതം, റിട്ടേൺ ഓൺ ഇൻവെസ്റ്റ്മെന്റ്, റിട്ടേൺ ഓൺ നെറ്റ് വർത്ത്, ഏണിങ്ങ് പേർ ഷെയർ, ബുക്ക് വാല്യു പേർ ഷെയർ, ഡിവിഡന്റ് പേയ്ഔട്ട് അനുപാതം, പ്രൈസ് ഏണിങ്ങ് അനുപാതം എന്നിവയാണ്.

സ്വയം വിലയിരുത്തൽ ചെക്ക്ലിസ്റ്റ്

	പൂർണമായി	ഭാഗികമായി	മെച്ചപ്പെടേണ്ടതുണ്ട്
• അനുപാത വിശകലനത്തിന്റെ ലക്ഷ്യങ്ങൾ • അക്കൗണ്ടിംഗ് അനുപാതങ്ങളുടെ മേന്മകൾ			
• അക്കൗണ്ടിംഗ് അനുപാതങ്ങളുടെ പരിമിതികൾ			
• അനുപാതങ്ങളുടെ പരമ്പരാഗത തരംതിരിക്കൽ			
• വിവിധ ദ്രവണ അനുപാതങ്ങൾ			
• വിവിധ ലേയത്വ അനുപാതങ്ങൾ			
• വിവിധ ടേൺ ഓവർ അനുപാതങ്ങൾ			
• വിവിധ ലാഭക്ഷമത അനുപാതങ്ങൾ			
• അക്കൗണ്ടിംഗ് അനുപാതങ്ങൾ ഉപയോഗിച്ചുള്ള സാമ്പത്തിക വിശകലനം			

തുടർ മൂല്യനിർണ്ണയ സാധ്യതകൾ

- സാമ്പത്തിക രേഖകളുടെ വിശകലന ഉപാധി എന്ന നിലയിൽ അക്കൗണ്ടിംഗ് അനുപാതങ്ങളുടെ മേന്മകളും, പരിമിതികളും വിഷയമാക്കിയുള്ള സംവാദം.
- ആക്ടിവിറ്റി ലോഗിൽ രേഖപ്പെടുത്തിയിട്ടുള്ള ടേർമിനൽ വിലയിരുത്തൽ ചോദ്യങ്ങളുടെ ഉത്തരങ്ങൾ
- പോർട്ട് പോളിയോ വിലയിരുത്തലിനുവേണ്ടി തയാറാക്കിയിട്ടുള്ള വിവിധതരം അക്കൗണ്ടിംഗ് അനുപാതങ്ങളുടെ ചാർട്ട്.

- ഗ്രൂപ്പ് പ്രവർത്തനങ്ങളുടെ ഭാഗമായി തയാറാക്കിയിട്ടുള്ള മാതൃകാ ചോദ്യങ്ങളും അവയുടെ ഉത്തര സൂചികയും.
- വിവിധ തരം അക്കൗണ്ടിംഗ് അനുപാതങ്ങളുടെ സൂത്രവാക്യങ്ങൾ ഉൾപ്പെടുത്തി തയാറാക്കുന്ന പട്ടിക.

സ്വയംവിലയിരുത്തൽ ചോദ്യങ്ങളുടെ ഉത്തര സൂചിക

1. 1. (d) ഇവയെല്ലാം

2. (d) ഇവയെല്ലാം

3. SWOT - Strength - Weakess - Opportunity - Threat

4. (c) സംയുക്ത അനുപാതം

5. (d) കറന്റ് അനുപാതം

2. 1. (c) 1 :1

2. സ്റ്റോക്ക് = 86,000 - 64,000 = 22,000

3. (a) ക്യാഷ്

4. (d) സ്റ്റോക്ക്, മറ്റുള്ളവ ദ്രുത ആസ്തികളാണ്

5. ഹ്രസ്വകാല ആസ്തികൾ = 80,000 X 3 = 2,40,000

3. 1. (b) ദ്രുത അനുപാതം, ബാക്കിയുള്ളവ ലേയത്വ അനുപാതങ്ങളാണ്

2. (b) 2 :1

3. പലിശ ആവരണ അനുപാതം

4. (d) മടങ്ങ്

5. (a) റിസർവ് ഫണ്ട്

4. 1.(c) പേയബിൾസ് ടേൺ ഓവർ അനുപാതം

2. (c) റിസീവബിൾസ് ടേൺ ഓവർ അനുപാതം

3. സ്റ്റോക്ക് ടേൺ ഓവർ അനുപാതം

4. (c) സ്ഥിര ആസ്തികൾ വിൽക്കുന്നത്

5. (a) വിറ്റ സാധനങ്ങളുടെ വില = സെയിൽസ് - ഗ്രോസ് പ്രോഫിറ്റ്

(c) വിറ്റ സാധനങ്ങളുടെ വില = (പ്രാരംഭ സ്റ്റോക്ക് + പർച്ചയ്സസ് + നേരിട്ടുള്ള ചിലവുകൾ) - സമാപ്തി സ്റ്റോക്ക്

5. 1. $\frac{100}{10} = 10$ മടങ്ങ്

2. ROI

3. (b) ഗ്രോസ് പ്രോഫിറ്റ് അനുപാതം

4. (a) ഏണിങ്ങ് പേർ ഷെയർ (EPS)

വിലയിരുത്തൽ ചോദ്യങ്ങൾ

1. ഒരു ബിസിനസ് സ്ഥാപനത്തിന്റെ ഹ്രസ്വകാല ബാധ്യതകൾ കൊടുത്തു വീട്ടുന്നതിനുള്ള ശേഷി അളക്കുന്നതിനുള്ള രണ്ട് അനുപാതങ്ങളുടെ പേര് എഴുതുക.
2. സ്റ്റോക്ക് ടേൺ ഓവർ അനുപാതം കണ്ടുപിടിക്കുന്നതിന് ആവശ്യമായ അക്കൗണ്ടിംഗ് സംഖ്യകൾ ഏതെല്ലാമാണ്?
3. ഏണിങ്ങ്സ് പേർ ഷെയർ (EPS) കണ്ടുപിടിക്കുന്നതിനുള്ള സൂത്രവാക്യം എഴുതുക.
4. '100 – ഓപ്പറേറ്റിങ്ങ് അനുപാതം = ... ? ....
5. ബിസിനസ് സ്ഥാപനങ്ങളുടെ ലാഭക്ഷമതയെ അളക്കുന്നതിന് ഉപയോഗിക്കുന്ന ഏതെങ്കിലും നാല് അനുപാതങ്ങളെക്കുറിച്ച് വിവരിക്കുക.
6. ഒരു ബിസിനസിന്റെ ദീർഘകാല ബാധ്യതകളുടെ പലിശയും, മുതലും തിരിച്ചടയ്ക്കാനുള്ള കഴിവിനെ അളക്കുന്നതിന് ഉപയോഗിക്കുന്ന അനുപാതങ്ങൾ ഏവ? ഏതെങ്കിലും നാല് ഉദാഹരണങ്ങൾ എഴുതുക.
7. താഴെ കൊടുത്തിരിക്കുന്ന അക്കൗണ്ടിംഗ് അനുപാതങ്ങളുടെ പൊതു മാനദണ്ഡം ഏത്?

   (a) ദ്രുത അനുപാതം (b) വായ്പാ-ഓഹരി അനുപാതം
8. ഒരു കമ്പനിയുടെ നടപ്പ് അനുപാതം 2:1 ആണ്. താഴെ നൽകിയിരിക്കുന്ന ഇടപാടുകൾ ഈ അനുപാതത്തെ എങ്ങനെ ബാധിക്കുമെന്ന് എഴുതുക.

   (a) വർദ്ധിപ്പിക്കും (b) കുറയ്ക്കും (c) മാറ്റമുണ്ടാകില്ല

   (i) ക്രെഡിറ്റേഴ്സ് കുറയുന്നത്

   (ii) പഴയ കാർ രൊക്കം പണത്തിന് വിൽക്കുന്നത്

   (iii) രൊക്കം പണത്തിന് സ്റ്റോക്ക് വാങ്ങുന്നത്

   (iv) ദീർഘകാല വായ്പയെടുത്ത് മെഷിനറി വാങ്ങുന്നത്

(v) ബാങ്കിൽ നിന്നും ബിസിനസ് ആവശ്യത്തിന് പണം പിൻവലിക്കുന്നത്

(vi) ബാങ്ക് ഓവർഡ്രാഫ്റ്റെടുത്ത് ഫർണിച്ചർ വാങ്ങുന്നത്

(vii) ലാഭവിഹിതം പണമായി നൽകുന്നത്

9. വിശദാംശങ്ങളിൽ നിന്നും നെറ്റ്പ്രോഫിറ്റ് അനുപാതം കണ്ടുപിടിക്കുക.

വിറ്റ സാധനങ്ങളുടെ വില	- Rs 6,00,000
ഓപ്പറേറ്റിങ്ങ് ചെലവുകൾ	- Rs 40,000
സെയിൽസ്	- Rs 8,20,000

10. സ്റ്റോക്ക് ടേൺ ഓവർ അനുപാതം കണ്ടുപിടിക്കുക

വിറ്റ സാധനങ്ങളുടെ വില	- Rs 4,50,000
പ്രാരംഭ സ്റ്റോക്ക്	- Rs 1,25,000
സമാപ്തി സ്റ്റോക്ക്	- Rs 1,75,000

11. ഗ്രോസ് പ്രോഫിറ്റും, സെയിൽസ് തുകയും കണ്ടുപിടിക്കുക.

ശരാശരി സ്റ്റോക്ക്	- Rs 80,000
സ്റ്റോക്ക് ടേൺ ഓവർ അനുപാതം	- 6 മടങ്ങ്

ഗ്രോസ് പ്രോഫിറ്റ് - വിറ്റ സാധനങ്ങളുടെ വിലയുടെ 25%

12. ഒരു കമ്പനിയുടെ ഹ്രസ്വകാല ബാധ്യതകൾ Rs 1,50,000 ഇവരുടെ നടപ്പ് അനുപാതം 3:1 ഉം, ദ്രുത അനുപാതം 1:1 ഉം ആണ്. ഈ കമ്പനിയുടെ ഹ്രസ്വകാല ആസ്തികൾ, ദ്രുത ആസ്തികൾ, സ്റ്റോക്ക് എന്നിവയുടെ തുക കണ്ടുപിടിക്കുക.

13. പ്രവർത്തന മൂലധന ടേൺ ഓവർ അനുപാതം പണ്ടുപിടിക്കുക.

വിറ്റ സാധനങ്ങളുടെ വില	- Rs 1,50,000
ഹ്രസ്വകാല ആസ്തികൾ	- Rs 1,00,000
ഹ്രസ്വകാല ബാധ്യതകൾ	- Rs 75,000

ഗ്രോസ് പ്രോഫിറ്റ് വിലയുടെ 20%

14. പ്രാരംഭ സ്റ്റോക്ക് Rs 29,000, പർച്ചയ്സസ് Rs 2,42,000, സെയിൽസ് Rs 3,20,000, ഗ്രോസ് പ്രോഫിറ്റ് അനുപാതം 25%. സ്റ്റോക്ക് ടേൺ ഓവർ അനുപാതം കണ്ടുപിടിക്കുക.

15. ഒരു കമ്പനിയുടെ മാർച്ച് 31, 2016 ലെ വാർഷിക കണക്കുകളിൽ നിന്നെടുത്തിട്ടുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഹ്രസ്വകാല ആസ്തികൾ	തുക Rs
പ്രാരംഭ സ്റ്റോക്ക്	1,20,000
സമാപ്ത സ്റ്റോക്ക്	80,000
ഹ്രസ്വകാല ആസ്തികൾ	1,60,000
ഓഹരി ഉടമകളുടെ ഫണ്ട്	4,00,000
12% കടപ്പത്രങ്ങൾ	3,00,000
ഹ്രസ്വകാല ബാധ്യതകൾ	1,00,000
നികുതി വിധേമായ നെറ്റ് പ്രോഫിറ്റ്	3,51,000
വിറ്റ സാധനങ്ങളുടെ വില	5,00,000

വിശദാംശങ്ങളിൽ നിന്നും താഴെ പറയുന്ന അനുപാതങ്ങൾ കണ്ടുപിടിക്കുക.

(a) നടപ്പ് അനുപാതം

(b) ദ്രുത അനുപാതം

(c) വായപാ-ഓഹരി അനുപാതം

(d) പലിശ ആവരണ അനുപാതം

(e) സ്റ്റോക്ക് ടേൺ ഓവർ അനുപാതം

വിലയിരുത്തൽ ചോദ്യങ്ങളുടെ ഉത്തര സൂചിക

1. നടപ്പ് അനുപാതം, ദ്രുത അനുപാതം
2. വിറ്റ സാധനങ്ങളുടെ വില, ശരാശരി സ്റ്റോക്ക്
3. $$EPS = \frac{\text{സാധാരണ ഓഹരി ഉടമകൾക്ക് ലഭ്യമായ ലാഭം}}{\text{സാധാരണ ഓഹരികളുടെ എണ്ണം}}$$
4. ഓപ്പറേറ്റിങ്ങ് പ്രോഫിറ്റ് അനുപാതം
5. ഗ്രോസ് പ്രോഫിറ്റ് അനുപാതം, നെറ്റ് പ്രോഫിറ്റ് അനുപാതം, റിട്ടേൺ ഓൺ ഇൻവെസ്റ്റ്മെന്റ്, റിട്ടേൺ ഓൺ നെറ്റ് വർത്ത് (ഏതെങ്കിലും നാല് എണ്ണത്തെക്കുറിച്ച് ലഘു വിവരണം നൽകുക)
6. ലേയത്വ അനുപാതങ്ങൾ: വായ്പാ-ഓഹരി അനുപാതം, വായപാ-മൂലധന അനുപാതം, ഉടമസ്ഥതാ അനുപാതം, പലിശ ആവരണ അനുപാതം (ഏതെങ്കിലും നാല് എണ്ണം)

7. (a) ദ്രുത അനുപാതം = 1:1

(b) വായ്പാ - ഓഹരി അനുപാതം = 2:1

8. (a) വർദ്ധിപ്പിക്കും:- (i), (ii)

(b) കുറയ്ക്കും:- (vi), (vii)

(c) മാറ്റമുണ്ടാക്കില്ല:- (iii), (iv), (v)

9. നെറ്റ് പ്രോഫിറ്റ് അനുപാതം = 20%

10. സ്റ്റോക്ക് ടേൺ ഓവർ അനുപാതം = 3 മടങ്ങ്

11. വിറ്റ സാധനങ്ങളുടെ വില = 80,000 X 6 = 4,80,000

ഗ്രോസ് പ്രോഫിറ്റ് = $4,80,000 \times \frac{25}{100} = 1,20,000$

സെയിൽസ് = 4,80,000 + 1,20,000 = 6,00,000

12. ഹ്രസ്വകാല ആസ്തികൾ = 1,50,000 X 3 = 4,50,000

(ദ്രുത ആസ്തികൾ ഹ്രസ്വകാല ബാധ്യതകൾക്കു തുല്യമായിരിക്കും ie, 1 :1)

ദ്രുത ആസ്തികൾ = 1,50,000

സ്റ്റോക്ക് = ഹ്രസ്വകാല ആസ്തികൾ - ദ്രുത ആസ്തികൾ

= 4,50,000 - 1,50,000 = 3,00,000

13. സെയിൽസ് = 1,50,000 + 30,000 = 1,80,000

പ്രവർത്തന മൂലധനം = 1,00,000 - 75,000 = 25,000, പ്രവർത്തനമൂലധനടേൺ ഓവർ

അനുപാതം = 1,80,000/25,000 = 7.2 മടങ്ങ്

14. ഗ്രോസ് പ്രോഫിറ്റ് = 3,20,000 X 25% = 80,000

ക്ലോസിങ്ങ് സ്റ്റോക്ക് + ഗ്രോസ് പ്രോഫിറ്റ് = 3,20,000 - 2,71,000 = 49,000

അതുകൊണ്ട് സ്റ്റോക്ക് = 80,000 - 49,000 = 31,000

ശരാശരി സ്റ്റോക്ക് = $\frac{29,000 + 31,000}{2} = 30,000$

സ്റ്റോക്ക് ടേൺ ഓവർ അനുപാതം = $\frac{2,40,000}{30,000} = 8$ മടങ്ങ്

15. a) നടപ്പ് അനുപാതം $= \frac{1,60,000}{1,00,000} = 1.6:1$

b) ദ്രുത അനുപാതം $= \frac{1,60,000 - 80,000}{1,00,000} = 0.8:1$

c) വായ്പാ-ഓഹരി അനുപാതം $= \frac{3,00,000}{4,00,000} = 0.75:1$

d) പലിശ ആവരണ അനുപാതം $= \frac{3,90,000}{39,000} = 10$ മടങ്ങ്

e) സ്റ്റോക്ക് റ്റേൺ ഓവർ അനുപാതം $= \frac{5,00,000}{1,00,000} = 5$ മടങ്ങ്

തുടർപ്രവർത്തനങ്ങൾ

- കമ്പനികളുടെ പ്രസിദ്ധീകരിച്ചിട്ടുള്ള വാർഷിക കണക്കുകളിൽ നിന്നും ആവശ്യമായ ഇനങ്ങൾ കണ്ടെത്തി വിവിധ അക്കൗണ്ടിംഗ് അനുപാതങ്ങൾ പിടിക്കുക.
- നിങ്ങളുടെ പ്രദേശത്തുള്ള ഒരു സഹകരണ ബാങ്ക് സന്ദർശിച്ച്, അവരുടെ വാർഷിക പൊതുയോഗത്തിൽ അംഗങ്ങൾക്ക് നൽകാറുള്ള വാർഷിക കണക്കുകളിൽ നിന്നും വിശദാംശങ്ങൾ ശേഖരിച്ച് വിവിധ അക്കൗണ്ടിംഗ് അനുപാതങ്ങൾ കണ്ടുപിടിച്ച് അവയുടെ പ്രവർത്തന ശേഷിയെയും കാര്യക്ഷമതയെയും വിലയിരുത്തുക.

തുടർവായന സാമഗ്രികൾ

1. SCERT/NCERT class XII Accountancy Text Book (Company Accounts and Analysis of Financial Statements)
2. Ultimate book of Accountancy (Financial Statement Analysis) for class XII, by Vinod Kumar.
3. Double Entry Book keeping by T.S Grewal
4. Accountancy - Class XII by D.K.Goel
5. Analysis of Financial Statements, Class XII Accountancy, Part B. by S.C Sharma.
6. S.Chand's Rapid Revision in Accountancy by V.Wason

പദസൂചിക

- **ദ്രവണ അനുപാതം (Liquidity Ratio):-** ബിസിനസിന്റെ ഹ്രസ്വകാല കടങ്ങൾ കൊടുത്തു വീട്ടാനുള്ള ശേഷി അളക്കുന്നതിനുള്ള അനുപാതങ്ങൾ.
- **ലേയത്വ അനുപാതം (Solvancy Ratio):-** ബിസിനസിന്റെ ദീർഘകാല കടങ്ങളുടെ മുതലും, പലിശയും കൊടുത്തു വീട്ടാനുള്ള കഴിവ് അളക്കുന്നതിനുള്ള അക്കൗണ്ടിംഗ് അനുപാതങ്ങൾ.
- **വിറ്റുവരവ് അനുപാതം (Turnover Ratio):-** ഒരു ബിസിനസിന്റെ പ്രവർത്തന ശേഷിയും, കാര്യക്ഷമതയും അളക്കുന്നതിനുള്ള അക്കൗണ്ടിംഗ് അനുപാതങ്ങൾ.
- **ലാഭക്ഷമത അനുപാതം (Profitability Ratio):-** ഒരു ബിസിനസിന്റെ ലാഭാവസ്ഥയെ അളക്കുന്നതിനുള്ള അക്കൗണ്ടിംഗ് അനുപാതങ്ങൾ.
- **ശരാശരി സ്റ്റോക്ക് (Average Stock):-** പ്രാരംഭ സ്റ്റോക്കിന്റെയും, സമാപ്തി സ്റ്റോക്കിന്റെയും സാധാരണ ശരാശരി.
- **മൂലധനമുടക്ക് (Capital Employed):-** ദീർഘകാല കടങ്ങളും, ഓഹരി ഉടമകളുടെ ഫണ്ടും ഉൾപ്പെടുന്ന തുക.
- **പ്രവർത്തന മൂലധനം (Working Capital):-** ഹ്രസ്വകാല ആസ്തികളിൽ നിന്നും, ഹ്രസ്വകാല ബാധ്യതകൾ കുറച്ചാൽ ലഭിക്കുന്ന തുക.
- **ദ്രുത ആസ്തി (Liquid Asset):-** നഷ്ടമുണ്ടാകാതെ ഉടൻതന്നെ പണമാക്കി മാറ്റാൻ കഴിയുന്ന ആസ്തികൾ.
- **നെറ്റ്‌വർത്ത് (Net worth):-** ഓഹരി ഉടമകളുടെ ഫണ്ടിന്റെ ആകെ തുക.

6

പണവ്യതിയാന സ്റ്റേറ്റ്മെന്റുകൾ

(Cash flow Statements)

ആമുഖം

ഒരു കച്ചവട സ്ഥാപനത്തിന്റെ ധനകാര്യ രേഖകളിൽ പ്രധാനപ്പെട്ട ഒന്നാണ് പണാഗമന നിർഗമന രേഖഎന്നത്. ഒരു സ്ഥാപനത്തിന്റെ ഉള്ളിലേയ്ക്കും പുറത്തേയ്ക്കുമുള്ള പണത്തിന്റെ ചലനം അഥവാ ഒഴുക്ക് കാണിക്കുന്ന ഒരു പ്രധാന രേഖയാണിത്. പണത്തിന്റെ പ്രധാന ആഗമനങ്ങൾ നിർഗമനങ്ങൾ എന്നിവ മനസിലാക്കുക വഴി കച്ചവടത്തിന്റെ ലാഭക്ഷമത (profitability) പണദ്രവത്യം (Liquidity) പ്രവർത്തന മൂലധനം (working capital) എന്നിവ സംബന്ധിച്ച വ്യക്തമായ അറിവ് ഒരാൾക്ക് ലഭിക്കും ഈ യൂണിറ്റിൽ ഇത്തരം കാര്യങ്ങൾ ചർച്ച ചെയ്യുകയും പണാഗമന നിർഗമന രേഖ തയാറാക്കുവാൻ പരിശീലിക്കുകയും ചെയ്യുന്നു.

പഠനനേട്ടങ്ങൾ

- പണവ്യതിയാന സ്റ്റേറ്റ്മെന്റിന്റെ അർഥം വിശദീകരിക്കുന്നു.
- പണവ്യതിയാന സ്റ്റേറ്റ്മെന്റിന്റെ ലക്ഷ്യങ്ങളും പ്രയോജനങ്ങളും വിശദീകരിക്കുന്നു.
- ഓരോ പ്രവർത്തനവുമായി ബന്ധപ്പെട്ട പണത്തിന്റെ ആഗമന ഉടവിടങ്ങൾ ഏതെല്ലാമെന്നു പറയുന്നു.
- ഓരോ പ്രവർത്തനവുമായി ബന്ധപ്പെട്ട പണത്തിന്റെ ഗമന തലങ്ങൾ ഏതെല്ലാമെന്ന് വിശദീകരിക്കുന്നു.
- പണത്തിന്റെ ചലനം നടക്കുന്ന പ്രധാന പ്രവർത്തനങ്ങൾ വിശദീകരിക്കുന്നു.
- പണവ്യതിയാന സ്റ്റേറ്റ്മെന്റ് തയാറാക്കുന്നു.

ബിസിനസ്സിൽ പണത്തിന്റെ പ്രാധാന്യം എത്രമാത്രമാണെന്ന് നിങ്ങൾക്കറിയാം. പ്രോഫിറ്റ് ആന്റ് ലോസ്സ് അക്കൗണ്ട് പ്രകാരം ലഭിക്കുന്ന ലാഭവും, കൈവശമുള്ള പണവും തുല്യമാകണമെന്നുണ്ടോ? ചില പണേതര ഇടപാടുകൾ ഉദാഹരണമായി ആസ്തികളുടെ തേയ്മാനം, സാങ്കൽപ്പിക (Fictitious) ആസ്തികളുടെ എഴുതിത്തള്ളൽ തുടങ്ങിയവ ലാഭനഷ്ടക്കണക്കിൽ ഉൾപ്പെടുത്തുന്നുവെങ്കിലും അവ പണമായി ബിസിനസ്സിന്റെ പുറത്തേക്ക് പോകുന്നില്ല. അതുപോലെ തന്നെ സ്റ്റോക്കിലുള്ള നിക്ഷേപം കൂടുമ്പോൾ ലാഭം കൂടും. എന്നാൽ അതിനു തുല്യമായ പണം ബിസിനസ്സിലേയ്ക്ക് വരുന്നില്ല. ആയതിനാൽ ഇവ ബിസിനസ്സിലേയ്ക്ക് വരുന്നില്ല. ചില ബിസിനസ്സുകൾ വലിയ ലാഭം ഉണ്ടാക്കുന്നുവെങ്കിലും അവയുടെ പണദ്രവത്വം (liqudity) മോശമാകാം. എന്നാൽ ലാഭം കുറവുള്ള മറ്റുചില സ്ഥാപനങ്ങളുടെ പണ ദ്രവത്വം മെച്ചപ്പെട്ടതാണെന്നും കാണാം. ബിസിനസ്സിലേക്ക് പണം എങ്ങനെ വരുന്നുവെന്നും ആയത് വിവിധ പ്രവർത്തനങ്ങളിൽ എങ്ങനെ ഉപയോഗിക്കുന്നുവെന്നും വ്യക്തമാക്കുന്ന രേഖയാണ് പണ വ്യതിയാന സ്റ്റേറ്റ്മെന്റ്.

കച്ചവട സ്ഥാപനങ്ങളിൽ 'പണം' എന്നതുകൊണ്ട് അർഥമാക്കുന്നത് കേവലം കൈയ്യിലിരിക്കുന്ന പണം (cash in hand) മാത്രമല്ല മറിച്ച് ബാങ്കിലുള്ള പണം (cash at bank) ചോദിച്ചാലുടൻ ലഭിക്കുന്ന തരത്തിൽ എവിടെയെങ്കിലുമുള്ള നിക്ഷേപം (money at call) പെട്ടെന്ന് പണമാക്കാവുന്ന പ്രമാണങ്ങൾ (Cash equilants) എന്നിവയെല്ലാം ഉൾപ്പെടുന്നുണ്ട്

ഏതൊരു ചെലവും പെട്ടെന്നും അനായാസവുമായി നിർവഹിക്കുവാനുള്ള കച്ചവട സ്ഥാപനത്തിന്റെ കഴിവിനെയാണ് പണ ദ്രവത്വം (Liquidity)) എന്നതു കൊണ്ട് അർഥമാക്കുന്നത്.

അതായത് പണദ്രവത്വം കൂടുതൽ ഉള്ള ആസ്തികളെ പണമായി പരിഗണിക്കുന്നു. കച്ചവടസ്ഥാപനങ്ങളുടെ പണാഗമന നിർഗമന രേഖയിൽ പണത്തിന്റെയും പണതുല്യ ആസ്തികളുടെയും അകത്തേയ്ക്കും പുറത്തേയ്ക്കുമുള്ള ചലനം കാണിക്കുന്നു. ചുരുക്കത്തിൽ പണത്തിന്റെയും പണതുല്യ ആസ്തികളുടെയും ആഗമനവും (in flow) നിർഗമനവും (out flow) കാണിച്ച് കച്ചവട സ്ഥാപനങ്ങൾ തയാറാക്കുന്ന ധനകാര്യ രേഖയെ പണവ്യതിയാന സ്റ്റേറ്റ്മെന്റ് എന്നു വിളിക്കുന്നു.

പണവ്യതിയാന സ്റ്റേറ്റ്മെന്റിന്റെ ലക്ഷ്യങ്ങളും ഉപയോഗങ്ങളും (Objectives and utilities of Cash flow Statement)

1. പണം ലഭിക്കുന്ന വിവിധ ഉറവിടങ്ങൾ തിരിച്ചറിയാൻ സഹായിക്കുന്നു.
2. ലഭിച്ച പണം എന്തെല്ലാം കാര്യങ്ങൾക്ക് വിനിയോഗിക്കുന്നുവെന്ന് മനസിലാക്കാം.
3. പണത്തിനും പണതുല്യ ആസ്തികൾക്കും ഉണ്ടായിട്ടുള്ള വർദ്ധന/കുറവ് എത്രയെന്ന് അറിയാൻ കഴിയുന്നു.
4. പണപരിപാലനത്തിന്റെ കാര്യക്ഷമത വിലയിരുത്താൻ കഴിയുന്നു.
5. ഭാവിയിൽ പണം പുറപ്പെടുവിക്കാനുള്ള സ്ഥാപനത്തിന്റെ കഴിവ് വ്യക്തമാക്കുന്നു.
6. ഭാവി ബാധ്യതകൾ തീർക്കുവാനുള്ള സ്ഥാപനത്തിന്റെ കഴിവ് മനസിലാക്കാം.
7. ഭാവി പരിപാടികൾ ആസൂത്രണം ചെയ്യുവാനും തീരുമാനങ്ങൾ എടുക്കാനും സഹായിക്കുന്നു.

സ്വയം വിലയിരുത്തൽ ചോദ്യങ്ങൾ : 1

1. ചുവടെ ചേർക്കുന്ന പ്രസ്താവനകൾ ശരിയോ തെറ്റോ എന്ന് എഴുതുക.
   a) പണവ്യതിയാന സ്റ്റേറ്റ്മെന്റിൽ നിന്നും പണം ലഭിച്ച പ്രധാന ഉറവിടങ്ങൾ മനസിലാക്കാം.
   b) ഒരുവർഷ കാലാവധിക്ക് നിക്ഷേപിച്ചിരിക്കുന്ന തുക 'പണം' എന്ന നിർവചനത്തിൽ ഉൾപ്പെടുന്നു.
   c) കച്ചവടത്തിന്റെ ലാഭം കണക്കാക്കുകയാണ് പണാഗമന നിർഗമന രേഖ തയാറാക്കുന്നതിന്റെ ലക്ഷ്യം.

d) ഒരു കച്ചവട സ്ഥാപനത്തിന്റെ പണദ്രവത്വം സംബന്ധിച്ച അറിവ് ഒരു പണാഗമന നിർഗമന രേഖയിൽ നിന്നും ലഭിക്കും.

e) ഒരു സ്ഥാപനത്തിന്റെ ധനസ്ഥിതിയുടെ വിശകലനത്തിനും വിലയിരുത്തലിനും പണാഗമന നിർഗമന രേഖ സഹായകരമാണ്.

വിവിധ പണാഗമന ഗമന പ്രവർത്തനങ്ങൾ

ഒരു വ്യക്തി എന്ന നിലയിലോ കുടുംബമെന്ന നിലയിലോ ഉണ്ടാകുന്ന പണത്തിന്റെ ആഗമനങ്ങളുടെയും നിർഗമനങ്ങളുടെയും ഒരു പട്ടിക തയാറാക്കി നോക്കൂ. ഓരോ പണാഗമനത്തിന്റെയും ഗമനത്തിന്റെയും പിന്നിൽ ഒരു പ്രവർത്തനം ഉള്ളതായിരിക്കണം. പണത്തിന്റെ ഒരു ആഗമനം അഥവാ ഉറവിടമായി 'ശമ്പളം' കണ്ടുവെന്നിരിക്കട്ടെ അതിനർഥം നിങ്ങൾ നിങ്ങളുടെ ജോലിയിൽ ഏർപ്പെട്ടു എന്ന് തന്നെയാണ്. അതായത് പണാഗമനത്തിന് ആധാരമായ പ്രവർത്തനം തൊഴിലിനു പോയി എന്നതാണ്.

ഇതുപോലെ ഒരു സ്ഥാപനത്തിന്റെ പണാഗമന നിർഗമനങ്ങൾ പരിശോധിച്ചാൽ നിരവധി പ്രവർത്തനങ്ങൾ കാണാവുന്നതാണ്. ഒരു കച്ചവട സ്ഥാപനത്തിലേക്ക് പണം വരുകയും പോവുകയും ചെയ്യുന്ന പത്തു പ്രവർത്തനങ്ങൾ സ്വന്തമായി എഴുതുക. അതിനു ശേഷം ചുവടെ ചേർക്കുന്ന പ്രവർത്തനങ്ങളുടെ പട്ടികയിൽ നിങ്ങൾ എഴുതിയവ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് സ്വയം വിലയിരുത്തുക.

പണ ആഗമന പ്രവർത്തനങ്ങൾ

- ചരക്കുകളുടെയും സേവനങ്ങളുടെയും വിറ്റുവരവ്
- റോയൽറ്റിയും മറ്റു ഫീസുകളും ലഭിച്ചത്
- സ്ഥിരാസ്തികളുടെ വിറ്റുവരവ്
- ഓഹരികളുടെ വിതരണം
- കടപത്രങ്ങളുടെ വിതരണം
- ബാങ്ക് വായ്പ എടുത്തത്
- നിക്ഷേപത്തിനുള്ള പലിശ കിട്ടിയത്
- ഓഹരികൾക്കുള്ള ഡിവിഡന്റ് ലഭിച്ചത്
- നൽകിയ വായ്പ തിരിച്ചടച്ചത്

പണ നിർഗമന പ്രവർത്തനങ്ങൾ

- ചരക്കുകളുടെ വാങ്ങൽ
- കടക്കാർക്ക് പണം നൽകിയത്
- സ്ഥിരാസ്തികൾ വാങ്ങിയത്

- കടപത്രങ്ങളുടെ പലിശ നൽകിയത്
- കടപത്രങ്ങൾ തിരികെ വാങ്ങുന്നത്
- ശമ്പളം, കൂലി, വാടക, പരസ്യം തുടങ്ങിയ ചെലവുകൾ നൽകിയത്
- വായ്പയ്ക്ക് പലിശ നൽകൽ
- വായ്പ തിരിച്ചടച്ചത്
- കടപത്രങ്ങളും ഓഹരികളും നിക്ഷേപമായി വാങ്ങിയത്
- വായ്പകൾ നൽകിയത്
- ഡിവിഡന്റ് നൽകിയത്

വിവിധ പണാഗമന നിർഗമന പ്രവർത്തനങ്ങളെ നാം സസൂക്ഷ്മം നിരീക്ഷിച്ചാൽ ഇവയെ മൂന്നു വിഭാഗങ്ങളായി തരം തിരിക്കാവുന്നതാണ്. ചില പ്രവർത്തനങ്ങൾ സ്ഥാപനത്തിന്റെ തനത് കച്ചവട പ്രവർത്തനങ്ങളുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു. മറ്റു ചിലത് സ്ഥാപനത്തിന്റെ നിക്ഷേപ പ്രവർത്തനങ്ങളാണ് എന്നു കാണാം. മൂന്നാമതായി ചിലവ ധനകാര്യ പ്രവർത്തനങ്ങളാണ് എന്നും കാണാം.

അതായത് ഒരു സ്ഥാപനത്തിന്റെ പണാഗമന നിർഗമന പ്രവർത്തനങ്ങളെ മൂന്നായി തരം തിരിക്കാം

1. ദൈനംദിന കച്ചവട പ്രവർത്തനങ്ങൾ (Operating Activities)
2. നിക്ഷേപ പ്രവർത്തനങ്ങൾ (Investment Activites)
3. ധനപരമായ പ്രവർത്തനങ്ങൾ (Financing Activities)

ദൈനംദിന കച്ചവട പ്രവർത്തനങ്ങൾ

ഒരു സ്ഥാപനത്തിന്റെ ദൈനംദിന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പണത്തിന്റെ പോക്കുവരവുകൾ നമുക്ക് കാണാവുന്നതാണ്. ഇവിടെയുള്ള പണത്തിന്റെ വരവും പോക്കും തമ്മിലുള്ള വ്യത്യാസം കണ്ടുപിടിച്ചാൽ അത് ദൈനംദിന കച്ചവട പ്രവർത്തനത്തിൽ നിന്നുമുള്ള പണത്തിന്റെ വരവോ പണത്തിന്റെ നഷ്ടമോ ആയിരിക്കും. ദൈനംദിന കച്ചവട പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പ്രധാന പ്രവർത്തനങ്ങളുടെ പട്ടിക കൂടി പരിശോധിക്കാം.

- ചരക്കുകളുടെയും സേവനങ്ങളുടെയും വിറ്റുവരവ്
- ചരക്കുകളുടെ വാങ്ങൽ
- റോയൽറ്റിയും മറ്റു ഫീസുകളും
- ശമ്പളം, കൂലി, പരസ്യം തുടങ്ങിയവ
- ക്രഡിറ്റേഴ്സിന് നൽകിയത്
- ഡബ്റ്റേഴ്സിൽ നിന്നും പണം ലഭിച്ചത്
- കച്ചവട വരുമാനത്തിന്മേലുള്ള നികുതി നൽകിയത്

തനത് കച്ചവട പ്രവർത്തനങ്ങളിൽ നിന്നുമുള്ള പണത്തിന്റെ വരവ്/നഷ്ടം കണ്ടുപിടിക്കുന്നതിനായി രണ്ടു രീതികൾ അവലംബിക്കാറുണ്ട്.

1. നേർ രീതി (Direct Method)
2. പരോക്ഷരീതി (Indirect Method)

1. നേർ രീതി (Direct Method)

ഒരാൾ 1000 രൂപയ്ക്ക് ചരക്കുകൾ വാങ്ങിക്കുകയും 1500 രൂപയ്ക്ക് വിൽക്കുകയും ചെയ്തുവെന്നിരിക്കട്ടെ. 1000 രൂപയുടെ നിർഗമനവും 1500 രൂപയുടെ ആഗമനവും ഉണ്ടായി എന്നത് സ്പഷ്ടം. ഇവിടെ തനത് കച്ചവട പ്രവർത്തനത്തിൽ നിന്നുള്ള പണത്തിന്റെ വരവ് നിശ്ചയിക്കാൻ ആഗമനത്തിൽ നിന്നും നിർഗമനം കുറച്ചാൽ മതിയാകും. അതായത് 500 രൂപ. ഇപ്രകാരം പണത്തിന്റെ ആഗമനവും നിർഗമനങ്ങളും പരിശോധിച്ചു തനത് കച്ചവട പ്രവർത്തനത്തിൽ നിന്നുള്ള വരവ് അഥവാ നഷ്ടം കണ്ടുപിടിക്കുന്നതാണ് നേർ രീതി.

2. പരോക്ഷ രീതി (Indirect Method)

ഇവിടെ കച്ചവടത്തിന്റെ ലാഭത്തിൽ നിന്നും പണപരമല്ലാത്തത് തനതു കച്ചവടേതരമായതുമായ എല്ലാ വരവുകളും ചെലവുകളും ഒഴിവാക്കുകയും തുടർന്ന് കറണ്ട് ലയബിറ്റിയിൽ ഉണ്ടായ വർദ്ധനവും, കുറവ് അസറ്റിൽ ഉണ്ടായ കുറവ് എന്നിവ കൂടുകയും കറണ്ട് അസറ്റുകളുടെ വർദ്ധനവ് കറണ്ട് ലയബിലിറ്റികളുടെ കുറവ് എന്നിവ കുറയ്ക്കുകയും ചെയ്യുന്നു.

ചുവടെ ചേർക്കുന്ന ചാർട്ട് പരിശോധിച്ച് മുകളിൽ പറഞ്ഞ കാര്യങ്ങൾ ഒന്നുകൂടി മനസിലാക്കാൻ ശ്രമിക്കാം.

തനത് കച്ചവട പ്രവർത്തനത്തിൽ നിന്നുള്ള പണം (Indirect Method)

കച്ചവട ലാഭം (പലിശ, നികുതി തുടങ്ങിയ അസാധാരണ ഇനങ്ങൾ ഒഴികെ)	XXX
(+) പണേതര ചെലവുകൾ (മൂല്യക്ഷയ ചെലവ്, വിദേശനാണ്യ മൂല്യക്ഷയം)	XXX
(+) കച്ചവടേതര ചെലവുകൾ (ആസ്തി വിൽപ്പനയിലെ പലിശ)	XXX
(-) പണേതര വരുവുകൾ (മൂല്യവർദ്ധന)	XXX
(-) കച്ചവടേതര വരവുകൾ (ആസ്തി വിൽപ്പനയിലെ ലാഭം, പലിശ വരവ്)	XXX
(+) കറണ്ട് ലയബിലിറ്റിയുടെ വർദ്ധന	XXX
(+) കറണ്ട് അസറ്റുകളുടെ കുറവ്	XXX
(-) കറണ്ട് ലയബിലിറ്റികളുടെ കുറവ്	XXX
(-) കറണ്ട് അസറ്റുകളുടെ വർദ്ധനവ്	XXX
	XX

ഉദാഹരണം - 1

ചുവടെ ചേർക്കുന്ന വിവരങ്ങളിൽ നിന്നും ദൈനംദിന കച്ചവട പ്രവർത്തനങ്ങളിൽ നിന്നുള്ള പണത്തിന്റെ വരവ് കണ്ടുപിടിക്കുക.

പണത്തിനുള്ള വിൽപ്പന	:	40,000
ഡെബ്റ്റേഴ്സിൽ നിന്നും ലഭിച്ചത്	:	50,000
ശമ്പളം നൽകിയത്	:	12,000
ക്രെഡിറ്റേഴ്സിന് നൽകിയത്	:	27,000
പഴയ അലമാര വിറ്റത്	:	7,000
വാടക കൊടുത്തത്	:	1,000

ഇവിടെ പഴയ അലമാര വിറ്റു എന്നത് ഒരു തനത് കച്ചവട പ്രവർത്തനമല്ല മറിച്ച് അതൊരു നിക്ഷേപ പ്രവർത്തനമാണ്. അതിനാൽ തനത് കച്ചവട പ്രവർത്തനങ്ങളിൽ നിന്നുള്ള പണം കണ്ടു പിടിക്കുമ്പോൾ ഈ ഇനം പരിഗണിക്കുന്നതല്ല.

കച്ചവട പ്രവർത്തനത്തിൽ നിന്നുമുള്ള പണത്തിന്റെ വരവ്

വിശദാംശങ്ങൾ	പണ ആഗമനം	പണഗമനം
പണത്തിനുള്ള വിൽപ്പന	40,000	
ഡെബ്റ്റേഴ്സിൽ നിന്നും ലഭിച്ചത്	50,000	
ശമ്പളം നൽകിയത്		12,000
ക്രെഡിറ്റേഴ്സിനു നൽകിയത്		27,000
വാടക കൊടുത്തത്		1,000
ആകെ	90,000	40,000
പണത്തിന്റെ വരവ് (90,000 – 40,000)	50,000	

ഉദാഹരണം - 2

ദൈനംദിന കച്ചവട പ്രവർത്തനത്തിൽ നിന്നുള്ള പണം എത്രയെന്ന് കണ്ടുപിടിക്കുക.

പണത്തിന് വിൽപ്പന	-	2,00,000
കൂലി	-	30,000
പണത്തിന് വാങ്ങൽ	-	50,000
ശമ്പളം	-	20,000
സാധനങ്ങൾ കടത്തിന് വാങ്ങിയവർ നൽകിയ പണം	-	4,60,000
സാധനങ്ങൾ കടത്തിന് നൽകിയവർക്ക് പണം നൽകിയത്	-	1,00,000
വിൽപ്പന ചെലവ്	-	10,000
വ്യാപാര കമ്മീഷൻ കിട്ടിയത്	-	1,00,000
വ്യാപാര കമ്മീഷൻ നൽകിയത്	-	25,000
വരുമാന നികുതി നൽകിയത്	-	40,000
വാടക നൽകിയത്	-	10,000

വിശദാംശങ്ങൾ	ആഗമനം	നിർഗമനം
പണ വിൽപ്പന	2,00,000	
കൂലി		30,000
പണത്തിന് വാങ്ങൽ		50,000
ശമ്പളം		20,000
സാധനം കടം വാങ്ങിയവർ	4,60,000	
സാധനങ്ങൾ കടത്തിന് നൽകിയവർ		1,00,000
വിൽപ്പന ചെലവ്		10,000
വ്യാപാര കമ്മീഷൻ കിട്ടിയത്	1,00,000	
വ്യാപാര കമ്മീഷൻ നൽകിയത്		25,000
ഭരണനിർവഹണ ചെലവ്		40,000
വാടക നൽകിയത്		10,000
വരുമാന നികുതി നൽകിയത്		1,15,000
ആകെ	7,60,000	7,60,000
പണത്തിന്റെ വർദ്ധനവ്	3,00,000	

ഉദാഹരണം - 3

ചുവടെ ചേർത്തിരിക്കുന്ന സ്മിത പെയിന്റ്സ് ലിമിറ്റഡിന്റെ ലാഭ നഷ്ട കണക്കും അനുബന്ധ വിവരങ്ങളും ഉപയോഗിച്ച് കമ്പനിയുടെ പണാഗമന നിർഗമന രേഖ തയാറാക്കുക.

ലാഭനഷ്ട കണക്ക്

ജനങ്ങൾ	തുക	ജനങ്ങൾ	തുക
ശമ്പളം നൽകിയത്	7,000	ഗ്രോസ് പ്രോഫിറ്റ് b/d	80,000
വാടക	1,000	ഡിവിഡന്റ് ലഭിച്ചത്	20,000
വായ്പ പലിശ	2,000		
ഇൻഷുറൻസ്	500		
മൂല്യക്ഷയ ചെലവ്	3,000		
നെറ്റ് പ്രോഫിറ്റ്	86,500		
	1,00,000		1,00,000

വിവരങ്ങൾ	2015 ജനുവരി 1	2016 ഡിസംബർ 31
ക്രഡിറ്റേഴ്സ്	12,000	30,000
ഡബ്റ്റേഴ്സ്	10,000	20,000
സ്റ്റോക്ക്	6,000	7,000
ബിൽസ് നൽകാനുള്ളത്	7,000	3,000
ബിൽസ് കിട്ടാനുള്ളത്	4,000	2,000
ഇൻഷ്വൻസ് മുൻകൂർ കൊടുത്തത്	1,500	500

തനത് കച്ചവട പ്രവർത്തനങ്ങളിൽ നിന്നുള്ള പണം

വിശദാംശങ്ങൾ	തുക	തുക
സഞ്ചിത ലാഭം		86,500
(+) മൂല്യക്ഷയ ചെലവ്	3,000	
വായ്പാ പലിശ	2,000	5,000
		91,500
(-) ഡിവിഡന്റ്		2,000
		71,500
(+) ക്രെഡിറ്റേഴ്സിലെ വർദ്ധന	18,000	
ഇൻഷുറൻസ് മുൻകൂർ കൊടുത്തതിലെ കുറവ്	1,000	
ബിൽസ് കിട്ടാനുള്ളതിലെ കുറവ്	2,000	29,000
		92,000
(-) ഡെബ്റ്റേഴ്സിലെ വർദ്ധന	10,000	
സ്റ്റോക്കിലെ വർദ്ധന	1,000	
ബിൽസ് നൽകാനുള്ളതിലെ കുറവ്	4,000	15,000
പണത്തിലെ വർദ്ധനവ്		77,500

ഉദാഹരണം - 4

ചുവടെ ചേർക്കുന്ന വിവരങ്ങളിൽ നിന്നും തനത് കച്ചവട പ്രവർത്തനത്തിൽ നിന്നുള്ള പണം എത്രയെന്ന് കണ്ടുപിടിക്കുക.

വരുമാന നികുതി നൽകുന്നതിന് മുമ്പുള്ള ലാഭം	-	55,000
വരുമാന നികുതി നൽകിയത്	-	22,000
സ്ഥിരാസ്തികളുടെ മൂല്യക്ഷയ ചെലവ്	-	2,500
വസ്തു വിറ്റതിൽ നിന്നുള്ള ലാഭം	-	5,000
കടപത്രങ്ങൾക്ക് പലിശ നൽകിയത്	-	1,500
ഡിവിഡന്റ് ലഭിച്ചത്	-	1,000
സ്റ്റോക്കിലുണ്ടായ വർദ്ധനവ്	-	750
ഡബ്റ്റേഴ്സിലുണ്ടായ കുറവ്	-	300
ക്രഡിറ്റേഴ്സിലുണ്ടായ കുറവ്	-	250

തനത് കച്ചവട പ്രവർത്തനത്തിൽ നിന്നുള്ള പണം

വിശദാംശങ്ങൾ	തുക	തുക
വരുമാന നികുതി നൽകുന്നതിനു മുമ്പുള്ള ലാഭം		55,000
(-) വരുമാന നികുതി		22,000
		33,000
(+) സ്ഥിരാസ്തികളുടെ മൂല്യക്ഷയം	2,500	
കടപത്ര പലിശ	1,500	4,000
		37,000
(-) വസ്തു വിറ്റതിൽ നിന്നുള്ള ലാഭം	5,000	
ഡിവിഡന്റ് ലഭിച്ചത്	1,000	6,000
		31,000
(+) ഡെബ്റ്റേഴ്സിൽ ഉണ്ടായ കുറവ്		300
		31,300
(-) സ്റ്റോക്കിലുണ്ടായ വർദ്ധനവ്	750	
ക്രെഡിറ്റേഴ്സിലുണ്ടായ കുറവ്	250	1,000
തനത് കച്ചവട പ്രവർത്തനത്തിൽ നിന്നുള്ള പണം		30,300

ഉദാഹരണം - 5

മരിയൻ ലിമിറ്റഡ് ചുവടെ ചേർക്കുന്ന വിവരങ്ങൾ കണക്കിലെടുത്ത ശേഷം കണക്കാക്കിയ ലാഭം 2,90,000 രൂപയാണ്.

കെട്ടിടത്തിന്റെ മൂല്യക്ഷയം	–	35,000
പ്ലാന്റ് ആന്റ് മെഷിണറിയുടെ മൂല്യക്ഷയം	–	75,000
ഫർണിച്ചറിന്റെ മൂല്യക്ഷയം	–	18,000
സൽപ്പേര് എഴുതി തള്ളിയത്	–	12,000
മെഷിണറി വിറ്റതിലുള്ള നഷ്ടം	–	20,000

ചുവടെ ചേർക്കുന്ന വിവരങ്ങൾ കൂടി പരിഗണിച്ച് തനത് കച്ചവട പ്രവർത്തനങ്ങളിൽ നിന്നുള്ള പണം എത്രയെന്ന് കണക്കാക്കുക.

	31.03.16	31.03.17
കിട്ടേണ്ട ബില്ലുകൾ	38,000	42,000
കൈവശമുള്ള സ്റ്റോക്ക്	75,000	68,000
കൈവശമുള്ള പണം	18,000	32,000
നൽകേണ്ട ബില്ലുകൾ	34,000	31,000
നൽകേണ്ട ചെലവുകൾ	7,000	10,000

തനത് കച്ചവട പ്രവർത്തനത്തിൽ നിന്നുള്ള പണം

വിശദാംശങ്ങൾ	തുക	തുക
തനത് വർഷത്തെ ലാഭം		2,90,000
(+) കെട്ടിടത്തിന്റെ മൂല്യക്ഷയം	35,000	
പ്ലാന്റ് ആന്റ് മെഷനറിയുടെ മൂല്യക്ഷയം	75,000	
ഫർണിച്ചറിന്റെ മൂല്യക്ഷയം	18,000	
എഴുതി തള്ളിയ സൽപ്പേര്	12,000	
മെഷിണറി വിറ്റതിലുള്ള നഷ്ടം	20,000	1,60,000
		4,50,000
(+) സ്റ്റോക്കിലുണ്ടായ കുറവ്	7,000	
നൽകാനുള്ളവയിലെ വർദ്ധനവ്	3,000	10,000
		4,60,000
(-) കിട്ടേണ്ട ബില്ലുകളിലെ വർദ്ധനവ്	4,000	
നൽകേണ്ട ബില്ലുകളിലെ കുറവ്	3,000	7,000
തനത് കച്ചവട പ്രവർത്തനത്തിൽ നിന്നുള്ള പണം		4,53,000

നിക്ഷേപപ്രവർത്തനങ്ങളിൽ നിന്നുള്ള പണം (Cash from Investing Activities)

'നിക്ഷേപം' എന്ന പദം ഏവർക്കും സുപരിചിതമാണ്. ബാങ്ക് നിക്ഷേപം, ഓഹരി നിക്ഷേപം, റിയൽ എസ്റ്റേറ്റ് നിക്ഷേപം തുടങ്ങി വിവിധ സംജ്ഞകൾ നമ്മൾ ഇതിനോടകം പരിചയപ്പെട്ടിട്ടുണ്ട്. പണതുല്യ ആസ്തികൾ അല്ലാതെ ഏത് ആസ്തികളിൻമേലും ഒരു കച്ചവട സ്ഥാപനം നടത്തുന്ന മുതൽ മുടക്കിനെ നിക്ഷേപ പ്രവർത്തനങ്ങൾ എന്നു വിളിക്കാം. സ്ഥിരാസ്തികൾ വാങ്ങുന്നത്, ഓഹരിക്കും കടപത്രങ്ങളും വാങ്ങുന്നത് തുടങ്ങിയവയെല്ലാം നിക്ഷേപ പ്രവർത്തനങ്ങളാണ്. ഇപ്രകാരം വാങ്ങിയിട്ടുള്ള ആസ്തികളിൻമേൽ പലിശയോ ഡിവിഡന്റോ ലഭിക്കുന്നുവെങ്കിൽ അതും നിക്ഷേപ പ്രവർത്തനങ്ങളുടെ ഗണത്തിൽപ്പെടുന്നു. സ്ഥിരാസ്തികളുടെ വിൽപ്പനയും നിക്ഷേപപ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു.

ചുവടെ ചേർക്കുന്ന ഉദാഹരണങ്ങളിൽ നിന്നും എത് കൂടുതൽ വ്യക്തമാകും.

ഉദാഹരണം - 6

ചുവടെ ചേർത്തിരിക്കുന്ന വിവരങ്ങളിൽ നിന്നും നിക്ഷേപ പ്രവർത്തനങ്ങളിൽ നിന്നുള്ള പണത്തിന്റെ സഞ്ചിത ഒഴുക്ക് കണ്ടുപിടിക്കുക.

വസ്തു വാങ്ങിയത്	-	2,00,000
ഫർണിച്ചർ വാങ്ങിയത്	-	50,000
നിക്ഷേപമായി ഓഹരി വാങ്ങിയത്	-	1,00,000
പഴയ ഫർണിച്ചർ വിറ്റത്	-	20,000
വാങ്ങിയ ഓഹരികൾ വിറ്റത്	-	10,000
പലിശ ലഭിച്ചത്	-	5,000
ഡിവിഡന്റ് ലഭിച്ചത്	-	7,500
ഡിവിഡന്റ് കൊടുത്തത്	-	10,000

ഉത്തരം:

മുകളിൽ ചേർത്തിരിക്കുന്ന ഉദാഹരണത്തിൽ ഡിവിഡന്റ് കൊടുത്തത് എന്നത് ഒരു നിക്ഷേപ പ്രവർത്തനമല്ല. മറിച്ച് അതൊരു ധനകാര്യ പ്രവർത്തനമാണ്. അതിനാൽ അത് ഒഴികെയുള്ള ഇനങ്ങൾ മാത്രമേ നിക്ഷേപ പ്രവർത്തനങ്ങളിൽ നിന്നുള്ള സഞ്ചിത പണഒഴുക്ക് നിശ്ചയിക്കുമ്പോൾ പരിഗണിക്കുകയുള്ളു.

നിക്ഷേപ പ്രവർത്തനങ്ങളിൽ നിന്നുള്ള പണമൊഴുക്ക്

വിശദാംശങ്ങൾ	ആഗമനം	നിർഗമനം
വസ്തു വാങ്ങിയത്		2,00,000
ഫർണിച്ചർ വാങ്ങിയത്		50,000
ഓഹരികൾ വാങ്ങിയത്		1,00,000
പഴയ ഫർണിച്ചർ വിറ്റത്	20,000	
വാങ്ങിയ ഓഹരികൾ വിറ്റത്	10,000	
പലിശ ലഭിച്ചത്	5,000	
ഡിവിഡന്റ് ലഭിച്ചത്	7,500	
ആകെ	42,500	3,50,000
സഞ്ചിത പണനഷ്ടം	3,07,500	

ധനകാര്യ പ്രവർത്തനങ്ങളിൽ നിന്നുമുള്ള പണത്തിന്റെ ഒഴുക്ക് (Cash flow from financing activities)

ഒരു കച്ചവട സ്ഥാപനത്തിന് ഏറ്റവും അനിവാര്യമായ ഘടകമാണല്ലോ ധനം. ഈ ധനസ്വരൂപണമായിട്ടു ബന്ധപ്പെട്ടുള്ള എല്ലാ പ്രവർത്തനങ്ങളെയും ധനകാര്യ പ്രവർത്തനങ്ങളായി കണക്കാക്കുന്നു. ഓഹരികളുടെയും കടപത്രങ്ങളുടെയും വിതരണം, ബാങ്കുകളിൽ നിന്നും മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുമുള്ള വായ്പകൾ, ഡിവിഡന്റ്, പലിശ എന്നിവയുടെ നൽകൽ, വായ്പകളുടെ തിരിച്ചടവ്, കടപത്രങ്ങളുടെയും ഓഹരികളുടെയും മടക്കി നൽകൽ എന്നിവയെല്ലാം ധനകാര്യ പ്രവർത്തനങ്ങളാണ്.

ഉദാഹരണം : 7

ചുവടെ ചേർക്കുന്ന വിവരങ്ങളിൽ നിന്നും ധനകാര്യപ്രവർത്തനങ്ങളിൽ നിന്നുമുള്ള പണത്തിന്റെ സഞ്ചിത ഒഴുക്ക് നിശ്ചയിക്കുക.

കെട്ടിടത്തിന്റെ മൂല്യക്ഷയം	-	50,000
മുൻഗണന ഓഹരികൾ വിതരണം ചെയ്തത്	-	1,00,000
കടപത്രങ്ങൾ വിതരണം ചെയ്തത്	-	50,000
ബാങ്ക് ലോൺ തിരികെ അടച്ചത്	-	50,000
ബാങ്ക് പലിശ അടച്ചത്	-	20,000
ഡിവിഡന്റ് കൊടുത്തത്	-	12,000

ധനകാര്യ പ്രവർത്തനങ്ങളിൽ നിന്നുമുള്ള പണത്തിന്റെ ഒഴുക്ക്

വിശദാംശങ്ങൾ	ആഗമനം	നിർഗമനം
സാധാരണ ഓഹരികൾ വിതരണം ചെയ്തത്	50,000	
മുൻഗണന ഓഹരികളുടെ വിതരണം	1,00,000	
കടപത്രങ്ങളുടെ വിതരണം	1,50,000	
ബാങ്ക്ലോൺ അടച്ചത്		50,000
ബാങ്ക് പലിശ അടച്ചത്		20,000
ഡിവിഡന്റ് കൊടുത്തത്		12,000
ആകെ	3,00,000	82,000
പണത്തിന്റെ സഞ്ചിത വരവ്	2,18,000	

സ്വയം വിലയിരുത്തൽ ചോദ്യങ്ങൾ : 2

1. ഒറ്റപ്പെട്ടവ കണ്ടെത്തുക. വിശദീകരണം നൽകുക.
   a. ചരക്കുകളുടെ വിൽപ്പന, സ്ഥിരാസ്തികളുടെ വിറ്റുവരവ്, ഡിവിഡന്റ് ലഭിച്ചത്.
   b. ഓഹരികളുടെ വിതരണം, ബാങ്ക് വായ്പ എടുത്തത്, ചരക്കുകളുടെ വാങ്ങൽ
   c. ശമ്പളം നൽകിയത്, ഡിവിഡന്റ് നൽകിയത്, പലിശ നൽകിയത്
   d. കടപത്രങ്ങളുടെ വിതരണം, ആസ്തികളുടെ വിൽപ്പന, ഡിവിഡന്റ് നൽകിയത്
   e. വായ്പ തിരിച്ചടച്ചത്, കടപത്രങ്ങൾ മടക്കി നൽകിയത്, വ്യാപാര കമ്മീഷൻ നൽകിയത്
   f. ഡിവിഡന്റ് ലഭിച്ചത്, വ്യാപാര കമ്മീഷൻ ലഭിച്ചത്, വാടക ലഭിച്ചത്
   g. ക്രഡിറ്റേഴ്സിന് പണം നൽകിയത്, ഡെബ്റ്റേഴ്സ് പണം നൽകിയത്, വായ്പ നൽകിയത്
   h. കടപത്രങ്ങൾ വാങ്ങിയത്, ഡിവിഡന്റ് ലഭിച്ചത്, ഡിവിഡന്റ് നൽകിയത്
   i. നിക്ഷേപ പലിശ ലഭിച്ചത്, കടപത്രങ്ങളുടെ പലിശ നൽകിയത്, ഓഹരികൾ വിതരണം ചെയ്തത്.
   j. പരസ്യം നൽകിയത്, വാടക നൽകിയത്, പലിശ നൽകിയത്

പണവ്യതിയാന സ്റ്റേറ്റ്മെന്റ് തയാറാക്കൽ

പണത്തിന്റെ ഒഴുക്ക് (ആഗമനം, നിർഗമനം) നടക്കുന്ന പ്രധാന പ്രവർത്തനങ്ങൾ പരിചയപ്പെട്ടു കഴിഞ്ഞു. ഓരോ പ്രവർത്തനത്തിൽ നിന്നുള്ള സഞ്ചിത വരവ് അല്ലെ

ങ്കിൽ നഷ്ടം കണ്ടുപിടിച്ചു പണത്തിന്റെ പ്രാരംഭ നീക്കിയിരിപ്പിനോട് (Opening Balance) ചേർക്കുമ്പോൾ അവസാന നീക്കിയിരുപ്പ് (Closing Balance) ലഭിക്കും. ഇപ്രകാരം ഒരു ധനകാര്യ വർഷത്തിന്റെ ആരംഭത്തിൽ ഉണ്ടായിരുന്ന പണത്തിനോടൊപ്പം തൻ വർഷത്തെ പ്രവർത്തനങ്ങളിലൂടെ പണത്തിനുണ്ടായ ചംക്രമണത്തെയും ധനകാര്യ വർഷത്തിന്റെ അവസാനമുള്ള നീക്കിയിരിപ്പിനെയും ക്രമീകരിച്ചാണ് പണവ്യതിയാന സ്റ്റേറ്റ്മെന്റ് തയാറാക്കുന്നത്. ഒരു മാതൃക ചുവടെ ചേർക്കുന്നു.

പണവ്യതിയാന സ്റ്റേറ്റ്മെന്റ്

വിശദാംശങ്ങൾ	തുക	തുക	തുക
പണത്തിന്റെ നീക്കിയിരുപ്പ്			XXX
ദൈനംദിന പ്രവർത്തനം			
പണത്തിന്റെ ആഗമനം			
....	XXX		
....	XXX	XXX	
പണത്തിന്റെ നിർഗമനം			
....	XXX		
....	XXX	XXX	XXX
നിക്ഷേപപ്രവർത്തനം			
പണത്തിന്റെ ആഗമനം			
....	XXX		
....	XXX	XXX	
പണത്തിന്റെ നിർഗമനം			
....	XXX		
....	XXX	XXX	XXX
ധനകാര്യ പ്രവർത്തനം			
പണത്തിന്റെ ആഗമനം			
....	XXX		
....	XXX	XXX	
പണത്തിന്റെ നിർഗമനം			
....	XXX		
....	XXX	XXX	XXX
പണത്തിന്റെ അവസാന നീക്കിയിരുപ്പ്			XXX

ഉദാഹരണം : 8

ടി.കെ.എസ്സ് ലിമിറ്റഡിന്റെ 2015 മാർച്ച് 31-ലെ സംഗ്രിത ക്യാഷ് അക്കൗണ്ട് ചുവടെ ചേർക്കുന്നു. പണാഗമന നിർഗമന രേഖ തയാറാക്കുക.

സംഗ്രിത ക്യാഷ് അക്കൗണ്ട്

വിശദാംശങ്ങൾ	തുക	വിശദാംശങ്ങൾ	തുക
നീക്കിയിരുപ്പ് (1-4-2015)	1,000	ക്രെഡിറ്റേഴ്സിന് നൽകിയത്	40,000
ഇക്യൂറ്റി ഓഹരി വികരണം	6,000	സ്ഥിരാസ്തി വാങ്ങിയത്	4,000
ഡെബ്റ്റേഴ്സിൽ നിന്നും ലഭിച്ചത്	56,000	നിർവ്വഹണ ചെലവുകൾ	4,000
സ്ഥിരാസ്തി വിറ്റുവരവ്	2,000	കൂലിയും ശമ്പളവും	2,000
		നികുതി	5,000
		ഡിവിഡന്റ്	1,000
		ബാങ്ക് വായ്പ തിരിച്ചടവ്	6,000
		നീക്കിയിരുപ്പ്	3,000
	65,000		65,000

ടി.കെ.എസ്സ് ലിമിഡിന്റെ 2016 മാർച്ച് 31-ന് അവസാനിക്കുന്ന
പണാഗമന നിർഗമന രേഖ

വിശദാംശങ്ങൾ	തുക	തുക	തുക
പണത്തിന്റെ നീക്കിയിരുപ്പ് (1-4-2015)			1,000
തനത് കച്ചവട പ്രവർത്തനം			
പണത്തിന്റെ ആഗമനം:			
ഡെബ്റ്റേഴ്സിൽ നിന്നും ലഭിച്ചത്	56,000	56,000	
പണത്തിന്റെ നിർഗമനം:			
ക്രെഡിറ്റേഴ്സിന് നൽകിയത്	40,000		
നിർവഹണ ചെലവുകൾ	4,000		
കൂലിയും ശമ്പളവും	2,000		
നികുതി	5,000	51,000	5,000
നിക്ഷേപപ്രവർത്തനം			
പണത്തിന്റെ ആഗമനം:			
സ്ഥിരാസ്തിയുടെ വിൽപ്പന	2,000	2,000	
പണത്തിന്റെ നിർഗമനം:			
സ്ഥിരാസ്തിയും വാങ്ങൽ	4,000	4,000	(2,000)
ധനകാര്യ പ്രവർത്തനം			
പണത്തിന്റെ ആഗമനം:			
ഇക്യുറ്റി വിതരണം	6,000	6,000	
പണത്തിന്റെ നിർഗമനം:			
ഡിവിഡന്റ് നൽകിയത്	1,000		
ബാങ്ക് വായ്പ തിരിച്ചടവ്	6,000	7,000	(1,000)
പണത്തിന്റെ അവസാന നീക്കിയിരുപ്പ് (31-3-2016)			3,000

ഉദാഹരണം-8

2015 മാർച്ചിലെയും 2016 മാർച്ചിലെയും അജ്ഞിത ലിമിറ്റഡിന്റെ ബാക്കി പത്രങ്ങൾ ചുവടെ ചേർക്കുന്നു. അനുബന്ധ വിവരങ്ങൾ കൂടി പരിഗണിച്ച് പണാഗമന ഗമന രേഖ തയാറാക്കുക.

ബാക്കിപത്രം

ബാധ്യതകൾ	2015	2016	ആസ്തികൾ	2015	2016
ക്രെഡിറ്റേഴ്സ്	40,000	44,000	ക്യാഷ്	10,000	7,000
വ്യക്തികളിൽ നിന്നുള്ള വായ്പ	25,00		ഡെബ്റ്റേഴ്സ്	30,000	50,000
			മെഷീനുകൾ	80,000	55,000
ബാങ്കുകളിൽ നിന്നുള്ള വായ്പ	40,000	50,000	വസ്തു	40,000	50,000
			കെട്ടിടം	35,000	60,000
മൂലധനം	1,25,000	1,53,000	സ്റ്റോക്ക്	35,000	25,000
	2,30,000	2,47,000		2,30,000	2,47,000

അനുബന്ധ വിവരങ്ങൾ

- 10,000 രൂപ വിലയുള്ള (മൂല്യക്ഷയ ചെലവ് 3,000 രൂപ) ഒരു മെഷീൻ 5,000 രൂപയ്ക്ക് ഇക്കാലയളവിൽ വിറ്റു.
- മൂല്യക്ഷയ ചെലവിന്റെ കരുതൽ തുക 2015-ൽ 25,000 രൂപയും 2016-ൽ 40,000 രൂപയുമാണ്
- 2016-ലെ സഞ്ചിത ലാഭം 45,000 രൂപയാണ്.

ഉത്തരം:

ശ്രദ്ധയ്ക്ക്

- പണാഗമന ഗമന രേഖയാണ് തയാറാക്കേണ്ടത്. പണത്തിന്റെ പ്രാരംഭ നീക്കിയിരുപ്പും അവസാന നീക്കിയിരുപ്പും ലഭ്യമാണ്. പ്രാരംഭ നീക്കിയിരുപ്പിനോട് വിവിധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പണത്തിന്റെ സഞ്ചിത ആഗമന ഗമനങ്ങൾ ചേർക്കുമ്പോൾ അവസാന നീക്കിയിരുപ്പ് ലഭിക്കണം.

- തനത് കച്ചവട പ്രവർത്തനത്തിൽ നിന്നുള്ള പണത്തിന്റെ ഒഴുക്ക് നിശ്ചയിക്കുവാൻ Indirect രീതിയാണ് ഉപയോഗിക്കുന്നത്.
- ആസ്തികൾ, ബാധ്യതകൾ കൂടുന്നതിനും കുറയുന്നതിനുമുള്ള അനുകരണങ്ങൾ വിശകലനം ചെയ്യുന്നതിൽ സാമാന്യ ബുദ്ധി ഇവിടെ അനിവാര്യമാണ്. ഉദാഹരണത്തിന് 1,25,000 ആയിരുന്ന മൂലധനം 1,53,000 രൂപയായിരിക്കുന്നു. എന്തുകൊണ്ടാണ് ഈ വ്യത്യാസം വന്നിരിക്കുന്നത്. പെട്ടെന്ന് തോന്നിയേക്കാം 28,000 രൂപ കൂടി മൂലധന ഇനത്തിൽ വന്നിരിക്കുന്നുവെന്നു പക്ഷേ ലാഭം 45,000 രൂപ ഉണ്ടായിരിക്കുന്നു. 1,25,000 രൂപ ഉണ്ടായിരുന്ന മൂലധനത്തോട് 45,000 രൂപ ലാഭം കൂട്ടിയാൽ 1,70,000 രൂപയാകും. പക്ഷേ ഇവിടെ 1,53,000 രൂപയെ ഉള്ളു. ബാക്കി 17,000 പിൻവലിച്ച് മൂലധനം തന്നെയാണ്. ഈ കണക്കുകൾ വ്യക്തമാക്കാൻ ഒരു മൂലധന അക്കൗണ്ട് തന്നെ തയാറാക്കണം.

മൂലധന അക്കൗണ്ട്

വിശദാംശങ്ങൾ	തുക	വിശദാംശങ്ങൾ	തുക
മൂലധനം പിൻവലിക്കൽ	17,000	നീക്കിയിരിപ്പ് b/d	1,25,000
നീക്കിയിരിപ്പ് c/d	1,53,000	സഞ്ചിത ലാഭം	45,000
	1,70,000		1,70,000

മെഷിനറിയുടെ പ്രാരംഭ വിലയായി 80,000 വും അവസാന വിലയായി 55,000 വും നൽകിയിരിക്കുന്നു. ആസ്തി വില കുറഞ്ഞതിന്റെ കാരണങ്ങൾ വിശകലനം ചെയ്യുമ്പോൾ 25,000 രൂപയുടെ ആസ്തി വിറ്റതായോ അല്ലെങ്കിൽ 25,000 രൂപയുടെ മൂല്യക്ഷയം ഉള്ളതായോ വിലയിരുത്താം. ഇവിടെ അനുബന്ധ വിവരങ്ങൾ വായിക്കുമ്പോൾ മനസിലാകും മൂല്യക്ഷയ കരുതൽ (Depriciation Provistion) ഉണ്ട് എന്നും അത് ബാക്കി പത്രത്തിൽ കാണിച്ചിട്ടില്ലെയെന്നും അങ്ങനെ വരുമ്പോൾ മെഷിനറിയുടെ യഥാർഥ വില മനസിലാക്കാൻ മൂല്യക്ഷയ കരുതൽ കൂടി ബുക്ക് വിലയോടുകൂട്ടിയാണ്. കൂടാതെ 10,000 രൂപ വിലയുള്ള മെഷിണറി വിറ്റതായും പറയുന്നുമുണ്ട്. കൂടുതൽ വ്യക്തതയ്ക്ക് മെഷിണറി അക്കൗണ്ട് തന്നെ തയാറാക്കണം.

മെഷിണറി അക്കൗണ്ട്

വിശദാംശങ്ങൾ	തുക	വിശദാംശങ്ങൾ	തുക
നീക്കിയിരിപ്പ് b/d (80,000 + 25,000)	1,05,000	പണം അക്കൗണ്ട്	5,000
		ലാഭനഷ്ട അക്കൗണ്ട് (നഷ്ടം)	2,000
		മൂലക്ഷയ കരുതൽ a/c	3,000
		നീക്കിയിരിപ്പ് c/d (55,000 + 40,000)	95,000
	1,05,000		1,05,000

മൂല്യക്ഷയ കരുതൽ 25,000 രൂപ ഉണ്ടായിരുന്നത് 40,000 രൂപയായി എന്നു കാണുന്നു. അതിന്റെ അർഥം ഈ വർഷം മൂല്യക്ഷയ കരുതലിലേയ്ക്ക് മാറ്റിയത് 15,000 രൂപയായിരുന്നു മൂല്യക്ഷയകരുതൽ. അതുകൂടി ചേരുമ്പോൾ ഈ വർഷം മൂല്യക്ഷയ ഇനത്തിലെ ചെലവ് 18,000 എന്നുവരും. ഇതിനും ഈ അക്കൗണ്ട് തന്നെയാകും നന്ന്.

മൂല്യക്ഷയ കരുതൽ അക്കൗണ്ട്

വിശദാംശങ്ങൾ	തുക	വിശദാംശങ്ങൾ	തുക
മെഷിണറി അക്കൗണ്ട് (വിറ്റ മെഷിണറി)	3,000	നീക്കിയിരിപ്പ് b/d	25,000
നീക്കിയിരിപ്പ് c/d	40,000	നഷ്ട അക്കൗണ്ട്	18,000
	43,000		43,000

- മുകളിൽ നൽകിയ വിശദാംശങ്ങളിൽ നിന്നു ഒരു കാര്യം വ്യക്തമാണ് ഈ വർഷം പണേതര ചെലവായി മൂല്യക്ഷയ ഇനത്തിൽ 18,000 രൂപയും മെഷിണറി വിറ്റതിലെ നഷ്ട ഇനത്തിൽ 2,000 രൂപയും ഉണ്ടായിട്ടുണ്ട്.
- 10,000 രൂപ വിലയുള്ള മെഷിണറിയ്ക്ക് മൂല്യക്ഷയമായി 3,000 രൂപ ചുമത്തിയാൽ അതിന്റെ വില 7,000 ആകും. ഈ മെഷിണറിയാണ് 5,000 രൂപയ്ക്ക് വിൽക്കുന്നത്. അപ്പോൾ നഷ്ടം 2,000 രൂപയാകും. (7000-5000)

അഞ്ചിത ലിമിറ്റഡിന്റെ 2016 മാർച്ച് 31 വരെയുള്ള പണാമഗന ഗമന രേഖ

വിശദാംശങ്ങൾ	തുക	തുക	തുക
പണത്തിന്റെ നീക്കിയിരുപ്പ് (31.3.2015)			10,000
തനത് കച്ചവട പ്രവർത്തനം			
സഞ്ചിത ലാഭം		45,000	
(+) മൂല്യക്ഷയ ചെലവ്	18,000		
(+) മെഷിണറിയുടെ ലിൽപ്പന നഷ്ടം	2,000	20,000	
		65,000	
(+) സ്റ്റോക്കിൽ ഉണ്ടായ കുറവ്	10,000		
(+) ക്രെഡിറ്റേഴ്സിൽ ഉണ്ടായ വർദ്ധന	4,000	14,000	
		79,000	
(-) ഡെബിറ്റേഴ്സിൽ ഉണ്ടായ വർദ്ധന	20,000	20,000	59,000
നിക്ഷേപ പ്രവർത്തനം			
പണത്തിന്റെ ആഗമനം:			
മെഷിണറിയുടെ വിൽപ്പന	5,000	5,000	
പണത്തിന്റെ ഗമനം:			
വസ്തു വാങ്ങിയത് (50000-40000)	10,000		
കെട്ടിടം വാങ്ങിയത് (60000-30000)	25,000	(35,000)	(30,000)
ധനകാര്യ പ്രവർത്തനം			
പണത്തിന്റെ ആഗമനം:			
ബാങ്ക് വായ്പ എടുത്തത് (50,000-40,000)	10,000	10,000	
പണത്തിന്റെ ഗമനം:			
മൂലധനം പിൻവലിക്കൽ	17,000		
വായ്പ തിരിച്ചടച്ചത്	25,000	(42,000)	(32,000)
പണത്തിന്റെ നീക്കിയിരുപ്പ് (10000+59,000-30000-32000) 3132016			7,000

സംഗ്രഹം

- കച്ചവട സ്ഥാപനങ്ങളിലെ പണത്തിന്റെ ആഗമനവും (Inflow) ഗമനവും (outflow) കാണിക്കുന്ന സ്റ്റേറ്റ്മെന്റുകളാണ് പണവ്യതിയാനരേഖ (Cash flow statement).
- പണം ലഭിക്കുന്ന ഉറവിടങ്ങളും വിനിയോഗിക്കുന്ന താലങ്ങളും സംബന്ധിച്ച വിവരങ്ങൾ ഒരു പണവ്യതിയാന രേഖയിൽ നിന്നും ലഭിക്കുന്നു.
- തനത് കച്ചവട പ്രവർത്തനങ്ങൾ (Operating activities) നിക്ഷേപ പ്രവർത്തനങ്ങൾ (Investing activities) ധനകാര്യ പ്രവർത്തനങ്ങൾ (Financing activities) എന്നിവയിൽ തിന്നുമുള്ള പണത്തിന്റെ സഞ്ചിത ഒഴുക്ക് പണവ്യതിയാന രേഖയിൽ നിന്നും മനസ്സിലാക്കാം.
- ഒരു സ്ഥാപനത്തിന്റെ ദൈനംദിന പ്രവർത്തനങ്ങളുടെ ഭാഗമായി ഉണ്ടാകുന്ന പണത്തിന്റെ സഞ്ചിത പോക്കുവരവിനെയാണ് തനത് കച്ചവട പ്രവർത്തനത്തിൽ നിന്നുമുള്ള പണം.
- ഒരു സ്ഥാപനത്തിന്റെ സ്ഥിരാസ്തികളുടെ മുതൽമുടക്കുമായി ഉണ്ടാകുന്ന പണത്തിന്റെ സഞ്ചിത പോക്കുവരവാണ് നിക്ഷേപ പ്രവർത്തനങ്ങളിൽ നിന്നുമുള്ള പണം.
- ഒരു സ്ഥാപനത്തിന്റെ ധനസ്വരൂപണവുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന പണത്തിന്റെ സഞ്ചിത പോക്കുവരവാണ് ധനകാര്യ പ്രവർത്തനങ്ങളിൽ നിന്നുമുള്ള പണം.

സ്വയം വിലയിരുത്തൽ ചെക്ക്‌ലിസ്റ്റ്

	പൂർണമായി	ഭാഗികമായി	മെച്ചപ്പെടേണ്ടതുണ്ട്
• പണവ്യതിയാന രേഖയുടെ അർഥം			
• പണവ്യതിയാന രേഖ തയാറാക്കുന്നതിന്റെ ലക്ഷ്യങ്ങൾ			
• പണത്തിന്റെ പോക്കുവരവുകൾ നടക്കുന്ന മൂന്നു പ്രവർത്തനങ്ങൾ(Activities)			
• തനത് കച്ചവട പ്രവർത്തനത്തിൽ നിന്നും പണത്തിന്റെ സഞ്ചിത പോക്കുവരവ് കണ്ടുപിടിക്കുന്ന രണ്ട് രീതികൾ			
• പണവ്യതിയാന രേഖ നിശ്ചിത മാതൃക തയാറാക്കൽ			

തുടർ മൂല്യനിർണ്ണയ സാധ്യതകൾ

- **പ്രോജക്ട്:** അക്കൗണ്ടുകൾ സൂക്ഷിക്കുന്ന ഏതെങ്കിലും ഒരു സ്ഥാപനത്തിലെ വിവരശേഖരണം നടത്തി പണവ്യതിയാന രേഖ തയാറാക്കുക.

സ്വയംവിലയിരുത്തൽ ചോദ്യങ്ങളുടെ ഉത്തര സൂചിക

1. a) ശരി
   b) ശരി
   c) തെറ്റ്, പണത്തിന്റെ പോക്കുവരവ് കാണിക്കുന്ന രേഖയാണിത്.
   d) ശരി
   e) ശരി
2. a) ചരക്കുകളുടെ വിൽപ്പന, ബാക്കി രണ്ടും നിക്ഷേപ പ്രവർത്തനങ്ങൾ.
   b) ചരക്കുകളുടെ വാങ്ങൽ, ബാക്കി രണ്ടും ധനകാര്യ പ്രവർത്തനങ്ങൾ
   c) ശമ്പളം നൽകിയത്, ബാക്കി രണ്ടു ധനകാര്യ പ്രവർത്തനങ്ങൾ
   d) ആസ്തികളുടെ വിൽപ്പന, ബാക്കി രണ്ടും ധനകാര്യ പ്രവർത്തനങ്ങൾ
   e) വ്യാപാര കമ്മീഷൻ നൽകിയത്, ബാക്കി രണ്ടും ധനകാര്യ പ്രവർത്തനങ്ങൾ
   f) ഡിവിഡന്റ് ലഭിച്ചത്, ബാക്കി രണ്ടും തനത് കച്ചവട പ്രവർത്തനം
   g) വായ്പ നൽകിയത്, ബാക്കി രണ്ടും തനത് കച്ചവട പ്രവർത്തനം
   h) ഡിവിഡന്റ് നൽകിയത്, ബാക്കി രണ്ടും നിക്ഷേപ പ്രവർത്തനങ്ങൾ
   i) നിക്ഷേപ പലിശ ലഭിച്ചത്, ബാക്കി രണ്ടും ധനകാര്യ പ്രവർത്തനങ്ങൾ
   j) പലിശ നൽകിയത്, ബാക്കി രണ്ടും തനത് കച്ചവട പ്രവർത്തനങ്ങൾ

വിലയിരുത്തൽ ചോദ്യങ്ങൾ

1. .... പണത്തിന്റെ ആഗമനത്തിന് ഉദാഹരണമാണ്
   (a. ഓഹരികളുടെ പുറപ്പെടുവിക്കൽ b. ആസ്തികളുടെ വാങ്ങൽ c. ഡിവിഡന്റ് നൽകിയത്)
2. മെഷിനറി വാങ്ങിച്ചു എന്നത് .... പ്രവർത്തനമാണ്
   (a. നിക്ഷേപ b. ധനകാര്യ c. ദൈനംദിന കച്ചവടം)
3. .... ഒരു പണരഹിത ചെലവാണ്
   (a. ഡിവിഡന്റ് b. പലിശ c. മൂല്യക്ഷയം)
4. ഓഹരികളുടെ പണം മടക്കി നൽകൽ ഒരു .... പ്രവർത്തനമാണ്

(a. തനത് കച്ചവട b. നിക്ഷേപ c. ധനകാര്യ)

5. കെട്ടിടം വാങ്ങിച്ചത് ഒരു .... പ്രവർത്തനമാണ്

(a. തനത്കച്ചവട b. നിക്ഷേപ c. ധനകാര്യ)

6. തനത് കച്ചവട പ്രവർത്തനത്തിൽ നിന്നുള്ള പണം കണ്ടുപിടിക്കുമ്പോൾ............. സഞ്ചിത ലാഭത്തിനോടു കൂട്ടുന്നു.

(a. മൂല്യക്ഷയ ചെലവ് b. ഡബ്റ്റേഴ്സിലെ വർധനവ് c. കൊടുക്കാനുള്ള ബില്ലുകളിലെ കുറവ്)

7. ചുവടെ ചേർക്കുന്ന വിവരങ്ങളിൽ നിന്നും തനത് കച്ചവട പ്രവർത്തനത്തിൽ നിന്നുള്ള പണവ്യതിയാനം നിശ്ചയിക്കുക.

	31-12-2014	31-12-2015
സഞ്ചിത ലാഭം	25,000	50,000
ലഭിക്കാനുള്ള ബില്ലുകൾ	20,000	28,000
മൂല്യക്ഷയ ചെലവിന്റെ കരുതൽ	40,000	45,000
മുൻകൂർ നൽകിയ വാടക	1,500	1,300
നൽകാനുള്ള ശമ്പളം	1,800	5,000
സൽപേര്	20,000	16,000
സ്റ്റോക്ക്	24,000	28,000

8. ചുവടെ ചേർക്കുന്ന വിവരങ്ങളിൽ നിന്നും തനത് കച്ചവട പ്രവർത്തനത്തിൽ നിന്നുള്ള പണ വ്യതിയാനം നിശ്ചയിക്കുക.

കമ്പനിയുടെ തൻവർഷത്തെ ലാഭം : 3,60,000

പരിഗണിച്ച മൂല്യക്ഷയ ചെലവ് : 12,000

സൽപ്പേര് എഴുതി തള്ളിയത് : 7,000

ഫർണിച്ചറുകൾ വിറ്റ ഇനത്തിൽ ലാഭം : 8,000

പൊതു കരുതൽ നിക്ഷേപത്തിലേയ്ക്ക് മാറ്റിയ തുക : 5,000

9. ചുവടെ ചേർക്കുന്ന വിവരങ്ങളിൽ നിന്നും ധനകാര്യ പ്രവർത്തനത്തിൽ നിന്നുമുള്ള പണ വ്യതിയാനം കണ്ടുപിടിക്കുക.

ഡിവിഡന്റ് നൽകിയത് 10,000

പലിശ നൽകിയത് 3,600

	2014	2015
സാധാരണ ഓഹരികൾ	4,00,000	6,00,000
16% കടപത്രങ്ങൾ	1,00,000	80,000

10. ചുവടെ ചേർക്കുന്ന വിവരങ്ങളിൽ നിന്നും നിക്ഷേപ പ്രവർത്തനത്തിൽ നിന്നുള്ള പണവ്യതിനയനം കണ്ടെത്തുക.

	വർഷാരംഭം	വർഷാന്ത്യം
മെഷിണറി	1,60,000	1,75,000
മൂല്യക്ഷയ കരുതൽ	10,000	12,000

ഇക്കാലയളവിൽ 20,000 രൂപ വിലയുള്ള ഒരു മെഷിനറി 15,000 രൂപയ്ക്ക് വിറ്റു. വിറ്റ മെഷിണറിയുടെ മൂല്യക്ഷയം കരുതൽ 3,000 രൂപയായിരുന്നു.

11. നിക്ഷേപ പ്രവർത്തനത്തിൽ നിന്നുള്ള പണവ്യതിയാനം കണ്ടുപിടിക്കുക.

ഓഹരികളിലെ നിക്ഷേപം (1-1-2015) - 3,00,000

ഓഹരികളിലെ നിക്ഷേപം (31-12-2015) - 2,50,000

ഇക്കാലയളവിൽ 2 ലക്ഷം രൂപയുടെ ഓഹരികൾ 25% ലാഭത്തിൽ വിൽക്കുകയുണ്ടായി.

12. ചുവടെ ചേർക്കുന്ന വിവരങ്ങളിൽ നിന്നും തനത് പ്രവർത്തനങ്ങളിൽ നിന്നുമുള്ള പണത്തിനറെ ഒഴുക്ക് എത്രയെന്ന് നിശ്ചയിക്കുക.

	31-3-2015	31-3-16
ഡബ്റ്റേഴ്സ്	50,000	47,000
കിട്ടാനുള്ള ബില്ലുകൾ	10,000	12,500
ക്രഡിറ്റേഴ്സ്	20,000	25,000
കൊടുക്കാനുള്ള ബില്ലുകൾ	8,000	6,000
കൊടുക്കാനുള്ള ചെലവുകൾ	1,000	1,200
മുൻകൂർകൊടുത്ത ചെലവ്	800	700
ലഭിക്കേണ്ട വരുമാനം	600	750
വരുമാനം മുൻകൂർ ലഭിച്ചത്	300	250

2015-16 ലെ ലാഭം - 1,30,000

13. വാവ ലിമിറ്റഡിന്റെ 2014 ലെയും 15 ലെയും ബാക്കിപത്രങ്ങൾ ചേർക്കുന്നു. പണവ്യതിയാന സ്റ്റേറ്റ്മെന്റ് തയാറാക്കുക.

ബാക്കിപത്രം

ബാധ്യതകൾ	2014	2015	ആസ്തികൾ	2014	2015
ഓഹരി മൂലധനം	2,00,000	2,50,000	പണം	30,000	47,000
ക്രഡിറ്റേഴ്സ്	70,000	45,000	ഡബ്റ്റേഴ്സ്	1,20,000	1,15,000
നീക്കിയിരിപ്പ് ലാഭം	10,000	23,000	സ്റ്റോക്ക്	80,000	90,000
			വസ്തു	50,000	66,000
	2,80,000	**3,18,000**		**2,80,000**	**3,18,000**

14. പിങ്കു ലിമിറ്റഡിന്റെ ചുവടെ ചേർക്കുന്ന ബാക്കിപത്രങ്ങളിൽ നിന്നും പണവ്യതിയാന സ്റ്റേറ്റ്മെന്റ് തയാറാക്കുക.

ബാക്കിപത്രങ്ങൾ

ബാധ്യതകൾ	2015	2016	ആസ്തികൾ	2015	2016
ഓഹരി മൂലധനം	2,00,000	2,50,000	കെട്ടിടങ്ങൾ	2,00,000	1,90,000
പൊതു കരുതൽ ധനം	50,000	60,000	പ്ലാന്റ്	150,000	1,69,000
ലാഭനഷ്ട അക്കൗണ്ട്	30,500	30,600	സ്റ്റോക്ക്	1,00,000	74,000
ബാങ്ക് വായ്പ	70,000	1,35,200	ഡബ്റ്റേഴ്സ്	80,000	64,200
ക്രഡിറ്റേഴ്സ്	1,50,000		പണം	500	600
നികുതി കരുതൽ	30,000	35,000	ബാങ്ക്		8,000
			സൽപ്പേര്		5,000
	5,30,500	**5,10,800**		**5,30,500**	**5,10,800**

അധികവിവരങ്ങൾ

(a) പ്ലാന്റിന്റെ മൂല്യക്ഷയം എഴുതി കളഞ്ഞത് - 14,000

(b) തൻവർഷത്തെ നികുതി കരുതൽ - 33,000 രൂപ

ഉത്തരസൂചിക

1. a. ഓഹരികളുടെ പുറപ്പെടുവിക്കൽ
2. a. നിക്ഷേപ

3. c. മൂല്യക്ഷയം
4. c. ധനകാര്യ
5. b. നിക്ഷേപ
6. a. മൂല്യക്ഷയ ചെലവ്
7. Rs. 25,400
8. Rs. 3,76,000
9. Rs. 1,66,400
10. പണനഷ്ടം : 35,000

    പണനേട്ടം : 15,000

    പണവ്യതിയാനം : (20,000)
11. പണനേട്ട : 2,50,000

    പണനഷ്ടം : 1,50,000

    പണവ്യതിയാനം : 1,00,000

12. Rs. 1,33,600
13. ദൈനംദിന പ്രവർത്തനത്തിലെ പണനഷ്ടം : 17,000

    ധനകാര്യ പ്രവർത്തനത്തിലെ പണനേട്ടം : 50,000

    നിക്ഷേപ പ്രവർത്തനത്തിലെ പണനേട്ടം : 16,000

    സഞ്ചിത പണനേട്ടം : 17,000
14. ധനകാര്യ പ്രവർത്തനത്തിലെ പണനേട്ടം : 1,15,200

    ദൈനംദിന കച്ചവടത്തിലെ പണനഷ്ടം : 90,100

    നിക്ഷേപ പ്രവർത്തനത്തിലെ പണനഷ്ടം : 23,000

തുടർപ്രവർത്തനങ്ങൾ

- പഠിതാവുമായി ബന്ധപ്പെട്ട ഏതെങ്കിലും സ്ഥാപനത്തിലെ പണവ്യതിയാന രേഖ തയാറാക്കാവുന്നതാണ്.

തുടർവായന സാമഗ്രികൾ

എൻ.സി.ഇ.ആർ.ടി ടെക്സ്റ്റ് ബുക്ക്

പദസൂചിക

- **പണ ആഗമനം (Cash in flow):** സ്ഥാപനത്തിനുള്ളിലേയ്ക്ക് വരുന്ന പണം.
- **പണ ഗമനം (Cash out flow):** സ്ഥാപനത്തിന് പുറത്തേയ്ക്ക് പോകുന്ന പണം.
- **പണവ്യതിയാന രേഖ (Cash flwo statement):** പണത്തിന്റെ പോക്ക് വരവ് കാണിക്കുന്ന രേഖ
- **തനത് കച്ചവട പ്രവർത്തനം (Operating activity):** ഒരു സ്ഥാപനം ഏത് പ്രവർത്തനത്തിനായി സ്ഥാപിക്കപ്പെട്ടിരിക്കുന്നുവോ അത് തനത് പ്രവർത്തനം.
- **നിക്ഷേപ പ്രവർത്തനം (Investing activity):** സ്ഥിര ആസ്തികൾ വാങ്ങുന്നതും വിൽക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ
- **ധനകാര്യ പ്രവർത്തനം (Financing activity):** മൂലധനവും ദീർഘകാല ബാധ്യതകളും കൂടുന്നതും കുറയുന്നതുമായ പ്രവർത്തനങ്ങൾ.



STATE COUNCIL OF EDUCATIONAL RESEARCH AND TRAINING (SCERT)

KERALA STATE LITERACY MISSION AUTHORITY (KSLMA)
TC 27/1461, Convent Road, Kammattom Lane, Vanchiyoor, Thiruvananthapuram-35
Ph : Off. (0471) 2472253 / 2472254 Tele-Fax : (0471) 2462252
E-mail : stateliteracymission@gmail.com, web : www.literacymissionkerala.org

Accountancy